# ഹോമര് ഒണ്ടാരെ

വ്രിം: ഒ. ഗോവ

13758

X

# ഫാദർ ഒണോരെ

13758

ഗ്രന്ഥകർത്താ

എം. ഒ. ജോസഫ്, നെടുങ്കുന്നം

പ്രസാധകർ

ചെറുപുഷ്പമുദ്രാലയം

തേവര

15—6—1941

NATIONAL BOOK STALL
SPCS LTD.
BR. KOTTAYAM

[വില അണ എട്ട്

*First Edition—1000 Copies*

IMPRIMATUR

ERNAKULAM
14—6—1941 }

G. Valliarumpeth
Vic. Gen.

*Copyright Reserved*

# വിഷയവിവരം


| | | |
|---|---|---|
| | അവതാരിക | v |
| | Foreword. | xi |
| | അഭിപ്രായം | xiv |
| | മുഖവുര | xv |
| | സമർപ്പണം | xix |

I

| | | |
|---|---|---|
| 1 | പ്രാരംഭം | 1 |
| 2 | ഈശോസഭാപ്രവേശം | 6 |
| 3 | പ്രകൃതിശാസ്ത്രജ്ഞൻ | 12 |
| 4 | പൊതുജനസേവനം | 17 |
| 5 | വൈദികവൃത്തി | 21 |

II

| | | |
|---|---|---|
| 1 | കേരളീയപ്രതിപത്തി | 26 |
| 2 | എം. സി. എസ്. എൽ. | 33 |
| 3 | സ്ഥിരാദ്ധ്യക്ഷൻ | 39 |

III

| | | |
|---|---|---|
| 1 | കനകജൂബിലി | 46 |
| 2 | രാജി | 56 |
| 3 | വീണ്ടും പ്രസിഡൻറ് | 63 |

## IV


| | | |
|---|---|---|
| 1 | വിശ്രമകാലസേവനം | 69 |
| 2 | നിര്യാണം | 74 |
| 3 | ഖേദപ്രകടനം | 81 |
| 4 | മഹത്തായ സേവനം | 85 |


## V സ്മരണകൾ


| | | |
|---|---|---|
| 1 | രങ്കസ്വാമി അയ്യങ്കാർ | 93 |
| 2 | സാഹിത്യപഞ്ചാനനൻ | 96 |
| 3 | മുത്തുനായകംപിള്ള | 97 |
| 4 | പി. ഏ. അബ്രാഹം | 97 |
| 5 | എൽ. എം. പൈലി | 98 |
| 6 | കെ. ഒ. ആൻറണി | 99 |
| 7 | ഫാദർ സ്റ്റെൻകിസ്റ്റെ | 100 |
| 8 | കെ. റ്റി. കോശി | 103 |
| 9 | ഫാദർ സൈമൺ സി. ഡി. | 110 |


## VI സ്മരണകൾ (തുടർച്ച)


| | | |
|---|---|---|
| 1 | നസ്രാണിദീപിക | 117 |
| 2 | സത്യദീപം | 121 |
| 3 | സത്യനാദം | 123 |
| 4 | കോട്ടയം പത്രിക | 126 |
| 5 | ധർമ്മരാജ്യം | 127 |
| 6 | കാത്തലിക് ലീഡർ | 129 |
| 7 | എക്സാമിനർ | 130 |
| 8 | മദ്രാസ് മെയിൽ | 131 |

VII. തൃതീയപ്രേഷിതൻ 135

# അവതാരിക.

ഫാദർ ഒണോരെ അവർകളുടെ ഒരു ജീവചരിത്രം മലയാളികളുടെ മുൻപിൽ അവതരിപ്പിക്കുവാൻ അവസരം ലഭിച്ചതു് ഒരു മഹാഭാഗ്യമായി ഞാൻ കരുതുന്നു. ചരിത്രപുരുഷനോട്ട് എനിക്കുണ്ടായിരുന്ന ദീർഘവും ഗാഢവുമായ ബന്ധവും പരിചയവും ആലോചിച്ചിട്ടാവാം ഈ പുസ്തകത്തിന് ഒരു അവതാരിക കുറിക്കുന്ന ഭാരം ഗ്രന്ഥകത്താവു് എന്നെ ഏല്പിച്ചതു്. തൃശ്ശിനാപ്പിള്ളിയിലെ അദ്ധ്യയനകാലത്തു് ആത്മീയോപദേഷ്ടാവിൻെറ നിലയിലും, പിൽക്കാലത്തു് അഭിവന്ദ്യനായ ഒരു സ്നേഹിതനും അഭ്യുദയകാംക്ഷിയും എന്ന നിലയിലും, ഫാദർ ഒണോരെ അവർകൾ എന്നോടു കാണിച്ചിരുന്ന വാത്സല്യാദരങ്ങളെ എനിക്കു് ഒരുകാലത്തും വിസ്മരിക്കുവാൻ സാധിക്കുന്നതല്ല. ഞാൻ റോമായിൽനിന്നു പട്ടാഭിഷേകം സ്വീകരിച്ചു് എറണാകുളത്തു തിരിച്ചെത്തിയ ദിവസം, റെയിൽവേസ്റ്റേഷനിൽ എന്നെ സ്വീകരിക്കുവാൻ സന്നിഹിതരായിരുന്നവരുടെക്കൂട്ടത്തിൽ വയോവൃദ്ധനായ ആ ആത്മീയപിതാവുകൂടി ഉൾപ്പെട്ടിരുന്നതുകണ്ടപ്പോൾ, എൻെറ ഹൃദയത്തിലുണ്ടായ കൃതജ്ഞതാദരാദിവികാരങ്ങളുടെ വേലിയേററം ഞാൻ ഇന്നും അനുസ്മരിക്കുന്നുണ്ടു്. അഭിവന്ദ്യനായ ആ ആത്മീയപിതാവിൻെറ

ഹൃദയത്തിൽ അപ്പോഠം അലതല്ലിക്കൊണ്ടിരുന്ന വികാരങ്ങഠം അദ്ദേഹത്തിനുമാത്രമേ പൂൎണ്ണമായി അറിയാമായിരുന്നുള്ളുവെങ്കിലും, അദ്ദേഹത്തിൻെറ ഒരു ആത്മീയപുത്രനെന്നനിലയിൽ എനിക്കു് അവയെപ്പററി ഏറെക്കുറേ വിഭാവനംചെയ്യുവാൻ സാധിച്ചു. സ്വശിഷ്യന്മാരെ അകമലിഞ്ഞു് അനുഗ്രഹിക്കുവാൻ ആ മഹിതാശയൻ കാണിച്ചിരുന്ന ഔദാൎയ്യാതിരേകവും, അദ്ദേഹത്തിൻെറ അനുഗ്രഹം പ്രാപിക്കുമ്പോഠം ശിഷ്യന്മാർ അനുഭവിച്ചിരുന്ന ഹൎഷപ്രകൎഷവും ഒന്നു വേറേതന്നെയായിരുന്നു.

വിദേശങ്ങളിൽനിന്നു്, ഭാരതഭൂവിലെത്തി ധൎമ്മസംസേവനം നിൎവ്വഹിക്കുന്ന മിഷ്യനറിമാരുടെ ആദൎശവും ആശയും എന്തെന്നു്, ആൎക്കും ഒരുവക തെററിദ്ധാരണയ്ക്കും ഇടവരാതിരിക്കത്തക്കവണ്ണം അത്ര വ്യക്തമായി, പ്രകാശിപ്പിച്ചിരുന്ന ഒന്നാണു് ഫാദർ ഒണോരെ അവർകളുടെ ജീവിതം. ജനനംകൊണ്ടു് ഒരു ഫ്രഞ്ചുകാരനായിരുന്നെങ്കിലും, ജീവിതവും കൎമ്മവുംകൊണ്ടു് അദ്ദേഹം ഭാരതീയരിൽ ഭാരതീയനായിരുന്നു; കേരളീയരിൽ കേരളീയനായിരുന്നു! ഇൻഡ്യയിലെ വിദ്യാഭ്യാസപ്രവൎത്തകരിലും ശാസ്ത്രജ്ഞന്മാരിലും, അഗ്രപൂജയെ അൎഹിച്ചിട്ടുള്ളവരിൽ, ഒരു അഗ്രിമസ്ഥാനത്തെ അലങ്കരിച്ചിരുന്ന ആ മഹാശയൻ അൻപതുകൊല്ലക്കാലം ഇവിടെ താമസിച്ചുകൊണ്ടു ഭാരതഭൂഖണ്ഡത്തിനു ചെയ്തിട്ടുള്ള ഭാസുരങ്ങളായ സേവനങ്ങഠം ഒരിക്കലും വിസ്മരിക്കത്തക്കവയല്ല. ദക്ഷിണേന്ത്യയിലെ സകലജാ

തിമതസ്ഥരായ വിദ്വജ്ജനങ്ങളും ആ മിഷ്യനറിയുടെ സേവനങ്ങളെ എന്നും അനുസ്മരിക്കുകയും, അഭിനന്ദിക്കുകയും ചെയ്യുമെന്നുള്ളതു നിസ്സന്ദേഹമാകുന്നു. വിദേശികളായ ക്രൈസ്തവധമ്മദൂതന്മാരുടെ സേവനം ഇന്ത്യയ്ക്കു് ആവശ്യമില്ലെന്നു ചില ഭാരതീയ നേതാക്കന്മാർ, അതിരുകടന്ന ദേശീയാവേശം പൂണ്ടു്, ചിലപ്പോൾ പുറപ്പെടുവിക്കാറുള്ള അഭിപ്രായത്തിൻെറ ആബദ്ധ്യം വ്യക്തമാക്കുവാൻ, ഫാദർ ഒണോരെയെപ്പോലെയുള്ളവരുടെ ജീവിതം വേണ്ടുവോളം പയ്യാപ്തമാകുന്നുണ്ടു്. വിദേശങ്ങളിൽനിന്നു വരുന്ന, അദ്ദേഹത്തെപ്പോലെയുള്ള, മിഷ്യനറിമാർ ഭാരതത്തിൻെറ സവ്വതോമുഖമായ അഭിവൃദ്ധിക്കായി ചെയ്തിട്ടുള്ളതും, ചെയ്തുവരുന്നതുമായ വിലയേറിയ സേവനങ്ങളെപ്പററി ചിന്തിക്കുമ്പോൾ, സ്വദേശികളായ നമ്മളും, നമ്മുടെ ദേശീയാവേശവും പലപ്പോഴും നാണിക്കേണ്ടതായിട്ടാണു വരിക.

ഒരു വിശ്രുതകമ്മയോഗിയായിരുന്ന ഫാദർ ഒണോരെ അവർകൾ കേരളത്തിനുവേണ്ടി ചെയ്തിട്ടുള്ള സേവനങ്ങൾ കേരളീയരുടെ നിത്യകൃതജ്ഞതയെ അഹ്ഹിക്കുന്നവയാണു്. കേരളത്തോടും കേരളീയരോടും അദ്ദേഹത്തിനുണ്ടായിരുന്ന ക്രൂറൊന്നു വേറെതന്നെയായിരുന്നു. കേരളീയവിദ്ദ്യാത്ഥികളുടെ പിതാവെന്നു് അദ്ദേഹത്തിനുണ്ടായിരുന്ന പേരു പ്രസിദ്ധമാണല്ലോ. ഭാരതഭൂവിൻെറ പൂങ്കാവായ ഈ കേരളത്തിൽ ആ വിജ്ഞാനകലാകഷ്കൻ പല നല്ല കൃഷികൾ നടത്തി സമൃദ്ധമായ വിളവെടു

ത്തു കാണിച്ച്, ഇവിടത്തെ മണ്ണിൻെറ വളക്കൂറു ന ല്ലവണ്ണം വ്യക്തമാക്കിയിട്ടുണ്ട്. കേരളീയകത്തോലി ക്കയുവജനസഖ്യത്തിൻെറ രൂപവൽകരണം ഒന്നു തന്നെ കേരളത്തിൽ അദ്ദേഹത്തിൻെറ നാമധേയ ത്തെ ശാശ്വതസ്മരണാർഹമാക്കിത്തീർത്തിരിക്കുന്നു. വിശ്വാസം, പഠനം, പ്രയത്നം എന്നീ ആദർശത്രയ ത്തെ ആധാരമാക്കി അദ്ദേഹം ഏപ്പെടുത്തിയ ആ സംഘം, കേരളീയയുവജനങ്ങൾക്കു നല്കിയ മാർഗ്ഗ നിർദ്ദേശം മഹത്തമമാകുന്നു. കേരളീയയുവാക്കന്മാരു ടെ ഇടയിൽ സംഘടിതമായ കത്തോലിക്കപ്രവർത്ത നത്തിന് അടിത്തറ പടുത്തതു്, ആ കർമ്മയോഗിയു ടെ കരങ്ങളായിരുന്നുവെന്നു നിസ്സംശയം പറയാം. അന്യത്ര പലേടങ്ങളിലും ഔദ്യോഗികനിലയിൽ താൻ നടത്തേണ്ടിയിരുന്ന കഠിനയത്നങ്ങൾക്കിട യ്ക്കു ലഭിച്ച വിശ്രമവേളകളെ അദ്ദേഹം, അതിലും ക്ലേശാവഹമായ പ്രയത്നങ്ങൾക്കായി കേരളത്തിൽ വിനിയോഗിച്ചിരുന്ന കാഴ്ച ഇന്നും ഓർക്കുന്നവർ പ ലരുണ്ട്.

കേരളത്തിനു ഫാദർ ഒണോരെ അവർക ളോടുള്ള കടപ്പാടു വലുതാണ്. അദ്ദേഹത്തിൻെറ സ്മരണയെ കേരളത്തിൽ നിലനിത്തുവാൻ ചെയ്യു ന്ന ഏതുയത്നവും കേരളീയരുടെ മുക്തകണ്ഠമായ പ്രശംസയേയും പ്രോത്സാഹനത്തേയും അർഹിക്കുന്നു ണ്ട്. നമ്മുടെ ഒരു നല്ല സാഹിത്യകാരനും സമുദാ യപ്രവർത്തകനുമായ ശ്രീമാൻ എം. ഒ. ജോസഫ് നെടുങ്കുന്നം അവർകൾ ഫാദർ ഒണോരെയുടെ ര

സകരമായ ഈ ജീവചരിത്രം രചിക്കുന്നതിൽ കാണിച്ച ഉത്സാഹത്തെ ഞാൻ സവ്വാത്മനാ അഭിനന്ദിക്കുന്നു. മി. ജോസഫിൻെറ ഈ പുസ്തകം കേരളീയക്ക് ഫാദർ ഒണോരെ അവർകളോടുള്ള കൃതജ്ഞതയുടെ സമുചിതമായ ഒരു പ്രകാശനമായിട്ടുണ്ടെന്നാണ് എൻെറ വിനീതമായ അഭിപ്രായം. ഗ്രന്ഥകത്താവിനു സാഹിത്യത്തിൻെറ വിവിധവിഭാഗങ്ങളിൽ—വിശേഷിച്ചു ജീവചരിത്രശാഖയിൽ—സംസിദ്ധമായിട്ടുള്ള പ്രാവീണ്യം പ്രസിദ്ധമാണല്ലോ. ഫാദർ ഒണോരെയെ സംബന്ധിക്കുന്ന ശ്രദ്ധാഹങ്ങളായ പല വിവരങ്ങളും മി. ജോസഫ് വളരെ ശ്രദ്ധയോടുകൂടി ശേഖരിച്ച് എത്രയും സമാകഷകമായവിധം ഈ പുസ്തകത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. അദ്ദേഹം ഈ ഗ്രന്ഥരചനയ്ക്കുള്ള സാമഗ്രികൾ ദീഘദൃഷ്ടിയോടുകൂടി നേരത്തെ ശേഖരിച്ചുവെച്ചിരുന്നുവെന്നു ഗ്രന്ഥത്തിൻെറ പല ഭാഗങ്ങളും സാക്ഷ്യംവഹിക്കുന്നുണ്ട്. ഉൽകൃഷ്ടമായ ഒരു ജീവചരിത്രത്തെ, ഉജ്ജ്വലവും സുന്ദരവുമായ ഭാഷയിൽ, മി. ജോസഫ് ഈ ഗ്രന്ഥത്തിൽ പ്രകാശിപ്പിച്ചിരിക്കുന്നു.

ജീവചരിത്രശാഖയിൽ ഇനിയും വേണ്ടത്ര പുഷ്ടി പ്രാപിച്ചിട്ടില്ലാത്ത മലയാളസാഹിത്യത്തിന് ഈ ഗ്രന്ഥം ഒരു നല്ല സംഭാവനയായിട്ടുണ്ടെന്നാണ് എൻെറ വിനീതമായ അഭിപ്രായം. മി. ജോസഫിൻെറ സാഹിത്യപരിശ്രമങ്ങൾക്ക് ഉപര്യുപരി വിജയം ആശംസിച്ചുകൊണ്ട്, കേരളീയരുടെ

ആപ്തമിത്രമായിരുന്ന ആ മഹാത്മാവിന്റെ—സുഭഗസ്മരണാർഹനായ ഫാദർ ഒണോരെ അവർകളുടെ—ഈ ജീവചരിത്രത്തെ മഹാജനങ്ങളുടെ സൗഹൃദപൂർവ്വമായ സ്വീകരണത്തിന്നായി ഞാൻ സസന്തോഷം അവതരിപ്പിച്ചുകൊള്ളുന്നു.

എറണാകുളം
14 — 6 — 1941.

† ജോസഫ് അട്ടിപ്പേററി
വരാപ്പുഴ മെത്രാപ്പോലീത്ത.

# FOREWORD

Between the Houses of the two Catholic Archbishops there stands in Broadway, Ernakulam, a storeyed building bearing the inscription, M. C. Y. L. Up a flight of stairs one enters the 'Honore Hall' decorated with a single life-like portrait in oils of the "*Papa of the Malayalees*" bending affectionately and benignantly, but in full contemplation, as it were, of the future of the M. C. Y. L. That building stands for the late Rev. Fr. D. Honore's work of the last two decades of his life in the cause of the young men of Kerala. The transformation of the Malabar Catholic Students' Conference into the Students' League, and later, its consolidation into the Malabar Catholic Youth League, with a triple programme of activities, *Fide, Studio, et Labore,* and a fixed constitution embodying and anticipating the Papal ideas of Catholic Action, was à triumph of organisation which none other than Fr. Honore could have achieved.

The League which he founded, had at one time its centres established throughout Malabar and in all educational institutions outside, attended by Catholic Malayalees in sufficient numbers. The membership rose to several thousands; bulletins were issued in English and Malayalam; and the League entered the field of publication of Catholic literature in Malayalam.

The revered Father toured the country and raised the funds for building the House at Ernakulam. Soon, however, evil days fell upon the League, followed by periods of lethargy; but despite its many vicissitudes, it has refused to become moribund. The League lives, though nominally and without the healthy robustness expected of it, and the seventh anniversary of its first Permanent President's demise finds the League in preparation for the celebration of its Silver Jubilee. Twenty-five years in the life-time of any Association in Malabar is no small record; and if the M. C. Y. L. is singularly fortunate in surviving the ills of childhood and the risks of youth, it is because it has had the good fortune to be organised and directed by the genius of an Honore.

St. Francis Xavier, the true Apostle of India, was the first Jesuit, whose labours in Malabar led to the reorganisation and strengthening of the Church. He sleeps, in defiance to the doubting Thomases and perhaps neglected by many he served, along the same coast in Goa. Rev. Father D. Honore, the second Jesuit Apostle, still lives in the hearts of Catholic Malabar. His memory shall not die; and his work deserves to live, because it bears the unmistakable stamp of his personality, and is inspired by the eternal verities of the Catholic Church. Father Honore's unique position in the University of Madras and his achievements in the field of Science have entitled him to an academic immortality. But his constructive work in the spiritual field, and especially his selfless devotion

to the Catholic Youth, carries sufficient inspirtion, to revivify and rekindle the sparks of active Catholicity amongst the young men he loved and lived for.

This biographical sketch of the Rev. Father Honore, the first to be attempted, has, in its way, discharged the debt of Catholic Malabar to the late Rev. Father. Mr. M. O. Joseph was intimately associated with the M. C. Y. L. and has rendered yeoman service, literary and otherwise, to its cause. He is thus eminently qualified to undertake this biography, and if its publication would help to revitalise the dormant spirit of the M. C. Y. L., it shall have done the best service to the Church in Malabar. I would most heartily recommend the book to all fellow-workers in the cause of the M. C. Y. L.

*Maharaja's College,*
*Ernakulam, June 14, 1941.*

G. F. PAPALI,
M. A., Ph. D. (Lond.)

# അഭിപ്രായം.

പ്രിയ സുഹൃത്തേ,

നിങ്ങളുടെ പദ്യകൃതി ഞാൻ സശ്രദ്ധം മുഴുവനും വായിച്ചു. യുവകവികൾ സംസ്കൃതവൃത്തപ്രസ്ഥാനത്തെ കാളസപ്പത്തെയെന്നപോലെ ഭയപ്പെടുന്ന ഇക്കാലത്തു്, ആ രീതിയിൽ ഇപ്രകാരം ഒരു കാവ്യം ചമയ്ക്കുന്നതിനും, അതിൽ ശ്ലാഘ്യങ്ങളായ പല കവിതാഗുണങ്ങളും പ്രകാശിപ്പിക്കുന്നതിനും സാധിച്ച നിങ്ങൾ സഹൃദയന്മാരുടെ പ്രീതിബഹുമാനങ്ങൾക്കു പാത്രമായിരിക്കുന്നു എന്നതിനു സംശയമില്ല. സംസ്കൃതവൃത്തത്തിലും മററുമായി കവിതയെഴുതി പഴക്കംനേടിയ ഒരു കയ്യിൻെറ സൗഗന്ധ്യം ഈ കാവ്യത്തിൽ സുലഭമായിക്കാണുന്നു. ഭാവരമ്യതകൊണ്ടും അലങ്കാരഹൃദ്യതകൊണ്ടും എന്നെ കണക്കില്ലാതെ രസിപ്പിച്ച പല പദ്യങ്ങളും ഇതിൽ ഉണ്ടു്. നിങ്ങൾക്കു് അഭിമാനജനകമാണു് ഈ കൃതിയുടെ കത്തൃത്വം എന്നാണു് എൻെറ വിശ്വാസം.

വൈക്കം
30 – 10 – 116.

വടക്കുംകൂർ രാജരാജവമ്മ
ഇളയരാജാ

# മുഖവുര

റവ. ഫാദർ ഒണോരെയുമായി പരിചയപ്പെടുന്നതിനും അദ്ദേഹത്തിൻെറ മഹത്തരങ്ങളായ സ്വഭാവവിശേഷങ്ങളെ നേരിട്ടറിയുന്നതിനുമുള്ള ഭാഗ്യം എനിക്കുണ്ടായിട്ടുണ്ട്. ജീവിതത്തിലെന്നപോലെ മരണത്തിലും അദ്ദേഹത്തിൻെറ വ്യക്തിത്വം എൻെറ ഹൃദയത്തെ ഗാഢമായി സ്പർശിച്ചിരിക്കുന്നു. അദ്ദേഹത്തെ അടുത്തറിഞ്ഞിട്ടുള്ളവർക്കെല്ലാം ഇതേ അനുഭവമായിരിക്കണമുള്ളത്. എൻെറ ഹൃദയത്തിൽ പതിഞ്ഞിരിക്കുന്ന ഫാദർ ഒണോരെയുടെ വ്യക്തിത്വത്തിൻെറ ബഹിഃപ്രകാശനമാണ് ഈ ചെറുഗ്രന്ഥം. ആ മഹാപുരുഷൻെറ നിര്യാണാനന്തരം പുറപ്പെട്ട "കത്തോലിക്കയുവലോക"ത്തിൽ, അദ്ദേഹത്തിൻെറ ഒരു ജീവചരിത്രസംഗ്രഹം ഞാൻ പ്രസിദ്ധം ചെയ്തിരുന്നു. കുറേക്കൂടി വിപുലമായതോതിൽ ഒരു ജീവചരിത്രം എഴുതേണ്ടതാണെന്ന് അപ്പോൾതന്നെ എനിക്ക് അഭിപ്രായമുണ്ടായിരുന്നു.

അങ്ങനെയിരിക്കവേയാണ്, 1934 ജൂലൈമാസത്തിൽ കൂടിയ എം. സി. വൈ. എൽ. മാനേജിംഗ്കമ്മററി, ഫാദർ ഒണോരെയുടെ ഒരു ജീവചരിത്രം പ്രസിദ്ധപ്പെടുത്തുവാൻ തീരുമാനിച്ചത്. ജീവചരിത്രരചനയ്ക്ക് ആവശ്യമായ വസ്തുതകൾ ശേഖരിക്കുന്നതിനും, എഴുതുന്നതിനും, പ്രസിദ്ധപ്പെടുത്തുന്നതിനും,പ്രചരിപ്പിക്കുന്നതിനും ഏററവുംകൂടുതൽ കഴിവും സ്വാധീനവുമുള്ള ലീഗ് ജീവചരിത്രനിർമ്മാണത്തിനൊരുങ്ങുമ്പോൾ, ഒരു എതിർസ്ഥാനാർത്ഥിയാകേണ്ടെന്നു കരുതി ഞാൻ ഒഴിഞ്ഞുമാറി നിൽക്കുകയായിരുന്നു. ജീവചരിത്രപ്രസിദ്ധീകരണവിഷയത്തിൽ പ്രധാനപ്പെട്ട ചില എം. സി. വൈ. എൽ. പ്രവർത്തകന്മാരിൽനിന്നു കിട്ടിയ മറുപടി തീരെ നിരാശാ

ജനകവുമായിരുന്നു. ഫാദർ ഒണോരെയുടെ നിര്യാണാനന്തരം ഏഴുവര്‍ഷങ്ങൾ കഴിഞ്ഞെങ്കിലും, മാനേജിംഗ്കമ്മററിയുടെ ഗർഭസ്ഥമായ ജീവചരിത്രം ഇനിയും പുറത്തുവന്നിട്ടില്ല; അടുത്തെങ്ങും പുറത്തുവരുന്ന യാതൊരു ലക്ഷണവും കാണുന്നുമില്ല; അതിനാൽ നിസ്സാരമാണെങ്കിലും എൻെറ സംരംഭത്തെ ഇതാ ഞാൻ സജ്ജനസമക്ഷം സമര്‍പ്പിച്ചുകൊള്ളുന്നു.

എം. സി. വൈ. എൽ. നെപ്പററി ഈ പുസ്തകത്തിൽ ചെയ്തിരിക്കുന്ന നിരൂപണം എൻെറ അനുഭവജ്ഞാനത്തിൻെറയും പരിചയത്തിൻെറയും ഫലംമാത്രമാണ്. 1931 മുതൽ 1936 വരെ ആ സ്ഥാപനവുമായി അടുത്തുപെരുമാറുന്നതിനും അതിൻെറ പ്രവര്‍ത്തനങ്ങളിൽ കാര്യമായി സഹകരിക്കുന്നതിനും എനിക്കു സന്ദര്‍ഭമുണ്ടായിട്ടുണ്ട്. പഞ്ചപത്രാധിപന്മാരുടെ പാദത്തിൽപെട്ടുകിടന്ന 1932 മുതൽ, ഇപ്പോഴും അജ്ഞാതമായിരിക്കുന്ന കാരണങ്ങളാൽ ഞാൻ പുറന്തള്ളപ്പെട്ട 1936 ഏപ്രിൽവരെ, "കത്തോലിക്കായുവലോക"ത്തിൻെറ പത്രാധിപത്യം, അണിയറസ്ഥലത്തിലാണെങ്കിലും, വഹിക്കുന്നതിന് എനിക്കവസരമുണ്ടായി. കൃതജ്ഞതാശൂന്യവും ക്ലേശകരവുമായ ഈ ജോലി ചെയ്യുന്നതിനു ഫാദർ ഒണോരെയുടെ വ്യക്തിത്വവും, ഫാദർ ജി. മേനാച്ചേരിയുടെ സേവനസന്നദ്ധതയും മാത്രമാണ് എനിക്കു പ്രേരകമായിരുന്നിട്ടുള്ളത് എന്ന സംഗതി മറച്ചുവെക്കാവുന്നതല്ല.

ഈ ജീവചരിത്രം എല്ലാംകൊണ്ടും പൂര്‍ണ്ണമാണെന്നുള്ള പക്ഷം എനിക്കില്ല. എന്നിരുന്നാലും ഫാദർ ഒണോരെയുടെ ശിശുതുല്യമായ നിഷ്കളങ്കതയേയും, ഹൃദയനൈര്‍മ്മല്യത്തേയും സേവനസന്നദ്ധതയേയും അനുവാചകന്മാരുടെ ഹൃദയമുകുരങ്ങളിൽ പ്രതിഫലിപ്പിക്കുന്നതിന് ഈ ഗ്രന്ഥം പര്യാപ്തമാകുമെന്നാണ് എൻെറ വിശ്വാസം. ഇതിൻെറ വായനക്കാരിൽ ഒരുവനെങ്കിലും എൻെറ ബോദ്ധ്യം ശരിയാണെന്നു തോന്നുന്നുണ്ടെങ്കിൽ ഞാൻ കൃതാര്‍ത്ഥനായി.

ഈ ഗ്രന്ഥത്തെ സജ്ജനസമക്ഷം അവതരിപ്പിക്കുന്നതിന്, ചരിത്രനായകൻെറ ആത്മീയപുത്രനും, കേരളത്തിലെ കത്തോലിക്കപ്രവൎത്തനത്തിൻെറ തീക്ഷ്ണവാനായ ഒരു പ്രേഷിതനുമായ മഹാവന്ദ്യദിവ്യശ്രീ അട്ടിപ്പേററി മെത്രാപ്പോലീത്താ തിരുമേനിയേക്കാൾ മററാൎക്കാണ് ഒരു യോഗ്യതയുള്ളതു്! കൃത്യബഹുലക്ലാന്തനായ ആ തിരുമനസ്സിലേക്ക്, പുസ്തകം വായിച്ച് എത്രയുംവേഗം വിജ്ഞേയമായ ഒരു അവതാരിക എഴുതിത്തന്ന് ഈ ഗ്രന്ഥത്തെ അനുഗ്രഹിക്കുന്നതിനു തിരുവുള്ളമുണ്ടായി. അവിടുത്തെ സൗമനസ്യത്തിനും വാത്സല്യാതിരേകത്തിനും വിനീതമായ എൻെറ കൃപ്പുകൈ.

വിലയേറിയ ഒരു "ആമുഖ"ത്താൽ ഈ ഗ്രന്ഥത്തെചേതോഹരമാക്കിയ എറണാകുളം മഹാരാജാസ് കോളെജ് ഇംഗ്ലീഷ് പ്രൊഫ്സർ ജി. എഫ്. പാപ്പാളി എം. എ. അവൎകളോടും ഞാൻ അതീവകൃതജ്ഞനായിരിക്കുന്നു. ഫാദർ ഒണോരെയുമായി നേരിട്ടിടപെടുന്നതിനും വളരെക്കാലമായി എം. സി. വൈ. എൽ. ൻെറ പ്രവൎത്തനങ്ങളിൽ സജീവമായ ഭാഗം വഹിക്കുന്നതിനും ഭാഗ്യമുണ്ടായിട്ടുള്ള അദ്ദേഹത്തിൻെറ അഭിപ്രായം ഒരു വലിയ നേട്ടമായിട്ടാണു ഞാൻ കരുതുന്നതു്.

ഈ ഗ്രന്ഥത്തിൻെറ അവസാനത്തിൽ ചേൎത്തിരിക്കുന്ന കവിതയെപ്പററി ഒരു വാക്കു പ്രത്യേകം പറയേണ്ടതുണ്ടു്. 1930-ൽ ചരിത്രനായകൻെറ ഗുരുപ്പട്ടസ്വൎണ്ണജൂബിലി ആഘോഷിച്ച അവസരത്തിൽ എഴുതിയിട്ടുള്ളതാണ് അവയിൽ അധികഭാഗവും. 106 മകരമാസത്തെ "നസ്രാണിദീപിക"യിൽ "ജൂബിലിമംഗളമഞ്ജരി" എന്നപേരിൽ പ്രസിദ്ധീകൃതമായിരുന്ന ആ പദ്യങ്ങളെ "തൃതീയപ്രേഷിതൻ" എന്ന തലക്കെട്ടിൽ "കത്തോലിക്കായുവലോകം" മാസിക എടുത്തുധരിച്ചിരുന്നു. കാമ്യമായ കവിതാഗുണങ്ങളൊന്നും അവയിലില്ലെങ്കിൽത്തന്നേയും, ഗുണനിധിയായ ഒരു വ്യക്തിയുടെ അപദാനങ്ങളെ പ്രകീൎത്തിച്ചുകൊണ്ടുള്ള ആ പദ്യങ്ങൾ വൎജ്ജനീയ

ങ്ങളായി എനിക്കു തോന്നിയില്ല. അവ ഒരിക്കൽ വായിക്കുന്നതിനിടയായ മഹാമഹിമശ്രീ വടക്കുംകൂർ രാജരാജവർമ്മ ഇളയരാജാ അവർകൾ അയച്ചുതന്ന ഒരു കത്ത് അന്യത്ര ഉദ്ധരിച്ചിട്ടുണ്ട്. മഹാപണ്ഡിതനും കവിതാധർമ്മമർമ്മജ്ഞനുമായ അവിടുത്തെ മഹാമനസ്കതയ്ക്കു് എൻെറ അകൈതവമായ കൃതജ്ഞത.

ഈ ഗ്രന്ഥത്തിൻെറ പ്രസിദ്ധീകരണഭാരം ഏറെറടുക്കുകയും, ഇത്ര ഭംഗിയായി ഇതു മുദ്രണം ചെയ്യുകയും ചെയ്ത തേവര ചെറുപുഷ്പമുദ്രാലയഭാരവാഹികളോട്, പ്രത്യേകിച്ചു പ്രിയോർ വെരി റവ. ഫാദർ ഫ്രാൻസിസ് ഡി സെയിൽസു അവർകളോട്, എനിക്കുള്ള കടപ്പാടിനെ ഞാൻ ഇവിടെ രേഖപ്പെടുത്തിക്കൊള്ളട്ടേ.

പുസ്തകത്തിൻെറ 2-ം, 104-ം പുറങ്ങളിൽ ഫാദർ ഒണോരെയെ പരാമർശിച്ച് 'ആരാധനീയം' എന്ന പദം പ്രയോഗിച്ചിട്ടുണ്ട്. രണ്ടേടത്തും ഓരോ ഉദ്ധരണമാകയാൽ ആ പദം മാററുന്നതിനു ഞാൻ മുതിർന്നിട്ടില്ല. 'വന്ദനീയം' എന്നേ ആ പദത്തിന് അർത്ഥവിവക്ഷയുള്ളൂ. 39-ാം പേജിൽ "ലഘുലേഖകൻ" എന്നതു "ലഘുലേഖകൾ" എന്നും, 62-ാം പേജിൽ "ഔൽസുഖ്യ"മെന്നതു "ഔൽസുക്യ"മെന്നും, 69-ാം പേജിൽ VI എന്നതു IV എന്നും, 105-ാം പേജിൽ "ദേവന്മാക്കു" എന്നതു "ദൈവദൂതന്മാക്കു" എന്നും തിരുത്തി വായിപ്പാനപേക്ഷ.

റവ. ഫാദർ ഡി. ഒണോരെയുടെ ഏഴാം ചരമവാർഷികദിനമായ ഇന്നുതന്നെ, ഈ ഗ്രന്ഥത്തെ, ഞാൻ കൈരളീവായനക്കാരുടെ ഹസ്തങ്ങളിൽ സമർപ്പിച്ചുകൊള്ളുന്നു.

എറണാകുളം,
15—6—1941.

എം. ഒ. ജോസഫ്.

# സമൎപ്പണം

കേരളീയകത്തോലിക്കയുവജനസഖ്യ ത്തിൻെറ പ്രവൎത്തനങ്ങളിൽ ചരിത്രനായക ൻെറ ബഹിശ്ചരപ്രാണനായി, സഖ്യത്തി ൻെറ പൊതു ആദ്ധ്യാത്മികോപദേഷ്ടാവാ യി, യുവജനസേവനം നിൎവ്വഹിച്ചുവരുന്ന റവ. ഫാദർ ജോർജ് മേനാച്ചേരി ബി. ഏ. എൽ. ററി. അവർകൾക്ക്, അദ്ദേഹത്തി ൻെറ നിഷ്കാമസേവനങ്ങളിൽ ഗ്രന്ഥകൎത്താ വിനുള്ള നിഷ്കളങ്കമായ ബഹുമാനാദരവുക ളുടെ ഒരു ലക്ഷ്യമായി, ഈ ചെറുഗ്രന്ഥത്തെ സപ്രശ്രയം സമൎപ്പിച്ചുകൊള്ളുന്നു

ഗ്രന്ഥകൎത്താ



ഫാദർ ഡി. ഒണോരെ എസ്. ജെ.

# ഫാദർ ഒണോരെ.

## I

## പ്രാരംഭം

### 1

"സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: നിങ്ങൾ എന്റെ പിന്നാലെ വന്നിരിക്കുകകൊണ്ടു്, മനുഷ്യപുത്രൻ പുതിയ ലോകത്തിൽ തന്റെ മഹിമയുടെ സിംഹാസനത്തിൽ ഇരിക്കുമ്പോൾ, നിങ്ങളും പന്ത്രണ്ടു സിംഹാസനങ്ങളിലിരുന്നു് ഇസ്രായലിന്റെ പന്ത്രണ്ടു ഗോത്രങ്ങളെ വിധിക്കും. എന്റെ നാമം നിമിത്തം, വീടുകളെയോ സഹോദരന്മാരെയോ സഹോദരികളെയോ പിതാവിനെയോ മാതാവിനെയോ ഭാൎയ്യയെയോ മക്കളെയോ നിലങ്ങളോ ഉപേക്ഷിക്കുന്ന ഏവനും ഒന്നിനു നൂറായി ലഭിക്കും; നിത്യജീവനെ അവൻ അവകാശപ്പെടുത്തുകയും ചെയ്യും." (മത്തായി XIX, 28, 29.)

"മലയാളികളുടെ പിതാവു്" എന്ന അപരാഭിധാനത്താൽ സുവിശ്രുതനായിരുന്ന റവ. ഫാദർ ഡെസിഡെരാററസ് ഒണോരെ എസ്സ്. ജെ., കേരളത്തിലെ കത്തോലിക്കസഭയുടെ ഈ നൂററാണ്ടിലെ ചരിത്രത്തിൽ തങ്കരേഖാങ്കിതമായ ഒരു നവീനാദ്ധ്യാ

യം എഴുതിച്ചേർത്തിട്ടുള്ള മഹാനാണ്. പവിത്രമായ ആ നാമശ്രവണത്തിൽ സംഗീതം, ചിത്രമെഴുത്ത്, കൊത്തുപണി മുതലായ സുകുമാരകലകളിൽ അതിവിദഗ്ദ്ധനും, അണുശാസ്ത്രം, സസ്യശാസ്ത്രം, പ്രകൃതിശാസ്ത്രം മുതലായ നവീനശാസ്ത്രവിഷയങ്ങളിൽ അതിപ്രവീണനുമായ ഒരു മഹാപണ്ഡിതന്റെയോ, ദക്ഷിണഭാരതത്തിലെ സർവ്വപ്രധാനങ്ങളായ കലാശാലകളോട് ഓരോതരത്തിൽ ബന്ധപ്പെട്ട് അദ്ധ്യാപനവിഷയത്തിൽ മാർഗ്ഗദർശിത്വം വഹിച്ച ഒരു പ്രസിദ്ധവിദ്യാഭ്യാസപ്രവർത്തകന്റെയോ, അൻപത്തിരണ്ടിൽപ്പരം സംവത്സരം ക്രിസ്തുവിന്റെ ദ്രാക്ഷാവാടിയിൽ വിശ്രാന്തിരഹിതമായ മഹാവേലകൾ നിർവ്വഹിച്ചിട്ടുള്ള ഒരു പ്രേഷിതപ്രവരന്റെയോ, ആധുനികകാലത്തെ അത്യാകർഷകങ്ങളായ അബദ്ധങ്ങളിൽ അകപ്പെടാതെ യുവലോകത്തെ സധീരം നയിച്ച ഒരുത്തമനേതാവിന്റെയോ, സ്നേഹമസൃണങ്ങളായ ഉപദേശങ്ങളാലും സന്ദർഭോചിതങ്ങളായ സാന്ത്വനോക്തികളാലും അവശരെയും ക്ഷീണിതരെയും സന്ദേഹമനസ്കരെയും സദാപി സമാശ്വസിപ്പിച്ചുകൊണ്ടിരുന്ന ഒരു വാത്സല്യപിതാവിന്റെയോ, സ്മരണയാണു നമ്മുടെ സ്മൃതിപഥത്തിൽ ഉദയംചെയ്യുന്നത്.

ഒരു ശിഷ്യൻ എഴുതുന്നു:- "മലയാളത്തും തമിഴനാട്ടിലും ആന്ധ്റദേശത്തുമുള്ള യുവകത്തോലിക്കലോകത്തിൽ ഒന്നുപോലെ ആരാധനീയമായ ആ പുണ്യനാമത്തിന് അകത്തോലിക്കരുടെയും അ

ക്രൈസ്തവരുടെയും ഇടയിൽപ്പോലും നിസ്സീമമായ ഒരു വ്യാപ്തിയുണ്ടെന്നുള്ള വസ്തുത പലക്കും ബോദ്ധ്യപ്പെട്ടിട്ടുണ്ട്. സർവ്വലോകാരാദ്ധ്യന്മാരായ മഹാന്മാർ ഏതുകാലത്തിൽ ജനിച്ചാലും, ഏതു സാമുഹ്യവിഭാഗത്തിൽപെട്ടിരുന്നാലും, ക്രമേണ അവർ ലോകത്തിന്റെ പൊതുസ്വത്തായിത്തീന്നുപോകാറുണ്ട്. പുരാണപ്രസിദ്ധരായ മഹാന്മാർ, ചരിത്രപ്രസിദ്ധരായ യുദ്ധവീരന്മാർ, സഹൃദയഹൃദയാഹ്ളാദജനകങ്ങളായ കാവ്യങ്ങളുടെ കത്താക്കൾ, വിശ്വവിഖ്യാതന്മാരായ ശാസ്ത്രജ്ഞന്മാർ മുതലായവരുടെ ഉജ്വലത്തായ യശഃപ്രഭ ഏകസമുദായസങ്കുചിതപരിധികളിൽമാത്രം മൂടിവെയ്ക്കാൻ ഒരിക്കലും സാദ്ധ്യമല്ല. ചേതോഹരവണ്ണപക്ഷങ്ങളുള്ള ചിത്രശലഭത്തിനു ക്രുലതുല്യമായ തന്തുവലയത്തിലെ വാസം പററുകയില്ല. ചെങ്കനൽപ്രഭ വിലസുന്ന ഇളംവള്ളികൾ സ്നേഹപുരസ്സരം മാടിവിളിക്കുമ്പോൾ, ആഹ്ളാദഹൃത്തുക്കളായ ചെറുപക്ഷികൾ വരഗാനങ്ങൾ പൊഴിക്കുമ്പോൾ, അതീവസുന്ദരങ്ങളായ ഭാസുരപുഷ്പങ്ങൾ ഹൃദ്യമായ സ്മന്ദഹാസം തൂകുമ്പോൾ, ചിത്രശലഭത്തിനു വിസ്തൃതലോകത്തിലേയ്ക്കു്, ഭാസുരാന്തരീക്ഷത്തിലേയ്ക്കു്, പറന്നുയരന്നേ കഴിയൂ." ഈശോസഭാമന്ദിരങ്ങൾക്കുള്ളിൽ ഒതുങ്ങിക്കഴിഞ്ഞിരുന്ന ഫാദർ ഒണോരെയുടെ യശോവിലാസത്തിന്റെ സ്ഥിതിയും ഇതുതന്നെ.

ഫാദർ ഒണോരെയുടെ ജീവിതം ഒരു മഹാതത്വത്തിന്റെ വിശദീകരണമായിരുന്നു. സത്യമത

വും യഥാൎത്ഥശാസ്ത്രവും തമ്മിൽ യാതൊരു വൈരുദ്ധ്യവുമില്ലെന്നും ഉണ്ടാകുക സാദ്ധ്യമല്ലെന്നുമുള്ള മഹാതത്വത്തെ സ്വജീവിതത്താൽ അതിസ്പൃഹണീയമായവിധം അദ്ദേഹം തെളിയിച്ചിരിക്കുന്നു. കത്തോലിക്കസഭയിലെ അതിമഹനീയമായ പൗരോഹിത്യപദത്തെ സമലംകരിച്ചിരുന്ന ഈ മഹാപുരുഷൻ ദക്ഷിണഭാരതത്തിലെ അത്യുൽകൃഷ്ടശാസ്ത്രകാരന്മാരിൽ ഒരുവൻകൂടിയായിരുന്നു. 35-ൽ പരം വൎഷം പ്രകൃതിശാസ്ത്രവിഷയത്തിൽ തൃശ്ശിനാപ്പള്ളി സെൻറ് ജോസഫ്സ് കോളെജിൽ പ്രൊഫ്സർജോലി വഹിച്ചിരുന്ന അദ്ദേഹം മദ്രാസ് സൎവ്വകലാശാലയിലെ ശാസ്ത്രീയവകുപ്പിൻെറ പരിഷ്കരണത്തിൽ ഗണ്യമായ ഒരു ഭാഗം വഹിച്ചിട്ടുണ്ട്. ആ സൎവ്വകലാശാലയുടെ ചരിത്രത്തിൽ തങ്കരേഖാങ്കിതമായ ഒരു ഘട്ടത്തെയാണ് അദ്ദേഹത്തിൻെറ അദ്ധ്യാപകജീവിതം കുറിക്കുന്നതു്. ദക്ഷിണഭാരതത്തിലെ ശാസ്ത്രവിദഗ്ദ്ധന്മാരായ ആർ. എൽ. ജോൺസ്, ക്രീഗ്ടൺ മിച്ചൽ മുതലായവരുടെ ആത്മസുഹൃത്തായിരുന്നു ഫാദർ ഒണോരെ. മദ്രാസ് പ്രസിഡൻസിയിലെ പല കലാലയങ്ങളും, പ്രകൃതിശാസ്ത്രപരമായ പ്രയോഗശാലകൾ രൂപവൽകരിക്കുന്നതിലും പരിഷ്കരിക്കുന്നതിലും അദ്ദേഹത്തിൻെറ സേവനത്തെ ഉപയോഗിച്ചിട്ടുണ്ട്.

എന്നിരുന്നാലും ഒരു ശാസ്ത്രവിദഗ്ദ്ധനെന്ന നിലയിൽ ഫാദർ ഒണോരെയ്ക്കുള്ള മാഹാത്മ്യത്തേക്കാൾ, ഒരു വൈദികനെന്ന നിലയിൽ—ഒരുവാത്സ

ല്യപിതാവിന്റെ നിലയിൽ—അദ്ദേഹത്തിൽ പ്ര ശോഭിച്ചിരുന്ന അതുല്യങ്ങളായ മഹാഗുണങ്ങളാണ് ഒരു കേരളീയകത്തോലിക്കന്റെ ഹൃദയത്തിൽ പ്ര ഥമമായി പ്രതിഫലിക്കുക. കേരളത്തിലെ കത്തോ ലിക്കയുവജനങ്ങളെ സഭയുടെ യഥാൎത്ഥസന്താനങ്ങ ളാക്കിത്തീൎക്കുന്നതിന് അദ്ദേഹം ചെയ്ത അവാച്യ സേവനങ്ങളാണ് അവരുടെ സ്മരണയിൽ ആദ്യമാ യി ഉദിക്കുക. ജനനത്താൽ ഒരു വിദേശീയനും, വാ സത്താൽ ഒരു അകേരളീയനുമായ അദ്ദേഹവും കേ രളവുമായുള്ള അഭേദ്യബന്ധമാണ് അവരുടെ ചി ന്താവേദിയിൽ ഉദയം ചെയ്യുക. ഫ്രാൻസിൽ ജനി ച്ച അദ്ദേഹം ആശകൊണ്ടും, ആശയംകൊണ്ടും, ആവേശംകൊണ്ടും ഒരു കേരളീയനായിരുന്നു എന്നു അദ്ദേഹത്തെപ്പററി പറയാറുണ്ട്. ഗോകൎണ്ണസേതു പൎയ്യന്തമുള്ള ഇക്കേരളക്കരയിലെ കത്തോലിക്കജ നവിഭാഗത്തിൽ—എന്തിന് അകത്തോലിക്കരുടെ ഇടയിൽതന്നെയും—ഫാദർ ഒണോരെയുടെ പാവ നനാമം കേൾക്കാത്തവർ ആരെങ്കിലും ഉണ്ടായിരി ക്കുമെന്നു തോന്നുന്നില്ല.

അമ്പതുകൊല്ലത്തോളം ഭാരതത്തെ സേവിച്ച ഒരു പ്രേഷിതപ്രമുഖൻ, അനന്യസാധാരണനായ ഒരു ആദ്ധ്യാത്മികഗുരു, അദ്വിതീയനായ ഒരു വി ദ്യാഭ്യാസപ്രവൎത്തകൻ, നിസ്തുല്യനായ ഒരു അഗാധ ശാസ്ത്രപണ്ഡിതൻ, മദ്രാസ് സൎവ്വകലാശാലയുടെ ഒ രു കെടാവിളക്ക്, എന്നിങ്ങനെ ബഹുധാ കേരളീയ രുടെയും അകേരളീയരുടെയും അകളങ്കമായ പ്രശം

സയ്യും അകൃത്രിമമായ ബഹുമാനത്തിന്നും ഒന്നുപോലെ പാത്രീഭൂതനായ ഈ വന്ദ്യവൈദികസത്തമനെപ്പററി ഏതാനും ചില സംഗതികൾ കീഴെ പ്രസ്താവിക്കാം. മാത്തോമ്മാശ്ലീഹായുടെയും, വിശുദ്ധ ഫ്രാൻസീസ്സ്‌ സേവേരിയാരുടെയും കാലടിപ്പാടുകളിൽ കൂടി നിർഭയം ചരിച്ച ഈ മഹാശയന്‌, അവരുടെ ഗണത്തിൽ ഒരു സ്ഥാനം ഭാവിചരിത്രകാരന്മാർ നൽകാതെയിരിക്കുകയില്ല.

## 2

### ഈശോസഭാപ്രവേശം.

ഫാദർ ഡെസിഡെരാററസ്‌ ഒണോരെ, ഫ്രാൻസുരാജ്യത്തിൻെറ ഒരു വിഭാഗമായ നോർമൻഡി സംസ്ഥാനത്തിൽ, ഒരു കുലീനകുടുംബത്തിലെ അംഗമായി, 1862 മാർച്ചുമാസം 23-ാം തീയതി ഭൂജാതനായി. ജനനസ്ഥലം, വിശുദ്ധ കൊച്ചുത്രേസ്യായുടെ സാന്നിദ്ധ്യത്താൽ വിശ്വവിശ്രുതമായിത്തീൎന്നിരിക്കുന്ന ലിസ്യൂവിനു സമീപത്താണ്‌. അദ്ദേഹം കേവലം എട്ടുവയസ്സുമാത്രം പ്രായമുള്ള ഒരു ബാലനായിരിക്കുമ്പോഴാണ്‌, 1870-ൽ, ഫ്രാൻസും ജർമ്മനിയും തമ്മിലുണ്ടായ യുദ്ധം നടന്നതു്. ഫ്രഞ്ചുചക്രവർത്തിയായിരുന്ന നെപ്പോളിയൻ തൃതീയൻെറ നേതൃത്വത്തിലുണ്ടായിരുന്ന വൻപിച്ച സൈന്യത്തെ ജർമ്മൻ സൈന്യം പലായനപരായണരാക്കിയതു കാണുവാനും, യുദ്ധംനിമിത്തവും ആഭ്യന്തരകലഹംമൂലവും സ്വ

രാജ്യം നാശോന്മുഖമായതു നേരിട്ടറിവാനും, മഹാനായ നെപ്പോളിയൻെറ പൗത്രനും, അദ്ദേഹത്തിൻെറ പട്ടമഹിഷിയായ യൂജീൻ ചക്രവത്തിനിയും, അവരുടെ ഏകപുത്രനും, സിംഹാസനഭ്രഷ്ടരായി ഇംഗ്ലണ്ടിലേയ്ക്കു് ഒളിച്ചോടിപ്പോയതിനും രാജ്യം വിപ്ലവകാരികളുടെ കുട്ടക്കിൽപ്പെട്ടതിനുമെല്ലാം ദൃക്സാക്ഷിയാകുവാനും അദ്ദേഹത്തിനു് ഇടയായിട്ടുണ്ടു്.

ബാലനായ ഒണോരെ പൊയിററിയേഴ്സിലുള്ള ജസ്വീററു് കോളെജിലാണു് വിദ്യാഭ്യാസമാരംഭിച്ചതു്. ഇതു കേവലം യാദൃശ്ചികസംഭവമായിരിക്കാമെങ്കിലും, ജസ്വീററു് സന്യാസിസഭയെപ്പററി കൂടുതലായി അറിയുന്നതിനും, അതിൽ ചേൎന്നു് ആയുശ്ശേഷം നയിക്കണമെന്നു തീരുമാനിക്കുന്നതിനുമുള്ള ഒരു പ്രചോദനം ഈ വിദ്യാലയം അദ്ദേഹത്തിനു പ്രദാനംചെയ്തു. 1880-ൽ, 18-ാമത്തെ വയസ്സിൽ, അദ്ദേഹം സൎവ്വകലാശാലാബിരുദം കരസ്ഥമാക്കി. അക്കൊല്ലംതന്നെ സ്പെയിൻരാജ്യത്തിലേയ്ക്കു പോകുകയും, അവിടെ വിറേററിയാ എന്ന സ്ഥലത്തുള്ള ഈശോസഭാമന്ദിരത്തിൽ അംഗമായി ചേരുകയും ചെയ്തു. 1880 ഒക്ടോബർമാസം 10-ാം തീയതിയാണു് അദ്ദേഹം നൊവിഷ്യാത്തു് ആരംഭിച്ചതു്.

പോയിററിയേഴ്സിൽ പഠിച്ചുകൊണ്ടിരുന്ന കാലത്തുതന്നെ, ഒണോരെ, ഭാരതത്തിലെ മിഷ്യനറിമാരുടെ ജീവിതത്തെക്കുറിച്ചും സേവനങ്ങളെക്കുറി

ച്ചും ധാരാളമായി കേട്ടുകൊണ്ടിരുന്നു. ക്രിസ്തുവിൻെറ ദ്രാക്ഷാവാടിയിൽ വേലചെയ്യുവാനുള്ള ഒരഭിനിവേശം ബാലഹൃദയങ്ങളിൽ സംജാതമാക്കുന്നതിനും, പ്രേഷിതാഭിരുചി പരിപോഷിപ്പിക്കുന്നതിനുംവേണ്ടി, വിദേശങ്ങളിൽ മതപ്രചരണജോലിയിൽ വ്യാപൃതരായിരിക്കുന്ന മിഷ്യനറിമാരുടെ കത്തുകൾ അദ്ധ്യേതാക്കളെ വായിച്ചു കേൾപ്പിക്കുക അവിടത്തെ കോളേജിൽ സാധാരണമായിരുന്നു. തന്മൂലം അനവധി ചെറുപ്പക്കാർ ദിവ്യാഹ്വാനത്തിനു ശിരസ്സു കുനിച്ച്, മിഷ്യനറിമാരായി വിദേശങ്ങളിലേയ്ക്കു പോകുവാനിടയായിട്ടുമുണ്ട്. അക്രൈസ്തവരെ ക്രിസ്തുവിൻെറ ദിവ്യസ്നേഹഭണ്ഡാഗാരത്തിലേയ്ക്കു സമാനയിക്കുന്നതിനും, ക്രിസ്ത്യാനികളെ ദിവ്യനാഥനോടുള്ള അചഞ്ചലസ്നേഹത്തിൽ സുസ്ഥിരചിത്തരാക്കി നിർത്തുന്നതിനുമുള്ള തീക്ഷ്ണതകൊണ്ടുജ്ജ്വലിച്ച നമ്മുടെ കഥാനായകനും ഒരു മിഷ്യനറി ആകണമെന്നു തീരുമാനിച്ചതിൽ അത്ഭുതപ്പെടുവാനില്ലല്ലോ.

യുവാവായ ഒണോരെയുടെ ഈ തീരുമാനത്തിനു മറെറാരു പ്രചോദനവും ഉണ്ടായിരുന്നു. അന്നു സ്വദേശീയനായ ഡോക്ടർ കാർളോസ് ലവീഞ്ഞു്, പുതുതായി സമാരബ്ധമായ കോട്ടയം മിസ്സത്തിൻെറ വികാരി അപ്പസ്തോലിക്ക ആയിരുന്നു. ചങ്ങനാശ്ശേരിയിൽ ഒരു കോളെജ് സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള ശ്രമങ്ങളെല്ലാം ഭാഗ്യസ്മരണാർഹനായ ആ തിരുമേനി അന്നു ചെയ്തിരുന്നു. അതിലേയ്ക്കുവേണ്ടി

കേരളത്തിലേയ്ക്കു വരുന്നതിന്ന ഒണോരെയെ അ ദ്ദേഹം ക്ഷണിച്ചു. ഫ്രഞ്ചുകാരനും ഈശോസഭാംഗ വുമായ ലവീഞ്ഞു മെത്രാനച്ചൻ തിരുമനസ്സിലെ ക്ഷണം ഒണോരെ സസന്തോഷം സ്വീകരിച്ചു. ഇൻഡ്യയിൽ വന്ന് ഒരു മിഷ്യനറിയായി ജോലി ചെയ്യണമെന്നുള്ള അദ്ദേഹത്തിൻെറ ആഗ്രഹം ഇ ങ്ങനെ ദൃഢമായി. എന്നുമാത്രമല്ല, തൻെറ ഭാവി പ്രവൎത്തനരംഗമായി കേരളത്തെ അദ്ദേഹം കൈവ രിക്കുകയും ചെയ്തു. ഫ്രാൻസിലിരുന്നുകൊണ്ടുതന്നെ ആശ വഴിയായി താൻ ഒരു കേരളീയനായിത്തീൎന്നു വെന്ന് അദ്ദേഹം പറയാറുണ്ടായിരുന്നു.

പക്ഷെ ഈ ആശ അന്നെങ്ങും സഫലീഭവി ച്ചില്ല. ഈശോസഭാശ്രേഷ്ഠന്മാർ ഇൻഡ്യയിൽ മ ധുരമിഷ്യനിലേക്കാണ് അദ്ദേഹത്തെ നിയോഗിച്ച ത്. 1881–ൽ അദ്ദേഹം ഇൻഡ്യയിലേയ്ക്കു യാത്ര തിരിച്ചു. ഇൻഡ്യയിൽ വന്ന്, നാഗപട്ടണത്തിൽ വെച്ച്, നൊവിഷ്യാത്തിൻെറ ദ്വിതീയവൎഷം പൂ ൎത്തിയാക്കുകയും, ഈശോസഭാസന്യാസി ആയിരു ന്നുകൊള്ളാമെന്നുള്ള ഒന്നാമത്തെ പ്രതിജ്ഞ ചെയ്യു കയും ചെയ്തു. മദ്രാസുപ്രസിഡൻസിയിലെ സുപ്ര സിദ്ധകലാലയങ്ങളിലൊന്നായി ഇന്നു തൃശ്ശിനാപ്പ ള്ളിയിൽ വിലസുന്ന സെൻറ് ജോസഫ്സ് കോ ളെജ് അന്നു നാഗപട്ടണത്തിലായിരുന്നു സ്ഥിതിചെ യ്തിരുന്നത്. ഒണോരെ ശെമ്മാശനെ, പ്രസ്തുതസ്കൂ ളിൽ ജോലിനോക്കുന്നതിന് അധികൃതന്മാർ നി യോഗിച്ചു. ലവീഞ്ഞു മെത്രാനച്ചൻ തിരുമനസ്സി

ലെ ദീഘ്ദൃഷ്ടി അവിടേയും എത്താതിരുന്നില്ല. അധികൃതന്മാർ അനുവദിക്കുന്നപക്ഷം ചങ്ങനാശേരിയിലെത്തി ജോലി സ്വീകരിക്കുന്നതിന് ഒണോരെയ്ക്കു യാതൊരു വൈമുഖ്യവും ഉണ്ടായിരുന്നില്ല. എന്നാൽ ഈ യുവാവിന്റെ കഴിവുകളെ മുൻക്കൂട്ടിക്കണ്ടിരുന്ന മധുരമിഷ്യനിലെ അധികാരികൾ അദ്ദേഹത്തെ വിട്ടുകൊടുക്കുന്നതിനു സമ്മതിച്ചില്ല.

1883-ൽ സെൻറ് ജോസഫ്സ് കോളെജ് നാഗപട്ടണത്തിൽ നിന്നും തൃശ്ശിനാപ്പിള്ളിലേയ്ക്കു മാററി. അപ്പോൾ ഒണോരെ അവർകളും തൃശ്ശിനാപ്പിള്ളിലേയ്ക്കു പോന്നു. ഇവിടെ വെച്ച് അദ്ദേഹം തത്വശാസ്ത്രം പഠിക്കുകയും, അതേസമയംതന്നെ കോളെജ് ക്ലാസുകളിൽ ഇംഗ്ലീഷ്, ഡൈനാമിക്സ് എന്നീ വിഷയങ്ങൾ പഠിപ്പിക്കുകയും ചെയ്തു കൊണ്ടിരുന്നു. ഈശോസഭയിലെ വൈദികവിദ്യാർത്ഥികൾ, ദൈവശാസ്ത്രപഠനം ആരംഭിക്കുന്നതിനു മുൻപ്, കുറേക്കാലം അദ്ധ്യാപകവൃത്തിയിൽ ഏർപ്പെടണമെന്നുള്ളതു് ഒരു സാധാരണനിയമമാണ്. ഈ ഘട്ടം സാമാന്യമായി നാലു കൊല്ലത്തിലധികം ദീഘിക്കാറില്ല. എന്നാൽ നമ്മുടെ കഥാപുരുഷനെ സംബന്ധിച്ചിടത്തോളം അതു് ഏതാണ്ട് ഇരട്ടിക്കുകയാണു ചെയ്തതു്. മധുരമിഷ്യനിൽ അന്ന് അംഗങ്ങൾ കുറവായിരുന്നതിനാലാണ്, സഭാശ്രേഷ്ഠന്റെ ആഗ്രഹാനുസരണം, അദ്ധ്യാപനകാലം ദീഘിപ്പിക്കുന്നതിന് അദ്ദേഹം സന്നദ്ധനായതു്. പക്ഷേ, അദ്ധ്യാപകജോലിക്കു വിഘ്നം നേരിടാത്തവണ്ണം

ദൈവശാസ്ത്രപഠനം കോളെജിൽവെച്ച് ആരംഭി ച്ചുകൊള്ളുന്നതിന് അദ്ദേഹത്തിന് അനുമതി ല ഭിക്കാതിരുന്നില്ല.

1895-ൽ കഥാപുരുഷനെ അധികൃതന്മാർ യൂ റോപ്പിലേയ്ക്ക് അയച്ചു. ആദ്യം സ്പെയിനിൽ യൂക്ലു സ് എന്ന സ്ഥലത്തും, അനന്തരം ഒരു കൊല്ലം ക ഴിഞ്ഞ്, ജർമ്മനിയിൽ ഫോൾക്കൺബർഗ്ഗ് എന്ന സ്ഥലത്തും താമസിച്ച് അദ്ദേഹം ദൈവശാസ്ത്രപഠ നം തുടൎന്നു. 1897-ൽ അദ്ദേഹം പുരോഹിതനായി അഭിഷേകം ചെയ്യപ്പെട്ടു. അധികം താമസിയാതെ അദ്ദേഹം തെക്കെ ഇൻഡ്യയിൽ തിരിച്ചെത്തി. ഇ വിടെ എത്തിയ ഉടനെ അധികൃതന്മാർ അദ്ദേഹ ത്തെ റാഞ്ചിയിലേയ്ക്ക് അയച്ചു. പ്രൊബേഷൻകാ ലത്തിൻെറ മൂന്നാമത്തെ വത്സരം അങ്ങനെ ഇവി ടെവെച്ച് അദ്ദേഹം കഴിച്ചുകൂട്ടി. ഈ കാലത്താ ണു ചൊട്ടനാഗപ്പൂരിയിലുള്ള കത്തോലിക്കദേവാ ലയത്തിലെ ചിത്രവേല അദ്ദേഹം കയ്യേററതു്. ഫാ ദർ ഒണോരെ റാഞ്ചിയിൽ താമസിച്ചതിൻെറയും, അദ്ദേഹത്തിൻെറ അഭിനന്ദനീയമായ ചിത്രകലാ വാസനയുടെയും ഒരു മഹനീയസ്മാരകമായി ആ ദേവാലയം ഇന്നും പരിശോഭിച്ചുകൊണ്ടിരിക്കുന്നു.

## 3.

## പ്രകൃതിശാസ്ത്രജ്ഞൻ.

പ്രൊബേഷൻകാലം സമാപിച്ചപ്പോൾ, ഫാദർ ഒണോരെ തൃശ്ശിനാപ്പിള്ളിൽ തിരിച്ചെത്തി. ഇവിടെവെച്ചു സന്യാസിജീവിതത്തിനുള്ള അവസാനപ്രതിജ്ഞ ചെയ്യുകയും, മദ്രാസ് സൎവ്വകലാശാലാ പദ്ധതി അനുസരിച്ചുള്ള ബിരുദം സമ്പാദിക്കുകയും ചെയ്തു. ഉടൻതന്നെ സെൻറ് ജോസഫ്സ് കോളെജിലെ സയൻസ്‌വകുപ്പിൻെറ അദ്ധ്യക്ഷനായി അദ്ദേഹം നിയമിതനായി. ഈ നിലയിൽ 32-ൽപരം സംവത്സരക്കാലം അദ്ദേഹം അവിടെ ജോലി നോക്കിയിട്ടുണ്ട്. സെൻറ് ജോസഫ്സ് കോളെജിലെ സയൻസുവകുപ്പ്, ദക്ഷിണഭാരതത്തിലുള്ള താദൃശസ്ഥാപനങ്ങളിൽ വെച്ച്, ഭരണവിഷയത്തിലും സജ്ജീകരണത്തിലും അദ്വിതീയമാണെന്നു അറിയാത്തവരാരുമില്ല. അതിനുള്ള ഏകോത്തരവാദി ഫാദർ ഒണോരെതന്നെയാകുന്നു. അദ്ദേഹത്തിൻെറ ഏതാദൃശസേവനം, പരോക്ഷമായിട്ടെങ്കിലും, ഭാരതത്തിൻെറ ഇതരഭാഗങ്ങളിലുള്ള കത്തോലിക്കരുടെയും, കത്തോലിക്കവിദ്യാലയങ്ങളുടെയും പ്രശസ്തിയെ പുലൎത്തുവാൻ സഹായിച്ചിട്ടുണ്ടെന്നുപറഞ്ഞാൽ അതു് അതിശയോക്തിയാകുന്നതല്ല. “മദ്രാസ് പ്രസിഡൻസിയിലെ വിദ്യാഭ്യാസസ്ഥാപനങ്ങളുടെ കൂട്ടത്തിൽ സെൻറ് ജോസഫ്സ് കോളെജിന് ഒരു ബഹുമാന്യസ്ഥാനം ലഭിച്ചിട്ടുണ്ടെങ്കിൽ അതിന്

അധികം കാരണം ഫാദർ ഒണോരെയുടെ പരിശ്രമങ്ങളാണ് എന്നുള്ളത് ഒരു യഥാൎത്ഥമാകുന്നു” എന്നു മദ്രാസ് മെയിൽ പത്രം പ്രസ്താവിച്ചിട്ടുള്ളത് അക്ഷരംപ്രതി ശരിയാകുന്നു.

സെൻറ് ജോസഫ്സ് കോളെജിലെ പ്രശസ്തമായ പരീക്ഷണശാല ഇന്നത്തെ നിലയിൽ സജ്ജീകരിക്കുകയും, ആധുനികങ്ങളായ സകലവിധ ശാസ്ത്രസാമഗ്രികളെക്കൊണ്ടും അതിനെ പരിപുഷ്ടമാക്കുകയും ചെയ്തതാണു പ്രകൃതിശാസ്ത്രപ്രാസംഗികൻ എന്ന നിലയിൽ ഫാദർ ഒണോരെ നിൎവ്വഹിച്ചിട്ടുള്ള മഹത്തമമായ സേവനങ്ങളിൽ ഒന്നെന്നു പറയാം. ‘മെക്കാനിക്കൽ എൻജിനീയറിങ്ങ്” സംബന്ധിച്ച് അദ്ധ്യേതാക്കൾക്ക് ആവശ്യമായ വിജ്ഞാനം നൽകുന്നതിലേക്കായി, എല്ലാത്തരം മോട്ടർ യന്ത്രങ്ങളേയും പററിയുള്ള വിജ്ഞാനം ഉള്ളടക്കി ഒരു പാഠ്യപദ്ധതി അദ്ദേഹം സജ്ജമാക്കുകയും, അതിനെ കോളെജിൽ വിജയപ്രദമായി നടപ്പിൽ വരുത്തുകയും ചെയ്തു.

1912-ൽ ഫാദർ ഒണോരെ വീണ്ടും യൂറോപ്പിലേയ്ക്കു പോയി. ഇംഗ്ലണ്ടിലും യൂറോപ്പിൻെറ മററു ഭാഗങ്ങളിലുമുള്ള പ്രസിദ്ധശാസ്ത്രീയസ്ഥാപനങ്ങളെ സന്ദൎശിക്കുകയും, വിശ്വവിശ്രുതന്മാരായ ശാസ്ത്രകാരന്മാരുമായി പരിചയപ്പെടുകയും ചെയ്യുകയെന്നുള്ളതായിരുന്നു ഈ പാശ്ചാത്യപൎയ്യടനത്തിൻെറ പ്രധാനോദ്ദേശ്യം. തദനുസരണം യൂറോപ്പി

ലെ പല പ്രസിദ്ധശാസ്ത്രപരീക്ഷണശാലകളേയും അദ്ദേഹം സന്ദർശിച്ചു. എഡിൻബറോയിൽതന്നെ കുറേനാൾ താമസിക്കുകയും, അവിടത്തെ പല പ്രധാനശാസ്ത്രജ്ഞന്മാരുമായി പരിചയപ്പെടുകയും ചെയ്തു. ഈ വിദേശപര്യടനംകൊണ്ട്, പ്രകൃതിശാസ്ത്രവിജ്ഞാനവിതരണവിഷയത്തിൽ താൻ സ്വീകരിച്ചിരിക്കുന്ന നില ഏററവും ശരിയായതാണെന്ന് അദ്ദേഹത്തിനു ബോദ്ധ്യമായി. അതിനാൽ തൃശ്ശിനാപ്പിള്ളിൽ തിരിച്ചെത്തി പ്രകൃതിശാസ്ത്ര പ്രൊഫസർസ്ഥാനം പുന:സ്വീകരിച്ചതു വദ്ധമാനമായ ആത്മവിശ്വാസത്തോടും പ്രായോഗികജ്ഞാനത്തോടുംകൂടിയാണ്.

തൃശ്ശിനാപ്പിള്ളിയിലെ താമസക്കാലത്ത്, അവിടെ അദ്ദേഹം നിവ്വഹിച്ചിട്ടുള്ള മററു ചില സേവനങ്ങളെപ്പററിയും ഇവിടെ അല്പം പ്രതിപാദിക്കുന്നതു സമീചീനമായിരിക്കുമല്ലൊ. സെൻറ് ജോസഫ്സ് കോളെജിലെ മനോജ്ഞമായ കൗതുകാഗാരത്തിൻെറ ജനയിതാവു ഫാദർ ഒണോരെയാണ്. അദ്ദേഹം നാഗപട്ടണത്തിലായിരുന്ന കാലത്താണ് അതിൻെറ തുടക്കമെന്നു പറയാം. ഒരേ ഒരു പ്രദശനപേടകത്തോടുകൂടിയാണു താൻ ഇതു് ആരംഭിച്ചതു് എന്ന് അദ്ദേഹംതന്നെ പറയാറുണ്ടായിരുന്നു. കോളെജിനോടുചേൎന്നുള്ള ദേവാലയത്തിൻെറ ജനാലകളെ വിസ്മയകരമായ വിചിത്രവേലകളാൽ അലങ്കരിച്ചതു് ഒരു പ്രസിദ്ധചിത്രകാരനായ ഫാദർ ഒണോരെയാണ്. അവിടത്തെ സൊഡാലിററിച്ചാ

പ്പലിൻെറ പ്ലാൻ തയാറാക്കിയതും, ഡിഗ്ബിഹാളും മററു പരീക്ഷണശാലകളും നിമ്മിച്ചതും, അദ്ദേഹംതന്നെയത്രെ. വളരെക്കാലത്തേയ്ക്കു കോളെജ് ദേവാലയത്തിലെ ഗായകസംഘത്തിൻെറ നേതൃത്വം വഹിച്ചിരുന്നതും ഒരു പ്രസിദ്ധസംഗീതജ്ഞനായ കഥാപുരുഷൻതന്നെയായിരുന്നു. സുകുമാര കലകളിലും ചിത്രമെഴുത്തിലും പ്രകൃത്യാതന്നെ അദ്ദേഹത്തിനു വാസന ഉണ്ടായിരുന്നു. സെൻറ് ജോസഫ്സ് കോളെജ്വക ലോലിഹാളിലെ നാടകവേദിയിൽ പ്രേക്ഷകരുടെ കണ്ണും കരളും സമാജ്ജിച്ചുകൊണ്ടു വിലസുന്ന ആ മനോഹരയവനികകളും പട്ടുതാകളും ഫാദർ ഒണോരെയുടെ കരകൗശലഫലങ്ങളാകുന്നു.

35 കൊല്ലത്തെ നിരന്തരമായ സേവനത്തിനു ശേഷം, 1933-ൽ, പ്രായാധിക്യംമൂലം അദ്ദേഹം ജോലിയിൽനിന്നു വിരമിച്ചു. സെൻറു ജോസഫ്സ് കോളെജിൻെറ അഭിവൃദ്ധിക്കുവേണ്ടി അദ്ദേഹം നിവ്വഹിച്ചിട്ടുള്ള വിവിധസേവനങ്ങളെ പ്രശംസിച്ച്, "സെൻറ് ജോസഫ്സ് കോളെജ്മാസിക"യുടെ ജൂലൈലക്കത്തിൽ, ഒരു അഭിനന്ദനലേഖനം പ്രസിദ്ധപ്പെടുത്തിയിരുന്നു. അതിൽ ചില ഭാഗങ്ങൾ ഇവിടെ സ്മരണീയമാണ്:- "72 വയസ്സ്. അതിൽ 52 കൊല്ലം ഇൻഡ്യയിൽ. 50 കൊല്ലം ഒരദ്ധ്യാപകനായും 35 കൊല്ലം പ്രകൃതിശാസ്ത്രപ്രൊഫസറായും. സവ്വകലാശാലയിലെ സയൻസ്ശാഖയുടെ നവീകരണജോലിയിൽ സവ്വപ്രധാനമായ ഭാഗഭാഗിത്വം. സെൻറ് ജോസഫ്സ് കോളെജിലെ സയൻ

സ്ശാഖയുടെ നിർമ്മാണം. ഏതൊരു മനുഷ്യനും അഭിമാനിക്കാവുന്ന മററു മഹനീയനേട്ടങ്ങൾ. സുദീർഘവും മഹനീയവുമായ സേവനങ്ങൾക്കുശേഷം വിശ്രമത്തിനായി ഉദ്യോഗജീവിതത്തിൽനിന്നു വിരമിക്കുന്ന ഫാദർ ഡി. ഒണോരെ എസ്സ്. ജെ.യുടെ നേട്ടങ്ങൾ ഇത്തരത്തിലുള്ളതാണ്. നമ്മുടെ അഗാധമായ കൃതജ്ഞത, സുദീർഘങ്ങളും വിവിധങ്ങളുമായ സേവനങ്ങളാൽ ഗുണമനുഭവിക്കുന്ന ശതക്കണക്കിനാളുകളുടെ സ്നേഹബഹുമാനങ്ങൾ, എല്ലാവരുടെയും അഭിനന്ദനാശംസകൾ, ഇവ തൻെറ വിശ്രമസങ്കേതമായി തിരഞ്ഞെടുത്തിരിക്കുന്ന ലെയോളാ കോളെജിലേയ്ക്കു് അദ്ദേഹത്തെ അനുഗമിക്കുന്നുണ്ടു്.

"സെൻറ് ജോസഫ്സ് കോളെജിനെ (ഇതര കോളെജുകളുടെ) മുന്നണിയിൽ കൊണ്ടുവരികയും, അതിപ്പോൾ അനുഭവിക്കുന്നതും തുടന്ന് അനുഭവിക്കാനിരിക്കുന്നതുമായ സർവ്വപ്രശസ്തികളും സമ്പാദിച്ചുകൊടുക്കുകയും ചെയ്ത പരിവർത്തനങ്ങൾക്കുമാത്രമല്ലാ, ഈ പ്രസിഡൻസിയിലെ പഠനസമ്പ്രദായത്തിൻെറ വികാസത്തിനും പ്രധാനകാരണക്കാരിൽ ഒരാളായിരുന്നു അദ്ദേഹം.... മദ്രാസ് പ്രസിഡൻസിയിലെ കോളെജുകളിൽ പ്രകൃതിശാസ്ത്രപഠനകാര്യത്തിലുണ്ടായിരിക്കുന്ന അത്ഭുതാവഹമായ അഭിവൃദ്ധിക്കുള്ള പ്രധാനകാരണക്കാരിൽ ഒരാളാണു താനെന്നു് അദ്ദേഹത്തിനു് അഭിമാനിക്കാം. ശാസ്ത്രത്തിൻെറ യാതൊരു അഭിവൃദ്ധിയിലും അദ്ദേഹം അസന്നദ്ധനോ അലസനോ ആയി കാണപ്പെട്ടിരുന്നില്ല. ഓജസ്സും, കല്പനാവൈഭവവും, പ്രായോഗിക

പടുതയുമുള്ള. അദ്ദേഹത്തിന് ഏതു പുതിയ ആശയവും പ്രയോഗക്ഷമമായിത്തീൎന്നിരുന്നു. അതു നടപ്പിൽ വരുത്തുന്നതിന്ന വേണ്ട സൗകൎയ്യങ്ങൾ ഉണ്ടായിരിക്കണമെന്നേയുള്ളു. അദ്ദേഹത്തിൻെറ വിപുലമായ ധീവിലാസവും കലാബോധവും വിവിധരൂപങ്ങളിലുള്ള പ്രവൎത്തനങ്ങൾക്ക പ്രചോദനം നൽകികൊണ്ടിരുന്നു. അദ്ദേഹം ഒരു സംഗീതജ്ഞനും, ചിത്രകാരനും, ശില്പിയും, അണുശാസ്ത്രജ്ഞനും, സസ്യശാസ്ത്രവിദഗ്ദ്ധനുമായിരുന്നു."

## 4.

### പൊതുജനസേവനം.

പ്രൊഫസർജോലിക്കിടയിൽ കിട്ടിയ അല്പമായ വിശ്രമസമയങ്ങളെ പൊതുജനോപകാരാൎത്ഥം വിനിയോഗിക്കുന്നതിനാണ് അദ്ദേഹം ഉപയോഗിച്ചത്. അദ്ദേഹത്തിൻെറ പ്രകൃതിശാസ്ത്ര പ്രൊഫസരുദ്യോഗം മദ്രാസ് സൎവ്വകലാശാലയുടെ കഴിഞ്ഞ കാൽശതാബ്ദത്തിലെ ചരിത്രവുമായി സമ്മിശ്രമായിരിക്കുന്നു. കഴ്സൺപ്രഭുവിൻെറ കാലത്തെ സൎവ്വകലാശാലാപരിഷ്കാരം നടപ്പിൽ വന്ന ഘട്ടത്തിലാണ് അദ്ദേഹം പ്രൊഫസർജോലിയിൽ പ്രവേശിച്ചത്. പ്രസ്തുതപരിഷ്കാരം, കുറഞ്ഞപക്ഷം സയൻസിനെ സംബന്ധിച്ചിടത്തോളമെങ്കിലും, അതിന്ന മുൻപുതന്നേ വരേണ്ട ഒന്നായിരുന്നു എന്ന അഭിപ്രായക്കാരനായിരുന്നു ഫാദർ ഒണോരെ. അ

തിനാൽ ആ പദ്ധതി പരിപൂൎണ്ണവിജയത്തിലെ ത്തിക്കുന്നതിന് അദ്ദേഹം ആത്മാൎത്ഥമായി പരിശ്ര മിച്ചിരുന്നു.

മദ്രാസ് സൎവ്വകലാശാല പല അവസരങ്ങളി ലും ഫാദർ ഒണോരെ അവർകളെ ഇൻസ്പക്ഷൻ കമ്മീഷനിലെ അംഗമായി നിയമിക്കുകയുണ്ടായിട്ടു ണ്ട്. ആ നിലയിൽ മദ്രാസ് പ്രസിഡൻസിയിലു ള്ള സകല കോളെജുകളേയും സന്ദൎശിക്കുന്നതിനുള്ള സൗകൎയ്യം അദ്ദേഹത്തിനുണ്ടായിട്ടുണ്ട്. തൻെറ വി സ്തൃതമായ ലോകപരിചയത്താലും, വികസ്വരമാ യ വിജ്ഞാനത്താലും, പക്ഷപാതരഹിതമായ ഗു ണദോഷവിവേചനാശക്തിയാലും, വിശാലമായ സഹൃദയത്വത്താലും, ആവശ്യപ്പെടുന്ന ആൎക്കും വേ ണ്ട ഉപദേശങ്ങളും പ്രോത്സാഹനങ്ങളും നൽകു വാൻ അദ്ദേഹത്തിനു സാധിച്ചിരുന്നു. അതിന് അ ദ്ദേഹം സദാപി സന്നദ്ധനുമായിരുന്നു. എന്നാൽ ഏതെങ്കിലും കോളെജിലെ പ്രകൃതിശാസ്ത്രവകുപ്പു തൻെറ വിദ്യാൎത്ഥികളിൽ ഒരുവൻെറ ഹസ്തങ്ങളിൽ സമൎപ്പിക്കപ്പെട്ടിരിക്കുന്നതായി കാണുമ്പോഴെല്ലാം പ്രസ്തുതസഹായം വിശേഷവിധിയായി അദ്ദേഹം നൽകിയിരുന്നു. അദ്ദേഹത്തിൻെറ വിശാലമായ അ നുകമ്പയേയും, സമൎത്ഥവും സൃഷ്ടിപരവുമായ വിമ ൎശങ്ങളെയും അമൂല്യമായി കരുതിപ്പോന്ന പലരും അദ്ദേഹത്തോടു പരസ്യമായിത്തന്നെ കൃതജ്ഞത പ്രകാശിപ്പിച്ചിട്ടുണ്ട്. മദ്രാസ് പ്രസിഡൻസിയിൽ പ്രകൃതിശാസ്ത്രപഠനത്തിനുണ്ടായിരിക്കുന്ന അത്ഭുതാ

വഹമായ അഭിവൃദ്ധിക്ക നിദാനം അദ്ദേഹമാണെന്നുള്ള അഭിപ്രായം എത്ര അനാത്ഥമായിരിക്കുന്നു!

ശാസ്ത്രത്തിൻെറ എല്ലാവിധമായ പുരോഗമനത്തേയും അദ്ദേഹം സന്നദ്ധതയോടും സംതൃപ്തിയോടുംകൂടി സമാദരിച്ചിരുന്നു. ദക്ഷിണഭാരതത്തിലെ ശാസ്ത്രവിദഗ്ദ്ധന്മാരിൽ പ്രഥമസ്ഥാനത്തിന് അർഹനായ അദ്ദേഹത്തിൻെറ നേതൃത്വത്തിൽ പരിപോഷിതമായ തൃശ്ശിനാപ്പിള്ളിക്കോളെജിലെ ശാസ്ത്രവകുപ്പിനേപ്പററി പണ്ഡിതന്മാരുടെ ഇടയിൽ വലിയ മതിപ്പുണ്ടായിട്ടുള്ളതിലോ, ഒരു വിദ്ദ്യാഭ്യാസവിദഗ്ദ്ധനെന്നു പ്രസിദ്ധനായ അദ്ദേഹത്തിനു മദ്രാസ് സവ്വകലാശാലയുടെ പ്രവത്തകസമിതിയിൽ ദീഘകാലം സേവനംചെയ്യുവാൻ അവസരം ലഭിച്ചതിലോ അത്ഭുതപ്പെടുവാനില്ല. ഒരു മഹാശാസ്ത്രജ്ഞൻ എന്ന പ്രസിദ്ധി ഫാദർ ഒണോരെ മദ്രാസ് സവ്വകലാശാലയിലും അതിനപ്പുറമേയും കരസ്ഥമാക്കിയിരുന്നു. ആന്ധ്റസവ്വകലാശാലക്കാർ, അവിടെ ബി. എസ്‌സി. വകുപ്പ് ആരംഭിക്കുന്നതിനു വേണ്ട സഹായം ചെയ്യുവാൻ ക്ഷണിച്ചതു ഫാദർ ഒണോരെ ആയിരുന്നു. സംഗീതം, ചിത്രമെഴുത്തു്, ശില്പവിദ്ദ്യ, മുതലായ കലകളിലും പ്രാണിശാസ്ത്രം, സസ്യശാസ്ത്രം, മുതലായ ശാസ്ത്രവിജ്ഞാനശാഖകളിലും അദ്ദേഹത്തിനുണ്ടായിരുന്ന അനിതരസാധാരണമായ പ്രാവീണ്യത്തെ പലരും പ്രയോജനപ്പെടുത്തിയിട്ടുണ്ടു്.

ഫാദർ ഒണോരെയുടെ പ്രകൃതിശാസ്ത്രജ്ഞാന

ത്തെ കേരളീയർ, പ്രത്യേകിച്ച തിരുവിതാങ്കൂർകാർ, ഒന്നിലധികം തവണ ഉപയോഗപ്പെടുത്തിയിട്ടുണ്ട്. തിരുവനന്തപുരം രാജകീയകോളെജിൽ സയൻസ് വിഭാഗം ആരംഭിച്ചപ്പോൾ, അതിലേയ്ക്കു നിർദ്ദേശങ്ങൾ നൽകുന്നതിനു ഫാദർ ഒണോരെയുടെ സേവനത്തെ തിരുവിതാങ്കൂർ ഗവർമെൻറ് ആവശ്യപ്പെടുകയുണ്ടായിട്ടുണ്ട്. ചങ്ങനാശേരി സെൻറ് ബർക്ക്മാൻസ് കോളെജും ഇക്കാര്യത്തിൽ ഫാദർ ഒണോരെയ്ക്കു് അത്യധികം കടപ്പെട്ടിട്ടുണ്ട്. ഈ രണ്ടു കോളെജുകളിലേയും, ഒന്നാംകിടയിൽ നിൽക്കുന്ന, പരീക്ഷണശാലകളുടെ രൂപവൽക്കരണത്തിൽ ഫാദർ ഒണോരെ അത്യധികം സഹായിച്ചിട്ടുണ്ട്. തിരുവിതാങ്കൂറിൽ ഒരു സർവ്വകലാശാല സ്ഥാപിക്കുന്നതിനേപ്പററി ആലോചിക്കുവാൻ നിയുക്തമായിരുന്ന കമ്മിററി ഫാദർ ഒണോരെയുടെ വിദഗ്ദ്ധാഭിപ്രായത്തെ അത്യധികം ബഹുമാനിക്കുകയുണ്ടായി. തിരുവിതാങ്കൂർ സർവ്വകലാശാല യഥാർത്ഥമായി പ്രവർത്തനം തുടരുന്നതു കാണുവാനുള്ള ഭാഗ്യം അദ്ദേഹത്തിനുണ്ടായില്ലെങ്കിലും, അതിൻെറ ആരംഭത്തിനു ബീജാവാപംചെയ്ത പരിതഃസ്ഥിതികളെ രൂപവൽകരിക്കുന്നതിൽ അദ്ദേഹത്തിനും ഒരു പങ്കുണ്ടെന്നു നമുക്കു അഭിമാനിക്കാവുന്നതാണ്.

മദ്രാസിൽ ഒരു കത്തോലിക്കകോളെജ് സ്ഥാപിക്കണമെന്നുള്ള അഭിപ്രായം ആദ്യമായി പ്രകാശിപ്പിച്ചിട്ടുള്ള, മധുരമിഷ്യനിലെ ഈശോസഭാംഗങ്ങളിൽ പ്രമുഖനായ ഒരാൾ ഫാദർ ഒണോരെ ആ

യിരുന്നു. ഈ അഭിപ്രായം പ്രായോഗികമാക്കിത്തീ ൎക്കുന്നതിൽ, അദ്ദേഹത്തോടു സഹകരിച്ച മറെറാരു മഹാനായ ഈശോസഭാവൈദികനത്രെ റവ. ഫാദർ ബർട്രാം. ഇവർ രണ്ടുപേരുംകൂടി ഒത്തൊരുമിച്ചു് അനേകമാസങ്ങൾ വേലചെയ്തു കോളെജ്സ്ഥാപനാൎത്ഥം ഒരു പദ്ധതി തയ്യാറാക്കി. സകല എതിരഭിപ്രായങ്ങളേയും അവർ എതിൎത്തു കീഴടക്കി. അങ്ങനെ, കത്തോലിക്കരുടെ വിദ്ദ്യാഭ്യാസസേവനങ്ങളുടെ മാതൃകയായി മദ്രാസ്നഗരത്തിൽ പ്രശോഭിക്കുന്ന ആ മഹത്തായ എടുപ്പുകൾ നിൎമ്മിക്കുന്നതിന്—ഇന്നു തെക്കേ ഇൻഡ്യയിലെ കലാലയങ്ങളുടെ മുന്നണിയിൽ നിൽക്കുന്ന പ്രസിദ്ധമായ ലെയോളാകോളെജ് സ്ഥാപിക്കുന്നതിനു അവൎക്കു സാധിച്ചു. തൃശ്ശിനാപ്പിള്ളിക്കോളെജിൽ നിന്നു്, 35 കൊല്ലത്തെ നിരന്തരസേവനത്തിനുശേഷം, ജോലി വിട്ടയുടനെ അദ്ദേഹം താമസം മദ്രാസിലേയ്ക്കു മാററുകയാണു ചെയ്തതു്. ലെയോളാകോളെജിലെ പ്രകൃതിശാസ്ത്രവകുപ്പു പരിഷ്കരിക്കുകയെന്നുള്ളതായിരുന്നു ഈ വാസമാററത്തിൻെറ ലക്ഷ്യം.

## 5.

## വൈദികവൃത്തി.

ഇങ്ങനെ ഒരു ശാസ്ത്രജ്ഞൻെറയും അദ്ധ്യാപകൻെറയും നിലകളിൽ സ്തുത്യൎഹമായ സേവനം ചെയ്തുകൊണ്ടിരുന്ന കാലത്തുതന്നേ ഒരു വൈദിക

ൻെറ നിലയിലുള്ള കടമകളെ അദ്ദേഹം വിസ്മരിച്ചിരുന്നില്ല. അക്രൈസ്തവരെ ക്രിസ്തുവിൻെറ കരുണാശീതളമായ സന്നിധിയിലേയ്ക്കു സമാനയിക്കണമെന്നുള്ള അഭിവാഞ്ഛയാണല്ലോ പ്രകൃതിസുന്ദരമായ ജന്മനാടിനേയും ബന്ധുമിത്രാദികളേയും പരിത്യജിച്ച്, വിദൂരമായ ഈ ഭാരതത്തിൽ വരുവാൻ അദ്ദേഹത്തിനു പ്രചോദനം നൽകിയത്. ആ ആദർശം എല്ലായ്പോഴും അദ്ദേഹത്തിൻെറ ഹൃദയത്തിൽ സജീവമായി കുടികൊണ്ടിരുന്നു. സവർണ്ണഹിന്ദുക്കളെ മാനസാന്തരപ്പെടുത്തുന്നതിലാണ് അദ്ദേഹം അധികമായ ഔൽസുക്യം പ്രദർശിപ്പിച്ചത്. അങ്ങനെ മതപരിവർത്തനം ചെയ്യുന്ന സവർണ്ണഹിന്ദുക്കളുടെ അധിവാസസ്ഥലങ്ങളായി സജ്ജമാക്കിയിട്ടുള്ള തൃശ്ശിനാപ്പിള്ളിലെ "സെൻറ മേരീസ് തോപ്പും", മദ്രാസിലെ "പുഷ്പനഗരവും" ഫാദർ ഒണോരെ, ഫാദർ ബില്ലിയഡ്, ഫാദർ ബർട്രാം എന്നീ മൂന്നു മഹാശയന്മാരുടെ മനോധർമ്മഫലമാണ്. മതപരിവർത്തനം ചെയ്യുന്നവർ ജാതീയമായ തങ്ങളുടെ വസ്ത്രധാരണസമ്പ്രദായത്തേയും, ജീവിതരീതിയേയും ഉപേക്ഷിക്കാതിരിക്കുന്നതാണു നല്ലതെന്നായിരുന്നു അദ്ദേഹത്തിൻെറ സുദൃഢമായ അഭിപ്രായം.

ഫാദർ ഒണോരെ മഹാനായ ഒരു ശാസ്ത്രകാരൻമാത്രമല്ല, അതുല്യനായ ഒരു സന്യാസിയും പ്രേഷിതനുംകൂടിയായിരുന്നു. അദ്ദേഹത്തിൻെറ ശാസ്ത്രപ്രണയംതന്നെ അഗാധമായ മതബോധത്തിൻെറയും മതഭക്തിയുടെയും ഒരു ബാഹ്യപ്രകാശനംമാത്ര

മായിരുന്നു. ശാസ്ത്രത്തിന്റെ ഉപരിപ്ലവമായ വശങ്ങളിൽമാത്രം എത്തിനോക്കിയിട്ടുള്ള ഏതാനും ലൗകായതികന്മാർ മതവും ശാസ്ത്രവും തമ്മിൽ വൈരുദ്ധ്യമുണ്ടെന്നു വിളംബരം ചെയ്തുകൊണ്ടു നടന്നിരുന്ന ഒരു യുഗത്തിലാണല്ലോ അദ്ദേഹം ജീവിച്ചിരുന്നതു്. ഒരു യഥാൎത്ഥമതഭക്തനായിരിക്കും യഥാൎത്ഥശാസ്ത്രജ്ഞൻ എന്ന്, സ്വജീവിതംകൊണ്ടു ഫാദർ ഒണോരെ തെളിയിച്ചിരിക്കുന്നു. "വസ്തുതകളുടെ മുൻപിൽ ഒരു ശിശുവിനെപ്പോലെ ഇരിക്കുക; എല്ലാത്തരം മുൻവിധികളേയും പരിത്യജിക്കുവാൻ സന്നദ്ധനാകുക; പ്രകൃതിയെ ഏതു് അഗാധങ്ങളിലേയ്ക്കും വിനയപൂൎവ്വം അനുഗമിക്കുക; അല്ലാത്തപക്ഷം നിങ്ങൾക്കു യാതൊന്നും പഠിക്കുവാൻ സാധിക്കുകയില്ല" എന്നുള്ള തോമസ് ഹക്സ്ലിയുടെ പ്രബോധനത്തെ, അതിന്റെ കൎത്താവുപോലും, ഫാദർ ഒണോരെയോളം, ആദരിച്ചിട്ടില്ല.

ബുദ്ധി ശാസ്ത്രത്തേയും, ശാസ്ത്രം മതത്തേയും സേവിച്ചുകാണുന്നതിനുള്ള ഒരു അഭിവാഞ്ഛ ഫാദർ ഒണോരെയുടെ എല്ലാ പ്രവൃത്തികളിലും നിഴലിച്ചിരുന്നു. ഒരുപക്ഷേ, അദ്ദേഹം ഏററവും ആഗ്രഹിച്ചിരുന്നതും ഇതുതന്നെയായിരുന്നിരിക്കണം. അഭ്യസ്തവിദ്യരായ യുവാക്കന്മാരുടെ മതബോധത്തിന്, ലൗകായതികന്മാരായ ശാസ്ത്രകാരന്മാർ വരുത്തിക്കൂട്ടിയേക്കാവുന്ന നാശങ്ങളെത്തടയണമെന്നുള്ളതായിരുന്നു അദ്ദേഹത്തിന്റെ ഏതു പ്രവൃത്തിയുടെയും ലക്ഷ്യം. കത്തോലിക്കയുവാക്കന്മാൎക്കു് അവരുടെ മ

ത്തിൻെറ മൗലികസിദ്ധാന്തങ്ങളിൽ പ്രായോഗികമായ ഒരു ജ്ഞാനം നൽകുന്നതിന് ആവശ്യമായ പല മാർഗ്ഗങ്ങളും അദ്ദേഹം നടപ്പിൽ വരുത്തുക ഉണ്ടായിട്ടുണ്ട്. അദ്ദേഹത്തിൻെറ ആഭിമുഖ്യത്തിൽ നടന്നിരുന്ന പഠനക്കളരികളും കത്തോലിക്കപ്രവത്തനസമ്മേളനങ്ങളും ഇക്കായ്യത്തിൽ ചെയ്തിട്ടുള്ള സഹായം കുറച്ചൊന്നുമല്ല.

കത്തോലിക്കേതരനായ അദ്ദേഹത്തിൻെറ ഒരു ശിഷ്യൻ എഴുതുന്നു:— "രണവീരന്മാരുടെ ജന്മഭൂമിയിൽ ജനിച്ചു വളന്ന്, വിശുദ്ധ ഇഗ്നേഷ്യസ് ലയോളയുടെ പിൻഗാമിയായി, കത്തോലിക്കസഭയുടേയും ഇൻഡ്യയുടെയും പേക്കായി സകലവും ത്യജിച്ച്, കരിശെട്ടത്ത ഈ ത്യാഗിവയ്യൻതന്നെയാണ കേരളകത്തോലിക്കയുവജനങ്ങളെ ക്രിസ്തുവിൻെറ കളരിയിൽ കച്ചകെട്ടിക്കേണ്ടതു്, ഡ്യൂപ്ലേയാണ് ഇൻഡ്യൻ ഭടന്മാക്കു ശരിയായ പരിശീലനം കൊടുത്താൽ അവർ ലോകത്തിലെ ഏതു ജാതിക്കാരോടും ഏററവു വിജയം നേടുന്നതിനു തക്ക സാമത്ഥ്യമുള്ളവരായിത്തീരുമെന്നുള്ള തത്വം ആദ്യമായി പാശ്ചാത്യരെ മനസ്സിലാക്കിയതെന്നു ചരിത്രകാരന്മാർ സമത്ഥിക്കുന്നു. ഇതുപോലെ ഫാദർ ഒണോരെയാണ്, കേരളീയക്കു ശരിയായ പരിശീലനം കൊടുത്താൽ, അവർ ക്രൈസ്തവസഭയുടെ ഭടന്മാരിൽ പ്രമുഖന്മാരായിത്തീരുമെന്നു ലോകത്തെ മനസ്സിലാക്കിയതു്.... പ്രസംഗബഹുലതയാൽ അല്ല, പ്രവൃത്തിമാഹാത്മ്യംകൊണ്ടാണ് ആത്മാവുകളെ നേടേണ്ട

തെന്നു ഫാദർ ഒണോരെ സ്വജീവിതമാതൃകകൊണ്ടു തെളിയിച്ചിരിക്കുന്നു. സാധാരണ പാശ്ചാത്യ മിഷ്യനറിമാർ ഇവിടെ വരുന്നതു ഭരണകർത്താക്കൾ എന്ന മനോഭാവത്തോടുകൂടിയാണ്... മിഷ്യനറിവേഷം കെട്ടിയാൽ നസ്രസ്സിലെ കുഞ്ഞാടിനേപ്പോലെ, താഴ്മയും ക്ഷമയും ഉള്ളവരായിരുന്നാൽ മാത്രമേ, ആത്മാവുകളെ ആകർഷിക്കുവാൻ സാധിക്കുകയുള്ളു... യഥാർത്ഥമിഷ്യനറിയുടെ ആദർശം എന്താണെന്നു ഫാദർ ഒണോരെയ്ക്കു് അറിയാമായിരുന്നു. അദ്ദേഹത്തിൻെറ ആദർശശുദ്ധിയെ ബഹുജനങ്ങൾ ജാതിമതഭേദമെന്യേ ആദരിച്ചുമിരുന്നു."

# II.

## 1.

### കേരളീയപ്രതിപത്തി.

ഫാദർ ഒണോരെയ്ക്കു കേരളീയരുമായി അഭേദ്യമായ ഒരു ബന്ധമാണുണ്ടായിരുന്നതു്. തിരുവിതാംകൂർ ഗവർമെൻറിൻെറ അതിഥിയായി തിരുവനന്തപുരത്തുചെന്നു് അവിടത്തെ രാജകിയ സയൻസ് കോളെജിലെ പരീക്ഷണശാല ശരിപ്പെടുത്തിക്കൊടുക്കുവാൻ അവസരം ലഭിച്ചതോ, ചങ്ങനാശേരി സെൻറു് ബക്ക്മാൻസ് കോളെജിനുവേണ്ട കെട്ടിടങ്ങളുടെ പ്ലാൻ തയാറാക്കുന്നതിനും, അവിടത്തെ പരീക്ഷണശാലാസ്ഥാപനത്തിനുവേണ്ട ഒത്താശകൾ ചെയ്തുകൊടുക്കുന്നതിനും ക്ഷണിക്കപ്പെട്ടതോ അല്ലാ ആ ബന്ധത്തിനു കാരണമായിത്തീൎന്നതു്. മദ്രാസ് സൎവ്വകലാശാലാക്കമ്മീഷനിലെ അംഗമെന്നനിലയിൽ കേരളത്തിലെ കോളെജുകൾ പലപ്രാവശ്യം സന്ദൎശിക്കുന്നതിനു സാധിച്ചുവെന്നതുകൊണ്ടുമല്ലാ ആ ബന്ധമുണ്ടായതു്. അദ്ദേഹത്തിനും കേരളീയൎക്കും തമ്മിലുണ്ടായിരുന്നതു് പിതൃപുത്രനിൎവ്വിശേഷമായ ഒരു മൈത്രീബന്ധമായിരുന്നു.

ഡോക്ടർ ചാറൽസ് ലവീഞ്ഞു മെത്രാൻ കോട്ടയം വികാരി അപ്പസ്തോലിക്ക ആയിവന്ന കാലത്തു ഫാദർ ഒണോരെയെ ചങ്ങനാശ്ശേരിയിലേക്കു ക്ഷ

ണിച്ചിരുന്നതായി മുകളിൽ പറഞ്ഞിട്ടുണ്ടല്ലൊ. എന്നാൽ ഈ യുവമിഷ്യനറിയുടെ അനിതരസാധാരണമായ മാഹാത്മ്യങ്ങളെ മനസ്സിലാക്കിയിരുന്ന മധുരമിഷ്യന്റെ ശ്രേഷ്ഠൻ അദ്ദേഹത്തെ വിട്ടുകൊടുക്കുന്നകാൎയ്യത്തിൽ തികച്ചും വിമുഖനായിരുന്നു. അതിനാൽ ചങ്ങനാശ്ശേരിയിൽ വന്ന് അദ്ധ്യാപകവൃത്തി സ്വീകരിക്കണമെന്നു ഫാദർ ഒണോറെക്കുണ്ടായിരുന്ന ആഗ്രഹം സാധിക്കാതെപോയി. അനന്തരസംഭവങ്ങളെ മുന്നിൽവെച്ചു് ആലോചിക്കുമ്പോൾ ഒരു വിധത്തിൽ അതു നന്നായി എന്നുവേണം വിചാരിക്കുവാൻ; എന്തുകൊണ്ടെന്നാൽ, അദ്ദേഹം ആ ക്ഷണം സ്വീകരിച്ചു് ചങ്ങനാശ്ശേരിക്കു പോയിരുന്നുവെങ്കിൽ, അദ്ദേഹത്തിന്റെ സേവനം ഇത്ര ധാരാളമായി സമസ്ത കേരളത്തിനും കിട്ടുമായിരുന്നോ എന്നുള്ളതു സന്ദേഹമാണു്.

ഡോക്ടർ ലവീഞ്ഞുമെത്രാൻ തന്റെ സിക്രട്ടറിയായിരുന്ന ഫാദർ റിക്കാട്ട് എസ്സ്. ജെ. യുമൊരുമിച്ചു പലപ്പോഴും തൃശ്ശിനാപ്പിള്ളി സന്ദൎശിച്ചിരുന്നു. തദവസരത്തിൽ കേരളത്തെയും ഇവിടത്തെ കത്തോലിക്കസഭയേയുംപററി പലതും ഗ്രഹിക്കുന്നതിനു ഫാദർ ഒണോറെയ്ക്കു സാധിച്ചിരുന്നു. ഇങ്ങനെയായിരിക്കെയാണു് മലയാളികളായ വിദ്യാൎത്ഥികൾ കൂട്ടംകൂട്ടമായി തൃശ്ശിനാപ്പിള്ളി കോളെജിനെ അഭയം പ്രാപിച്ചുതുടങ്ങിയിതു്. ഫാദർ ഒണോറെ അവരുടെ കാൎയ്യത്തിൽ അത്യധികം ശ്രദ്ധാലുവായി കാണപ്പെട്ടു. മലയാളികളായ വിദ്യാൎത്ഥികളോടു്

ഒരു പിതാവിനെപ്പോലെയാണ് അദ്ദേഹം പെരുമാറിവന്നതു്. ഒരു മലയാളിവിദ്യാൎത്ഥി ഫാദർ ഒണോരെയുമായി പരിചയപ്പെട്ടതിനെ വൎണ്ണിച്ചിരിക്കുന്നതിങ്ങനെയാണ്:—

"തൊണ്ണൂററൊൻപതിലെ വലിയ ജലപ്രളയകാലത്തോടടുത്താണ് ഞാൻ തൃശ്ശിനാപ്പിള്ളിയിലെ സെൻറ ജോസഫ്സ് കോളെജിലെ ഒരു വിദ്യാൎത്ഥിയായി ചേൎന്നതു്. ആ കാലത്തു ചൂട് അതികഠിനമായിരുന്നു. കാററ് ഇടയ്ക്കിടെ ശക്തിയോടെ അടിച്ചു മുഴങ്ങിക്കൊണ്ടിരുന്നെങ്കിലും ഒരു തുള്ളിമഴപോലും ആ ദേശത്തെങ്ങും പെയ്യുന്നുണ്ടായിരുന്നില്ല. ഒൻപതുമണി കഴിഞ്ഞാൽ വെളിയിലേയ്ക്കു മുഖം കാട്ടുന്നതിനുതന്നെ പ്രയാസമായിരുന്നു. ഉഷ്ണാധിക്യംകൊണ്ടു പകലും രാത്രിയും മുറികളിൽ കഴിച്ചുകൂട്ടുന്നതു പ്രയാസമായി തോന്നിത്തുടങ്ങി. തലച്ചോറുരുക്കി സിരകളെ വാട്ടുന്ന ആ ചൂടിൽ തൃശ്ശിനാപ്പിള്ളി ഒരു ഭൂലോകനരകമായിത്തീൎന്നു. അങ്ങനെ ഇരിക്കുമ്പോഴാണ് കാവേരിനദിയിൽ പൊട്ടുന്നനവെ വെള്ളപ്പൊക്കമുണ്ടായതു്. ഒരു കാർമേഘശകലംപോലും ആകാശത്തു കാണ്മാനുണ്ടായിരുന്നില്ല. എങ്കിലും കാവേരിജലം കലങ്ങിമറിഞ്ഞു്, കരകവിഞ്ഞു കുത്തിയലച്ചു തീരപ്രദേശങ്ങളെ മുക്കിത്തുടങ്ങി. ഒരു പ്രഭാതത്തിൽ ഉണൎന്നു നോക്കിയപ്പോഠം അവിചാരിതമായി ചുററുമുള്ള പാടങ്ങഠം മുഴുവൻ മുക്കി ജലം കോളെജ് പരിസരങ്ങളെ ആക്രമിച്ചു കഴിഞ്ഞിരിക്കുന്നതായി കണ്ടു. കോളെജ് പറമ്പിൻെറ രണ്ടു ഭാ

ഗങ്ങളിലെ മതിലുകൾ തള്ളിമറിച്ചു ഭീമമായ കോളെജ് കെട്ടിടത്തിൻെറ പല സ്ഥാനങ്ങളിലും വെള്ളം കയറിത്തുടങ്ങി...

"ഈ ബഹളങ്ങൾ കാണുന്നതിന ഞങ്ങൾ താമസിച്ചിരുന്ന ലോഡ്ജിൽനിന്ന് എല്ലാവരുംകൂടെ പുറപ്പെട്ടു. കോളെജിന ചുററിനടന്നുകണ്ടപ്പോൾ, മുകൾത്തട്ടിൽ ഇംഗ്ലീഷ് ക്ലാസ്സ് നടത്തുന്നിടത്തുനിന്നു നോക്കിയാൽ നല്ല കാഴ്ചയായിരിക്കുമെന്നു കൂട്ടത്തിൽ ഒരാൾ അഭിപ്രായപ്പെട്ടു. ഞങ്ങൾ ആ കെട്ടിടത്തോട്ട് അടുത്തുചെന്നപ്പോൾ ഒരു ഫാദർ അവിടെനിന്ന് ആ വാതിലുകളെല്ലാം ഭദ്രമായി പൂട്ടിക്കുന്നതു കണ്ടു. പ്രകൃത്യാ നിർബ്ബന്ധശീലനായ അദ്ദേഹത്തോട്ട് ഒന്നുംതന്നെ ചോദിക്കാതിരിക്കുകയാണു ഭേദമെന്ന് അടുത്തുനിന്നിരുന്ന മലയാളിവിദ്യാത്ഥികളിൽ ചിലർ ഞങ്ങൾക്കു മുന്നറിയിപ്പുതന്നു. എങ്കിലും ഞങ്ങളുടെ കൂട്ടത്തിൽ ഒരാൾ വളരെ വിനീതഭാവത്തിൽ ഞങ്ങളുടെ അഭിലാഷം അദ്ദേഹത്തെ അറിയിച്ചു. അതിന് അദ്ദേഹം ഉടൻതന്നെ "നോ. ദാത്തീസ്സ് ഏ മാത്തർ ഓഫ് അത്തർ ഇമ്പോസ്സിബിലിത്തി" എന്നു പ്രതികൂലമായ മറുപടിയും തന്നു...

"അവിടെനിന്നു മടങ്ങുമ്പോഴാണ് കാർമേഘങ്ങൾക്കിടയിൽനിന്നു വിമുക്തനായ പൂർണ്ണചന്ദ്രനെപ്പോലെ, സുസ്മേരവദനനായ ഒരു വന്ദ്യവൈദികവയോവൃദ്ധൻ ജലത്തിൻെറ ആക്രമണത്തിന വിധേയമായിരുന്ന പ്രകൃതിശാസ്ത്രപരീക്ഷണശാലയിൽ

നിന്നിറങ്ങി ഞങ്ങൾക്കഭിമുഖമായി വന്നതു്. ആറ
ടിയിൽ കുറയാത്ത പൊക്കമുള്ള അദ്ദേഹം സ്ഥൂല
കായനായിരുന്നതിനാൽ, സാക്ഷാലുള്ള ഉയരം കാ
ണികൾ മതിക്കയില്ല. ശീഷ്മം മറച്ചിരുന്ന ആ തടി
ച്ച കാക്കിഹാററ് വിശാലമായ നെററിത്തടത്തി
ന്റെ നല്ലൊരു ഭാഗം മൂടിയിരുന്നു. ഇടതിങ്ങി സമൃ
ദ്ധമായി വളന്നിരുന്ന പുരികക്കൊടികളിൽ മദ്ധ്യ
ഭാഗത്തോടടുത്തു് ഏതാനും കറുത്ത രോമങ്ങൾ എ
ഴുന്നുനിന്നിരുന്നതൊഴിച്ചു്, മറെറല്ലാം വെളുത്തു വെ
ള്ളിപോലെ നരച്ചിരുന്നു. നീണ്ടുയന്ന നാസിക കു
ലീനതയെ സദാ വിളിച്ചറിയിച്ചുകൊണ്ടിരുന്നു. ശ
രൽക്കാലത്തിലെ ആകാശംപോലെ, നീലനിറമായ
ആ കണ്ണുകൾ അനിതരസാധാരണമായ ശാന്തതയു
ടേയും അഗാധബുദ്ധിയുടേയും ചിഹ്നങ്ങൾ പ്രത്യ
ക്ഷമാക്കിയിരുന്നു. തനിത്തങ്കവണ്ണമായ ആ മുഖ
ത്തെ മിക്കവാറും ആവരണം ചെയ്തിരുന്ന വെൺ
ചാമരംപോലെയുള്ള ശ്മശ്രുക്കൾ നന്നായി വെട്ടി
യൊതുക്കി താടിയുടെ മദ്ധ്യഭാഗത്തിൽമാത്രം അല്പം
നീട്ടിവളത്തിയിരുന്നു. കണ്ണോപരിയുള്ള രോമാവ
ലിപോലും ധവളിതമായിത്തുടങ്ങിയിരുന്നു.

“ഉടലിൽ അണിഞ്ഞിരുന്ന നിമ്മലമായ ധവ
ളാംശുകം കൈപ്പത്തികളൊഴിച്ചു ശരീരം ആ പാദ
മസ്തകം മറച്ചിരുന്നു; എങ്കിലും ആ പീനസ്കന്ധങ്ങ
ളും കുംഭയും കായപുഷ്ടിയെ ധാരാളം വെളിപ്പെടുത്തു
ന്നുണ്ടായിരുന്നു. തടിച്ചുരുണ്ട കൈപ്പത്തികൾക്കു പ
റമേയുള്ള രോമങ്ങളും പുരികക്കൊടികളെ അനു

കരിച്ചിരുന്നു. ചുരുക്കിപ്പറഞ്ഞാൽ ആ ചുവന്ന ഇട
ക്കെട്ടും ലേസ് ഇല്ലാത്ത കറുത്ത ചെരിപ്പുകളും ഹാ
റവും ഒഴിച്ചു മററെല്ലാം നല്ല വെള്ളനിറത്തോടു യോ
ജിച്ചിരുന്നു. ആകർഷകമായ പുഞ്ചിരികണ്ടപ്പോൾതന്നെ
ഞങ്ങൾക്കു ജന്മസാഫല്യമുണ്ടായതുപോലെ
തോന്നി. "ഫാദർ ഒണോരെ," "ഫാദർ ഒണോരെ"
എന്നു ഞങ്ങൾ തമ്മിൽത്തമ്മിൽ മന്ത്രിച്ചുകൊണ്ട്
അദ്ദേഹത്തെ സമീപിച്ചു. "നകമെതിർ നെട്ടുകയ്യും,
വാതലിന്നൊത്ത മാറും, തികവുടയകഴുത്തും ചേന്ന
താണ്യ"ശാലികളും വടക്കേ മലബാറുകാരുമായ എ
ൻെറ സഹപാഠികൾ ആ സന്യാസിവര്യൻെറ അടു
ത്തുനിന്നപ്പോഴാണ്, അദ്ദേഹത്തിൻെറ സാക്ഷാലു
ള്ള ആകാരവലുപ്പം മനസ്സിലായത്. മുത്തച്ഛനോടു
കളിക്കോപ്പു വാങ്ങികൊടുപ്പാൻ പറഞ്ഞുകൊണ്ടു
കൊഞ്ചിക്കുഴയുന്ന പിഞ്ചുകിടാങ്ങളെപ്പോലെയാണ്
അവർ അപ്പോൾ എനിക്കു ദൃശ്യമായത്.

"ഞങ്ങളുടെ ആഗ്രഹത്തെ ഞങ്ങൾ അദ്ദേഹ
ത്തെ അറിയിച്ചു. അദ്ദേഹം വേഗം താക്കോൽ വരു
ത്തി ഞങ്ങൾക്ക് ഇഷ്ടമുള്ളിടത്തേയ്ക്കു ഞങ്ങളെ കൂ
ട്ടികൊണ്ടുപോയി. പോകുന്നവഴിക്ക് അദ്ദേഹം സ
ന്തോഷപുരസ്സരം ഞങ്ങളോടു സംഭാഷണം ചെയ്തു
കയുണ്ടായി. മലയാളദേശത്തോടു തനിക്കു വളരെ
ഇഷ്ടമാണെന്നും, വിശിഷ്യാ മലയാളത്തിലെ കായ
ലിൽക്കൂടെയുള്ള യാത്ര വളരെ ആനന്ദകരമാണെ
ന്നും, ജലനിമിഗ്നമായ ഈ ഭാഗങ്ങൾ കേരളത്തി
ലെ കായലുകളെ അനുസ്മരിപ്പിക്കുന്നില്ലേയെന്നും മ

ററും പലതും പറഞ്ഞു. ഇങ്ങനെയാണ് ആദ്യമായി ഞാൻ അദ്ദേഹത്തോടു പരിചയപ്പെട്ടത്. സാധാരണ പ്രൊഫസ്സറന്മാരുടെ പിന്നാലെ എപ്പോഴും നടക്കുന്ന സ്വഭാവം ഞങ്ങളിൽ പലക്കും ഇഷ്ടമല്ലായിരുന്നു. എങ്കിലും ഫാദർ ഒണോരെയുടെ നിസ്സർഗ്ഗമധുരമായ സംഭാഷണാമൃതം അനുഭവിക്കുന്നതിന്നു വിദ്യാത്ഥികൾ അഹമഹമികയാ അവസരം നോക്കിയിരുന്നു. ചന്ദനശീതളമായ ആ പുഞ്ചിരിപ്പൂനിലാവിൽ ആറാടിക്കളിക്കുന്നതിനുവേണ്ടിമാത്രം ഞാൻ അദ്ദേഹത്തെ കണക്കിലധികം അസഹ്യപ്പെടുത്തിയിട്ടുണ്ട്.

"പ്രകൃതിരമണീയതയ്ക്കു കാശ്മീരിനെപ്പോലും വെല്ലുന്ന ഈ കേരളം സുകുമാരകലകളിൽ വിദഗ്ദ്ധനായ അദ്ദേഹത്തെ ഇങ്ങോട്ടാകഷിച്ചതിൽ അത്ഭുതമില്ല...... എന്നാൽ ഈ പ്രകൃതിമഹിമ ഒന്നുമാത്രമാണോ അദ്ദേഹത്തെ ഇവിടേയ്ക്കു് ആകഷിച്ചതെന്ന് ചോദിച്ചാൽ നിശ്ചയമായിട്ടും അല്ലാ എന്നായിരിക്കും പ്രത്യുത്തരം...... കേരളഭ്രവിഭാഗത്തേക്കാൾ അദ്ദേഹത്തെ കൂടുതൽ ആകഷിച്ചതു കത്തോലിക്ക കേരളത്തിലെ യുവഹൃദയങ്ങളാണ്. അദ്ദേഹം കേരളീയകത്തോലിക്ക യുവജനസംഘത്തിന്റെ നേതൃത്വം കയ്യേററ ദിനത്തെ ഇവിടത്തെ കത്തോലിക്കചരിത്രത്തിൽ തങ്കമഷികൊണ്ടു രേഖപ്പെടുത്തേണ്ടതാണ്. അനേക ശതവഷങ്ങൾക്കുമുൻപു വിശുദ്ധ തോമ്മസ് അപ്പോസ്തോലനൊ, വിശുദ്ധ ഫ്രാൻസിസ് സേവിയറോ കേരളത്തിൽ വന്നിറങ്ങിയ ദിനംപോലെതന്നെ പ്രാധാന്യമേറിയതാ

ണ്ട് ഈ സുദിനവും. ഇവിടത്തെ കത്തോലിക്ക യുവജനങ്ങളുടെ ആത്മീയപരിശീലനത്തിന്നായി അദ്ദേഹം സദാ ജാഗരൂകനായിരുന്നു. ഇൻഡ്യയിലെ അജ്ഞാനത്തോടും അന്ധവിശ്വാസത്തോടും പോരാടുവാൻതക്ക പട്ടത്വമുള്ള ഒരു സൈന്യത്തെ രൂപവൽകരിക്കുന്നതിന് അദ്ദേഹത്തോളം നൈപുണ്യമുള്ള ഒരു സേനാനായകനെ കിട്ടുക എളുപ്പമല്ല. രണവീരന്മാരുടെ ജന്മഭൂവിൽ ജനിച്ചുവളൎന്ന്, വിശുദ്ധ ഇഗ്നേഷ്യസ് ലയോളായുടെ പിൻഗാമിയായി, കത്തോലിക്ക സഭയുടേയും ഇൻഡ്യയുടേയും പേൎക്കായി സകലവും ത്യജിച്ചു കുരിശെടുത്ത ഈ ത്യാഗിവൎയ്യൻതന്നെയാണ് കേരളകത്തോലിക്ക യുവജനങ്ങളെ ക്രിസ്തുവിൻെറ കളരിയിൽ കച്ചകെട്ടിക്കേണ്ടതു്."

## 2

## എം. സി. എസ്. എൽ.

തൃശ്ശിനാപ്പിള്ളി കോളെജിൽവെച്ചു കേരളീയവിദ്യാൎത്ഥികളുമായുണ്ടായ ആ സ്നേഹബന്ധമാണ് കേരളീയ കത്തോലിക്കയുവജനസഖ്യത്തിനു വേണ്ടി പ്രയത്നിക്കുവാൻ അദ്ദേഹത്തിനു പ്രേരണ നൽകിയതു്. അന്നു കേരളത്തിലെ കത്തോലിക്കൎക്കു പറയത്തക്ക സംഘടനയൊന്നും ഉണ്ടായിരുന്നില്ല. യുവജനങ്ങൾ പ്രത്യേകിച്ചും സംഘടിതപ്രവൎത്തനങ്ങളിൽ ഏൎപ്പെട്ടിരുന്നില്ല. അഭ്യസ്തവിദ്യരായ കത്തോലിക്ക യുവാക്കന്മാരെ ഒരു സംഘടനയായി ഏകീകരിക്കു

ന്നാപക്ഷം, അവരുടെ പരസ്പരസഹകരണത്തോടുകൂടിയ പ്രവൎത്തനം കത്തോലിക്കാദൎശങ്ങളെ നടപ്പിൽ വരുത്തുന്നതിന് അത്യധികം സഹായിക്കുമെന്നു ഫാദർ ഒണോരെ മനസ്സിലാക്കി. മതഭക്തരും വിജ്ഞരും സുശിക്ഷിതരുമായ കത്തോലിക്കായുവാക്കന്മാരുടെ ഒരു ഗണത്തിന് ഇന്നത്തെ ലൗകായതികത്വത്തോടു നിഷ്പ്രയാസം സമരംചെയ്യാമെന്ന് അദ്ദേഹം കണ്ടു. മാത്രമല്ലാ അവരുടെ സ്വന്തം ആത്മീയോൽക്കൎഷത്തിനുതന്നേയും ഈദൃശമായ ഒരു സംഘടന ഉത്തമമാണല്ലോ. കേരളീയകത്തോലിക്കായുവജനസഖ്യത്തിൻെറ സ്ഥാപനത്തിൽ ഫാദർ ഒണോരെയ്ക്കുണ്ടായിരുന്ന ലക്ഷ്യം ഇതാകുന്നു.

"സഭയിലെ വൈദികാദ്ധ്യക്ഷമണ്ഡലത്തിൻെറ പ്രേഷിതവേലയിൽ അൽമേനികളുടെ സഹകരണം" എന്നാണല്ലോ ഭാഗ്യസ്മരണാൎഹനായ പതിനൊന്നാം പീയൂസു മാപ്പാപ്പാ "കത്തോലിക്കാപ്രവൎത്തന"ത്തെ നിൎവ്വചിച്ചിരിക്കുന്നതു്. വാസ്തവത്തിൽ കത്തോലിക്കാസഭയുടെ ബഹുമുഖമായ അഭിവൃദ്ധി ഇതിനെയാണ് ആശ്രയിച്ചിരിക്കുന്നതെന്ന് അനുഭവംകൊണ്ടുകൂടി ഇന്നു നമുക്ക് അറിയാം. എന്നാൽ മാപ്പാപ്പാ തിരുമനസ്സുകൊണ്ടു കത്തോലിക്കാപ്രവൎത്തനത്തിന് ഈ നിൎവ്വചനം നൽകുകയും, അവിടുത്തെ ജഗൽപ്രസിദ്ധമായ തിരുവെഴുത്തുമൂലം ലോകമെങ്ങും കത്തോലിക്കാപ്രവൎത്തനസംഘങ്ങൾ ആരംഭിക്കണമെന്ന് ഉദ്ബോധിപ്പിക്കുകയും ചെയ്തതിന്, ഒരു വ്യാഴവട്ടക്കാലത്തിനുമുൻപാണ് ദീൎഘദൃഷ്ടിയായ

ഫാദർ ഒണോരെ ഇവിടത്തെ കത്തോലിക്കപ്രവ ൎത്തനത്തിനു ബീജാവാപം ചെയ്തതു്. "പാഠനക്കള രികളെയും യുവജനസംഘടനകളെയുംപററിയുള്ള ആശയങ്ങൾ മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു ഫാദർ ഒണോരെയിൽനിന്നു കടംവാങ്ങിയാണു തൻെറ തിരുവെഴുത്തുകളിൽ ചേൎത്തിരിക്കുന്നതു്" എന്നു് ഒരു സുഹൃത്തു് ഒരിക്കൽ, തമാശായിട്ടാണെങ്കിലും, ഫാദർ ഒണോരെയോടു പറയുകയുണ്ടായിട്ടുണ്ടു്. തൻെറ ആദൎശങ്ങളെയും ആശയങ്ങളെയും മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു തുടരെത്തുടരെ ആവൎത്തിച്ചിരുന്നതു് തീൎച്ചയായും ഫാദർ ഒണോരെയ്ക്കു ആശ്വാസകരവും പ്രോത്സാഹജനകവുമായിരുന്നിരിക്കണം.

കേരളീയകത്തോലിക്ക യുവജനസംഘടനയെപ്പററിയുള്ള ആശയം രൂപമെടുത്തതു് 1915 ലാണെന്നു പറയാം. അന്നു തൃശ്ശിനാപ്പിള്ളി സെൻറു ജോസഫ്സ് കോളെജിലെ കേരളീയരായ കത്തോലിക്ക വിദ്യാൎത്ഥികൾ, അവിടത്തെ പ്രസിദ്ധമായ "ലാലി" ഹാളിൽ സമ്മേളിക്കുകയും, കേരളത്തിലെ അഭ്യസ്തവിദ്യരായ കത്തോലിക്ക യുവജനങ്ങളുടെ ഉപയോഗാൎത്ഥം ഒരു സമാജം സ്ഥാപിക്കണമെന്നു നിശ്ചയിക്കുകയും ചെയ്തു. പിറേറക്കൊല്ലം ചങ്ങനാശ്ശേരിയിൽക്കൂടിയ ഒരു യോഗം ഇതിനെ സ്ഥിരീകരിച്ചു. അങ്ങനെ 1917 മേയ് 13-ാംതീയതി, ആലപ്പുഴവെച്ചു് "കേരളീയകത്തോലിക്ക കോൺഫ്രൻസു്" സമാരബ്ധമായി. കോൺഫ്രൻസിൻെറ സ്ഥിരാദ്ധ്യക്ഷനായി തിരഞ്ഞെടുക്കപ്പെട്ടതു് മി. ജോൺനിധീരി

ബി. എ. ബി. എൽ. ആയിരുന്നു. കേരളത്തിലെ കത്തോലിക്കസമുദായത്തിൻെറ അനിഷേദ്ധ്യനേതാവായിരുന്ന ആ മഹാനുഭാവനെത്തന്നെ സ്ഥിരാദ്ധ്യക്ഷനായി ലഭിച്ചതിൽനിന്ന് വിദ്യാൎത്ഥികോൺഫ്രൻസ് സമുദായത്തിന് എത്രമാത്രം പ്രിയംകരമായ ഒരു സ്ഥാപനമായി തോന്നിയിരുന്നു എന്ന് അനുമാനിക്കാവുന്നതാണ്. വിദ്യാൎത്ഥികോൺഫ്രൻസിൻെറ ദ്വിതീയവാൎഷികസമ്മേളനം 1918-ൽ കൊച്ചിയിൽ സാൻറക്രൂസ്ഹൈസ്കൂളിൽവെച്ചു നടത്തപ്പെട്ടു. ഈ വാൎഷികയോഗത്തിൽ അദ്ധ്യക്ഷം വഹിച്ചതു് കോൺഫ്രൻസിൻെറ ജനയിതാവും ജീവനാഡിയുമായ ഫാദർ ഒണോരെതന്നെയായിരുന്നു. നിസ്സാരങ്ങളായ ചിന്താവൈപരീത്യങ്ങളെ പരിത്യജിച്ചു്, ഐകമത്യത്തോടും, വൈദികരോടുള്ള കൂടുതൽ സഹകരണത്തോടുംകൂടി പ്രവൎത്തിച്ചു, പുരോഗമനം ചെയ്യുക എന്ന മഹനീയാദൎശത്തെയാണ് അന്നത്തെ അദ്ധ്യക്ഷപ്രസംഗത്തിൽ ഫാദർ ഒണോരെ സുദീൎഘമായി ഉപന്യസിച്ചിരുന്നതു്.

വിദ്യാൎത്ഥികോൺഫ്രൻസിൻെറ അഞ്ചാമത്തെ വാൎഷികസമ്മേളനം 1922-ൽ എറണാകുളത്തുവെച്ചുകൂടി. ഈ യോഗത്തിൽ "കോൺഫ്രൻസ് സംഘടനയും അതിൻെറ പ്രാധാന്യവും" എന്ന വിഷയത്തെ പുരസ്കരിച്ചു ഫാദർ ഒണോരെ അവൎകൾ സരസവും വിജ്ഞേയവുമായ ഒരു പ്രസംഗം ചെയ്തു. സമ്മേളനത്തിൻെറ രണ്ടുദിവസങ്ങളിലെയും കാൎയ്യനിൎവ്വഹണയോഗങ്ങളിൽ അദ്ധ്യക്ഷം വഹിച്ച

ത്തും ഫാദർ ഒണോാരെതന്നെയായിരുന്നു. അന്നു ദക്ഷിണഭാരതത്തിൻെറ പല ഭാഗങ്ങളിലേയ്ക്കും ഓരോരോ കാൎയ്യങ്ങൾക്കായി ഫാദർ ഓണോാരെ ക്ഷണിക്കപ്പെട്ടിരുന്നുവെങ്കിലും, കേരളീയരോടുള്ള പൈതൃകമായ സ്നേഹാതിരേകത്താൽ, അവയേയെല്ലാം ഉപേക്ഷിച്ച് അദ്ദേഹം എറണാകുളത്തേയ്ക്കു വരികയാണുണ്ടായത്. കോൺഫ്രൻസിൻെറ ഉൽകൃഷ്ടമായ ആദൎശങ്ങൾക്ക യോജിച്ചവിധത്തിൽ, അദ്ദേഹം അതിൻെറ നിയമാവലി പരിഷ്കരിച്ചു. ഇംഗ്ലീഷ്ഭാഷയിൽ നടത്തപ്പെട്ടിരുന്ന വാൎഷികസമ്മേളനചടങ്ങുകളിൽ ചിലത് മലയാളഭാഷയിൽക്കൂടെ നിൎവ്വഹിക്കുക എന്ന പതിവ് ഏൎപ്പെടുത്തിയതും എറണാകുളത്തുവെച്ചുതന്നെയാകുന്നു.

പരിശ്രമിക്കുന്നതിനും പ്രേഷകജോലിയിൽ വ്യാപൃതരാകുന്നതിനും സംഘാംഗങ്ങൾക്കുള്ള ശുഷ്കാന്തിപരമായ ആഗ്രഹം സാധിക്കുന്നതിനു ഒരു വാൎഷികസമ്മേളനത്തേക്കാൾ കൂടുതലായി മററുചില സംഗതികൾ ആവശ്യമായിരിക്കുന്നുവെന്ന് എറണാകുളം സമ്മേളനത്തിൽവെച്ചു കുശാഗ്രബുദ്ധിയായ ഫാദർ ഒണോാരെ മനസ്സിലാക്കി. 1918-ൽ കൊച്ചിയിൽക്കൂടിയ വാൎഷികസമ്മേളനത്തിൽവെച്ചു സൂചിപ്പിച്ചതിലും കുറെക്കൂടി നിഷ്കൎഷയോടുകൂടെ അംഗങ്ങൾ തങ്ങളുടെ നിരന്തരപരിശ്രമരംഗമായി സമുദായസേവനവും അൽമായ പ്രേഷകതപവും സ്വീകരിക്കണമെന്നും, അവരുടെ യുവമനസ്സുകളെയും യുവഹൃദയങ്ങളെയും ഇതിന്നായി സജ്ജീക

രിക്കണമെന്നും അദ്ദേഹം സയുക്തികം ചൂണ്ടിക്കാണിച്ചുകൊടുത്തു. ഈദൃശങ്ങളായ ചിന്തകളെ സമാജാംഗങ്ങളുടെ ശ്രദ്ധയ്ക്കു വിഷയീഭവിപ്പിക്കുന്നതിനും, പരസ്നേഹത്തിൻെറയും പ്രേഷകത്വത്തിൻെറയും പ്രവൃത്തികൾ കയ്യേൽക്കുന്നതിനുമായി ശാഖാസംഘങ്ങൾ കേരളത്തിൻെറ എല്ലാ ഭാഗങ്ങളിലുംതന്നെ സ്ഥാപിക്കണമെന്നും, ഈ സംഗതികളെ താത്വികമായും പ്രായോഗികമായും അഭ്യസിക്കുന്നതിനുവേണ്ടി, ആദ്ധ്യാത്മികോപദേഷ്ടാവിൻെറ നേതൃത്വത്തിലും സഹകരണത്തിലും പഠനക്കളരികൾ ആരംഭിച്ചുനടത്തണമെന്നും അദ്ദേഹം ഉദ്ബോധിപ്പിച്ചു. ഈ നവീനാശയങ്ങളുടെ ഒരു ദപ്പ്ണമെന്ന നിലയിൽ "വിശ്വാസം, പഠനം, പ്രവൃത്തി" എന്ന മുദ്രാവാക്യം അംഗീകരിക്കപ്പെട്ടു. "വിദ്യാൎത്ഥി കോൺഫ്രൻസ്" എന്ന പേരിനെ "വിദ്യാൎത്ഥിലീഗ്" എന്നു മാററംചെയ്തതും ഈ സമ്മേളനത്തിൽ വെച്ചായിരുന്നു.

കോൺഫ്രൻസിൻെറ അഥവാ ലീഗിൻെറ ആവശ്യം മനസ്സിലാക്കി, സമാജോന്നമനത്തിലുള്ള നിസ്സീമതാല്പൎയ്യത്താൽ പ്രേരിതനായി, ഫാദർ ഒണോറെ അവർകൾ എറണാകുളം വാർഷികസമ്മേളനാനന്തരവത്സരത്തിൽ നാല് ഇംഗ്ലീഷ് ലഘുലേഖകൾ രചിക്കുകയും, തൃശ്ശിനാപ്പിള്ളി ശാഖാസംഘത്തിൻെറ ഉത്തരവാദിത്വത്തിൽ അച്ചടിച്ചു പ്രസിദ്ധംചെയ്യുകയുമുണ്ടായി. "എം. സി. എസ്സ്. എൽ. ൻെറ അന്തർപാൎശ്വം," "അനുകരണത്തിനോ പ്രേ

രണകാംക്കോ" "മൂലതത്വങ്ങൾ," "പഠനക്കളരി" എന്ന പ്രസ്തുതലഘുലേഖകൾ സമാജാംഗങ്ങളുടെ ഇടയിൽ വിതരണംചെയ്യപ്പെട്ടു. സാക്ഷാൽ ക്രിസ്തീയചൈതന്യത്തിനു യോജിച്ചവിധം സമുദായികപ്രവത്തനങ്ങൾ നടത്തേണ്ട മാൎഗ്ഗങ്ങൾ നിൎദ്ദേശിക്കുന്നതിലും,സമാജപ്രവത്തനങ്ങളെ ആദ്ധ്യാത്മികജീവിതത്തിലും വ്യക്തിപരമായ വിശുദ്ധിയിലും അടിയുറപ്പിക്കേണ്ടതിന്റെ അത്യാവശ്യകതയെ വിശദീകരിക്കുന്നതിലും, ഒരഭിനവജീവചൈതന്യത്തെ സമാജത്തിനു പ്രദാനംചെയ്യുന്നതിലും ഫാദർ ഒണോരെയുടെ ഈ ലഘുലേഖകൻ അത്യധികം പ്രയോജനപ്പെട്ടുകയുണ്ടായി.

## 3

### സ്ഥിരാദ്ധ്യക്ഷൻ.

എറണാകുളം സമ്മേളനത്തിലെ നിൎദ്ദേശങ്ങൾ 1922-ൽ ചങ്ങനാശ്ശേരിയിൽകൂടിയ 6-ാമത്തെ വാൎഷികസമ്മേളനം അംഗീകരിച്ചു. അന്നുമുതൽ വിദ്ദ്യാൎത്ഥികോൺഫ്രൻസ് കേരളീയകത്തോലിക്കവിദ്ദ്യാൎത്ഥിലീഗ് അഥവാ എം. സി. എസ്സ്. എൽ. ആയിത്തീൎന്നു. ചങ്ങനാശ്ശേരിയിലും പ്രവത്തകസമിതിയോഗത്തിന്റെ അദ്ധ്യക്ഷനായി വരിക്കപ്പെട്ടതു ഫാദർ ഒണോരെ അവർകൾതന്നെ ആയിരുന്നു. പ്രസ്തുതവാൎഷികസമ്മേളനത്തിൽ, ഷെവലിയർ സി. ജെ. വക്കി എം. എ. അഭിപ്രായപ്പെട്ടുകയും, സമ്മേളനം ഏകകണ്ഠമായി പിൻതാങ്ങുകയും ചെ

സ്ഥത്തനുസരിച്ചു ഫാദർ ഒണോരെ എം. സി. എസ്സ്. എൽ.ൻെറ സ്ഥിരാദ്ധ്യക്ഷനായി തെരഞ്ഞെടുക്കപ്പെട്ടു. അതോടുകൂടി ലീഗിന് ഒരു പുതിയ ഓജസ്സും ഉണർവ്വും ഉണ്ടായി. പുതുതായി പല സ്ഥലങ്ങളിലും ശാഖാസംഘങ്ങൾ ഏപ്പെടുത്തുന്നതിനും, പല ശാഖാസംഘങ്ങളിലും പഠനക്കളരികൾ നടപ്പാക്കുന്നതിനും സാധിച്ചു. ലീഗിന് ഒരു മൂലധനം ഉണ്ടാക്കണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടി 500 ക. ശേഖരിക്കുന്നതിനു ഫാദർ ഒണോരെയ്ക്കു സാധിച്ചതും ഇക്കാലത്താണ്.

ലീഗിൻെറ പ്രവൎത്തനം വിജയകരമാകണമെങ്കിൽ, ശാഖാസംഘങ്ങളുടെ പ്രവൎത്തനങ്ങളെ ഏകീകരിക്കുകയും ക്രോഡീകരിക്കുകയും ചെയ്യത്തക്ക ഒരു 'ഔദ്യോഗികജിഹ്വ' അതിന് അത്യാവശ്യമാണെന്നു ബുദ്ധിമാനായ ഫാദർ ഒണോരെ മനസ്സിലാക്കി. അതിലേയ്ക്ക് "കേരളകത്തോലിക്കവിദ്യാൎത്ഥി" എന്ന പേരിൽ ഒരു ദ്വിമാസിക 1922-ൽ ലീഗിൻെറ ആഭിമുഖ്യത്തിൽ അദ്ദേഹം ആരംഭിച്ചു. ഈ മാസികയുടെ പ്രവൎത്തനം "പ്രസ്കമ്മററി" എന്ന പേരിൽ തിരഞ്ഞെടുക്കപ്പെടുന്ന ഒരു സമിതിയിൽ നിക്ഷിപ്തമായിരിക്കുമെന്നായിരുന്നു നിയമമെങ്കിലും ആരംഭകാലങ്ങളിൽ അതിൻെറ പത്രാധിപത്യം വഹിച്ചിരുന്നത് ഫാദർ ഒണോരെതന്നെ ആയിരുന്നു. ഫാദർ ഒണോരെയുടെ പ്രശസ്തങ്ങളായ പല പ്രബന്ധങ്ങളും—പഠനക്കളരി, കത്തോലിക്കാസഭയുടെ പ്രഥമസമരം, രാഷ്ട്രത്തിൻെറ ലക്ഷ്യം, വിദ്യാഭ്യാസവീ

ക്ഷണം, കുടുംബവും സഭയും രാഷ്ട്രവും, നിഷ്പക്ഷവിദ്യാലയം, നിർബന്ധവിദ്യാഭ്യാസം, പരിണാമവാദം, മുതലായ ഇംഗ്ലീഷ് പ്രബന്ധങ്ങൾ—ഈ മാസിക മുഖേന പ്രസിദ്ധീകരിക്കപ്പെട്ടിട്ടുള്ളതാണ്.

'ഔദ്യോഗികജിഹ്വ' ഇംഗ്ലീഷിലായിരുന്നതിനാൽ, പ്രാദേശിക സിക്രട്ടറിമാർക്ക് പഠനക്കളരികൾ നടത്തുവാൻ വിഷമം നേരിടുന്നുണ്ടെന്നു മനസ്സിലാക്കി, മാസികയുടെ 6 ലക്കങ്ങൾ ഇംഗ്ലീഷിലും 4 ലക്കങ്ങൾ മലയാളത്തിലും പ്രസിദ്ധം ചെയ്യുന്നതിനു 1924-ൽ തീരുമാനിച്ചു. മലയാളമാസികയുടെ ഒന്നാം ലക്കം 1925- ജൂലൈമാസത്തിൽ പുറപ്പെട്ടു. ആ ലക്കത്തിൽ ഫാദർ ഒണോരെ സഖ്യത്തിലെ യുവാംഗങ്ങൾക്കു നൽകിയിരിക്കുന്ന സന്ദേശം നോക്കുക:- "സഖ്യാംഗങ്ങൾ തമ്മിലുള്ള ഐക്യബന്ധത്തെ ശക്തിപ്പെടുത്തുകയും, ലീഗിൻെറ ജീവശക്തികളായ വിശ്വാസസ്ഥിരതയേയും ക്രിസ്തീയധർമ്മത്തേയും എല്ലാവരിലും ഉറപ്പിക്കുകയും, ഒരുവനെ സാക്ഷാൽ മനുഷ്യനാക്കുന്നതിനു അവശ്യംവേണ്ടതായ സ്വഭാവരൂപവൽകരണത്തിൽ സഹായിക്കുകയും ചെയ്യുകയാണ് ഈ പ്രസിദ്ധീകരണംകൊണ്ടു് പ്രധാനമായി ഉദ്ദേശിച്ചിട്ടുള്ളതു്...നിങ്ങളുടെ ഈ ചെറിയ ദൂതൻ, പഠനക്കളരി വിജയകരമാംവണ്ണം നടത്തുന്നതിനും, പവിത്രതയുടെ പന്ഥാവുകളെ തെളിയിക്കുന്നതിനും, മനഃപരിഷ്കരണത്തിനും, വിശ്വാസയോഗ്യവും ബലിഷ്ഠവുമായ സ്വഭാവരൂപവൽകരണത്തിനും ഉപകരിക്കുന്ന അനേകം സൂച

നകാം നിങ്ങാംക്കു പ്രദാനം ചെയ്യും. നിങ്ങളോടുള്ള വാത്സല്യത്തേയും കത്തോലിക്കസമുദായത്തിന്റെ അഭിവൃദ്ധിയേയും മുൻനിർത്തി ഈ മാസികയെ സഹായിച്ച ലേഖകന്മാരെയും, നിങ്ങളുടെ പ്രസ്കമ്മററിയുടെ നന്മനസ്സിനേയും നിങ്ങാം അഭിനന്ദിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു."

കേരളത്തിലെ കത്തോലിക്കയുവജനങ്ങളോടുള്ള വാത്സല്യത്തേയും, കത്തോലിക്കസമുദായത്തിന്റെ അഭിവൃദ്ധിയേയും മുൻനിർത്തി ലീഗിന്റെ സത്വരമായ അഭിവൃദ്ധിക്കു നിദാനമായ പല പുതിയ പ്രസ്ഥാനങ്ങളും അദ്ദേഹം ഏർപ്പെടുത്തി. അനുദിന ദിവ്യകാരുണ്യസ്വീകരണം നടപ്പാക്കുക, പഠനകേന്ദ്രങ്ങാം സ്ഥാപിക്കുക, ലഘുലേഖകാം പ്രസിദ്ധം ചെയ്യുക, വേദോപദേശാദ്ധ്യാപനം നടപ്പാക്കുക, ഗ്രാമപ്രദേശങ്ങളിൽ പ്രസംഗങ്ങാം ചെയ്യുക, മുതലായ പല നല്ല പ്രസ്ഥാനങ്ങളും പ്രയോഗപഥത്തിലായി. "സഭയോ വേദപുസ്തകമോ," "ഏകസത്യസഭ," "കത്തോലിക്കസഭയ്ക്കുപുറമേ രക്ഷയുണ്ടോ?", "യാക്കോബായ സഭയുടെ ഉത്ഭവം" മുതലായ ലഘുഗ്രന്ഥങ്ങാം മലയാളത്തിൽ പ്രസിദ്ധപ്പെടുത്തുകയും, കത്തോലിക്കേതരരുടെ ഇടയിൽ അവ സൗജന്യമായി വിതരണം ചെയ്യുകയുമുണ്ടായി. ലീഗിന്റെ പരിഷ്കരിച്ച നിയമങ്ങാം പുസ്തകരൂപത്തിൽ പ്രസിദ്ധംചെയ്തു. ഗ്രാമീണരുടെ വിജ്ഞാനത്തിനും ഗ്രാമപ്രാസംഗികന്മാരുടെ സൗകര്യത്തിനുമായി നാലു മായാദീപങ്ങളും അദ്ദേഹം സമ്പാദിച്ചു.

എം. സി. എസ്സ്. എൽ. ന് കാര്യമായ ഒരു മൂലധനവും കേന്ദ്രസൗധവും ഉണ്ടാക്കണമെന്നുള്ളതായിരുന്നു ഫാദർ ഒണോരെയുടെ പ്രത്യാശ. എറണാകുളം കായലോരത്തിൽ സൗജന്യമായി ലഭിച്ച സ്ഥലത്തുതന്നെ മന്ദിരം നിർമ്മിക്കാമെന്ന് അദ്ദേഹം നിശ്ചയിച്ചു. അതിലേയ്ക്കു രണ്ടു നിലയിലുള്ള ഒരു കെട്ടിടത്തിൻെറ പ്ലാൻ അദ്ദേഹംതന്നെ തയ്യാറാക്കി. പക്ഷെ പണി ആരംഭിക്കുവാൻ പണമില്ല. തൃശ്ശിനാപ്പിള്ളി കോളെജിലെ ശ്രമസാദ്ധ്യമായ അദ്ധ്യാപനജോലിക്കിടയിൽ സിദ്ധിച്ച അല്പമായ വിശ്രമഘട്ടത്തെ മന്ദിരനിർമ്മാണത്തിനാവശ്യമായ ധനം ശേഖരിക്കുന്നതിനായുപയോഗിക്കുവാൻതന്നെ അദ്ദേഹം തീർച്ചയാക്കി. വാൎദ്ധക്യസഹജമായ ക്ഷീണങ്ങളെ അല്പവും പരിഗണിക്കാതെ ഫാദർ ഒണോരെ 1925 സെപ്റ്റംബർ മാസാവസാനത്തിൽ കേരളത്തിൽ ഒരു പര്യടനം കഴിച്ചു. "കേരളത്തിൽ ഒരു ഭിക്ഷാടനം കഴിക്കുന്നതിനായിട്ടാണു അദ്ദേഹം പുറപ്പെട്ടതു്" എന്നാണു് ആ കാലത്തെ "കേരളീയകത്തോലിക്കവിദ്യാൎത്ഥി" മാസിക പ്രസ്താവിച്ചിരിക്കുന്നതു്.

തൃശ്ശിനാപ്പിള്ളിൽനിന്നും ചങ്ങനാശ്ശേരിയിലെത്തി, ഏതാനും ദിവസങ്ങൾ അവിടെത്താമസിച്ചു സെൻറ് ബൎക്കുമാൻസ് കോളെജിലെ പരീക്ഷണശാല ശരിപ്പെടുത്തുന്നതിനുവേണ്ട സഹായങ്ങൾ ചെയ്തുകൊടുത്തു. അവിടെനിന്നും കാഞ്ഞിരപ്പിള്ളി, മുണ്ടക്കയം, കോട്ടയം, മാന്നാനം, എറണാകുളം,

കൊച്ചി മുതലായ സ്ഥലങ്ങൾ സന്ദർശിച്ചു. മിക്കസ്ഥലങ്ങളിലും ലീഗിനെപ്പററിയും ലീഗിൻെറ തൽക്കാലത്തെ അത്യാവശ്യങ്ങളെപ്പററിയും അദ്ദേഹം പ്രസംഗിക്കുകയുണ്ടായി. പത്തു ദിവസത്തെ സഞ്ചാരം കൊണ്ടു കേരളകത്തോലിക്കരുടെ ഹൃദയങ്ങളെ ആകർഷിക്കുന്നതിന് അദ്ദേഹത്തിനു കഴിഞ്ഞു. കേരളീയകത്തോലിക്ക സമുദായോപയോഗത്തിനായി ഒരു പരസ്പര സഹായസംഘം ഏൎപ്പെടുത്തണമെന്ന് അദ്ദേഹം തീരുമാനിച്ചതു് ഈ യാത്രയിലാണ്. നിർഭാഗ്യവശാൽ അതു പ്രയോഗക്ഷമമാക്കുന്നതിന് അദ്ദേഹത്തിനു കഴിഞ്ഞില്ല. ഫാദർ ഒണോരെയുടെ വ്യക്തിമാഹാത്മ്യത്താൽ ആകൃഷ്ടരായിട്ടു്, ലീഗിന് ഒരു കേന്ദ്രമന്ദിരം അത്യാവശ്യമാണെന്നു മനസ്സിലാക്കിയ പലരും സഹായം വാഗ്ദാനം ചെയ്തതിനു പുറമേ, ചില സ്ഥലങ്ങളിൽനിന്നും നല്ല ഒരു തുക രൊക്കം പിരിയുകയും ചെയ്തു. ഇങ്ങനെയാണ് എറണാകുളത്തു് ഇന്നു കാണുന്ന എം. സി. വൈ. എൽ. മന്ദിരത്തിന് അസ്തിവാരമുറപ്പിച്ചതു്.

ഫാദർ ഒണോരെയുടെ കേരളസന്ദർശനത്തെപ്പററി 1925 ഒക്ടോബർ ലക്കം കേരളീയകത്തോലിക്കവിദ്യാൎത്ഥി ഇങ്ങനെ പ്രസ്താവിക്കുന്നു:- "വയോവൃദ്ധനായ 'മലയാളികളുടെ പിതാവു്' തൻെറ ഉദ്ദേശം സഫലമായി എന്നു കണ്ടതിനാൽ യാത്രാക്ലേശം എന്തെന്ന് അറിഞ്ഞില്ലതന്നെ. വടികൂടാതെ നമ്മുടെ ആളുകൾ പുറത്തിറങ്ങാത്ത ഈ പ്രായത്തിൽ, തൃശ്ശിനാപ്പിള്ളിൽനിന്നും ഒന്നുരണ്ടു ദിവസത്തെ യാ

ത്രകഴിച്ചു മലബാറിൽ എത്തി.....പത്തു ദിവസം കൊണ്ടു ചുററി സഞ്ചരിക്കുവാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചതു കേരളീയകത്തോലിക്കവിദ്യാൎത്ഥികളായ നിങ്ങളോട്ട് അവിടുത്തേക്കുള്ള സ്നേഹാതിരേകം ഒന്നുമാത്രമാണ് എന്നുള്ള വസ്തുത നിങ്ങൾ ഒരുനാളും മറന്നുപോകരുതു്. നമ്മുടെ ആളുകൾ അദ്ദേഹത്തിന്നുവേണ്ട സഹായസഹകരണങ്ങൾ ചെയ്തുകൊടുത്തു എന്നുള്ളതു് ആശ്വാസജനകംതന്നെ. തന്നെ സഹായിച്ച മാന്യന്മാരോടു ഹൃദയംകൊണ്ടു വീണ്ടും വീണ്ടും നന്ദി പറഞ്ഞതിൻശേഷം സന്തോഷാശ്രുക്കൾ പൊഴിച്ചുകൊണ്ടാണ് അദ്ദേഹം തൃശ്ശിനാപ്പിള്ളിക്കു തിരിച്ചതു്. തൻെറ ആദൎശങ്ങളനുസരിച്ചു സഖ്യം ശരിയായ പ്രവൎത്തനരീതിയിൽ വന്നുകാണുവാൻ അതിൻെറ ജനയിതാവും പരിപോഷകനും, സമസ്തവ്യമായ ആ വന്ദ്യവയോവൃദ്ധനു ജഗദീശൻ ഇടയാക്കട്ടെ."

# III

## 1.

### കനകജൂബിലി.

'ലോലി'ഹാളിലെ പ്രാരംഭാലോചനായോഗത്തിനുശേഷം ഒരു വ്യാഴവട്ടക്കാലം കഴിഞ്ഞപ്പോൾ, 1927 അവസാനത്തിൽ, കേരളീയകത്തോലിക്ക വിദ്യാത്ഥിലീഗിന്റെ സ്ഥിതി ഏററവും ആശാസ്യമായിരുന്നു. 25 ശാഖാസംഘങ്ങളിലായി 1230 സാമാജികന്മാരുണ്ടായിരുന്നതിനുപുറമേ, 3800-ൽപരം രൂപാ ഒരു മൂലധനമായി ബാങ്കിൽ നിക്ഷേപിക്കുകയും ചെയ്തിരുന്നു. അക്കൊല്ലം മേയ് മാസത്തിൽ ലീഗിന്റെ പതിനൊന്നാമത്തു വാഷികസമ്മേളനം അഭൂതപൂവ്വമായ ആഘോഷങ്ങളോടുകൂടി പാലായിൽവെച്ചു നടത്തപ്പെട്ടു. പാലാസമ്മേളനത്തിൽ ഫാദർ ഒണോരെ സന്നിഹിതനായി കായ്യാലോചനായോഗത്തിൽ അദ്ധ്യക്ഷംവഹിക്കുകയും പൊതുയോഗത്തിൽ പ്രസംഗിക്കുകയുമുണ്ടായി. "എം. സി. എസ്. എൽ. ന്റെ ഏററവും ഉജ്ജ്വലമായ വാഷികസമ്മേളനം" എന്നാണു പാലായോഗത്തെപ്പററി പ്രസ്താവിക്കപ്പെട്ടിരിക്കുന്നതു്.

പാലാസമ്മേളനം ഇങ്ങനെ അഭൂതപൂവ്വമായ ഒരു വിജയമായിരുന്നെങ്കിലും, അതേത്തുടന്നു് ലീഗു് മന്ദീഭവിക്കുകയാണുണ്ടായതു്. സമുദായാംഗങ്ങളുടെ

ഇടയിലുണ്ടായ അഭിപ്രായവ്യത്യാസമാണ് ഇതിനു പ്രധാനകാരണം. അതോടുകൂടി അലസതയും സ്വാത്ഥചിന്തയും പ്രവത്തകന്മാരെ പിടികൂടി. കേരളത്തിനുവേണ്ടി എന്തുതന്നെ സഹിക്കുന്നതിനും, സമാധാനത്തിലും ആരോഗ്യസുഖസമ്പാദനത്തിലുമായി കഴിച്ചുകൂട്ടാമായിരുന്ന വാദ്ധക്യകാലത്തെ വിശ്രമാവസരങ്ങൾ കേരളീയക്കായി ചിലവഴിക്കുന്നതിനും സന്നദ്ധനായിരുന്ന ഫാദർ ഒണോരെയെ കേരളീയരുടെ അസഹനീയമായ ഈ അലസത അത്യധികം വ്യസനിപ്പിച്ചു. അദ്ദേഹം തൻെറ സ്ഥിരാദ്ധ്യക്ഷസ്ഥാനം രാജിവെച്ചു. അപ്പോഴാണ് ലീഗ് കണ്ണുതുറന്നതു്. 1927 ഡിസംബർ 28-ാം തീയതി എറണാകുളത്തു കൂടിയ മാനേജിംഗ്കമ്മിററിയോഗം, ഫാദർ ഒണോരെയുടെ രാജി സ്വീകരിച്ചില്ല. സഖ്യത്തിൻെറ സ്ഥിരാദ്ധ്യക്ഷപദം അദ്ദേഹം ഒരിക്കലും ഉപേക്ഷിക്കരുതെന്നും, മേലാൽ അദ്ധ്യക്ഷൻെറ കടമകളെ ലഘൂകരിക്കുന്നതിനുവേണ്ടി ഭാരമേറിയ ചുമതലകളിൽ ചിലതു് അദ്ദേഹത്തിൽനിന്നും ഒഴിവാക്കി കമ്മിററി അംഗങ്ങൾതന്നെ വഹിച്ചുകൊള്ളാമെന്നും, കമ്മിററി ഒരു പ്രമേയംമൂലം അദ്ദേഹത്തോടപേക്ഷിച്ചു. മലയാളികളുടെ പിതാവു് ആ പ്രമേയത്തെ ആദരിച്ചു് തൻെറ രാജി പിൻവലിച്ചു.

ലീഗിൻെറ 12-ാമതു വാഷികസമ്മേളനം ചങ്ങനാശേരിയിൽവെച്ചും 13-ാമതു സമ്മേളനം 1929-ൽ ആലുവായിൽവെച്ചും നടത്തപ്പെട്ടു. കോ

ഴിക്കോട്ടുമെത്രാനായിരുന്ന ഡോക്ടർ പോറം പെരിനീ തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ട ആലുവാ സമ്മേളനം ലീഗുചരിത്രത്തിൽ സവ്വപ്രധാനമായ ഒരു സ്ഥാനം വഹിക്കുന്നുണ്ട്. മൂന്നുദിവസം നീണ്ടുനിന്ന പ്രസ്തുത വാർഷികമഹാമഹം "ഒരുക്കങ്ങളുടെ പരിപൂണ്ണതകൊണ്ടും അതിൽ സംബന്ധിക്കുന്നതിനു സന്നിഹിതരായിരുന്ന ആളുകളുടെ സംഖ്യാധിക്യംകൊണ്ടും അതിലെ അദ്ധ്യക്ഷസ്ഥാനവും പ്രസംഗഭാരവും വഹിച്ച വൈദികവയ്യരും പണ്ഡിതാഗ്രേസരരുമായ മഹാന്മാരുടെ കീത്തിധാവള്യംകൊണ്ടും മുൻകഴിഞ്ഞിട്ടുള്ള വാഷികയോഗങ്ങളെയെല്ലാംതന്നെ പരാജിതമാക്കിയിരിക്കുന്നു" എന്നാണ് അന്നത്തെ "കേരളീയകത്തോലിക്കവിദ്ദ്യാത്ഥി" പ്രസ്താവിക്കുന്നത്. ആലുവാസമ്മേളനത്തിൽ വെച്ച് 'കേരളീയകത്തോലിക്കവിദ്ദ്യാത്ഥിസഖ്യം' എന്നുള്ള പേര് 'കേരളീയകത്തോലിക്കയുവജനസഖ്യം' (എം. സി. വൈ. എൽ.) എന്നാക്കി. സഖ്യം കേരളത്തിലെ കത്തോലിക്കയുവജനങ്ങളെ പൊതുവേ പരമാശിക്കണമെന്നു കരുതിയാണ് ഈ നാമഭേദഗതിവരുത്തിയത്. ഇതോടുകൂടി ഔദ്ദ്യോഗികജിഹ്വയായ മാസികയുടെ പേര് "കത്തോലിക്കയുവലോകം" എന്നായി മാററി. എം. സി. വൈ. എൽ. നെ തൃശ്ശിനാപ്പിള്ളിയിലെ "കാത്തലിക് ഗിൽഡു" മായി സംഘടിപ്പിക്കണമെന്നു തീരുമാനിക്കുകയും, സഖ്യത്തിനു സ്വന്തമായി ഒരു പ്രത്യേക പതാക ഏപ്പെടുത്തുകയും ചെയ്തതും ഈ സമ്മേളനത്തിൽ വെച്ചാണ്.

1930 കേരളീയകത്തോലിക്കയുവലോകത്തിന്ന ഏററവും ആഹ്ളാദകരമായ ഒരു കാലഘട്ടമായിരുന്നു. എം. സി. വൈ. എൽ.ൻെറ സ്ഥാപകനും ജീവനാഡിയും ആയുഷ്ക്കാലസ്ഥിരാദ്ധ്യക്ഷനുമായ റവ. ഫാദർ ഒണോരെ ഈശോസഭയിൽ പ്രവേശിച്ചിട്ട് 50 വഷം തികയുന്ന കനകജൂബിലി 1930 ഒക്ടോബർ 10-ാം തീയതി ആയിരുന്നുവെന്നുള്ളതാണ് ഈ ആഹ്ളാദത്തിന്ന കാരണം. തങ്ങളുടെ നേതാവിൻെറ ജീവിതത്തിലെ ഈ മഹാസംഭവം അത്യാഡംബരപൂൎവ്വം കൊണ്ടാടുന്നതിന്ന സഖ്യാംഗങ്ങൾ അഹമഹമികയാ സന്നദ്ധരായി. ലീഗിനെ പൈതൃകമായ വാത്സല്യത്തോടുകൂടി പോററുകയും, അതിന്ന സമുചിതമായ ഒരു ഭരണവ്യവസ്ഥ ഏൎപ്പെടുത്തുകയും, അതിനെ സുസ്ഥിരമായ ഒരു അടിസ്ഥാനത്തിന്മേൽ പ്രതിഷ്ഠിക്കുകയും, ഗണ്യമായ ഒരു മൂലധനവും ആകൎഷകമായ ഒരു കേന്ദ്രസൗധവും സമ്പാദിക്കുകയും ചെയ്ത ആ മഹാപുരുഷനോട് കൃതജ്ഞത രേഖപ്പെടുത്തുന്നതിന് ഈ അവസരത്തെ ലീഗ് ഉപയോഗപ്പെടുത്തി.

1930 ജൂലൈ-ആഗസ്റ്റ് ലക്കം "കേരളീയകത്തോലിക്കവിദ്യാൎത്ഥി" ഈ ജൂബിലിസംബന്ധിച്ചു പ്രസ്താവിക്കുന്നതു് ഇങ്ങനെയാണ്:- "ഈ വന്ദ്യവൈദികനിൽനിന്ന സംഘത്തിന്ന ലഭിച്ചിട്ടുള്ളതും ലഭിച്ചുകൊണ്ടിരിക്കുന്നതുമായ നന്മകൾ അനവധിയത്രെ. സ്ഥിരാദ്ധ്യക്ഷസ്ഥാനത്തു് അദ്ദേഹത്തിൻെറ സാന്നിദ്ധ്യം ഇല്ലായിരുന്നുവെങ്കിൽ, സംഘത്തിൻെറ

കാര്യം ഇപ്പോഠം എങ്ങനെ കലാശിച്ചേനെ എന്ന് ഊഹിക്കേണ്ടിയിരിക്കുന്നു. ഫാദർ ഒണോരെയാണു കേരളത്തിലെ കത്തോലിക്കായുവജനസംഘത്തിൻെറ സാക്ഷാൽ ജീവനാഡി; അദ്ദേഹത്തിൻെറ പൈതൃകവാത്സല്യവും, പക്വബുദ്ധിയും, വിശാലഹൃദയവും, നിസ്വാത്ഥപരിശ്രമവുംമൂലം ഈ സംഘം ഉത്തരോത്തരം പുരോഗമനംചെയ്തുകൊണ്ടിരിക്കുന്നു. ആ പൂജ്യപാദനാൽ നിവേശിതമായ ചൈതന്യം സംഘാംഗങ്ങളുടെ ഹൃദയകമലങ്ങളെ വികസിപ്പിക്കുന്നു. അതിൻെറ പ്രേരണയാൽ അവർ അറിവും വിശ്വാസവുമുള്ള യഥാത്ഥ കത്തോലിക്കാപരിശ്രമികളായിവത്തിക്കുന്നു; ഈ വിധത്തിൽ ഫാദർ ഒണോരെ കേരളത്തിലെ മൂന്നാമത്തെ പ്രേഷിതനെന്ന സംജ്ഞയ്ക്കുപോലും അഹ്നായി ഭവിച്ചിട്ടുണ്ട്. താദൃശനായ ഈ വന്ദ്യപുരുഷൻെറ കനകജൂബിലി കൊണ്ടാടുവാൻ നമ്മെ ആരെങ്കിലും പ്രേരിപ്പിക്കണമൊ? നമ്മുടെ കൃതജ്ഞതാബുദ്ധി അതിനു നമ്മെ നിർബന്ധിക്കുന്നു!"

സെപ്ററംബർ 3-ാം തീയതി കൂടിയ മാനേജിംഗ്കമ്മററി യോഗത്തിൽ, ഫാദർ ഒണോരെയുടെ ജൂബിലി, ലീഗിൻെറ ആഭിമുഖ്യത്തിൽ പൊതുവെ കൊണ്ടാടുന്നതിനു തീരുമാനിച്ചതിനു പുറമേ, ജൂബിലി ആഘോഷിക്കുന്നതിനും, ജൂബിലേയ്യൻ വേണ്ടി പ്രാത്ഥിക്കുന്നതിനും ശാഖാസംഘത്തോട്ട് ആവശ്യപ്പെടുകയും ചെയ്തിരുന്നു. ശാഖാസംഘങ്ങളിൽ ആദ്യമായി ഈ ജൂബിലി കൊണ്ടാടിയതു്,

ഫാദർ ഒണോരെയുടെ വാസസ്ഥലമായ തൃശ്ശിനാപ്പിള്ളിയിലെ കേരളകത്തോലിക്കവിദ്യാൎത്ഥികൾ തന്നെയായിരുന്നു. സുപ്രസിദ്ധമായ ലോലിഹാളിൽ വെച്ചുതന്നെ, മധുരജസ്വീററ് പ്രോവിൻസിലെ പ്രൊവിൻഷ്യലിന്റെ അദ്ധ്യക്ഷതയിൽകൂടിയ യോഗത്തിൽ, അവർ ജൂബിലേയ്യനു ഹൃദയസ്പൃക്കായ ഒരു മംഗളപത്രം സമൎപ്പിക്കുകയുണ്ടായി. പ്രസ്തുത മംഗളപത്രത്തിൽ, ലീഗിനുവേണ്ടി ഫാദർ ഒണോരെ ചെയ്തിട്ടുള്ള സേവനങ്ങളെയും സഹിച്ചിട്ടുള്ള ത്യാഗങ്ങളെയും അതിശയോക്തിസ്പൎശമില്ലാത്ത ഭാഷയിൽ സമ്യക്കായി പ്രതിപാദിച്ചിരുന്നു. ഫാദർ കാർട്ടി തദവസരത്തിൽ ചെയ്ത ഉജ്വലത്തായ പ്രസംഗത്തിൽ, ശാസ്ത്രീയാഭിവൃദ്ധിക്കായി മദ്രാസ് പ്രസിഡൻസിയിൻ ഫാദർ ഒണോരെ ചെയ്തിട്ടുള്ള മഹത്തായ സേവനങ്ങളെ വിവരിക്കുകയും, അതിലൊട്ടും പിന്നിലല്ലാ എം. സി. വൈ. എൽ. കൊണ്ടു സാധിച്ചിട്ടുള്ളതെന്നു സമൎത്ഥിക്കുകയും ചെയ്തിരുന്നു. ആലുവാ, കോട്ടയം, അങ്കമാലി, മാന്നാനം എറണാകുളം മുതലായ കേന്ദ്രങ്ങളിലെ ശാഖാസംഘങ്ങളും അനുമോദനവിഷയത്തിൽ പിന്നോക്കമായിരുന്നില്ല. എല്ലാസ്ഥലങ്ങളിലും അദ്ദേഹത്തിന്റെ ദീഘായുസ്സിനുവേണ്ടി പ്രാൎത്ഥനകൾ നടത്തുകയും, അദ്ദേഹത്തിനു ജ്ഞാനമഞ്ജരികൾ സമൎപ്പിക്കപ്പെടുകയുമുണ്ടായി.

എന്നാൽ ഇതിലെല്ലാററിലും പ്രാധാന്യത്തെ അൎഹിക്കുന്നതു് 1930 ഡിസംബർ മാസത്തിൽ, സ

ഖ്യത്തിൻെറ പൊതുവായ ആഭിമുഖ്യത്തിൽ, ഒല്ലൂർ വെച്ചു നടത്തപ്പെട്ട ആഘോഷങ്ങളാകുന്നു. ലീഗിൻെറ ഈ പതിന്നാലാമത്തു സമ്മേളനത്തിൽ, തൃശ്ശൂർ, ചങ്ങനാശ്ശേരി രൂപതകളിലെ അഭിവന്ദ്യ മെത്രാൻ തിരുമേനിമാരും, ആയിടെ കത്തോലിക്കസഭയെ ആശ്ലേഷിച്ച മാർ ഇവാനിയോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടും സന്നിഹിതരായിരുന്നു. ആഘോഷങ്ങളുടെ രണ്ടാംദിവസം വൈകുന്നേരം ജൂബിലേയ്യൻെറ ബഹുമാനാൎത്ഥം വിപുലമായ തോതിൽ ഒരു ഉദ്യാനവിരുന്നു നടത്തപ്പെടുകയുണ്ടായി. കത്തോലിക്കസമുദായത്തിലെ നിലയും വിലയുമുള്ള പല വൈദികപ്രമാണികളും പൗരമുഖ്യന്മാരും ഇതിൽ സംബന്ധിച്ചിരുന്നു. വിരുന്നിൻെറ അവസാനത്തിൽ, ജൂബിലേയ്യനായ ഫാദർ ഒണോരെയെ അനുമോദിച്ചും, അദ്ദേഹത്തോടു കേരളീയകത്തോലിക്കൎക്കുള്ള കൃതജ്ഞതയെ പ്രകാശിപ്പിച്ചും മോൺ: ആൻറണി പുതുശ്ശേരി ഗംഭീരമായ ഒരു പ്രസംഗം ചെയ്തു.

പിറേറദിവസം ചങ്ങനാശ്ശേരി മെത്രാനച്ചൻ തിരുമനസ്സിലെ അദ്ധ്യക്ഷതയിൽക്കൂടിയ മഹായോഗത്തിൽവെച്ചു ലീഗ് വകയായി ഫാദർ ഒണോരെയ്ക്കു ഒരു മംഗളപത്രം സമൎപ്പിച്ചു. ലീഗ് വൈസ് പ്രസിഡൻറ് മി. സി. ഏ. പോൾ ബി. ഏ. എൽ. ററി വായിക്കുകയും, ഫാദർ ആൻറണി മാളിയേയ്ക്കൽ അതിനെ മനോഹരമായ ഒരു രജതകാസ്കററിൽ അടക്കംചെയ്തു ഫാദർ ഒണോരെയ്ക്കു സമൎപ്പിക്കുക

യും ചെയ്തു. ഇതോടുകൂടി ഒരു ജ്ഞാനപൂക്കെട്ടും, കേരളത്തിലെ ഏതാനും കവികളുടെ വക ഒരു മംഗളപദ്യോപഹാരവും ഒരു പണക്കിഴിയും ഫാദർ ഒണോരെയ്ക്കു സമപ്പിക്കപ്പെട്ടു. ഇവയ്ക്കെല്ലാം കൃതജ്ഞത പ്രകാശിപ്പിച്ചുകൊണ്ടു് ഫാദർ ഒണോരെ ചെയ്ത മറുപടിപ്രസംഗം ഗദ്ഗദാക്ഷരസമന്വിതമായിരുന്നു. ലീഗ് സമപ്പിച്ച ആ മംഗളപത്രത്തിൽ, ഫാദർ ഒണോരെയുടെ സേവനങ്ങളെപ്പററി ഇപ്രകാരം പ്രസ്താവിച്ചിട്ടുണ്ടു്:—

"വസന്തകാലാന്തരീക്ഷത്തെ ഒരേവിധം ഹർഷോന്മാദിതമാക്കിക്കൊണ്ടിരിക്കുന്ന തുല്യമനോഹരങ്ങളായ അനേകം റോസ്പുഷ്പങ്ങളിൽനിന്നു ഏററവും സുന്ദരമായ ഒരു പുഷ്പത്തെ തിരഞ്ഞെടുക്കുക എപ്രകാരം വിഷമകരമായിരിക്കുന്നുവോ, അതുപോലെതന്നെ വിഷമകരമാണു്, അങ്ങയുടേതുപോലെ ബഹുമുഖമായ സേവനവൃത്തികളോടുകൂടിയ ഒരു മഹജ്ജീവിതത്തിൽനിന്നു ഏതെങ്കിലും ഒരു നേട്ടത്തെപ്പററി പ്രത്യേകമെടുത്തു പ്രതിപാദിക്കുകയെന്നുള്ളതു്. എന്നാൽ അങ്ങനെയുള്ള തിരഞ്ഞെടുപ്പു് നടത്തേണ്ടതായിവന്നാൽ, ഞങ്ങൾ തിരഞ്ഞെടുക്കുവാൻ ആഗ്രഹിക്കുന്നതു് അങ്ങയുടെ വിദ്യാഭ്യാസപരമായ നേട്ടങ്ങളായിരിക്കുകയില്ല; ഏതു രംഗത്തിൽ അങ്ങയുടെ സ്വാധീനശക്തി മദ്രാസ്പ്രസിഡൻസിയിലെ കത്തോലിക്ക കോളെജുകൾക്കു് ഏററവും പ്രയോജനകരമായി ഭവിച്ചുവോ, ആ വിദ്യാഭ്യാസപ്രവത്തകൻ എന്നനിലയിലുള്ള നേട്ടങ്ങളു

മായിരിക്കുകയില്ല; അങ്ങയുടെ സംഘടനാശക്തി കൾക്ക് അനശ്വരസ്മാരകമായിരിക്കുന്ന പരീക്ഷണശാലകളുടെ സ്ഥാപകൻ എന്നനിലയിലുള്ള സേവനങ്ങളുമായിരിക്കുകയില്ല; മഹത്തായ ഒരു വിദ്യാഭ്യാസസ്ഥാപനത്തിൽ യഥാൎത്ഥ ശാസ്ത്രത്തിൻെറ പ്രകാശത്തെ അഭംഗുരമായി നിലനിൎത്തിക്കൊണ്ടുപോന്ന പ്രസിദ്ധനായ ഒരു ശാസ്ത്രജ്ഞൻ എന്ന നിലയേയുമായിരിക്കുകയില്ല; അങ്ങയുടെ യൗവനകാലത്തു് അങ്ങയുടെ പാദാന്തികത്തിലിരുന്നു ജ്ഞാനാമൃതം പാനംചെയ്ത ആ കഴിഞ്ഞുപോയ കാലങ്ങളെ അഭിമാനത്തോടും കൃതജ്ഞതയോടും കൂടി സ്മരിക്കുന്നവരായി ഇൻഡ്യയുടെ നാനാഭാഗങ്ങളിലുള്ള അനേകായിരങ്ങളായ ശിഷ്യന്മാരുടെ വന്ദ്യനായ ഗുരുഭൂതനെന്ന പദവിയേയുമായിരിക്കുകയില്ല; ഈ വിവിധരംഗങ്ങളിലുള്ള അങ്ങയുടെ സേവനങ്ങളെയല്ലാ ഞങ്ങൾ ഇന്ന് അനുസ്മരിക്കുവാൻ ആഗ്രഹിക്കുന്നതു്. ആ സേവനങ്ങളിൽ ഏതെങ്കിലും ഒന്നു മതി ഒരുവനെ എക്കാലത്തേയ്ക്കും അവിസ്മരണീയനാക്കിത്തീൎക്കുവാൻ. എന്നാൽ കേരളീയ കത്തോലിക്ക യുവജനസഖ്യത്തിൻെറ ആയുഷ്ക്കാലാദ്ധ്യക്ഷൻെറ, കേരളത്തിലെ യുവജനങ്ങൾക്കു ദൈവദത്തമായി ലഭിച്ചിരിക്കുന്ന ആ ആധുനിക പ്രേഷിതൻെറ, സ്മരണയെയാണ് അനന്തര തലമുറകൾക്ക് സംഭാവന ചെയ്യുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നതു്. ഏതു രാജ്യത്തിൽ അപ്പോസ്തലനായ വിശുദ്ധ തോമ്മാ വിശ്വാസത്തിൻെറ വിത്തു വിതയ്ക്കുകയും വിശുദ്ധ ഫ്രാൻസിസ് തൻെറ പ്രയത്നങ്ങളാൽ അതിനെ ന

നയ്ക്കുകയും ചെയ്തുവോ, അവിടെ ഫ്രാൻസിൽനിന്നു വന്ന മഹാനായ ഒരു മിഷ്യനറി കത്തോലിക്ക യുവജനങ്ങളെ ഏകയോഗമായി സംഘടിപ്പിക്കുകയും, സംഘടിത പ്രവർത്തനങ്ങൾക്ക് അവരെ പ്രാപ്തരാക്കിത്തീർക്കുകയും ചെയ്തു എന്നു ചരിത്രം രേഖപ്പെടുത്തുന്നതാകുന്നു.

അങ്ങയുടെ സൃഷ്ടിപരമായ ഭാവനാശക്തിയാൽ രൂപവൽകൃതമായ ഈ സൗധത്തെപ്പററി ചിന്തിക്കുന്നവർ അത്ഭുതമൂകരായിത്തീരുന്നുവെന്നുള്ളതു വാസ്തവംതന്നെ. സാമാന്യാധികമായ പൈതൃകവാത്സല്യത്തോടുകൂടി, അങ്ങ്, ലീഗിൻെറ പ്രാരംഭവിഷമതകളെ സൂക്ഷിച്ചുകൊണ്ടിരുന്നു. ഒരു കേവലമായ കോൺഫ്രൻസിൻെറ ചാഞ്ചല്യവും അപൂർണ്ണവുമായ യത്നങ്ങളെ അങ്ങു സംഘടിപ്പിക്കുകയും, അതിന് ഒരു ഭരണഘടന നൽകി അതിൻെറ പ്രയോജനത്തെ വർദ്ധിപ്പിക്കുകയുംചെയ്തു. എല്ലാത്തരത്തിലുമുള്ള അതിൻെറ പ്രവർത്തനരംഗങ്ങളെ അങ്ങു വികസിപ്പിക്കുകയും, ആദ്ധ്യാത്മികനേതൃത്വദ്വാരായുവത്വത്തിൻെറ സാഹസികമായ സംരംഭശീലത്തെ അങ്ങു നിയന്ത്രിക്കുകയുംചെയ്തു. ആപൽഘട്ടങ്ങളിൽ, അങ്ങയുടെ അക്ഷീണമായ നയചാതുരി രക്ഷാത്തുറമുഖത്തേയ്ക്കു് ലീഗിനെ അഭംഗമായി ആനയിച്ചിരുന്നു. നിരാശാഘട്ടങ്ങളിൽ, അങ്ങയുടെ ഉല്ലാസകരമായ ശുഭാപ്തിവിശ്വാസം, അവശഹൃദയന്മാരിൽ ധൈര്യോത്തേജനംചെയ്തിരുന്നു. ജനസാമാന്യമെന്ന നിലയിൽ അങ്ങ് ഞങ്ങളോട്ട് പെരുമാറുകയും, അ

തേസമയംതന്നെ വ്യക്തിഗതമായി ഞങ്ങഠം ഓരോ രുത്തരുടെയും ആദശ്ത്തെ ഉത്തേജിപ്പിക്കുകയുംചെയ്തു. പഠനക്കളരികളാൽ ഞങ്ങളുടെ ബുദ്ധിയെ പ്രോജ്വലിപ്പിക്കുക എന്ന നവീനാശയത്തിൻെറ ഉല്പാദകൻ അങ്ങാകുന്നു. അതേ ലക്ഷ്യപ്രാപ്തിക്കായി, കൃത്യാന്തര ബഹുലതകഠംക്കിടയിൽ അങ്ങയുടെ പാണ്ഡിത്യത്തെ അങ്ങു വിനിയോഗിക്കുകയുംചെയ്തു. പ്രശാന്തരമണീയമായ നിശാകാലങ്ങളിലും, ജാഗ്രദവസ്ഥയിലെ ചിന്താതാന്തമായ ഘട്ടങ്ങളിലും അങ്ങയുടെ ദത്തരാജ്യത്തിലെ ഗ്രാമീണജനങ്ങളുടെ ഉന്നമനത്തിനുപററിയ ദൂരവ്യാപകമായ പദ്ധതികളെ അങ്ങ് രൂപവൽകരിച്ചുകൊണ്ടിരുന്നു. 'ആകാശശൂന്യ' മായിരുന്ന ഒന്നിന് എറണാകുളത്തു് ഒരു വസതിയും, അഭിനവവും വിസ്തൃതവുമായ ഒരു പേരും അങ്ങു നൽകി. ഇങ്ങനെ അങ്ങയാൽ നയിക്കപ്പെടുകയും, നിയന്ത്രിക്കപ്പെടുകയും ചെയ്യുന്ന ലീഗ്, അതിൻെറ ഇതേവരെയുള്ള നേട്ടങ്ങളാൽ മഹത്തായിരിക്കുന്നു; അതു് ഇപ്പോഠം വ്യാപൃതമായിരിക്കുന്ന യത്നങ്ങളാൽ മഹത്തരമായിരിക്കുന്നു; ഭാവിയെപ്പററിയുള്ള പ്രതീക്ഷയാൽ അതു മഹത്തമമായിരിക്കുകയുംചെയ്യുന്നു."

## 2.

## രാജി.

ഏററംകഴിഞ്ഞു് ഇറക്കമെന്നപോലെ, അത്യാഡംബരപൂർവ്വം നടത്തപ്പെട്ട ഒല്ലൂർ സമ്മേളനത്തെ

തുടന്ന് ലീഗ്ഗ് ഒന്നു മന്ദീഭവിക്കുകയാണുചെയ്തതു്. ലീഗിൻെറ അഭിവൃദ്ധ്യുന്മുഖമായ ഭാവിക്കു നിദാനമായ പല പരിഷ്ക്കാരങ്ങളും പ്രവൃത്തിപദ്ധതികളും ആലോചിച്ചു തീരുമാനിക്കുക ഉണ്ടായല്ലോ. നിരാശാജനകമായ സാമ്പത്തികസ്ഥിതി, അവ നടപ്പിൽവരുത്തുന്നതിനു പ്രതിബന്ധമായിത്തീൎന്നു. പല ശാഖാസംഘങ്ങളും നിയമപ്രകാരമുള്ള വരിസംഖ്യ അടയ്ക്കുന്നതിന് അമാന്തം കാണിച്ചു. ആയിരത്തോളം ഉറുപ്പികയുടെ ബാദ്ധ്യത ലീഗിനു വന്നുചേൎന്നു. മാസികതന്നെ നടത്തിക്കൊണ്ടുപോകുക ശക്യമല്ലെന്നുവന്നു. ഈ ദുൎഘടഘട്ടത്തിൽ ദീൎഘദൃഷ്ടിയും കാൎയ്യബോധവുമുള്ള വന്ദ്യവയോധികനായ ഫാദർ ഒണോരെ, സഖ്യാംഗങ്ങൾക്കായി ഒരു പരസ്യസന്ദേശമയയ്ക്കുകയുണ്ടായി. 1931 ഫെബ്രുവരി 18-ാം തീയതിയിലെ പ്രസ്തുതസന്ദേശത്തിൽ, ലീഗിൻെറ സാമ്പത്തികമായും മററുമുള്ള ഏതൽക്കാലസ്ഥിതിയെ വിന്യസിച്ചശേഷം, കേരളീയകത്തോലിക്കരുടെ ഉദാരമായ ശ്രദ്ധയേയും സഹായത്തേയും അഭ്യൎത്ഥിച്ചിരുന്നു. ഈ അഭ്യൎത്ഥനയെ കേരളീയകത്തോലിക്കർ പുത്രനിൎവ്വിശേഷമായ ആദരവോടുകൂടിക്കൈക്കൊണ്ടു. ലീഗ്ഗ് ഒരുവിധം ദുൎഘടഘട്ടത്തെ തരണംചെയ്തു.

1931 ജൂലൈമാസത്തിൽ ലീഗിൻെറ ഹെഡ്ഡ് ആഫീസ് എറണാകുളത്തേയ്ക്കു മാററി. സഖ്യത്തിൻെറ ഔദ്യോഗിക നാവായ മാസിക "കത്തോലിക്കയുവലോകം" എന്ന പേരിൽ എറണാകുളത്തുനിന്നു നടത്തിത്തുടങ്ങി. പ്രസ്തുതസന്ദൎഭത്തിൽ ഫാദർ

ഒണോരെ വീണ്ടും ഒരു അഭ്യത്ഥന പ്രസിദ്ധംചെയ്തു. നിയമപ്രകാരമുള്ള വരിസംഖ്യ അടയ്ക്കുവാൻ അംഗങ്ങൾക്കുള്ള ചുമതല, ആദ്ധ്യാത്മികജീവിതനവീകരണത്തിൻെറ ആവശ്യകത, എന്നീ രണ്ടു സംഗതികളെയാണ്, സുദീഘമായ ആ പ്രസ്താവനയിൽ അദ്ദേഹം ഊന്നിപ്പറഞ്ഞിരിക്കുന്നത്. ലീഗിൻെറ ചൈതന്യം ഐക്യതയിലും, പരസ്നേഹത്തിലും, പരസ്പരസഹായത്തിലുമാണു സ്ഥിതിചെയ്യുന്നതെന്നും, ദൈവത്തോടും സഹോദരന്മാരോടുമുള്ള അകളങ്കമായ യഥാത്ഥ സ്നേഹത്താലല്ലാതെ ഇതു് സംലഭ്യമാകുന്നതല്ലെന്നും, ഇവയെല്ലാം ഓരോരുത്തൻെറയും സ്വാത്ഥപരിത്യാഗശീലത്തെയാണ് ആശ്രയിച്ചിരിക്കുന്നതെന്നും അദ്ദേഹം വിശദമാക്കി. സദുദ്ദേശ്യത്തോടും നിസ്സ്വാത്ഥമനോഭാവത്തോടുംകൂടിയാണ് നാം മററുള്ളവക്കു സേവനംചെയ്യുന്നതെങ്കിൽ, വ്യക്തിപരമായ അഭിപ്രായങ്ങളെയും താല്പര്യങ്ങളെയും, സുഖസൗകര്യങ്ങളെയും, പലപ്പോഴും ബലികഴിക്കേണ്ടിവരുമെന്നും, സഹനശക്തിയും സഹിഷ്ണുതയും ക്ഷമാശീലവും അത്യാവശ്യമാണെന്നും അദ്ദേഹം ചൂണ്ടിക്കാണിച്ചു.

1931 മേയ്മാസത്തിൽ, മാനേജിംഗ് കമ്മിററിയുടെ ഒരു യോഗം എറണാകുളത്തുവെച്ചു കൂടി. അതേവരെ മിക്കവാറും എല്ലാ വാഷിക യോഗങ്ങളിലും കമ്മിററിയോഗങ്ങളിലും മുടങ്ങാതെ ഹാജരായിക്കൊണ്ടിരുന്ന ഫാദർ ഒണോരെ, വാതരോഗം പിടിപെട്ടു കിടപ്പിലായിരുന്നതിനാൽ ഈ യോഗ

ത്തിൽ സംബന്ധിക്കുക ഉണ്ടായില്ല. ഇതു് അംഗങ്ങളെ അല്പം കുണ്ഠിതപ്പെടുത്താതിരുന്നില്ല. എന്നാൽ, തൃശ്ശിനാപ്പിള്ളിലിരുന്നുകൊണ്ടുതന്നെ പ്രസിഡൻറിൻെറ ചുമതല ഏററവും ഭംഗിയായി അദ്ദേഹം നിർവ്വഹിക്കുകയുണ്ടായി! കാര്യപരിപാടിയിലെ ഓരോ വിഷയങ്ങളെക്കുറിച്ചും സുദീർഘവും നിഷ്കൃഷ്ടവുമായ നോട്ടുകൾ തയ്യാറാക്കി അദ്ദേഹം അയച്ചുകൊടുത്തിരുന്നു. യോഗത്തിൻെറ വിജയകരമായ നടപ്പിന് അത്യന്തം സഹായകമായിരുന്ന ഈ കുറിപ്പുകൾ അംഗങ്ങളുടെ ഇടയിൽ സിക്രട്ടറി വിതരണംചെയ്തു. അങ്ങനെ ഫാദർ ഒണോരെയുടെ പരോക്ഷസാന്നിദ്ധ്യത്തിലാണ് പ്രസ്തുതപ്രവർത്തനസമിതിയോഗം നടന്നതു്.

മാനേജിംഗ് കമ്മററിയുടെ ഒരു യോഗം വീണ്ടും 1931 സെപ്ററംബർ 15-ാം തീയതി കൂടി. ഈ പ്രാവശ്യവും കാര്യപരിപാടിയിലെ വിഷയങ്ങളെപ്പററി വിശദമായ കുറിപ്പുകൾ ഫാദർ ഒണോരെ അയച്ചിരുന്നു. മാത്രമല്ലാ താൻ പ്രസിഡൻറു് സ്ഥാനം രാജിവെക്കുവാൻ പോകുന്ന സംഗതിയും അദ്ദേഹം കമ്മററിയെ അറിയിക്കുകയുണ്ടായി. അദ്ദേഹത്തിൻെറ രാജിക്കാര്യത്തിൽ ലീഗിന് അനുകൂലാഭിപ്രായമല്ലാ ഉണ്ടായിരുന്നതെങ്കിലും 1932 ജനുവരി 5-ാം തീയതി അദ്ദേഹം സ്ഥാനം രാജിവെച്ചു. വാർദ്ധക്യസഹജമായ രോഗത്താലും, ആലസ്യത്താലും മാത്രമാണ് താൻ രാജിവെക്കുന്നതെന്ന് അദ്ദേഹം തൻെറ രാജിക്കത്തിൽ എടുത്തുപറഞ്ഞിട്ടുണ്ട്. എ

ങ്കിലും ലീഗിൻെറ മാന്ദ്യതയും അതിന്നൊരു പ്രേരക മായിരുന്നില്ലേയെന്നു സംശയിക്കേണ്ടിയിരിക്കുന്നു. 1931 സെപ്ററംബർ 12-ാം തീയതിയിലെ മലബാർ ഹെറാൾഡിലെ ഒരു ലേഖനം ലീഗിൻെറ ഏതൽക്കാലസ്ഥിതിഗതികളെ വിശദീകരിക്കുന്നുണ്ട്. "കേരളത്തിലെ കത്തോലിക്കർ ലീഗിന് എന്തൊരു പ്രോത്സാഹനമാണു കൊടുക്കുന്നത്?...ജനങ്ങളിൽ നിന്നു ഗണ്യമായ യാതൊരുസഹായവും കിട്ടാതെ, അതു ക്രമേണ അതിൻെറ അന്ത്യത്തെ സമീപിച്ചുകൊണ്ടിരിക്കുന്നു..." ലീഗ് വളരെ ഹൃദയവേദനയോടുകൂടിയാണു ഫാദർ ഒണോരെയുടെ രാജി സ്വീകരിച്ചത്. പകരം രാജശ്രീ ഐ. സി. ചാക്കോ ബി. എ. ബി. എസ്സ്സി.യെ സ്ഥിരം പ്രസിഡൻറായി തിരഞ്ഞെടുത്തു.

ഫാദർ ഒണോരെയുടെ സേവനത്തിൻെറ പ്രത്യക്ഷലക്ഷ്യവും, അദ്ദേഹത്തിൻെറ ഹൃദയത്തിന് ഏററവും പ്രിയംകരവുമായിരുന്ന എറണാകുളത്തെ കേന്ദ്രസൗധത്തിൻെറ പണി 1932-ൽ ഒട്ടു പൂത്തിയായി. 1932 ജൻവരി 6-ാം തീയതി, എറണാകുളം മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട് മനോഹരമായ ആ മന്ദിരം ആശീർവ്വദിച്ചുൽഘാടനംചെയ്തു. ലീഗിനു കേരളത്തിൽ സ്ഥിരപ്രതിഷ്ഠ നല്കുവാൻ ഫാദർ ഒണോരെയ്ക്കുള്ള ഹൃദയംഗമമായ ആഗ്രഹത്തിൻെറ പ്രത്യക്ഷലക്ഷ്യമാണ് ഈ സൗധമെന്നാണ് മെത്രാപ്പോലീത്താ തിരുമേനി തദവസരത്തിൽ പ്രസ്താവിച്ചത്. മന്ദിരോൽഘാടനാനന്തരം, ലീഗി

ൻെറ ആ വിശേഷാൽ പൊതുയോഗത്തിൽവെച്ചു, അദ്ധ്യക്ഷനായ മോൺ: ജോർജ്ജ് ക്രൂർസവർകൾ, ഫാദർ ഒണോരെയുടെ മനോഹരമായ ഒരു ഛായാപടം അനാച്ഛാദനംചെയ്തു. "കേരളത്തിലെ കത്തോലിക്കായുവജനങ്ങളുടെ സുഹൃത്തും, നേതാവും, ഉപദേഷ്ടാവുമായ ഫാദർ ഒണോരെയുടെ സ്മരണയെ ശാശ്വതീകരിക്കുവാൻ" ലീഗു ചെയ്തിരിക്കുന്ന ഈ യത്നം (ഛായാനാച്ഛാദനം) ഭാവിതലമുറകൾക്കു് ഒരു നിവേശനമായിത്തീരട്ടെയെന്നു മോൺ: ക്രൂർസ് ഹൃദയപൂർവ്വം ആശംസിക്കുകയുണ്ടായി.

ഈ വിശേഷാൽ പൊതുയോഗം ഫാദർ ഒണോരെയുടെ രാജിയെ ഏററവും സന്താപത്തോടുകൂടി സ്വീകരിച്ചു. "അഗാധമായ വ്യസനത്തോടുകൂടി, എന്നാൽ വാർദ്ധക്യക്ലേശങ്ങളാൽ മാത്രം പ്രേരിതനായി, എൻെറ പ്രസിഡൻറുസ്ഥാനം ഞാൻ രാജിവെക്കുന്നു" എന്നാണു് രാജിക്കത്തിൽ അദ്ദേഹം പറഞ്ഞിരിക്കുന്നതു്. ഈശോയുടെ തിരുഹൃദയത്തിൻെറ മഹത്വത്തിനായി സ്ഥാപിതമായിരിക്കുന്ന സഖ്യത്തിൻെറ ഭാവൈശ്വര്യങ്ങൾക്കായി താൻ അവിടുത്തോടു നിരന്തരം പ്രാർത്ഥിക്കുന്നതാണെന്നുറപ്പു നല്കികൊണ്ടാണു് ആ രാജിക്കത്തു് അവസാനിക്കുന്നതു്. ഫാദർ ഒണോരെയുടെ മഹത്തായ സേവനങ്ങളെ അഭിനന്ദിച്ചും, അതിൽ കൃതജ്ഞത പ്രകാശിപ്പിച്ചും, അദ്ദേഹത്തിൻെറ ദീർഘായുസ്സിനായി പ്രാർത്ഥിച്ചുകൊണ്ടുമുള്ള ഒരു കമ്പിസന്ദേശം ആ പൊതുയോഗത്തിൽ നിന്നയയ്ക്കുകയുണ്ടായി. ആയിടെ,

1932 ഫെബ്രുവരിലക്കം, യുവലോകത്തിൽ പ്രസിദ്ധംചെയ്തിട്ടുള്ള "ഫാദർ ഒണോരെയും എം. സി. വൈ. എൽ-ം" എന്ന പ്രബന്ധം, അദ്ദേഹത്തെയും അദ്ദേഹത്തിൻെറ സേവനങ്ങളെയുംപററി കേരളീയക്കുള്ള മതിപ്പിനു മറക്കുവാൻ പാടില്ലാത്ത ഒരു തെളിവായിരിക്കുന്നു.

ഇങ്ങനെ ലീഗുമായുള്ള പ്രത്യക്ഷബന്ധത്തിൽനിന്നു്, ഗൗരവാവഹമായ ഔദ്യോഗികകൃത്യങ്ങളിൽനിന്നു്, വിമുക്തനായെങ്കിലും ഫാദർ ഒണോരെ ലീഗിനെ വിസ്മരിച്ചില്ല. തൻെറ രാജിക്കത്തിൽ പ്രസ്താവിച്ചിരുന്നതുപോലെ അദ്ദേഹം ലീഗിൻെറ പ്രവൎത്തനങ്ങളെ ഏററവും ഔൽസുക്യത്തോടുകൂടി വീക്ഷിക്കുകയും, അതിൻെറ അഭിവൃദ്ധ്യുന്മുഖമായ ഭാവിപ്രവൎത്തനങ്ങളിൽ ആകാംക്ഷ ഉള്ളവനായിരിക്കുകയും ചെയ്തിരുന്നു. 1933 ജൂലൈലക്കം 'യുവലോക' ത്തിൽ ഫാദർ ഒണോരെ എഴുതിയിട്ടുള്ള "കത്തോലിക്കപ്രവൎത്തനവും എം. സി. വൈ. എൽ.-ം"എന്ന പ്രബന്ധം ലീഗിൻെറ അഭിവൃദ്ധിയിൽ അദ്ദേഹത്തിനുള്ള ആകാംക്ഷയ്ക്കു് ഒരു പ്രത്യക്ഷലക്ഷ്യമാകുന്നു. കേരളത്തിൽ കത്തോലിക്കപ്രവൎത്തനസംഘങ്ങൾ സ്ഥാപിക്കുവാനുള്ള ആലോചന അറിഞ്ഞുകൊണ്ടാണു് അദ്ദേഹം ഈ പ്രബന്ധം എഴുതിയതെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. കത്തോലിക്കപ്രവൎത്തനം എന്താണെന്നു വിശദമായും നിഷ്കൃഷ്ടമായും വിവരിച്ചശേഷം, എം. സി. വൈ. എൽ.ൻെറ ഉദ്ദേശ്യങ്ങളും പ്രവൎത്തനങ്ങളും, കത്തോലിക്കപ്രവ

ത്തനത്തിൻെറ ഉദ്ദേശ്യങ്ങളും പ്രവൎത്തനങ്ങളുംതന്നെ യാണെന്നു തെളിയിക്കുകയും, അതിനാൽ ലീഗി ൻെറ ഘടനയ്ക്കു യാതൊരു വൈജാത്യവും വരുത്താ തെതന്നെ 'കത്തോലിക്കപ്രവൎത്തന' സമിതിയിലെ ഒരു ഘടകമായിത്തീരാവുന്നതാണെന്നു ചൂണ്ടിക്കാ ണിക്കുകയുംചെയ്തിരിക്കുന്നു. ലീഗും മററു കത്തോലി ക്കപ്രവൎത്തനസമിതികളും തീരെ നിൎജ്ജീവാവസ്ഥ യിൽകിടക്കുന്ന ഇന്നു് ഫാദർ ഒണോരെയുടെ ദീൎഘ ദൃഷ്ടിയേയും, ജ്ഞാനത്തെയും നമുക്കു് അഭിനന്ദിക്കു വാൻ സാധിക്കുന്നു.

## 3.

### വീണ്ടും പ്രസിഡൻറു്.

ലീഗിൻെറ സ്ഥിരാദ്ധ്യക്ഷസ്ഥാനം വച്ചൊഴി യുന്നതിനു ഫാദർ ഒണോരെ ചൂണ്ടിക്കാണിച്ചിരി ക്കുന്ന കാരണം, വാൎദ്ധക്യസഹജമായ ആലസ്യമാ ണെങ്കിലും, മഹത്തായ പ്രതീക്ഷകളോടെ സമാരബ്ധ മായിട്ടുള്ള ആ സ്ഥാപനത്തിൻെറ ഉത്സാഹശൂന്യത ആ രാജിയെ ത്വരിതപ്പെടുത്തിയിരിക്കണമെന്നുള്ള തിനു തൎക്കമില്ല. എന്നാൽ രാജിയെ തുടൎന്നാകട്ടെ, ലീഗിൻെറ പ്രവൎത്തനം പൂൎവ്വവൽ മന്ദീഭവിക്കുകയാ ണു ചെയ്തതു്. ആദ്ധ്യാത്മികോപദേഷ്ടാവായ റവ. ഫാദർ മേനാച്ചേരിയുടെ പ്രയത്നഫലമായി ട്രൂത്ത് എന്നൊരു പ്രതിപക്ഷപത്രിക പുറപ്പെടുവിച്ചതാ ണു ലീഗിൻെറ ഏററവും വലിയ പ്രവൃത്തി എന്നു

ചുരുക്കിപ്പറയാം. അദ്ദേഹത്തിൻെറ തന്നെ ശ്രമഫലമായി എറണാകുളത്ത്, ഒരാഴ്ചത്തേക്കു നീണ്ടുനിന്ന, ഒരു പ്രസംഗപരമ്പര നടത്തപ്പെട്ടതും പ്രസ്താവ്യമാണ്. ഇവയും, യുവലോകം മാസികയും ഒഴിച്ചാൽ പിന്നെ, അക്കാലത്തെ കത്തോലിക്ക യുവജനസഖ്യത്തെപ്പററി അധികമൊന്നും രേഖപ്പെടുത്തുവാനില്ല.

പരിതസ്ഥിതികൾ ഇങ്ങനെയിരിക്കവേയാണ്, 1933 ആഗസ്റ്റ് മാസത്തിൽ, ഏതൽക്കാലപ്രസിഡൻറ് തൻെറ സ്ഥാനം രാജിവെച്ചതു്. ലീഗിൻെറ ഈ വിഷമഘട്ടത്തിൽ, സ്ഥിരം പ്രസിഡൻറു സ്ഥാനം സ്വീകരിക്കുവാൻ, ലീഗു വീണ്ടും ഫാദർ ഒണോരയെത്തന്നെ ശരണം പ്രാപിച്ചു. വാൎദ്ധക്യസഹജമായ ക്ഷീണമുണ്ടായിരുന്നെങ്കിലും, ലീഗിനോടുള്ള അത്യന്ത വാത്സല്യത്താൽ, സ്ഥിരം പ്രസിഡൻറുസ്ഥാനം സ്വീകരിച്ചുകൊള്ളാമെന്നു അദ്ദേഹം സമ്മതിച്ചു. 1933 സെപ്തംബർമാസത്തിൽ കൂടിയ മാനേജിംഗ് കമ്മററിയോഗം, തൽക്കാലപ്രസിഡൻറിൻെറ രാജി സ്വീകരിക്കുകയും, ഫാദർ ഒണോരയെത്തന്നെ പ്രസിഡൻറായി തിരഞ്ഞെടുക്കുകയും ചെയ്തു. അനന്തരം പ്രസ്തുത കമ്മിററിയോഗം ഫാദർ ഒണോരെയുടെ അദ്ധ്യക്ഷതയിൽ തന്നേ തുടൎന്നു. മദ്രാസിലെ ഫാദർ മർഫി എസ്. ജെ. യെ പ്രസിഡൻറിൻെറ പേഴ്സനൽ അസിസ്റ്റൻറായി നിയമിച്ചതു ഈ യോഗത്തിൽവെച്ചാണ്. അന്നുതന്നെ സമ്മേളിച്ച ഒരു വിശേഷാൽ പൊതുയോഗത്തിൽവെച്ച്, ചിരപ്രതീക്ഷിതമായ

എം. സി. വൈ. എൽ. ഗ്രന്ഥശാല ഫാദർ ഒണോരെ ഉൽഘാടനം ചെയ്തു.

അദ്ധ്യക്ഷപദം സ്വീകരിച്ചതിനെത്തുടൎന്ന്, ശാഖാസംഘങ്ങളെ സന്ദൎശിക്കുന്നതിനും, ആവശ്യമായ നിൎദ്ദേശങ്ങൾ നൽകുന്നതിനുമായി ഫാദർ ഒണോരെ കേരളം ഒന്നു ചുററിസഞ്ചരിച്ചു. സ്ഥിരാദ്ധ്യക്ഷപദം വീണ്ടും സ്വീകരിച്ചതിലുള്ള കൃതജ്ഞത പ്രകടിപ്പിക്കുന്നതിനായി പല ശാഖാസംഘങ്ങളും അസാധാരണ യോഗങ്ങൾ കൂടുകയുണ്ടായി. അദ്ദേഹത്തിൻെറ സാന്നിദ്ധ്യം പല ശാഖാസംഘങ്ങൾക്കും പ്രോത്സാഹനജനകമായിരുന്നു എന്നു അനന്തര സംഭവങ്ങൾ തെളിയിക്കുന്നു. ഈ കേരളപൎയ്യടനവേളയിൽ അദ്ദേഹം തിരുവനന്തപുരവും സന്ദൎശിക്കുകയുണ്ടായി. തദവസരത്തിൽ അവിടെ ഒരു ശാഖാസംഘം സ്ഥാപിതമായി എന്നുള്ളതു് ഇവിടെ പ്രത്യേകം സ്മരണീയമാകുന്നു. തിരുവനന്തപുരം മെത്രാപ്പോലീത്താ തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ കൂടിയ ഒരു പൊതുയോഗത്തിൽവെച്ചു പ്രസ്തുത ശാഖാസംഘം പ്രോൽഘാടനം ചെയ്യപ്പെട്ടു. ഫാദർ ഒണോരയുടെ ഈ യാത്രാവേളയിലാണു് ചങ്ങനാശ്ശേരി സെൻറ ജോസഫ്സ് ഹൈസ്കൂളിൽ ഒരു ശാഖാസംഘം സമാരബ്ധമായതു്. ഇതു ലീഗു ചരിത്രത്തിൽ സൎവ്വപ്രധാനമായ ഒരു സംഭവമാകുന്നു. കാരണം, ലീഗിൻെറ അംഗങ്ങളായി, ഇദംപ്രഥമമായി വനിതകളെയും സ്വീകരിച്ചതു് തദവസരത്തിലാകുന്നു.

1934 ആദ്യം, ഫാദർ ഒണോരെ വീണ്ടും കേരളത്തിലേയ്ക്കു വന്നു. ജനുവരി 2-ാം തീയതി എറണാകുളത്തുവെച്ചു കൂടിയ വാർഷിക പൊതുയോഗത്തിൽ അദ്ദേഹംതന്നെയാണ് അദ്ധ്യക്ഷത വഹിച്ചതു്. ലീഗിൻെറ ശാഖാസംഘങ്ങൾ സ്ഥാപിക്കുന്നതിന്, കേരളത്തിലെ ഹൈസ്ക്കൂൾ മേധാവികൾക്കു പ്രസിഡൻറ് ഒരു സർക്കുലർ അയയ്ക്കണമെന്നു ഈ യോഗം തീരുമാനിക്കുകയുണ്ടായി. തദനുസരണം അദ്ദേഹം തയ്യാറാക്കിയ സർക്കുലർ, അപ്രമേയമായ വിധിവിലാസത്താൽ, അദ്ദേഹത്തിൻെറ അന്തിമവചസ്സുകളായി ഭവിച്ചു. അതു സകല ഹൈസ്ക്കൂൾമേധാവികൾക്കും അയച്ചുകൊടുത്തെങ്കിലും, മഹാനായ ഫാദർ ഒണോരെ തൻെറ ജീവബലികൊണ്ടു മുദ്രണം ചെയ്തിട്ടുള്ള ആ അഭ്യർത്ഥനയ്ക്ക്, നാളതുവരെ അനുവാദപൂർവ്വമായ ഒരു പ്രത്യുത്തരം അധികം സ്ഥലങ്ങളിൽനിന്ന് ഉണ്ടായിട്ടില്ലാ എന്നുള്ള നിർഭാഗ്യകരമായ വസ്തുതയും, ആനുഷംഗികമായി ഇവിടെ പ്രസ്താവിച്ചുകൊള്ളട്ടെ.

എറണാകുളം പൊതുയോഗത്തെത്തുടന്നു് അദ്ദേഹം മിക്ക ശാഖാസംഘങ്ങളും സന്ദർശിക്കുകയുണ്ടായി. ഈ അവസരത്തിൽ എറണാകുളം, ചങ്ങനാശേരി, തിരുവനന്തപുരം ഈ കേന്ദ്രങ്ങളിൽ ഏകദേശം ഓരോ വാരം വീതം അദ്ദേഹം താമസിക്കുകയും, ശാഖാസംഘങ്ങളുടെ ഊർജ്ജസ്വലമായ പ്രവർത്തനത്തിനു വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. അദ്ദേഹത്തിൻെറ തിരുവനന്തപുരം സന്ദർശനം

സംഭവബഹുലമായിരുന്നു. ജനുവരി 13-ാം തീയതി ഹൈക്കോടതി വക്കീൽ മി. പി. എ. അബ്രാഹം ബി. എ. ബി. എൽ. ഫാദർ ഒണോരയുടെ ബഹുമാനാർത്ഥം ഒരു വിരുന്നു സൽക്കാരം നടത്തുകയുണ്ടായി. 15-ാം തീയതി ലോക്കോളേജ് ഹാളിൽ, ഹൈക്കോടതി ജഡ്ജി മി. ജോസഫ് തളിയത്തിന്റെ അദ്ധ്യക്ഷതയിൽ കൂടിയ ബഹുജനയോഗത്തിൽ വെച്ച് അദ്ദേഹത്തിനു ഹൃദ്യമായ ഒരു സ്വീകരണവും മംഗളപത്രസമപ്പണവും നടന്നു. പിറേറദിവസം തിരുവനന്തപുരം ശാഖാസംഘത്തിന്റെ വകയായി, ഫാദർ ഒണോരെയുടെ ബഹുമാനാർത്ഥം, വിപുലമായ തോതിലുള്ള ഒരു വിരുന്നുസൽക്കാരം നടത്തപ്പെട്ടു. പഠനക്കളരിയുടെ മാതൃക ആ ശാഖാസംഘത്തെ മനസ്സിലാക്കിക്കൊടുക്കുകയും, പുതുതായി സമാരബ്ധമായ 'ലീജിയൻ ഓഫ് മേരി' എന്ന സംഘടനയുടെ ഒരു യോഗത്തിൽ അദ്ധ്യക്ഷം വഹിക്കുകയും ചെയ്തതിനുശേഷം, വെള്ളിയാഴ്ച അദ്ദേഹം മദ്രാസിനു തിരിച്ചുപോയി.

പ്രായാധിക്യവും, തജ്ജന്യമായ അനാരോഗ്യവും നിമിത്തം, അധികൃതന്മാരുടെ ആജ്ഞാനുസരണം, തന്റെ പ്രവൃത്തിരംഗമായിരുന്ന തൃശ്ശിനാപ്പിള്ളി കോളെജ് വിട്ട്, മദ്രാസിൽ വിശ്രമ ജീവിതം നയിച്ചിരുന്ന ഫാദർ ഒണോരെ, കേരളീയക്കുവേണ്ടി ചെയ്യുന്ന ഈ നിസ്വാർത്ഥമായ സേവനങ്ങൾ പൊതുജനശ്രദ്ധയിൽ പെടുകതന്നെ ചെയ്തു. ആയിടയ്ക്കുള്ള "സത്യദീപം" ഒരു മുഖപ്രസംഗത്തിൽ

ഇങ്ങനെ പറഞ്ഞിരുന്നു. "ആ വന്ദ്യൻ വിശ്രമജീവിതം വേണ്ടെന്നുവെച്ച്, സഖ്യത്തിൻെറ സ്ഥിരം പ്രസിഡൻറു സ്ഥാനം സസന്തോഷം സ്വീകരിക്കുകയും, തത്സംബന്ധമായ ജോലികൾക്കായി തൻെറ ആയുശ്ശേഷം സമർപ്പിക്കുകയും, സ്വന്തം ചിലവിൽ യാത്ര ചെയ്തു... സൗകര്യംപോലെ ശാഖാസംഘങ്ങൾ സന്ദർശിച്ചും, സഖ്യത്തിൻെറ അഭ്യുന്നതിക്കായി സർവ്വാത്മനാ പ്രയത്നിക്കുകയും ചെയ്യുന്ന കാഴ്ച ഏതൊരു ഹൃദയത്തെ ഇളക്കുവാൻ പര്യാപ്തമാകയില്ല! ദേശസംബന്ധമോ, രക്തസംബന്ധമോ ആയി നമ്മോടു യാതൊരു ചാർച്ചയും വേഴ്ചയുമില്ലാത്ത ഈ പണ്ഡിത വൈദികൻ തൻെറ സർവ്വ സുഖസൗകര്യങ്ങളും തൃണവൽഗണിച്ചു നമുക്കുവേണ്ടി ഇപ്രകാരം യത്നിക്കുന്നതു് ഈ രാജ്യത്തിൽ ദൈവമഹത്വം വർദ്ധിക്കുന്നതിനും, സമുദായങ്ങളും കുടുംബങ്ങളും യഥാർത്ഥമായി അഭിവൃദ്ധിപ്പെടുന്നതിനും, പ്രസ്തുത സഖ്യം അത്യന്താപേക്ഷിതമായ ഒരു മാർഗ്ഗമാണെന്നുള്ള ദൃഢബോധംകൊണ്ടല്ലയോ?"

# VI

## 1.

### വിശ്രമകാലസേവനം.

സുദീൎഘമായ 50 കൊല്ലക്കാലത്തെ അദ്ധ്യാപകവൃത്തിക്കുശേഷം—അതിൽ 35 കൊല്ലവും പ്രകൃതിശാസ്ത്രപ്രാസംഗികനായിരുന്നു—72-ാമത്തെ വയസ്സിൽ ഫാദർ ഒണോരെ തൃശ്ശിനാപ്പിള്ളിസെൻറ് ജോസഫ്സ് കോളെജിലെ ഉദ്യോഗത്തിൽനിന്നു പിരിഞ്ഞതായി ഇതിനുമുൻപു പ്രസ്താവിക്കുകയുണ്ടായല്ലൊ. അദ്ദേഹം ന്യായമായി അൎഹിക്കുന്ന വിശ്രമം ഇനി വളരെനാൾ അനുസ്യൂതമായി, അദ്ദേഹത്തിന് ആസ്വദിക്കുവാൻ സാധിക്കുമെന്നു പലരും പ്രതീക്ഷിച്ചു. അദ്ദേഹത്തിൻെറ സരളമായ ഹൃദയത്തിൻെറയും പക്വമായ പരിചയത്തിൻെറയും, വിസ്തൃതമായ വിജ്ഞാനത്തിൻെറയും, പരമമായ പാണ്ഡിത്യത്തിൻെറയും വിശിഷ്ടഫലങ്ങൾ ആസ്വദിക്കാമെന്നു ലെയോള്ളാ കോളെജ് മുതലായ സ്ഥാപനങ്ങൾ പ്രതീക്ഷിച്ചു. വാൎദ്ധക്യവും വിശ്രമരഹിതമായ സേവനവും നിമിത്തം അദ്ദേഹത്തിൻെറ ആരോഗ്യം ക്ഷയിച്ചുകൊണ്ടിരുന്നെങ്കിലും, ക്ലമരഹിതമായ വിശ്രമത്താൽ നഷ്ടപ്പെട്ട ആരോഗ്യവും ശക്തിയും പുനൎലബ്ധമാകുമെന്നായിരുന്നു എല്ലാവരുടേയും അഭിപ്രായം.

ഈ പ്രതീക്ഷ തീരെ അസ്ഥാനത്തല്ലായിരുന്നു.

തൃശ്ശിനാപ്പിള്ളിൽനിന്നും മദ്രാസിലെ ലെയോളാ കോളെജിലേക്കാണ് അദ്ദേഹം താമസം മാററിയത്. ലെയോളായിലെ വാസംകൊണ്ടു ഫാദർ ഒണോരെയുടെ ആരോഗ്യം വദ്ധമാനമാകുകയും, നവമായ ഒരുന്മേഷവും പ്രസരിപ്പും അദ്ദേഹത്തിൽ ദൃശ്യമാകുകയുംചെയ്തു. പക്ഷെ ഈ ഉന്മേഷം അദ്ദേഹത്തെ കൂടുതൽ കമ്മനിരതനാക്കുകയാണുചെയ്തത്. കമ്മരഹിതമായ ഒരു ജീവിതം അദ്ദേഹത്തിൻെറ നിഘണ്ടുവിൽപെട്ടതല്ലായിരുന്നു. അദ്ധ്യാപകവൃത്തിസ്വീകരിച്ചില്ലെങ്കിലും, ലെയോളായുടെ സവ്വതോമുഖമായ അഭിവൃദ്ധിക്കു നിദാനമായ പല സേവനങ്ങളിലും അദ്ദേഹം വ്യാപൃതനായി. അതിൽ സവ്വപ്രധാനമായത്, ഒരുപദേഷ്ടാവിൻെറ നിലയിൽ അദ്ദേഹംചെയ്ത സേവനമാണ്. ഫാദർ ഒണോരെയെപ്പോലെ എല്ലാവക്കും വിശ്വാസപാത്രമായ മറെറാരു വ്യക്തി അന്നവിടെ ഉണ്ടായിരുന്നില്ല, അദ്ധ്യാപകന്മാരും അദ്ധ്യേതാക്കളും, വൈദികരും അവൈദികരും, ഒന്നുപോലെ, വിചികിത്സിതങ്ങളിൽ ഫാദർ ഒണോരെയാണു സമീപിച്ചുകൊണ്ടിരുന്നത്.

ആക്കും, എപ്പോഴും, എന്തൊരു കാര്യത്തിലും, പരിപക്വമായ തൻെറ ഉപദേശം നൽകുന്നതിന് അദ്ദേഹം സന്നദ്ധനും ഉത്സുകനുമായിരുന്നു. ക്ലാന്തരും താന്തരുമായ എത്ര സന്ദേഹമനസ്കർ അദ്ദേഹത്തിൻെറ അന്തികത്തിൽ നിന്ന് ശാന്തിയും ആശയ വൈശദ്യവും നേടിയെന്ന്, എത്ര ഉൽകണ്ഠിത ഹൃദയങ്ങൾ ബലിഷ്ഠതയും ആശ്വാസവും പ്രാപിച്ചു

വെന്നു്, ഏതു അപഥ സഞ്ചാരികൾ മാൎഗ്ഗദൎശന വും നേതൃത്വവും കണ്ടെത്തിയെന്നു്, പറയാവതല്ല. പഴയ സഹപ്രവൎത്തകന്മാർ, സഹായികൾ, പൂൎവ്വ വിദ്യാൎത്ഥികൾ, എല്ലാവരുംതന്നെ, ഈ വിശ്രമകാ ലത്തിലും അദ്ദേഹത്തിൻെറ അഭിപ്രായവും ഉപദേ ശവും തേടിയിരുന്നു. അവരെ ആരെയും, ഒരിക്ക ലെങ്കിലും അദ്ദേഹം നിരാശപ്പെടുത്തിയിരുന്നില്ല. "അദ്ദേഹത്തെ ഒന്നു നോക്കുക. അദ്ദേഹത്തിൽനി ന്നു ഒരു വാക്കു കേൾക്കുക, അതു സമാശ്വാസകര മാകുന്നു" എന്നാണു ഒരു സന്ദൎശകൻ ഒരിക്കൽ പ്ര സ്താവിക്കുകയുണ്ടായതു്.

തൻെറ കഴിവിൽക്കവിഞ്ഞവിധം സേവനോ ത്സുകനായിരുന്ന ഈ മഹാൻ ഇപ്പറഞ്ഞതുകൊണ്ടൊ ന്നും തൃപ്തനായിരുന്നില്ല. വിശുദ്ധ ലൗറന്തിയോസി നെപ്പോലെതന്നെ, കത്തോലിക്ക സഭയുടെ അന ശ്വര നിക്ഷേപങ്ങളിലായിരുന്നു അദ്ദേഹത്തിൻെറ കണ്ണു മുഴുവനും. അതേ, അന്ധന്മാർ, ബധിരന്മാർ, ഊമന്മാർ, അംഗഹീനർ മുതലായ അനശ്വര നി ക്ഷേപങ്ങൾക്കു് അദ്ദേഹത്തിൻെറ ഹൃദയത്തിൽ അത്ഭുതപൂൎവ്വമായ ഒരു സ്ഥാനമാണുണ്ടായിരുന്നതു്. മദ്രാസിലെ വിശ്രമജീവിതക്കാലത്തും സമീപസ്ഥമാ യ ഒരു സങ്കേതത്തിലെ ബധിരന്മാരെയും ഊമന്മാ രെയും സന്ദൎശിച്ചു അവൎക്കു ആദ്ധ്യാത്മിക സഹായം ചെയ്യുകയെന്നതിനു് അദ്ദേഹം ഒരിക്കലും മുടക്കംവ രുത്തിയിരുന്നില്ല. പ്രകൃതിശാസ്ത്രപാരാവാരപാരം ഗതനായ ഒരു പ്രൊഫസരിൽനിന്നു് പലരും ഇതു

പ്രതീക്ഷിച്ചിട്ടില്ലായിരിക്കാം. എന്നാൽ പതിത കാരുണികനായ അദ്ദേഹത്തിൻെറ അഗാധമായ ഹൃദയത്തിലെ അപരിമേയമായ ദീനജനാനുകമ്പ, സ്വന്തം അസൗകര്യങ്ങളെയും അനാരോഗ്യത്തെയും, ആ സാധുക്കളുടെ പോരായ്മകളെയും ദൗർബല്യങ്ങളെയും ഒന്നുപോലെ വിസ്മരിപ്പിക്കുന്നതിന് അദ്ദേഹത്തിനു അലംഘനീയമായ പ്രേരണ നൽകിക്കൊണ്ടിരുന്നു.

ഒരു ലേഖകൻ പ്രസ്താവിക്കുന്നതുപോലെ, അദ്ദേഹത്തിൻെറ പ്രകൃതിശാസ്ത്രപ്രതിപത്തി രക്താസ്ഥിമജ്ജകളിൽ ഒന്നുപോലെ രൂഢമൂലമായിത്തീൎന്നിട്ടുള്ളതായിരുന്നു. അതിൽനിന്നു ക്ഷണനേരത്തേയ്ക്ക് എങ്കിലും ഒഴിഞ്ഞിരിക്കുക അദ്ദേഹത്തിനു സാദ്ധ്യമല്ലായിരുന്നു. ലയോളായിൽ വിശ്രമജീവിതത്തിനുചെന്നുകൂടിയ ഫാദർ ഒണോരെ, ലെയോളാ കോളെജിലെ സയൻസ് വകുപ്പിൻെറ അനൗദ്യോഗികമേധാവിയായിത്തീൎന്നതു് അങ്ങനെയാണ്. ആ കോളെജിലെ പുതിയ പ്രകൃതിശാസ്ത്രനിരീക്ഷണശാലയുടെ ക്രമീകരണത്തിൽ കഥാനായകൻ ബദ്ധശ്രദ്ധനായി. ആ വകുപ്പ് ഏററവും ആധുനികമായ രീതിയിൽ നവീകരിക്കുന്നതിനും, സുസ്ഥിരമായ ഒരു പഠനപദ്ധതി രൂപവൽകരിക്കുന്നതിനും അദ്ദേഹം മനസ്സററു പരിശ്രമിച്ചു. അഭിമാനാവഹമായ ഫലം സിദ്ധിക്കുകയുംചെയ്തു. അദ്ദേഹത്തിൻെറ ആരോഗ്യസ്ഥിതി ആശങ്കാരഹിതമായിരുന്നതുകൊണ്ടു്, ഭാവിയുടെ ഭാസുരതയെപ്പററി ആൎക്കും സന്ദേഹമുണ്ടാ

യിരുന്നില്ല. മുൻപ് സെൻറ് ജോസഫ്സിലെന്ന പോലെ, ഇപ്പോഠം ലെയോളാ കോളെജിൻെറ ഭവിതവ്യതകളിൽ അദ്ദേഹം നിമഗ്നനായി. ആ മഹാ കലാലയത്തിലെ ശാസ്ത്രശാഖ, ദക്ഷിണഭാരതത്തിലെ അദ്വിതീയ ശാഖയാക്കിത്തീക്കണമെന്നുള്ളതായിരുന്നു അദ്ദേഹത്തിൻെറ ആഗ്രഹം. അദ്ദേഹത്തെ അറിഞ്ഞിരുന്നവർ ആരും അതിൻെറ സാദ്ധ്യതയെപ്പററി ലവലേശം സന്ദേഹമനസ്കരായതുമില്ല.

സർവ്വശ്രദ്ധയും ഇങ്ങനെ ലെയോളാ കോളെജിൽ നിക്ഷേപിച്ചതുകൊണ്ട്, അദ്ദേഹം കേരളത്തെ വിസ്മരിച്ചുവെന്നു വിചാരിക്കുന്നുവെങ്കിൽ അതു സർവ്വാബദ്ധമാണ്. കേരളത്തോടും കേരളീയരോടുമുള്ള അദ്ദേഹത്തിൻെറ വാത്സല്യം ദ്വിഗുണീഭവിക്കുകയാണു യഥാത്ഥത്തിൽ ഉണ്ടായിട്ടുള്ളതു്. ഉദ്യോഗജീവിതത്തിൽനിന്നു വിരമിച്ചതിനുശേഷം 1933 സെപ്ററംബർ മാസത്തിലും 1934 ജനുവരി മാസത്തിലും അദ്ദേഹം കേരളത്തിൽ വരികയും ഇവിടത്തെ ശാഖാസംഘങ്ങഠം സന്ദശിക്കുകയും മററും ചെയ്തസംഗതി ഇതിനുമുൻപു പ്രസ്താവിച്ചിട്ടുണ്ടല്ലോ. 1934 സെപ്ററംബർ മാസത്തിൽ വീണ്ടും വന്ന് യുവജനസഖ്യപ്രവത്തനത്തിനുവേണ്ട ഊർജിതമായ ശ്രമങ്ങഠംചെയ്യണമെന്നുള്ള ഒരു പരിപാടി മുൻകൂട്ടി നിശ്ചയിച്ചുകൊണ്ടാണ് 1934 ജനുവരി മാസത്തിൽ അദ്ദേഹം മദ്രാസിലേയ്ക്കു മടങ്ങിപ്പോയതു്. പക്ഷേ, "അന്യഥാ ചിന്തിതം കാര്യം ദൈവമന്യത്ര ചിന്തയേൽ."

## 2.

### നിൎയ്യാണം.

മദ്രാസിലെ അസഹനീയമായ ചൂടിൽനിന്നും രക്ഷനേടുന്നതിനായി, വേനൽക്കാലത്തു്, ലെയോളാക്കോളെജിലെ ബ. വൈദികന്മാർ കൊഡൈക്കനാലിൽ പോയി വിശ്രമിക്കാറുണ്ടു്. പതിവുപോലെ ഇക്കൊല്ലവും (1934-ൽ) സുഹൃത്തുക്കളുമൊരുമിച്ചു ഫാദർ ഒണോരെ അങ്ങോട്ടുപോയി. ഏപ്രിൽമാസത്തിൽ അദ്ദേഹത്തിൻെറ ആരോഗ്യസ്ഥിതി പെട്ടെന്നു് ആശങ്കാവഹമായി എങ്കിലും വിനാവിളംബം പഴയനിലയിലെത്തി. എന്നാൽ അതു സ്ഥിരമായിരുന്നില്ല. ഇടയ്ക്കിടയ്ക്കു് ആലസ്യം വരികയും ഭേദമാകുകയുംചെയ്തുകൊണ്ടിരുന്നു. സുദീൎഘമായ 72 സംവത്സരക്കാലം താൻ ആത്മാൎത്ഥമായി സേവിച്ച ദിവ്യനാഥൻെറ ആഹ്വാനമുണ്ടായാൽ ഉടനേ പുറപ്പെടത്തക്കവണ്ണം ബദ്ധകച്ഛനായിരുന്ന അദ്ദേഹത്തെ ഈ അനാരോഗ്യതതെല്ലും ചിന്താകുലനാക്കിയിരുന്നില്ല. അതിനാൽ രോഗവിമുക്തനായിരുന്ന ഘട്ടങ്ങളിലൊക്കെ, പതിവുള്ള ജോലികളിൽ അദ്ദേഹം വ്യാപൃതനായിരുന്നു. കൊഡൈക്കനാലിലെ വിശ്രമം അദ്ദേഹത്തിൻെറ ആരോഗ്യവൎദ്ധനയ്ക്കു് അനുഗുണമായിക്കണ്ടതിനാൽ അദ്ദേഹത്തിൻെറ സുഹൃത്തുക്കൾക്കും നിരവധിയായ ശിഷ്യഗണങ്ങൾക്കും അത്യധികമായ സന്തോഷമാണുണ്ടായതു്.

കൊഡൈക്കനാൽ പ്രദാനംചെയ്ത ഉന്മേഷത്തോടും പ്രസരിപ്പോടുംകൂടി, ലെയോളാക്കോളെജിലെ പ്രകൃതിശാസ്ത്രവകുപ്പിൻെറ ഭരണം കയ്യേൽക്കുന്നതിനായി, ജൂൺ 9-ാം തീയതി, അദ്ദേഹം ആ വിശ്രമകേന്ദ്രംവിട്ടു. ഈ യാത്രയിൽ തൃശ്ശിനാപ്പിള്ളിയിലിറങ്ങി, തൻെറ വാത്സല്യശിഷ്യനും പ്രിയസുഹൃത്തുമായ (അന്നത്തെ) തൃശ്ശിനാപ്പിള്ളി കലക്റ്റർ റാവുസാഹിബ് സി. ജെ. പോളിനെ സന്ദർശിക്കുകയുണ്ടായി. ജൂൺ 11-ാം തീയതി അദ്ദേഹം മദ്രാസിൽ ലെയോളാക്കോളെജിൽ എത്തിച്ചേൎന്നു. ഉടൻതന്നെ പ്രകൃതിശാസ്ത്രനിരീക്ഷണശാല സംബന്ധിച്ച ജോലികളിൽ വ്യാപൃതനാകുകയുംചെയ്തു. ജൂൺ 12-ം 13-ം 14-ം തീയതികളിൽ, തത്സംബന്ധമായ ജോലികളിൽ അദ്ദേഹം അവിശ്രമം ഏൎപ്പെട്ടിരിക്കുകയായിരുന്നു. നിരീക്ഷണശാലാപരിഷ്കരണംസംബന്ധിച്ച് ഏതാനും ചില സ്ഥാപനങ്ങളെ സന്ദർശിക്കണമെന്ന് അദ്ദേഹം തീരുമാനിച്ചു.

കേരളീയകത്തോലിക്കയുവജനസഖ്യത്തിൻെറ അഭിവൃദ്ധിയിൽ ഏകതാനനായിരുന്ന ആ മഹാനുഭാവൻ ഈ ദിവസങ്ങളിൽ, വൃഥാ ഇരിക്കുകയല്ലായിരുന്നു. ലെയോളായിലെ അവിശ്രമമായ ജോലികൾക്കിടയിലും, തനിക്കു പ്രിയംകരമായ ലീഗിനെ അദ്ദേഹം മറന്നില്ല. കൊഡൈക്കനാലിൽനിന്നു മദ്രാസിൽ തിരിച്ചെത്തിയ ഉടനേ ആദ്യമായി അദ്ദേഹം ചെയ്തതു്, സഖ്യത്തിൻെറ ശാഖാസംഘങ്ങൾ സ്ഥാപിക്കേണ്ട കാൎയ്യങ്ങളെക്കുറിച്ച് ഒരു സൎക്കു

ലർ എഴുതുകയായിരുന്നു. തന്റെ സുദീർഘമായ ആയുഷ്ക്കാലം ആർക്കുവേണ്ടി വിനിയോഗിച്ചുവോ, ആ കേരളീയകത്തോലിക്കായുവജനങ്ങളുടെ അഭിവൃദ്ധിക്കായി, ലീഗിന്റെ പുരോഗതിയെ പുരസ്കരിച്ച്, അദ്ദേഹം പുറപ്പെടുവിച്ച ഈ അഭ്യർത്ഥന, തന്റെ ചാവരുളായി ഭവിക്കുന്നതിനാണു സർവ്വശക്തനായ ദൈവം തിരുമനസ്സായത്. മദ്രാസിൽവച്ചെഴുതി എറണാകുളത്തേയ്ക്ക് അയച്ച ഈ സർക്കുലർ, ജൂൺ 15 എന്ന തീയതിവെച്ച് അച്ചടിച്ചുകഴിയുന്നതിനു മുൻപ്, അദ്ദേഹം കർത്താവിൽ നിദ്രപ്രാപിച്ച വിവരം ദക്ഷിണഭാരതത്തിന്റെ എല്ലാഭാഗങ്ങളിലും കാട്ടുതീപോലെ പ്രചരിച്ചു. അംഗങ്ങളെ ഇത്രയധികം സ്തംഭിപ്പിച്ച ഒരു വാർത്ത ലീഗിന്റെ ചരിത്രത്തിൽ അതിനു മുൻപും പിൻപും ഉണ്ടായിട്ടില്ല.

വൈദികരെയും കത്തോലിക്കാസ്കൂൾപ്രവർത്തകന്മാരെയും പ്രധാനമായി ലക്ഷീകരിച്ചുകൊണ്ടുള്ളതാണ്, ഫാദർ ഒണോരെയുടെ അന്തിമശാസനമായിതീർന്ന ആ പ്രത്യക്ഷപത്രം. അതിൽ ആദ്യമായി അദ്ദേഹം ലീഗിന്റെ ലക്ഷ്യങ്ങളേയും ആദർശങ്ങളെയുംപററി പ്രതിപാദിക്കുന്നു. കത്തോലിക്കരുടെ ഇടയിൽ ഐകമത്യം, മതബോധം, ആത്മപരിത്യാഗം, സ്വഭാവരൂപവൽകരണം മുതലായവ സാധിക്കുന്നതിനുള്ള പ്രസ്തുത ലീഗ്, മാർപ്പാപ്പാ തിരുമനസ്സുകൊണ്ട് അനുശാസിക്കുന്ന കത്തോലിക്കപ്രവർത്തനം തന്നെയാണെന്നും,സംഘടിതപരിശ്രമങ്ങൾകൊണ്ട് എന്തൊക്കെ പ്രയോജനങ്ങളുണ്ടാകാമെന്നു യൂറോ

പ്പിലെ ജെ..ഏ. സി. മുതലായ സംഘങ്ങൾ തെളി യിക്കുന്നുണ്ടെന്നും, ഇന്നത്തെനിലയ്ക്കു പ്രത്യേകിച്ചും എം. സി. വൈ. എൽ. പോലെയുള്ള ഒരു സംഘട ന കേരളത്തിനത്യാവശ്യമാണെന്നും, ക്രിസ്തുവിൻെറ യുവഭടന്മാൎക്കു ശരിയായ പരിശീലനം നൽകുന്ന പ്ര സ്ഥാനത്തെ പോഷിപ്പിക്കേണ്ടതു് ഏവരു ടേയും അനുപേക്ഷണീയകൎത്തവ്യമാണെന്നും ഫാ ദർ ഒണോരെ തുടൎന്നു സമൎത്ഥിക്കുന്നു. അനന്തരം എം. സി. വൈ. എൽ.ൻെറ ഘടനയേയും ഭരണ സമ്പ്രദായത്തേയും വിവരിക്കുകയും, അതിൻെറ പ്ര വൎത്തനം തുടരേണ്ടതെങ്ങനെയാണെന്നു നിൎദ്ദേശിക്കു കയും, ഒടുവിൽ ലീഗിൻെറ ഒരു ശാഖ ആരംഭിക്ക ണമെന്നു് അഭ്യൎത്ഥിക്കുകയും ചെയ്യുന്നു. ഏററവും അടിയന്തിരവും, അനുപേക്ഷണീയവും, നിരുപദ്രവ വുമായ ഈ അഭ്യൎത്ഥനയ്ക്കു്, കാൎയ്യമായി ആരുംത ന്നെ മറുപടി അയയ്ക്കുകപോലും ഉണ്ടായിട്ടില്ലെന്നാ ണറിയുന്നതു്. അതെങ്ങനെയായാലും ലീഗിൻെറ ശാഖാസംഘപ്രവൎത്തനം പിന്നീടു വികസിക്കുന്നതി നുപകരം സങ്കോചിക്കുകയോ മന്ദീഭവിക്കുകയോ ആ ണു ചെയ്തിട്ടുള്ളതെന്നുള്ളതു് അനുഭവൈകവേദ്യമാ ണു്. കേരളത്തിനുവേണ്ടി സ്വായുസ്സിനെ ബലികഴി ച്ച ആ വന്ദ്യവയോധികനോടു കേരളം പ്രദൎശിപ്പി ച്ച കൃതജ്ഞത ഇത്തരത്തിലുള്ളതായിരുന്നു.

11-ാം തീയതി മദ്രാസിലെത്തിയ ഫാദർ ഒ ണോരെ, 14-ാം തീയതി വ്യാഴാഴ്ചവരെ ഉല്ലാസവാ നായി, കൎമ്മാനുഷ്ഠാനനിരതനായി, കഴിച്ചുകൂട്ടിയെ

ന്നു പറഞ്ഞുവല്ലോ. 14-ാം തീയതി. അദ്ദേഹത്തിന്നു സാമാന്യം ക്ഷീണം തോന്നിച്ചിരുന്നു; എങ്കിലും അവസാനം ആസന്നമായിരിക്കുന്നുവെന്നു സൂചിപ്പിക്കുന്ന യാതൊരു ലക്ഷണവും അദ്ദേഹത്തിൽ കാണപ്പെട്ടിരുന്നില്ല. ക്രമേണ അദ്ദേഹത്തിന്റെ ആലസ്യം വർദ്ധിച്ചുവന്നു. രാത്രി ഒരുവിധം ശാന്തമായിത്തന്നെ കഴിച്ചുകൂട്ടി. 15-ാം തീയതി രാവിലെ ആറേകാൽ മണിക്ക് അദ്ദേഹത്തിൽ മരണലക്ഷണങ്ങൾ കണ്ടുതുടങ്ങുകയാൽ ഫാദർ വാറിൻ അദ്ദേഹത്തിന് അന്തിമക്രൂദാശകൾ പ്രദാനംചെയ്തു. ദൈവഭൂതന്മാരുടെ ആനന്ദമായ ആ തിരുപ്പാഥേയവുമായി, ഉടൻതന്നെ അദ്ദേഹം സ്വസ്രഷ്ടാവിന്റെ തിരുസന്നിധിയിലേയ്ക്കു പുറപ്പെട്ടു. ആറരമണിക്കു മുൻപുതന്നെ അദ്ദേഹത്തിന്റെ വിമലാത്മാവ് അതിന്റെ നിത്യസമ്മാനം പ്രാപിക്കുന്നതിനായി ലോകത്തെ വിട്ടുപേക്ഷിച്ചു. മരണകാരണം, വൈദ്യന്മാരുടെ ഭാഷയിൽ, ഹൃദയസ്പന്ദനം നിന്നതായിരുന്നു. കാരണമെന്തായിരുന്നാലും ഏററവും സമാധാനകരമായ ഒരു മരണമായിരുന്നു അദ്ദേഹത്തിന്റേതു്. വാർദ്ധക്യസഹജമായ ക്ഷീണവും രോഗവും അദ്ദേഹത്തെ ഗ്രസിച്ചിട്ടു വത്സരങ്ങൾ കുറേ ആയിരുന്നെങ്കിലും, കൊഡൈക്കനാലിൽ നിന്നു തിരിച്ചെത്തി സാമാന്യം സുഖമായിരിക്കുന്നുവെന്നു സുഹൃത്തുക്കളെ മനസ്സിലാക്കിയ ആ ധീരയോദ്ധാവ് ഇത്രവേഗം ദിവംഗതനാകുമെന്ന് ആരെങ്കിലും വിചാരിച്ചിരുന്നുവോ? എങ്കിലും ദൈവതിരുമനസ്സ് അങ്ങനെയായിരുന്നു.

കർമ്മധീരന്മാരായവർ കർമ്മരാഹിത്യത്തെയല്ലാതെ, മരണത്തെ ഭയപ്പെടുന്നില്ല. കർമ്മാനുഷ്ഠാനനിരതരായിരിക്കുമ്പോൾതന്നേയുള്ള വിയോഗമാണ് ഏററവും കാമ്യമായി അവർ കരുതുന്നത്. ഏതൊരു യജമാനനെ അതിദീർഘകാലം അതിപ്രശസ്തമായ വിധം സേവിച്ചുവോ, ആ യജമാനൻ, "ഉത്തമനും വിശ്വസ്തനുമായ ഭൃത്യാ, നീ നന്നായിചെയ്തു; നിൻെറ കർത്താവിൻെറ ആനന്ദത്തിലേയ്ക്കു നീ പ്രവേശിച്ചാലും" എന്ന് അനുഗ്രഹവചസ്സുകൾ പൊഴിക്കുമ്പോൾ, അതിനെ ഹൃദയപൂർവ്വം അംഗീകരിച്ചു ശിരസ്സു നമിക്കാത്ത ഏതൊരു വിശ്വസ്തഭൃത്യനാണുള്ളത്! ഫാദർ ഒണോരെ ദിവ്യനാഥൻെറ ആഹ്വാനത്തെ തൽക്ഷണം അനുസരിച്ചു. വേലക്കാരൻ, അവൻെറ അനുദിനകർത്തവ്യങ്ങൾ നിർവ്വഹിച്ചുകഴിഞ്ഞാലുടനെ ശാന്തനായി വീട്ടിലേയ്ക്കു പ്രത്യാഗമനം ചെയ്യുന്നു. ചരിത്രപുരുഷനേസംബന്ധിച്ചിടത്തോളം അനുദിനകൃത്യമെന്നതു് അരശതാബ്ദക്കാലത്തോളം നീണ്ടുനിന്ന ബഹുമുഖമായ സേവനമായിരുന്നു. അദ്ദേഹത്തിൻെറ നിത്യഭവനമായ സ്വർഗ്ഗത്തിലേയ്ക്കുള്ള പ്രയാണം മനുഷ്യർക്ക് ഒരു സാധനപാഠവും, ദൈവദൂതന്മാർക്ക് ഒരു ആനന്ദസന്ദർഭവും ആയിരുന്നു. അദ്ദേഹത്തിൻെറ പ്രയത്നഫലങ്ങൾ ഇന്നും സജീവമായി, അനശ്വരസ്മാരകങ്ങളായി നിലകൊള്ളുന്നു. അദ്ദേഹത്തിൻെറ അനേകമനേകം വിദ്യാർത്ഥികളുടെയും സുഹൃത്തുക്കളുടെയും കൃതജ്ഞതാവിവശമായ ഹൃദയങ്ങളിൽ പ്രതിഷ്ഠിതമായിട്ടുള്ളിടത്തോളം അനശ്വരമോ സുസ്ഥിരമോ ആയ മറെറന്തൊരുസ്മാര

കമാണു തത്ത്വാദ്ദശനായ ഒരു പുരുഷനു ലഭിക്കുവാനുള്ളതു്!!

അനേകരുടെ ഹൃദയങ്ങളിലും മനസ്സിലും മാന്യവും വിശാലവുമായ ഒരു മഹാസ്ഥാനത്തെ അലങ്കരിക്കുകയും, ഇത്രവേഗമൊന്നും ദേഹവിയോഗമുണ്ടാകുകയില്ലെന്നുള്ള ഒരു ധാരണ പ്രേക്ഷകരിൽ ഉദിപ്പിക്കുകയും ചെയ്തിരുന്ന ആ മഹാപുരുഷൻെറ, ആ സുഹൃത്തിൻെറ, ആ മാൎഗ്ഗദൎശിയുടെ, വിയോഗത്തെ വിളംബരപ്പെടുത്തുന്ന കമ്പിസന്ദേശങ്ങൾ മദ്രാസ് പ്രസിഡൻസിയുടെ നാനാഭാഗങ്ങളിലേയ്ക്കും അയയ്ക്കപ്പെട്ടു. കൂടുതൽ ആരോഗ്യവാനായും പ്രസന്നവദനനായും, അടുത്ത അവസരങ്ങളിൽതന്നെ അദ്ദേഹത്തെ കണ്ടിരുന്നവർ, തനിക്കു സാമാന്യം സുഖമാണെന്നുള്ള അദ്ദേഹത്തിൻെറ കത്തുകളെ പാരായണം ചെയ്തിരുന്നവർ, ആകസ്മികമായ ഈ കമ്പിസന്ദേശങ്ങളെ വിശ്വസിച്ചിരിക്കുമോ ആവോ! അദ്ദേഹത്തിൻെറ വിയോഗത്തിൽ, അദ്ദേഹത്തെ പരിചയമുണ്ടായിരുന്ന എല്ലാവൎക്കും, അപരിഹരണീയമായ ഒരു മഹാനഷ്ടം നേരിട്ടിരിക്കുന്നതായി ക്ഷണേന ബോദ്ധ്യപ്പെട്ടു. അദ്ദേഹത്തിൻെറ വിയോഗത്തിൽ ഹൃദയംനൊന്തു വിലപിക്കാത്തവരായി കേരളീയകത്തോലിക്കസമുദായത്തിൽ അദ്ദേഹത്തെ അറിയുന്ന ഒരൊററ വ്യക്തിയും ഉണ്ടായിരുന്നിരിക്കയില്ല. 52 സംവത്സരക്കാലത്തെ വിശ്രമരഹിതമായ അക്ഷീണപരിശ്രമങ്ങളാണു് അദ്ദേഹത്തിൻെറ ദീൎഘായുസ്സിനെ അപഹരിച്ചതെന്നുള്ള വസ്തുത ബോദ്ധ്യ

മായിട്ടുള്ള ഏതൊരു ദക്ഷിണഭാരതീയനാണ്, അദ്ദേഹത്തിൻെറ നിസ്സ്വാൎത്ഥസേവനങ്ങളെ അല്പനേരത്തേയ്ക്കെങ്കിലും വിസ്മരിക്കുവാൻ സാധിക്കുക? അദ്ദേഹത്തിൻെറ സേവനങ്ങളുടെ ഫലം ആസ്വാദിച്ചിട്ടുള്ള ദക്ഷിണഭാരതത്തിലെ അഭ്യസ്തവിദ്യരും വിദ്യാഭ്യാസപ്രവൎത്തകരും അദ്ദേഹത്തിൻെറ അഭാവത്തിലെങ്ങനെയാണു ഖേദിക്കാതിരിക്കുക?

## 3.

### ഖേദപ്രകടനം.

പരേതനായ ഈ മഹാപുരുഷനോടു പൊതുജനങ്ങൾക്കുണ്ടായിരുന്ന ബഹുമാനാദരവുകൾ എത്ര സീമാതീതമായിരുന്നുവെന്ന്, അദ്ദേഹത്തിൻെറ മൃതശരീരം ഒരു നോക്കുകാണുന്നതിനായി, ലെയോളാക്കോളെജിലെ അദ്ദേഹത്തിൻെറ മുറിയിൽ തിക്കിക്കൂടിയ ജനക്കൂട്ടത്തിൻെറ വൈപുല്യത്തിൽനിന്നു മനസ്സിലാക്കാവുന്നതാണ്. പരേതനായ ഈ മഹാപുരുഷൻെറ സുഹൃത്തുക്കൾ, സഹപ്രവൎത്തകന്മാർ, വാത്സല്യശിഷ്യഗണങ്ങൾ, മദ്രാസ് അതിരൂപതയിലേയും മൈലാപ്പൂർ രൂപതയിലേയും വൈദികരും, അവൈദികരും, എല്ലാം, അവിടെയുണ്ട്; പരേതനായ ഈ വൈദികവരേണ്യൻെറ അമൂല്യവും അനസ്യൂതവുമായ സേവനങ്ങളാസ്വാദിച്ചിട്ടുള്ള ദക്ഷിണഭാരതകത്തോലിക്കസംഘത്തിൻേറയും, നല്ലിടയൻ, സെൻറ് തോമസ് മുതലായ കന്യകാലയങ്ങളുടെയും പ്രതിനിധികൾ, ടെയിനാപ്പേട്ടയിലെ മൂകബധിരവിദ്യാലയ

ത്തിലേയും, സെൻറ് ബീഡ്സ്, സെൻറ് മേരീസ് മുതലായ ഹൈസ്കൂളുകളിലേയും, ലെയോളാക്കോളെജിലേയും വിദ്യാൎത്ഥികരം, അദ്ധ്യാപകന്മാർ, പുഷ്പനഗർനിവാസികരം, മദ്രാസിൽ താമസക്കാരായ കേരളീയർ എന്നിവരെയെല്ലാം അക്കൂട്ടത്തിൽ കാണാം.

ഈ മഹാജനക്കൂട്ടത്തിൻെറ സാന്നിദ്ധ്യത്തിൽ തന്നെ ശവസംസ്കാരവും നടത്തപ്പെട്ടു. ജൂൺ 15-ാം തീയതി വൈകിട്ടു 4 മണിക്കു മൃതശരീരം ലെയോളാക്കോളെജിൽനിന്നു കോളെജ് ചാപ്പലിലേയ്ക്കുമാററി. സംസ്കാരസംബന്ധമായ മതകൎമ്മങ്ങളുടെ പരിസമാപ്തിക്കുശേഷം, അവിടെനിന്നും മൃതശരീരവും സംവഹിച്ചുകൊണ്ടുള്ള സംസ്കാരയാത്ര ആരംഭിച്ചു. മദ്രാസിലെ പ്രധാനപ്പെട്ട തെരുവീഥികളെയെല്ലാം തരണംചെയ്തു്, മൈലാപ്പൂർ ഭദ്രാസനദേവാലയത്തിലെത്തുകയും, മതപരമായ ചടങ്ങുകരംക്കുശേഷം, ആറുമണിക്ക്, അവിടെനിന്നും ശ്മശാനത്തിലേയ്ക്കു പുറപ്പെടുകയുംചെയ്തു. ശുഭ്രവസ്ത്രധാരികളായ അനേകം ബാലികാബാലന്മാരുടെയും, അനവധി വൈദികരുടെയും അവൈദികരുടെയും അകമ്പടിയോടുകൂടി നടത്തപ്പെട്ട ആ സംസ്കാരയാത്ര ഏററവും ഹൃദയസ്പൃക്കായിരുന്നു. "കചിബിരംഗൈല ൻറ്" എന്ന ശ്മശാനത്തിലെത്തുകയും, ആ വന്ദ്യപുരുഷൻെറ ഭൗതികാവശിഷ്ടങ്ങളെ അവിടെ സംസ്കരിക്കുകയും ചെയ്തു.

അങ്ങനെ, എം. സി. വൈ. എൽ.ൻെറ ആ

യുഷ്ക്കാലസ്ഥിരാദ്ധ്യക്ഷൻ, മലയാളികളുടെ പിതാവ്, കേരളത്തിൻെറ തൃതീയപ്രേഷിതൻ, എന്നീ വിവിധനിലകളിൽ പ്രകീത്തിതനായ ഫാദർ ഒണോരെ, ക്രിസ്തുവിൻെറ ദ്രാക്ഷാവാടിയിലെ സുദീഘ്മായ സേവനങ്ങൾക്കശേഷം, നിത്യസമ്മാനപ്രാപ്തിക്കായി യാത്ര തിരിച്ചു. ഭൗതികമായ ശരീരം നാശോന്മുഖമായെങ്കിലും അദ്ദേഹത്തിൻെറ യശോവപുസ്സ കൂടുതൽ കൂടുതൽ പ്രകാശമാനമായിക്കൊണ്ടിരിക്കുന്നു. സുഖസന്ദായകവും മനോമോഹനവുമായ ജന്മദേശത്തെ വെടിഞ്ഞു്, ഈ പൗരസ്ത്യദേശങ്ങളിൽവന്നു്, അതിനെത്തൻെറ സ്വദേശമാക്കി, നാട്ടിന്നും നാട്ടാക്കും ഒന്നുപോലെ ഉപകാരപ്രദങ്ങളായ നിസ്സ്വാത്ഥസേവനങ്ങൾ ചെയ്യുകയും, കത്തോലിക്കയുവാക്കന്മാരുടെ സംഘടനയിലും സദ്ജീവിതത്തിലും അദൃഷ്ടപൂവ്വമായ ശ്രദ്ധചെലുത്തി, അതിനായി സ്വജീവനെത്തന്നെ ബലികഴിക്കുകയും ചെയ്തിട്ടുള്ള ഈ അഭിവന്ദ്യനേതാവിൻെറ നിർഭയമായ ആത്മാവു്, അദ്ദേഹത്തെ അതിജീവിക്കുന്നവക്കു് അസാധാരണമായ ഒരു മാതൃകയായി ഇന്നും വ്യാപരിക്കുന്നു.

ഫാദർ ഒണോരെയുടെ വിയോഗം കാട്ടുതീപോലെ നാടെങ്ങും പരന്നു. കേരളത്തിലും പുറമേയും പല സ്ഥലങ്ങളിലും പൊതുസമ്മേളനങ്ങൾകൂടി, ജനങ്ങൾ തങ്ങൾക്കു വന്നുചേന്നിരിക്കുന്ന നഷ്ടത്തിൻെറ ആഴമെത്രയെന്നു പരിഗണിച്ചു. തിരുവനന്തപുരം പട്ടണത്തിൽ റാവുബഹദൂർ കെ. വി. രങ്കസ്വാമി അയ്യങ്കർ, എം. എ. അവർകളുടെ അദ്ധ്യക്ഷത

യിൽക്കൂടിയ പൌരമഹായോഗം താദൃശമായ ഒന്നായിരുന്നു. അങ്കമാലി, ഒല്ലൂർ, എറണാകുളം, ചങ്ങനാശ്ശേരി, തേവര, മദ്രാസ്, തൃശ്ശിനാപ്പിള്ളി, മുതലായ കേന്ദ്രങ്ങളിലെല്ലാം അനുശോചനയോഗങ്ങൾകൂടി. രാജ്യത്തിനകമേയും പുറമേയുമുള്ള വൃത്താന്തപത്രങ്ങളെല്ലാം അദ്ദേഹത്തിൻെറ മഹനീയങ്ങളായ ഗുണപൌഷ്കല്യങ്ങളെ അനുസ്മരിച്ചു. എന്നാൽ കേരളീയകത്തോലിക്കയുവജനസഖ്യത്തിൻെറ ഖേദപ്രകടനമായിരുന്നു അപരിമിതമായിരുന്നത്. പുളിങ്കുന്നു ഹൈസ്ക്കൂളിൽവെച്ചു തിരുവനന്തപുരം മെത്രാപ്പോലീത്താ മാർ ഇവാനിയോസ് തിരുമനസ്സിലെ അദ്ധ്യക്ഷതയിൽക്കൂടിയ മഹായോഗത്തിൽവെച്ച്, സഖ്യം താഴെക്കാണുന്നവിധം അതിൻെറ ഖേദം പ്രകടിപ്പിച്ചു:—

"കേരളീയകത്തോലിക്കയുവജനസഖ്യത്തിൻെറ ഈ പൊതുസമ്മേളനം, അതിൻെറ സ്ഥിരം പ്രസിഡൻറായിരുന്ന റവ. ഫാദർ ഡി. ഒണോരെ, എസ്സ്. ജെ. യുടെ നിര്യാണത്തിൽ അഗാധമായ ഖേദം പ്രകടിപ്പിക്കുകയും, മധുരവൈസ്പ്രോവിൻസിലെ ഈശോസഭാവൈദികരോട്, അവരുടെ അപരിഹാര്യമായ നഷ്ടത്തിൽ, അനുശോചിക്കുകയും, നിര്യാതനായ ഫാദർ ഒണോരെ അവർകൾ ലീഗിനു ചെയ്തിരിക്കുന്ന അമൂല്യങ്ങളായ സേവനങ്ങളെ അഗാധമായ കൃതജ്ഞതയോടുകൂടി രേഖപ്പെടുത്തുകയും ചെയ്യുന്നു." അനന്തരം നിര്യാതനായ ആ സ്ഥിരംപ്രസിഡൻറിൻെറ സ്മാരകമായി താഴെപ്പറയുന്നവ ഏ

പ്പെട്ടുത്തണമെന്നു പൊതുയോഗം തീരുമാനിച്ചു:- (1) വിദ്യാൎത്ഥികൾക്കു വേതനങ്ങളും സമ്മാനങ്ങളും ഏൎപ്പെടുത്തുക; (2) മദ്രാസ് സൎവ്വകലാശാലയിൽ പ്രകൃതിശാസ്ത്രവിഷയത്തിൽ പ്രതിവൎഷം ഒന്നാമനായി പാസ്സാകുന്ന വിദ്യാൎത്ഥിക്കു് ഒരു മെഡൽ ഏൎപ്പെടുത്തുക; (3) ഫാദർ ഒണോരെയുടെ പ്രബന്ധങ്ങൾ ശേഖരിച്ചു പ്രസിദ്ധപ്പെടുത്തുക; (4) ഫാദർ ഒണോരെയുടെ ഒരു ജീവചരിത്രം പ്രസിദ്ധംചെയ്യുക; (5) സൌകൎയ്യമുള്ള കേന്ദ്രങ്ങളിലൊക്കെ കത്തോലിക്കപ്രസംഗപരമ്പരകൾ ഏൎപ്പെടുത്തുക; (6) ഫാദർ ഒണോരെയെപ്പററി ഒരു കവിതാമത്സരം നടത്തുക, ഒന്നാം സമ്മാനമായി രണ്ടുപവനിൽ കുറയാത്ത ഒരു സ്വൎണ്ണമെഡൽ കൊടുക്കുക; (7) എറണാകുളത്തെ എം. സി. വൈ. എൽ. കെട്ടിടത്തിന് "ഒണോരെ ഹാൾ" എന്നു നാമകരണം ചെയ്യുക; (8) രണ്ടാം ഫോറത്തിലും അഞ്ചാംഫോറത്തിലും വേദാദ്ധ്യയനത്തിന് ഒന്നാമനായി പാസ്സാകുന്ന വിദ്യാൎത്ഥിക്കു് വേതനങ്ങൾ കൊടുക്കുവാൻ കേരളത്തിലെ കത്തോലിക്കസ്കൂൾ മാനേജർമാരോടു് അഭ്യൎത്ഥിക്കുക."

4.

## മഹത്തായ സേവനം.

അനേകായിരമാളുകൾക്കു ഫാദർ ഒണോരെ ഒരു സുഹൃത്തും നേതാവും ഉപദേഷ്ടാവുമായിരുന്നു! ഈ നിലയിൽ അവരുടെ ഹൃദയങ്ങളിൽ അദ്ദേഹ

ത്തിന് അഭികാമ്യവും അഭ്യസൂയാവഹവുമായ ഒരു ബഹുമാന്യസ്ഥാനമാണുണ്ടായിരുന്നത്. അങ്ങനെയുള്ള ഒരു മഹാപുരുഷനാണ്, അവരുടെ ഇടയിൽ നിന്ന് അപ്രതീക്ഷിതമായി അന്തർദ്ധാനം ചെയ്തത്! ആ അന്തർദ്ധാനമോ അപരിഹരണീയവും ആന്ധ്യജനകവുമായ ഒരു നഷ്ടവുമായിരുന്നു! അപ്രതീക്ഷിതമായ ഒരു അവസാനമായിരുന്നിരിക്കണം അദ്ദേഹം അഭിലഷിച്ചിരുന്നതെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. എന്തുകൊണ്ടെന്നാൽ, മററുള്ളവക്കു താൻ ഒരുവിധത്തിലും ഒരു ഭാരമായിത്തീരരുതെന്നുള്ള ഉൽകണ്ഠ അദ്ദേഹത്തിനു എപ്പോഴുമുണ്ടായിരുന്നു. ഏററവും ലഘുവായ ഒരു ജീവിതരീതിയാണ് അദ്ദേഹം സ്വീകരിച്ചിരുന്നത്. അദ്ദേഹം എന്തിനെപ്പററിയെങ്കിലും, ഒരിക്കലെങ്കിലും, ആവലാതിപ്പെട്ടിട്ടുള്ളതായ ഒരനുഭവം ഒരുത്തക്കുമില്ല. എന്നുമാത്രമല്ല, മററുള്ളവർ സസന്തോഷം ചെയ്തുകൊടുക്കുവാൻ സന്നദ്ധമായിരുന്ന സേവനങ്ങളിൽനിന്നൊഴിഞ്ഞിരിക്കുന്നതിനുപോലും അദ്ദേഹം വളരെ സൂക്ഷിച്ചിരുന്നു! രോഗഗ്രസ്തനായിരുന്ന അവസരങ്ങളിൽ, ഒന്നിലധികം തവണ, അദ്ദേഹത്തെ ശുശ്രൂഷിക്കുവാൻ ചെന്നവരോട്, തനിക്കു യാതൊന്നും ആവശ്യമില്ലെന്നും, ഒരു സുഖനിദ്രകൊണ്ടു് എല്ലാം ഭേദപ്പെട്ടുമെന്നും പറഞ്ഞു്, അവരെ ഒഴിച്ചുനിർത്തുകയുണ്ടായിട്ടുണ്ടു്!!

സ്വതേ ബലിഷ്ഠകായനായിരുന്ന അദ്ദേഹത്തിനു വൈദ്യസഹായത്തിൻെറ വലിയ ആവശ്യം ഉ

ണ്ടായിരുന്നില്ലായിരിക്കാം. എന്നാൽ, വൈദ്യസഹായത്തിന്റെ ആവശ്യമില്ലാ എന്ന് അദ്ദേഹം പറഞ്ഞിരുന്നതെല്ലാം, താൻനിമിത്തം മററുള്ളവൎക്ക വിഷമതകളുണ്ടായേക്കുമോ എന്നുള്ള ചിന്തയാലാണെന്നുള്ളതു സ്പഷ്ടമായിരുന്നു. മററുള്ളവൎക്ക വിഷമതകളുണ്ടാകരുതു് എന്നുള്ള ഈ സരളസ്വഭാവം ഒന്നുമാത്രമാണു്, മററുള്ളവൎക്കവേണ്ടി അഹോരാത്രം ക്ലേശിക്കുന്നതിന് അദ്ദേഹത്തെ എപ്പോഴും പ്രേരിപ്പിക്കുകയും പ്രാപ്തനാക്കുകയും ചെയ്തുകൊണ്ടിരുന്നതു്. അദ്ദേഹത്തെ ഒരിക്കലെങ്കിലും കാണാൻ സാധിച്ചിട്ടുള്ളവൎക്ക് അദ്ദേഹത്തിന്റെ വിനീതവും, ശാന്തവും, സംസ്കൃതവും, മാന്യവുമായ സ്വഭാവവിശേഷത്തെ വിസ്മരിക്കുവാൻ കഴിയുന്നതല്ല. ഈ സ്വഭാവവിശേഷം അദ്ദേഹത്തിനു ജന്മസിദ്ധമായിരുന്നുവെന്നു പറയാവുന്നതല്ല. ചെറുപ്പത്തിൽ സാമാന്യം രൂക്ഷവും, അവിധേയവും, ഗൗരവയുക്തവുമായ ഒരു സ്വഭാവമത്രേ അദ്ദേഹത്തിൽ പ്രത്യക്ഷപ്പെട്ടിരുന്നതെന്നു പറയപ്പെടുന്നു. അതെങ്ങനെയായാലും പ്രായമാകുന്തോറും അദ്ദേഹത്തിന്റെ പ്രകൃതി ശാലീനവും സ്നേഹമസൃണവും അനുകമ്പാൎദ്രവുമായിത്തീൎന്നുകൊണ്ടിരുന്നു.

എന്നാൽ ഈ ദയാശീതളമായ സ്വഭാവവിശേഷത്തേക്കാൾ, അദ്ദേഹത്തിന്റെ മഹത്തായ പ്രതിഭാവിലാസമാണു പലരുടേയും അത്ഭുതത്തിനു വിഷയീഭവിച്ചിട്ടുള്ളതു്. ജീവിതത്തിലെ സൎവ്വപ്രധാനമായ 50 കൊല്ലക്കാലം ദക്ഷിണഭാരതത്തിലെ വിദ്യാ

ഭ്യാസപ്രചരണത്തിനാണ് അദ്ദേഹം ചിലവഴിച്ച ത്. വിദ്യാസേവനത്തിന കിട്ടുന്ന യാതൊരു സന്ദർഭത്തേയും അദ്ദേഹം ഉപേക്ഷിച്ചിരുന്നില്ല. തൃശ്ശിനാപ്പിള്ളി സെൻറ് ജോസഫ്സ് കോളെജിൽത്തന്നെ അനുക്രമം ഇംഗ്ലീഷ്പ്രൊഫസറായും, ഗണിതശാസ്ത്രപ്രൊഫസറായും, ഒടുവിൽ പ്രകൃതിശാസ്ത്രപ്രൊഫസറായും അദ്ദേഹം സേവനം ചെയ്തിട്ടുണ്ട്. ഓരോ രംഗത്തിലും അത്ഭുതാവഹമായ വിജയം കൈവരിക്കുകയുംചെയ്തു. എങ്കിലും പ്രകൃതിശാസ്ത്രവിഷയത്തിലാണ് അദ്ദേഹത്തിന് അനശ്വരമായ യശസ്സു ലഭിച്ചത്. ഇൻഡ്യയിലെ പ്രശസ്തന്മാരായ ഐ. സി. എസ്സ്. ഉദ്യോഗസ്ഥന്മാരിലും പ്രകൃതിശാസ്ത്രപണ്ഡിതന്മാരിലും പലരും ഫാദർ ഒണോരെയുടെ വത്സലശിഷ്യന്മാരാണെന്നുള്ളതു പരസ്യമായ ഒരു പരമാർത്ഥമാകുന്നു. ഒരു മാതൃകാവൈദികനും അദ്വിതീയശാസ്ത്രജ്ഞനുമായിരുന്ന അദ്ദേഹം, മതവും ശാസ്ത്രവും തമ്മിൽ വൈരുദ്ധ്യമുണ്ടെന്നുള്ള ചിലരുടെ വാദത്തിൻെറ അർത്ഥശൂന്യതയെ സ്വജീവിതംകൊണ്ടു വിശദീകരിച്ചു. യഥാർത്ഥശാസ്ത്രജ്ഞൻ സാക്ഷാൽ മതഭക്തനുമായിരിക്കുമെന്നുള്ള സിദ്ധാന്തത്തെ അദ്ദേഹത്തിൻെറ ജീവിതം സ്പഷ്ടമാക്കി.

ഫാദർ ഒണോരെയെ സംബന്ധിച്ചിടത്തോളം മതവും ശാസ്ത്രവും ഒരേ ഞെട്ടിലുണ്ടായ രണ്ടു കായ്കളായിരുന്നു. രണ്ടും സത്യത്തിൻെറ പ്രകാശനമാണല്ലോ. സത്യഭിന്നമായ മതത്തെ അദ്ദേഹം എപ്രകാരം പ്രതികൂലിച്ചിരുന്നുവോ, അതേ തീക്ഷ്ണത

യോടുകൂടിത്തന്നെ, ശാസ്ത്രാഭാസത്തേയും അദ്ദേഹം വെറുത്തിരുന്നു. തൻെറ അന്തേവാസികൾ സത്യമതത്തിൽ എപ്രകാരം നിഷ്ണാതരായിരിക്കണമെന്ന് അദ്ദേഹം അഭിലഷിച്ചിരുന്നുവോ, അതേവിധംതന്നെ യഥാൎത്ഥശാസ്ത്രത്തിലും അവൎക്കു പ്രാവീണ്യമുണ്ടാക്കിക്കൊടുക്കുന്നതിന് അദ്ദേഹം പരിശ്രമിച്ചു. "പരിണാമവാദ"ത്തെപ്പററിയുള്ള അദ്ദേഹത്തിൻെറ പ്രബന്ധം പ്രസിദ്ധമായ ഒന്നാകുന്നു. ഇൻഡ്യയുടെ വിസിററർ അപ്പസ്തോലിക്കയായിരുന്ന പണ്ഡിതനായ കർദ്ദിനാൾ ലെപ്പീസ്യരുടെ മുക്തകണ്ഠമായ പ്രശംസയ്ക്കു പാത്രീഭവിച്ചിട്ടുള്ളതാണ് ആ പ്രബന്ധമെന്നു പറയുമ്പോൾ, അതിൻെറ യോഗ്യത സ്പഷ്ടമാണല്ലോ. അദ്ദേഹത്താൽ രചിതങ്ങളായിട്ടുള്ള പ്രബന്ധങ്ങളെല്ലാംതന്നെ ഇങ്ങനെ പണ്ഡിതോചിതവും പ്രശംസാൎഹവുമായിട്ടുള്ളവയാകുന്നു.

ഫാദർ ഒണോരെയ്ക്കു കേരളീയകത്തോലിക്കരോടുണ്ടായിരുന്ന മമതാബന്ധം ഏതാണ്ടു പക്ഷപാതപരമായിരുന്നു എന്ന് ഒരു ലേഖകൻ എഴുതുന്നു. കേരളീയകത്തോലിക്കയുവജനസഖ്യത്തിൻെറ സ്ഥാപനത്തിലും പരിപോഷണത്തിലും അദ്ദേഹം വഹിച്ചിരിക്കുന്ന ജീവത്തായ ഭാഗം അനുസ്മരിക്കുമ്പോൾ, പ്രസ്തുത പ്രസ്താവത്തിൻെറ യാഥാൎത്ഥ്യം സന്ദേഹാതീതമായിത്തോന്നുന്നതാണ്. കേരളത്തോടും, അവിടത്തെ കത്തോലിക്കരോടും അദ്ദേഹത്തിനു പിതൃനിൎവ്വിശേഷമായ സ്നേഹവും വാത്സല്യവുമാണുണ്ടായിരുന്നതു്. ജീവിതാന്ത്യം കേരളത്തിൽത്തന്നെ

നയിക്കണമെന്നും, കേരളീയകത്തോലിക്കരുടെ ഇട യിൽക്കിടന്നുതന്നെ ജീവിതത്തോട്ട യാത്രപറയണ മെന്നും അദ്ദേഹം ആത്മാൎത്ഥമായി ആഗ്രഹിച്ചിരു ന്നു. വ്യക്തിപരമായി, മറേറതൊരു ഈശോസഭാം ഗത്തേക്കാളും ക്രുടുതലായി, ഫാദർ ഒണോരെ കേര ളീയവിദ്യാൎത്ഥികൾക്കായി പരിശ്രമിച്ചിട്ടുണ്ട്. കേ രളത്തോടുള്ള ആ പ്രത്യേകതയുടെ ഒരു പ്രത്യക്ഷ ലക്ഷ്യമാകുന്നു കേരളീയകത്തോലിക്കയുവജനസഖ്യം. കേരളീയകത്തോലിക്കരുടെ ഉന്നമനം എന്ന ഏക ലക്ഷ്യമായിരുന്ന അദ്ദേഹത്തിൻെറ ഏതാദൃശപ്രവ ൎത്തനങ്ങൾക്കെല്ലാം പ്രേരകമായിരുന്നിട്ടുള്ളത്.

എല്ലാമനുഷ്യരോടും ഫാദർ ഒണോരെയ്ക്കു വാ ത്സല്യമുണ്ടായിരുന്നു; എന്നാൽ കത്തോലിക്കയുവാക്ക ന്മാരോട് അദ്ദേഹത്തിന്നു പ്രത്യേകമായ വാത്സല്യമു ണ്ടായിരുന്നു. അവർ കേരളത്തിൽനിന്നുള്ളവരാണെ ങ്കിലോ ആ വാത്സല്യം സീമാതീതവുമായിരുന്നു. സ്വ ന്ത നാടിനെയും വീടിനെയും പ്രിയജനങ്ങളെയും പരി ത്യജിച്ച്, തെന്നിന്ത്യായിലെ കത്തോലിക്കജനസാമാ ന്യത്തെ സേവിക്കുന്നതിനായി വിദൂരസ്ഥമായ ഈ നാട്ടിലെത്തിയ അദ്ദേഹത്തിൻെറ ഔദാൎയ്യത്തിനുചേ ൎന്നതായിരുന്നു ഈ മനോഭാവം. ജാതിമതഭേദമെ ന്യേ എല്ലാ മനുഷ്യരേയും അദ്ദേഹം സ്നേഹിച്ചു; കാ രണം അവരിൽ ദൈവത്തിൻെറ പ്രതിച്ഛായതന്നേ യാണ് അദ്ദേഹം കണ്ടതു്. ഭാരതത്തിൻെറ രക്ഷ കേരളീയകത്തോലിക്കയുവജനങ്ങളിലാണു നിക്ഷി പ്തമായിരിക്കുന്നതു് എന്നു ബോദ്ധ്യപ്പെട്ടതുകൊണ്ടാ

ണ്, കേരളീയകത്തോലിക്കയുവജനങ്ങൾ അദ്ദേഹത്തിൻെറ പ്രത്യേകവാത്സല്യത്തിനു പാത്രീഭവിച്ചു. സ്നേഹമസൃണമായ ഒരു ആലിംഗനം, ദയാശീതളമായ ഒരു മന്ദസ്മിതം, കരുണാർദ്രമായ ഒരു കടാക്ഷം—ഈ ആയുധങ്ങൾകൊണ്ട് അപഥസഞ്ചാരികളെ നേർവഴിയിലാക്കുന്നതിനും സുകൃതികളെ സുകൃതത്തിൽ സ്ഥിരപ്പെടുത്തുന്നതിനും അദ്ദേഹത്തിനു സാധിച്ചിരുന്നു.

ഫാദർ ഒണോരെ തൻെറ സുദീർഘമായ ജീവിതകാലത്തിനിടയിൽ നാടിനും നാട്ടുകാർക്കുംവേണ്ടി എന്തൊക്കെയാണു ചെയ്തിട്ടുള്ളതെന്നും, അദ്ദേഹത്തിൻെറ വിയോഗം എത്ര സന്താപകരവും അപരിഹരണീയവുമായിരിക്കുന്നെന്നും അറിയുന്നതിന്, കേരളത്തിനകത്തും പുറത്തുമുള്ള നാനാജാതിമതസ്ഥരായ ജനസാമാന്യവും പത്രങ്ങളും അദ്ദേഹത്തെക്കുറിച്ചു പുറപ്പെടുവിച്ചിട്ടുള്ള അഭിപ്രായങ്ങൾ വായിച്ചാൽ മതിയാവുന്നതാണ്. കേരളീയകത്തോലിക്കയുവജനങ്ങൾക്ക് അദ്ദേഹത്തോടുണ്ടായിരുന്ന നിസ്സീമമായ സ്നേഹബഹുമാനങ്ങളുടേയും ആദരവിൻെറയും ഔൽകൃഷ്ട്യവും, അദ്ദേഹത്തിൻെറ വേർപാടിൽ അവർക്കുണ്ടായിരിക്കുന്ന സന്താപവും അറിയുന്നതിന് കേരളത്തിൻെറ നാനാഭാഗങ്ങളിലും നടന്ന അനുശോചനയോഗങ്ങൾ മതിയായിരിക്കുന്നു. കേരളീയകത്തോലിക്കസഭയുടെ ഏതൽക്കാലചരിത്രത്തിൽ തങ്കരേഖാങ്കിതവും പ്രഥമഗണനീയവുമായൊരു സ്ഥാനം സ്വസേവനങ്ങളാൽ ഫാദർ ഒണോരെ

കരസ്ഥമാക്കിയിരിക്കുന്നു. അദ്ദേഹത്താൽ, ആ ചരിത്രം മഹത്തമമായിത്തീന്നിരിക്കുന്നുവെന്നു നമുക്ക് അഭിമാനിക്കുകയും ചെയ്യാം.

# V

## സ്മരണകൾ.

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ എം. എ. തിരുവനന്തപുരത്തുകൂടിയ അനുശോചന യോഗത്തിൽ അദ്ധ്യക്ഷം വഹിച്ചുകൊണ്ട് ഇങ്ങനെ പ്രസ്താവിച്ചു:– "ഫാദർ ഒണോരെയുമായി എനിക്കു പലപ്പോഴും സയൻസിൻെറയും വിദ്യാഭ്യാസത്തിൻെറയും വികാസത്തിൻെറ വിവിധവശങ്ങളെപ്പററി സംസാരിപ്പാൻ സംഗതിയായിട്ടുണ്ട്. അപ്പോഴെല്ലാം അദ്ദേഹത്തിനോടു വളരെ ബഹുമാനമാണ് എനിക്കു തോന്നിയിട്ടുള്ളത്. നമ്മുടെ (തിരുവനന്തപുരം സയൻസ്) കോളെജിലെ സയൻസ് വിഭാഗം ആരംഭിച്ചപ്പോൾ, അതിലേയ്ക്കുവേണ്ട വിവേകയുക്തമായ അഭിപ്രായം നൽകുന്നതിൽ അദ്ദേഹം വളരെ സഹായകമായിരുന്നിട്ടുണ്ട്. സദാ ഒരു സമാധാനതല്പരനായിരുന്നു അദ്ദേഹം. ഏററവും കുറഞ്ഞ ചിലവിൽ ഏററവും കാര്യക്ഷമമായി കോളെജുകൾ നടത്തേണ്ടതെങ്ങനെയെന്നു നിർദ്ദേശിക്കുവാൻ അദ്ദേഹത്തിനു പലപ്പോഴും സാധിച്ചിരുന്നു. തിരുവിതാംകൂറിലേയ്ക്കു പ്രത്യേകമായി ഉള്ള ഒരു സർവ്വകലാശാലയുടെ ആവശ്യകതയെപ്പററി അന്വേഷിപ്പാൻ ഒരു കമ്മററിയെ നിയമിച്ചപ്പോൾ ആ കമ്മററി ഡോക്ടർ മാക്ഫെയിലിൻെറയും ഫാദർ ഒണോരെയുടെയും ഉപദേശമാണു സ്വീകരിച്ചത്. റിപ്പോർട്ട് ഇപ്പോൾ സിക്രട്ടറിയേററ് അലമാരിയുടെ

മേലേത്തട്ടിലാണെങ്കിലും* ഫാദർ ഒണോരെയുടെ നിർദ്ദേശങ്ങളെപ്പററിയുള്ള ശ്രുപാൾികൾ പല യോഗ്യന്മാരുടെയും സ്മരണയ്ക്കു വിഷയീഭവിക്കുക ഉണ്ടായിട്ടുണ്ട്. എല്ലാ സർവ്വകലാശാലകളുടെയുംക്രൂടെയുള്ള സംഘത്തിൽ ബഹുമാനപ്പെട്ട മദ്രാസ് ഗവർണ്ണർതന്നെയും, ഫാദർ ഒണോരെയുടെ നിർദ്ദേശങ്ങളെ പ്രശംസിച്ചിട്ടുണ്ട്. അങ്ങനെ ഓരോ കാര്യങ്ങൾ തീരുമാനിക്കുന്നതിൽ, ഫാദർ ഓണോരെ നമ്മെ തുടരെ സ്ഥിരമായി സഹായിച്ചുകൊണ്ടാണിരുന്നിട്ടുള്ളതു്.

"അദ്ദേഹം അധികം സംസാരിക്കാറില്ലായിരുന്നുവെങ്കിലും, അദ്ദേഹത്തിൻെറ മിതഭാഷണം പ്രക്ഷുബ്ധമായ സമുദ്രത്തിൽ എണ്ണയൊഴിക്കുന്നതുപോലെയുള്ള ഫലം ചെയ്തിരുന്നു. കത്തോലിക്കകോളെജുകളുടെ സ്ഥാപനത്തിൽ ഈശോസഭക്കാരാണു മുഖ്യമായി പ്രവർത്തിച്ചിട്ടുള്ളതു്. ഒരൻപതുവർഷങ്ങൾക്കുമുൻപു് അവരുടെ ഈദൃശശ്രമങ്ങൾക്കു ധാരാളം സഹായം സിദ്ധിച്ചിരുന്നു. ഉപയോഗിക്കപ്പെടാതെ കിടന്നിരുന്ന റെയിൽവേകെട്ടിടങ്ങൾ അവൎക്കു കിട്ടിയിരുന്നു. അതിൽനിന്നുതന്നേയും മഹനീയങ്ങളായ കോളെജുകൾ ഏൎപ്പെടുത്തുവാൻ അവൎക്കു സാധിച്ചു.

---

* ഈ പ്രസംഗകാലത്തു പ്രസ്തുതറിപ്പോർട്ടു് അലമാരിയുടെ മേലേത്തട്ടിലായിരുന്നെങ്കിലും തിരുവിതാംകൂർ സർവ്വകലാശാല ഇപ്പോൾ ഒരു വസ്തുതയായിത്തീർന്നിട്ടുണ്ടല്ലോ. അതിൻെറ സ്ഥാപനവിഷയത്തിൽ ഒരു ഗണ്യമായ ഭാഗം ഫാദർ ഒണോരെയ്ക്കുമുണ്ടെന്നുള്ളതു് അഭിമാനാവഹമാകുന്നു.

"ഫാദർ ഒണോരെയ്ക്കു ദക്ഷിണേൻഡ്യയിൽ വെച്ചു പശ്ചിമതീരത്തോട് ഒരു പ്രത്യേകമായ സ്നേഹബന്ധം ഉണ്ടായിരുന്നു. ഞങ്ങൾ ഒരുമിച്ചു സഞ്ചരിച്ചിട്ടുള്ളപ്പോഴുണ്ടായ സംസാരത്തിൽ അദ്ദേഹം പലപ്പോഴും ഈ ഭാഗത്തുനിന്നുള്ള വിദ്യാർത്ഥികളെ പുകഴ്ത്തിപ്പറഞ്ഞിട്ടുണ്ട്. ഇൻഡ്യയിൽ, വിശേഷിച്ചും ദക്ഷിണേൻഡ്യയിൽ, വിദ്യാഭ്യാസത്തിന് അഭിവൃദ്ധി ഉണ്ടായിട്ടുണ്ടെന്നുള്ളതിലേയ്ക്ക്, അദ്ദേഹം ഒരിക്കൽ വിശദമായ ഒരു തെളിവു കാണിക്കുകയുണ്ടായി. അദ്ദേഹത്തിൻെറ ആകർഷകമായ സ്നേഹവും വിശ്വസ്തതയും ഉത്സാഹവും മിക്കപ്പോഴും എൻെറ ഹൃദയത്തെ സ്പർശിച്ചിട്ടുണ്ട്. ദക്ഷിണേൻഡ്യയിലെ കത്തോലിക്കർക്ക് സിദ്ധിച്ചിരുന്നതിൽ ഏററവും വലിയ സമ്പത്തായിരുന്നു ഫാദർ ഒണോരെ. ആരുടെ നന്മയ്ക്കായി അദ്ദേഹം അത്യദ്ധ്വാനം ചെയ്തിരുന്നുവോ, ആ വിപുലതരമായ മഹാജനവും അദ്ദേഹത്തോടു സദാ കൃതജ്ഞതയുള്ളവരായിരിക്കേണ്ടതാണ്. അദ്ദേഹം തൻേറതല്ലാത്ത ഒരു രാജ്യത്തിനുവേണ്ടി ആത്മസമർപ്പണം ചെയ്യുകയായിരുന്നുവല്ലോ. വിദ്യാഭ്യാസരംഗത്തിലുള്ള ഒരാദർശദീപസ്തംഭം അദ്ദേഹത്തിൻെറ മരണത്താൽ, നിത്യതയിൽ ആണ്ടുപോയതായിട്ടാണ് എനിക്കു തോന്നുന്നത്. അദ്ദേഹത്തിൻെറ സ്വദേശികൾക്കു സഹജമായുള്ള സാമർത്ഥ്യത്തിൻെറ അളവില്ലായ്മയും, ഉത്കൃഷ്ടമായ മതാദർശങ്ങളിൽനിന്ന് അദ്ദേഹത്തിനുണ്ടായ ആന്തരപ്രേരണയും, ഗംഭീരംതന്നേ ആയിരുന്നു. ഇത്തരം ആത്മാവുകൾക്കു മരണം നിത്യതയിലേയ്ക്കു

പ്രവേശിക്കുവാനുള്ള അനുവാദം മാത്രമാണ്."

* * * *

സാഹിത്യപഞ്ചാനനൻ, പി. കെ. നാരായണപിള്ള ബി. എ. ബി. എൽ., അതേ യോഗത്തിൽ വെച്ചുതന്നെ, ഇങ്ങനെ പ്രസ്താവിച്ചു:— "എനിക്കു ഫാദർ ഒണോരെയുമായുണ്ടായിട്ടുള്ള പരിചയം പല സുന്ദരസ്മരണകളെയും ഉളവാക്കുന്നുണ്ട്. അദ്ദേഹം പറയുന്നതു വൃഥാ കേട്ടാൽ മാത്രം പോരാ, അദ്ദേഹത്തെ കാണുകയുംകൂടി വേണം. അങ്ങനെ ഒരു മഹാനായിരുന്നു അദ്ദേഹം. അദ്ദേഹത്തോട്ട് അടുക്കുന്ന ഏതൊരാളും, അതിപ്രബലമായ ഒരു കാന്തശക്തിയാൽ എന്നപോലെ, ആകൎഷിക്കപ്പെട്ടുപോകും. ഞങ്ങൾ തിരുവിതാംകൂർ സൎവ്വകലാശാലക്കമ്മെററി അംഗങ്ങളായിരുന്നപ്പോൾ, അദ്ദേഹത്തിന് അതിയായ കൎത്തവ്യഭക്തിയുണ്ടെന്നും, താദൃശകാൎയ്യങ്ങളിൽ അതിയായ ഉത്സാഹമുണ്ടെന്നും, എനിക്കു കാണുവാൻ സാധിച്ചു. അദ്ദേഹത്തിൻെറ മരണത്തിൽ വലുതും അപരിഹാൎയ്യവുമായ ഒരു നഷ്ടമാണ് നാം സഹിക്കുന്നതു്. ഞങ്ങൾ തമ്മിലുള്ള പരിചയം സുദീൎഘമായിരുന്നില്ലെങ്കിലും, വളരെ നന്മയുള്ള അദ്ദേഹത്തിൻെറ ആത്മാവ് എൻെറ മനസ്സിൽ നല്ലവണ്ണം മുദ്രിതമായിട്ടുണ്ട്. ഇൻഡ്യാക്കാരെ മുഴുവൻ കത്തോലിക്കരാക്കാൻ അദ്ദേഹം ഉദ്ദേശിച്ചിരുന്നുവെങ്കിൽ അതു ക്ഷിപ്രസാദ്ധ്യമായിരുന്നു. അദ്ദേഹം അങ്ങനെ യത്നിച്ചില്ല. വിദ്യാഭ്യാസത്തിൻെറ

പ്രചരണത്തിൽമാത്രമായിരുന്നു അദ്ദേഹത്തിന്റെ ശ്രദ്ധ അത്രയും വ്യാപരിച്ചിരുന്നതു്."

*  *  *

റാവുബഹദൂർ ഏ. എം. മുത്തുനായകംപിള്ള ബി. എ. ബി. എൽ. പ്രസ്തുതയോഗത്തിൽ ഇങ്ങനെ പ്രസ്താവിക്കുകയുണ്ടായി:— "വിദ്യാഭ്യാസപ്രവൎത്തനത്തിൽ തന്റെ വലിയ സഖാവായിരുന്ന ഫാദർ ഒണോരെയെ സമാദരിച്ചു മി. രങ്കസ്വാമി അയ്യങ്കാർ നടത്തിയ പ്രഭാഷണത്തിനുശേഷം, സ്വൎഗ്ഗപുരുഷന്റെ, ഒരു വൈദികന്റെയും വിദ്യാഭ്യാസപ്രവൎത്തകന്റെയും നിലയിലുള്ള, സേവനങ്ങളിൽ ചിലതിനെപ്പററി അല്പമൊന്നു സ്പൎശിക്കണമെന്നേ ഞാൻ വിചാരിക്കുന്നുള്ളൂ...കേരളീയകത്തോലിക്കയുവജനസംഘം രൂപവൽകരിച്ചതാണ് അദ്ദേഹം ദക്ഷിണേൻഡ്യയിലെ കത്തോലിക്കരെ ഉദ്ദേശിച്ചു ചെയ്തിട്ടുള്ളവയിൽ ഏററവും വലിയ സേവനം. ആ സംഘത്തിനു ശരിയായ അടിസ്ഥാനവും സൂക്ഷ്മമായ നേതൃത്വവും അദ്ദേഹം നൽകി. ആ സ്ഥാപനം ഫാദർ ഒണോരെയുടെ ശാശ്വതസ്മാരകമായി പ്രശോഭിക്കുമെന്നാശിക്കാം. ക്രൈസ്തവമിഷ്യനറിമാരിൽ ഉജ്ജ്വലമായ ഒരു തേജ:പുഞ്ജമെന്നും, തഴമ്പിച്ച ഒരു വിദ്യാഭ്യാസപ്രവൎത്തകനെന്നും അദ്ദേഹത്തെ വിശേഷിപ്പിച്ചാൽ ധാരാളം മതിയാകുന്നതാണ്.'

*  *  *  *

മി. പി. ഏ. അബ്രാഹം ബി. എ. ബി. എൽ.

പ്രസ്താവിച്ചതിങ്ങനെയാണ്:— "കേരളീയകത്തോലിക്കയുവജനസഖ്യം, ഭൂപരിധി നോക്കിയാൽ ഒരു കേരളീയസംഘമാണെന്നു പറയാമെന്നുമാത്രമേയുള്ളൂ. അതിൻെറ ശാഖകൾ എവിടേയും ഏൎപ്പെടുത്തുവാൻ അദ്ദേഹം ബദ്ധശ്രദ്ധനായിരുന്നു. തിരുവനന്തപുരത്തു ശാഖാസ്ഥാപനത്തിനായി, കുറച്ചുനാൾമുൻപു വന്നിരുന്നപ്പോൾ അദ്ദേഹം മെത്രാപ്പോലീത്ത തിരുമനസ്സിലെ അതിഥിയായിരുന്നു. അന്ന് അവിടെ ചെന്നിരുന്നവൎക്കെല്ലാം അയസ്കാന്തസന്നിഭമായ ഒരു ആകൎഷകശക്തി അനുഭവപ്പെട്ടിരുന്നിരിക്കണം. 72 വയസ്സു പ്രായമുണ്ടായിരുന്നെങ്കിലും, അദ്ദേഹത്തെ സമീപിക്കുന്ന ആൎക്കുംതന്നെ, അദ്ദേഹത്തിന് അത്ര പ്രായമുണ്ടെന്നു തോന്നിയിരുന്നില്ല. അദ്ദേഹം മരണം പ്രാപിച്ച ദിവസം രാവിലെ, കേരളീയകത്തോലിക്കയുവജനസഖ്യത്തിൻെറ തിരുവനന്തപുരം ശാഖയ്ക്കു് ഒരു സന്ദേശം എഴുതി അയച്ചിരിക്കുന്നു!!"

*　　*　　*　　*

മി. എൽ. എം. പൈലി എം. എ. ബി. എൽ. ചങ്ങനാശ്ശേരി കോളെജിൽ ചെയ്ത ഒരു പ്രസംഗത്തിൽ ഇപ്രകാരം പ്രസ്താവിക്കുകയുണ്ടായി:- "ഫാദർ ഒണോരെ പ്രശസ്തനായ ഒരു പണ്ഡിതനും വിദ്യാഭ്യാസപ്രവൎത്തകനും, മിഷ്യനറിയുമായിരുന്നു. തൃശ്ശിനാപ്പിള്ളി സെൻറ് ജോസഫ്സ് കോളെജിലെ മനോഹരമായ നിരീക്ഷണശാലകൾ രൂപവൽക്കരിച്ച വിദഗ്ദ്ധഹസ്തം അദ്ദേഹത്തിൻേറതായിരുന്നു.

സെൻറ് ജോസഫ്സിൽനിന്നു ജോലിവിട്ടതിനുശേഷവും, മദ്രാസ് ലെയോളാക്കോളെജിലെ പുതിയ പ്രകൃതിശാസ്ത്രനിരീക്ഷണശാല സജ്ജമാക്കുന്നതിലും നിയന്ത്രിക്കുന്നതിലും അദ്ദേഹം വ്യാപൃതനായിരിക്കുകയായിരുന്നു. തൻെറ സ്വന്തം വിദ്യാൎത്ഥികൾക്കു മാത്രമല്ലാ, എല്ലാ വിദ്യാൎത്ഥികൾക്കും—അവർ പഠിക്കുന്ന വിഷയങ്ങൾ എന്തുതന്നെ ആയിരുന്നാലും— അദ്ദേഹം ഒരു സുഹൃത്തും, ഉപദേഷ്ടാവും നേതാവുമായിരുന്നു."

*　　*　　*　　*

മി. കെ. ഒ. ആൻറണി, മദ്രാസിൽകൂടിയ അനുശോചനമഹായോഗത്തിൽ അദ്ധ്യക്ഷംവഹിച്ചുകൊണ്ട്, ഇങ്ങനെ പ്രസ്താവിച്ചു:- "ഫാദർ ഒണോരെയുടെ വിയോഗത്താൽ, ഇൻഡ്യൻക്രിസ്ത്യൻ സമുദായത്തിന്, അതിൻെറ ഏററവും വിശ്വസ്തരായ നേതാക്കന്മാരിൽ ഒരാളാണു നഷ്ടപ്പെട്ടിരിക്കുന്നത്. ഈ രാജ്യത്തിലെ വിദ്യാഭ്യാസപുരോഗതിക്ക്, അദ്ദേഹം ചെയ്തിരിക്കുന്ന സേവനങ്ങൾ, ആധുനികഭാരതത്തിൻെറ നിൎമ്മാതാക്കന്മാരിൽ ഒരാൾ എന്ന ബഹുമതി അദ്ദേഹത്തിനു നേടിക്കൊടുക്കത്തക്കവെണ്ണം അത്ര മഹത്തമമായിരുന്നു. ഫാദർ ഒണോരെയുടെ അവിശ്രമപരിശ്രമങ്ങളില്ലായിരുന്നുവെങ്കിൽ, കേരളീയകത്തോലിക്കയുവജനസഖ്യം സ്ഥാപിക്കപ്പെടുകതന്നേയില്ലായിരുന്നു. പശ്ചിമതീരത്തിലെ കത്തോലിക്കസംഘടനകളുമായി അദ്ദേഹത്തിനുള്ള ഗാഢതമമായ ബന്ധത്തെ പുരസ്കരിച്ച്, പലരും

അദ്ദേഹത്തെ 'കേരളീയകത്തോലിക്കരുടെ പിതാവ്' എന്നു വിളിക്കാറുണ്ട്." 'സുപ്രസിദ്ധനായ ഒരു വിദ്യാഭ്യാസപ്രവത്തകൻ, മദ്രാസ് പ്രസിഡൻസിയിലെ കത്തോലിക്കരുടെ ഒരു രക്ഷാഗോപുരം, സാധുക്കളുടെ സാക്ഷാൽസുഹൃത്ത്, ഭാരതസേവനാത്ഥം ജീവിതം നയിച്ചിട്ടുള്ള വിദേശമിഷ്യനറിമാരിൽ അത്യൽകൃഷ്ടനായ ഒരാൾ' എന്നിങ്ങനെയുള്ള പ്രശംസകളാണു്, പ്രസ്തുത അനുശോചനയോഗത്തിലെ പ്രസംഗകന്മാർ ഫാദർ ഒണോരെയ്ക്കു നൽകുകയുണ്ടായതു്.

*   *   *   *

ഫാദർ ജെ. സ്റ്റെൻകിസ്റ്റെ, എസ്സ്. ജെ. 'മോർണിംഗ്സ്റ്റാർ' പത്രത്തിൽ ഇങ്ങനെ എഴുതുകയുണ്ടായി:– "...അദ്ധ്യാപകൻ, ശില്പി, സംഗീതവിദഗ്ദ്ധൻ, ആദ്ധ്യാത്മികോപദേഷ്ടാവ്, ബുദ്ധിമാനായ ആലോചനക്കാരൻ എന്നിങ്ങനെ ജന്മസിദ്ധമായ നിരവധി കഴിവുകളോടുകൂടിയ ഫാദർ ഒണോരെ, അവയെല്ലാം തൻെറ ജീവിതൈകലക്ഷ്യമായ ക്രിസ്തുസേവനാത്ഥം നല്ലതുപോലെ ഉപയോഗിച്ചു. ശ്രമസാദ്ധ്യമായ പല സംരംഭങ്ങളിലും വിജയം കൈവരിക്കുന്നതിനും, പ്രത്യേകിച്ചു കേരളീയകത്തോലിക്കയുവജനസഖ്യത്തെ, അതിൻെറ ഇന്നത്തെ കാര്യക്ഷമമായ നിലയിലേയ്ക്കുയത്തുന്നതിനും, തൻെറ സരളസ്വഭാവംമൂലവും, അടിയുറച്ച നയവിശേഷത്താലും, പരാജയംകൊണ്ടു ക്ഷീണിക്കാത്ത സഹനശക്തിയാലും അദ്ദേഹത്തിനു സാധിച്ചിരിക്കുന്നു.

"അദ്ദേഹത്തിൻെറ ജീവിതാഹസ്സിൻെറ അവസാനത്തെ രണ്ടു ദശാബ്ദങ്ങൾ—നിരാശാജനകമായ അനുഭവങ്ങളാൽ മനുഷ്യർ അശുഭാപ്തിവിശ്വാസികളായിച്ചമയാവുന്ന ഒരു ജീവിതഘട്ടത്തിൽ—ആണ്, തൻെറ ബഹുമുഖമായ പ്രവർത്തനങ്ങളിൽ അതേവരെ അനാവിഷ്കൃതമായ ഒന്നിനെ അദ്ദേഹം പ്രത്യക്ഷീഭൂതമാക്കിത്തീർത്തതു്. യുവജനങ്ങളിൽപ്പോലും അത്ഭുതാദരാദികളെ ഉൽഭൂതമാക്കത്തക്ക സുദൃഢമായ ശുഭപ്ത്യാന്തിയോടുകൂടി, ലീഗിൻെറ പ്രതിഷ്ഠാപനത്തിൽ അദ്ദേഹം വ്യാപൃതനായി. യുവജനങ്ങളോട്ട് അദ്ദേഹത്തിനു പ്രത്യേകവാത്സല്യമുണ്ടായിരുന്നു; എന്നാൽ കേരളീയയുവജനങ്ങളോടാണ് അദ്ദേഹം ഏററവും കൂടുതൽ വാത്സല്യം കാണിച്ചതു്. അദ്ദേഹത്തിന് അവരിൽ അചഞ്ചലമായ വിശ്വാസമുണ്ടായിരുന്നു. അദ്ദേഹത്തിൻെറ അനുസ്യൂതമായ പരിശ്രമങ്ങളാലും, പരസ്പരബോദ്ധ്യത്തോടുകൂടിയ സ്നേഹത്തിൻെറ ഫലമായ അഗാധവും ആനന്ദദവുമായ അനുഭാവത്താലും, അവരുടെ (കേരളീയകത്തോലിക്കയുവജനങ്ങളുടെ) അനുകൂലമനോഭാവത്താലും, ഫാദർ ഒണോരെയുടെ പ്രതീക്ഷകൾ ഗണ്യമായ വിധത്തിൽ ഫലവത്തായിത്തീർന്നു. അദ്ദേഹത്തിൻെറ കേവലസാന്നിദ്ധ്യംതന്നെ ഒരു നിവേശനവും ആത്മീയസമാധാനവും പ്രദാനം ചെയ്തിരുന്നു.

"ദൃഢസൗഹൃദമായ സംയുക്തജീവിതദ്വാരാ അദ്ദേഹത്തെ അടുത്തറിയാൻ കഴിഞ്ഞിട്ടുള്ളവരിൽനിന്ന്, മാർത്തോമ്മാശ്ലീഹായുടെ ആത്മീയനന്ദനന്മാ

രോട്ട് തനിക്കുള്ള വാത്സല്യത്തെ ഈ കേരളത്തിൻെറ പ്രേഷിതൻ ഗോപനം ചെയ്തിരുന്നില്ല. പരിപൂർണ്ണവിജയസിദ്ധിക്കുണ്ടാകാവുന്ന വിഷമതകളെ അദ്ദേഹം മനസ്സിലാക്കിയിരുന്നു. പക്ഷേ പ്രതിബന്ധങ്ങൾ എപ്പോഴും അദ്ദേഹത്തിൻെറ ഉത്സാഹത്തെ വർദ്ധിപ്പിച്ചതേയുള്ളു. തന്മൂലം ഒടുവിൽ അദ്ദേഹത്തിൻെറ സ്ഥിരപരിശ്രമത്തിനു തക്ക പ്രതിഫലം ലഭിക്കുകയും ചെയ്തു. കേരളീയകത്തോലിക്കയുവജനസഖ്യം ഒരിക്കലും അതിൻെറ സ്ഥിരാദ്ധ്യക്ഷനെ വിസ്മരിക്കുകയില്ല. അദ്ദേഹത്തെ ഒരു പിതാവായി ഗണിച്ചിരുന്നവർക്ക് അദ്ദേഹത്തിൻെറ സ്മരണ പുരോഗമനത്തിനുള്ള ഒരു പ്രോത്സാഹനവും, വികാസത്തിനുള്ള ഒരു പ്രേരണയും, പരേതനായ ആ നേതാവു തൻെറ അന്തിമശാസനമായി നൽകിയിരിക്കുന്ന പ്രവർത്തനപരിപാടികളോടുള്ള ഒരു വിശ്വാസവും പ്രദാനം ചെയ്യുന്നതാണ്.

"ഫാദർ ഒണോരെ തൻെറ ആഭ്യന്തരജീവിതത്തെ പ്രശസ്തമായ രീതിയിൽ നിയന്ത്രിച്ചിരുന്നു. അദ്ദേഹം നിയമനിഷ്ഠനും അനുസരണശീലനുമായിരുന്നു. ബാഹ്യമാത്രമായ ഭക്തിയോട് അദ്ദേഹത്തിന് അനുഭാവമുണ്ടായിരുന്നില്ല. കർത്തവ്യനിർവ്വഹണത്തിൽ അചഞ്ചലചിത്തനായിരുന്ന അദ്ദേഹം, തൻെറ സ്വാധീനശക്തി ഏതെങ്കിലും തരത്തിൽ പ്രയോഗിക്കാവുന്ന എല്ലാവരുടേയും സ്വഭാവരൂപവൽകരണത്തിൽ അതി നിഷ്കൃഷ്ടകാണിച്ചിരുന്നു. അദ്ദേഹത്തിൻെറ പെരുമാററം എപ്പോഴും ദാക്ഷിണ്യ

സമന്വിതമായിരുന്നു. അദ്ദേഹത്തെ ക്ഷണം വശ പ്പെടുത്തുന്നതിനു സാദ്ധ്യമായിരുന്നു. എന്നാൽ, ഗൗ രവങ്ങളായ സംഗതികളിൽ അദ്ദേഹം യാതൊരു വിട്ടുവീഴ്ചയും ചെയ്തിരുന്നില്ല. സത്യത്തെ സ്പഷ്ടവും, മിതവും എന്നാൽ മാന്യവുമായ ഭാഷയിൽ ആരോ ടും പറയുന്നതിന് അദ്ദേഹം അല്പവും ശങ്കിച്ചിരു ന്നില്ല. അദ്ദേഹത്തിനു ഗുരുതരങ്ങളായ വിഷമതക ളുണ്ടായിരുന്നു. പക്ഷേ വീരോചിതമായ നിലയിൽ അദ്ദേഹം അവയെ സഹിച്ചു. സുകൃതങ്ങളെപ്പററി വിധി കല്പിക്കേണ്ടതു പ്രവൃത്തികളിൽനിന്നും, മൗന മായി സഹിക്കുന്നതിനുള്ള ശക്തിയിൽനിന്നുമാണ ല്ലോ. ഈ മാനദണ്ഡം വെച്ചളക്കുമ്പോൾ, ഏതു കാ ലത്തുമുള്ള പ്രസിദ്ധരായ അനവധി ആദ്ധ്യാത്മിക പുരുഷന്മാരക്കൊപ്പമായ ഒരു നില ഫാദർ ഒണോരെ യ്ക്കുണ്ടെന്നു കാണാവുന്നതാണ്."

*    *    *    *

മി: കെ. ററി. കോശി ബി. എ., പരേതനാ യ തൻെറ വന്ദ്യഗുരുവിനെപ്പററി ഇങ്ങനെ എഴുതു കയുണ്ടായി:—

"നിര്യാണം പ്രാപിച്ച വന്ദ്യവയോധികനായ ഫാദർ ഒണോരെയുടെ പാവനനാമം കേട്ടിട്ടില്ലാ ത്ത ഒരൊററ ആൾ എങ്കിലും കേരളകത്തോലിക്ക യുവലോകത്തിലുണ്ടാകയില്ല. ആ പവിത്രനാമമാഹാ ത്മ്യം കേരളത്തിലെ എന്നല്ല, ദക്ഷിണേന്ത്യയിലെ കത്തോലിക്കരോടു പറഞ്ഞറിയിക്കേണ്ട ആവശ്യ

മേയില്ല. മലയാളത്തും, തമിഴ്നാട്ടിലും, ആന്ധ്ര ദേശത്തുമുള്ള യുവകത്തോലിക്കലോകത്ത് ഒന്നു പോലെ ആരാധനീയമായ ആ പുണ്യനാമത്തിന് അകത്തോലിക്കരുടേയും അക്രൈസ്തവരുടേയും ഇട യിൽപോലും നിസ്സീമമായ ഒരു വ്യാപ്തിയുണ്ടെന്നു ള്ള വസ്തുത പലക്കും ബോദ്ധ്യപ്പെട്ടിട്ടുണ്ട്. സവ്വ ലോകാരാദ്ധ്യന്മാരായ മഹത്തുക്കൾ ഏതു കുലത്തിൽ ജനിച്ചാലും, ഏതു സാമൂഹ്യവിഭാഗത്തിൽ പെട്ടിരു ന്നാലും, ക്രമേണ അവർ ലോകത്തിൻെറ പൊതു സ്വത്തായിത്തീൎന്നുപോകാറുണ്ട്. പുരാണപ്രതിപാ ദിതരായ മഹത്തുക്കൾ, ചരിത്രപ്രസിദ്ധരായ യുദ്ധ വീരർ, സഹൃദയഹൃദയാഹ്ലാദജനകങ്ങളായ കാവ്യ ങ്ങളുടെ നിൎമ്മാതാക്കൾ, വിശ്വവിഖ്യാതരായ ശാ സ്ത്രജ്ഞന്മാർ, ഗായകപ്രവീരർ, ആദിയായവരുടെ ഉജ്ജ്വലത്തായ യശഃപ്രഭ ഏകസമുദായസങ്കുചിത പരിധികളിൽമാത്രം മൂടിവെയ്ക്കാൻ ഒരിക്കലും സാ ദ്ധ്യമല്ല......

"ഫാദർ ഒണോരെയുടെ നിസ്സൎഗ്ഗമധുരമായ സംഭാഷണാമൃതം അനുഭവിക്കുന്നതിന് അഹമഹമി കയാ വിദ് യാൎത്ഥികൾ എപ്പോഴും അവസരം നോ ക്കിയിരുന്നു. ചന്ദനശീതളമായ ആ പുഞ്ചിരിപ്പൂനി ലാവിൽ ആറാടിക്കളിക്കുന്നതിനുമാത്രം ഞാൻ അ ദ്ദേഹത്തെ കണക്കിലധികം അസഹ്യപ്പെടുത്തിയിട്ടു ണ്ട്. മന്ദഹാസം പലവിധമാവാം. ചിലരുടേതു കാ ണികളെ രോഷാകുലരാക്കിത്തീൎക്കും; മററു ചിലരു ടേത് അവജ്ഞാജനകമാണ്; ചിലതു ബാഹ്യാചാ

രചിഹ്നംമാത്രം; ചിലതു ജഡികവും മ്ലേച്ഛവുമായി ത്തോന്നാം. എന്നാൽ സ്വർഗ്ഗസുന്ദരമായ മസൃണമന്ദഹാസം നൈസർഗ്ഗികമായി പൊഴിക്കുന്നതിന് അച്ഛസ്ഫടികസങ്കാശമായ ഹൃദയമുള്ളവർക്കേ കഴിയൂ. ഭൗതികജീവിതക്ലേശങ്ങളെ ഹനിക്കുന്നതിനും, ജഡികചിന്തകളാൽ തപ്തമായ ഹൃദയങ്ങളെ സന്മാർഗ്ഗബോധാചലത്തിൽനിന്നുൽഭൂതമാകുന്ന ശീതളസരിത്തുകളിൽ മുക്കിക്കഴുകി വെടിപ്പാക്കുന്നതിനും ഈ മന്ദഹാസത്തിനുള്ള ശക്തി ഒന്നു വേറെയാണ്. ദുഃഖഭൂയിഷ്ഠമായ ഈ ലോകത്തെ ആശയാകുന്ന പാവനതന്തുക്കളാൽ, ആനന്ദകേന്ദ്രമാകുന്ന സ്വർല്ലോകത്തോടു ബന്ധിപ്പിക്കുന്നതു് ഈ മാതിരി മന്ദസ്മേരമാണ്. കഷ്ടതയുടെ നടുവിൽ ഈ തങ്കപ്പുഞ്ചിരിക്കു മാററു കുറയുകയില്ല. ഈ പുഞ്ചിരി ശിശുക്കൾക്കും ദേവന്മാർക്കുമായിട്ടാണു സൃഷ്ടികർത്താവു് ഉദ്ദേശിച്ചിരിക്കുന്നതു്. എന്നാൽ ശിശുക്കളെപ്പോലെ നിർമ്മലഹൃദയമുള്ളവർക്കും ഇതു് അവകാശമാക്കാമെന്നു പുണ്യപുരുഷന്മാർ നമുക്കു മാതൃകാപാഠം തന്നിരിക്കുന്നു.

"ഇപ്രകാരം അവർണ്ണ്യമായ സ്വാധീനശക്തിയുള്ള ആ പുഞ്ചിരിതന്നെയാണു തമിഴ്നാട്ടിലെ കാരിക്കറമ്പന്മാരായ അനാഥക്കുട്ടികളെ കൊഞ്ചിക്കളിച്ചു് അദ്ദേഹത്തോടു ദുസ്സാമർത്ഥ്യം കാണിക്കുന്നതിനു പ്രേരിപ്പിച്ചതു്. അവരോടു സംസാരിക്കുമ്പോൾ കരുണാർദ്രമാകുന്ന ആ മുഖം കാണേണ്ടതുതന്നെയാണ്. ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ വിദ്യാ

ത്ഥികരം മാത്രമല്ല, അദ്ദേഹത്തിന്റെ ശിഷ്യാഗ്ര ണികളും സംസ്ഥാനം ഒട്ടുക്കു പ്രശസ്തി നേടിയിട്ടുള്ളവരുമായ പ്രൊഫസ്സർമാർപോലും നിശ്ചലരായി നോക്കിക്കൊണ്ടു നിൽക്കുക പതിവാണ്. ഈ അപാരമായ സ്വാധീനശക്തിയുടെ ഹേതു എന്താണെന്നു ശാസ്ത്രജ്ഞന്മാർ കണ്ടുപിടിക്കട്ടെ. അതിന്റെ ഫലം അദ്ദേഹത്തെ കണ്ടിട്ടുള്ളവക്കെല്ലാം ബോദ്ധ്യപ്പെട്ടിട്ടുണ്ടല്ലോ. അദ്ദേഹം വിചാരിച്ചിരുന്നുവെങ്കിൽ, ഭാരതീയരെ ആകമാനം ക്രിസ്തുമതാനുസാരികരം ആക്കാമായിരുന്നു എന്ന് ഈയിടെ ഒരു അക്രൈസ്തവമഹാൻ പറഞ്ഞതു് ഏതാണ്ടു സത്യമാണ്. അദ്ദേഹം വിചാരിച്ചിരുന്നുവെങ്കിൽ മലയാളക്കരയിലെ ദുഷ്ടമൃഗങ്ങളെക്കൂടെ മരുക്കാമായിരുന്നില്ലേ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. അനസ്യൂതമായ ശാന്തതയുടെ മുദ്ര എപ്പോഴും അദ്ദേഹത്തിന്റെ മുഖകമലത്തിൽ തെളിവായി കാണാമായിരുന്നു. കോപംകൊണ്ടോ, അസഹിഷ്ണുതകൊണ്ടോ ആ നെററി ചുളിയുന്നതോ പുരികം കോട്ടുന്നതോ ഞാനോ എനിക്കു പരിചയപ്പെട്ടിരുന്നവരിൽ ആരെങ്കിലുമോ കണ്ടിട്ടില്ല.

"വാർദ്ധക്യം മിക്ക ആളുകളുടേയും സഹനശക്തിയെ കുറയ്ക്കാറുണ്ട്. ദുഘടങ്ങരം, കാലാവസ്ഥയുടെ കാഠിന്യം മുതലായ വിപരീതപരിതസ്ഥിതികരം ചിലൎക്കു മനശ്ചാഞ്ചല്യത്തെ ഉണ്ടാക്കാം. ഈ ശോസഭയിലെ അംഗങ്ങരംക്കുള്ള ദീഘവും കൎനവുമായ ശിക്ഷണകാലം കഴിഞ്ഞുവന്നിട്ടുള്ളവരിൽ

ല്പോലും, കോപം അസഹിഷ്ണുത മുതലായ ചില നിസ്സാരബലഹീനതകൾ കണ്ടുവരാറുണ്ട്. എന്നാൽ ഫാദർ ഒണോറെയുടെ നിഘണ്ടുവിൽ മുൻകോപം എന്നൊരു വാക്കേ ഇല്ലായിരുന്നു. പ്രകൃതിശാസ്ത്രത്തിലെ വിഷമമേറിയ പ്രശ്നങ്ങൾ അദ്ദേഹത്തിനു നിസ്സാരങ്ങളായി തോന്നിയിരുന്നു. എങ്കിലും ഈൎഷ്യ അങ്ങാടിയോ പച്ചമരുന്നോ എന്ന് അദ്ദേഹത്തിനു നിശ്ചയമുണ്ടായിരുന്നില്ല. അദ്ദേഹത്തിൻെറ അഗാധബുദ്ധിക്കോ, പൎയ്യവേക്ഷണശാലയിലെ അതിസൂക്ഷ്മയന്ത്രങ്ങൾക്കോ അസൂയയേയും പുരുഷവിദ്വേഷത്തേയും അന്വേഷിച്ചറിയാൻ സാധിച്ചിട്ടില്ല. ഏതു സമയത്തും വെളിയിൽ കണ്ടാൽ, ആചണ്ഡാലബ്രാഹ്മണം വിദ്യാൎത്ഥികൾ അവിടുത്തെ ചുററിക്കൂടുന്നതിന് ഉത്സാഹിക്കാറുണ്ട്.

"മദ്ധ്യാഹ്നസൂൎയ്യൻെറ അതിതപ്തകിരണങ്ങളിൽനിന്നൊഴിഞ്ഞു വേപ്പുമരത്തണലിലോ, നാട്ടുബദാംമരങ്ങളുടെ കീഴിലൊ, കൈകൾ പിൻഭാഗത്തുകെട്ടി, നിശ്ചലമായി നില്ക്കുന്ന നില ഇപ്പോഴും എൻെറ ദൃഷ്ടിപഥത്തിൽ വരാറുണ്ട്. ആരോഗ്യകരമായ ശീതോഷ്ണമേഖലയിൽ, പരിമളതൈലങ്ങളുടെയും ദ്രാക്ഷാച്ചെടികളുടെയും ദേശത്ത്; താൻ വിട്ടുപോന്ന മനോഹരമന്ദിരങ്ങളേയും വാത്സല്യമിത്രങ്ങളെയുംപററിയുള്ള സ്മരണയിലോ, ശാസ്ത്രതത്വങ്ങളിലെ വിഷമപ്രശ്നങ്ങൾക്കുത്തരം അന്വേഷിക്കുന്നതിലോ, മലയാളത്തെ യുവകത്തോലിക്കരുടെ ആത്മീയപരിശീലനത്തിനു കൂടുതൽ സൗകൎയ്യ

ങ്ങൾ ഉണ്ടാക്കുന്ന വിഷയത്തിലൊ, തൃശ്ശിനാപ്പിള്ളി കത്തോലിക്കസഭയിലെ ഭിന്നത തീക്കുന്ന കാര്യങ്ങളിലൊ, അദ്ദേഹം ഗാഢനിമഗ്നനായി ചിലപ്പോൾ നില്ക്കുകയായിരിക്കും. ആ സമയങ്ങളിൽ അദ്ദേഹത്തെ അലട്ടുന്നതിൻെറ അസാംഗത്യം അല്പം ആലോചനാബുദ്ധിയുള്ളവക്കെല്ലാം അറിയാമെങ്കിലും, തൻകാര്യശീലന്മാരായ കുട്ടികൾക്ക് ആവക ചിന്തയേ ഉണ്ടാകയില്ല. ഈ സന്ദർഭങ്ങളിൽ കണ്ടു നില്ക്കുന്നവക്ക് പോലും നീരസം തോന്നിയാലും, ആ വിശാലഹൃദയന്നു യാതൊരു അതൃപ്തിയും തോന്നുകയില്ല. സദാ നിറഞ്ഞു തുളുമ്പുന്ന അവിടുത്തെ പാവനസ്നേഹം സകല വിപരീതശക്തികളേയും ജയിക്കത്തക്കതായിരുന്നു. ഈ സ്നേഹവ്യാപ്തിയാണു സഹ്യാദ്രിയെക്കടന്നു മലയാളക്കരയിലേയ്ക്കു പരന്നത്.

"പ്രകൃതിരമണീയതയ്ക്കു കാശ്മീരിനെപ്പോലും വെല്ലുന്ന ഈ കേരളം സുകുമാരകലകളിൽ വിദഗ്ദ്ധനായ അദ്ദേഹത്തെ ഇങ്ങോട്ടാകഷിച്ചതിൽ അത്ഭുതമില്ല. പ്രകൃത്യാ അദ്ദേഹത്തിന്നു ചിത്രമെഴുത്തിൽ നല്ല വാസന ഉണ്ടായിരുന്നു. സെൻറ് ജോസഫ്സ് കോളെജുവക ലോലിഹാളിലെ നാടകവേദിയിൽ അദ്ദേഹത്തിൻെറ സ്വന്തകൈയാൽ എഴുതപ്പെട്ട ഭംഗിയേറിയ പല പടുതാകളും കാണ്മാനുണ്ടായിരുന്നു. ചിത്രമെഴുത്തിൽ വാസനയുള്ളവക്കു കമനീയങ്ങളായ ഭൂവിഭാഗങ്ങളോടു കൂടുതൽ ആകഷണം ഉണ്ടാകുമല്ലോ. ഒരു ഭാഗത്തു ഹരിതവണ്ണവനങ്ങളാൽ ആവരണം ചെയ്യപ്പെട്ട ഔന്നത്യമേറുന്ന കുന്നുകൾ നീ

ലാംബരത്തെ. ഉമ്മവെക്കുന്നു! മറുവശത്തു കരിനീല നിറമാന്ന ഇന്ത്യാസമുദ്രം പുഞ്ചിരിക്കൊള്ളുന്നു. മദ്ധ്യഭാഗം പഴുത്തുവിളഞ്ഞുകിടക്കുന്ന ധാന്യങ്ങൾ നിറഞ്ഞ വയലുകളായ കസവുചേല ചുററിയും, വെള്ളിപോലെ വിളങ്ങുന്ന നീർത്തോട്ടുകളാലും നദികളാലും മേഖലകൾ ധരിച്ചും അമൃതകുംഭഭരകളായ കല്പവൃക്ഷങ്ങളാൽ പരിശോഭിതമായുമുള്ള ഈ ഭൂലോകപറുദീസ ആരെയാണ് ആകർഷിക്കാത്തത്? എന്നാൽ ഈ പ്രകൃതിമഹിമാവ് ഒന്നുമാത്രമാണോ അദ്ദേഹത്തെ ഇവിടേയ്ക്കു് ആകർഷിച്ചത് എന്നു നാം ആലോചിച്ചുനോക്കിയാൽ നിശ്ചയമായിട്ടും അല്ലാ എന്നൊരു പ്രത്യുത്തരം നമുക്കു ലഭിക്കുന്നു. ചേതോഹരഭൂവിഭാഗങ്ങൾ കണ്ട് ആനന്ദിക്കുവാനായിമാത്രം അദ്ദേഹത്തിൻെറ ആയുസ്സിൽ ഇത്ര വലിയൊരു ഭാഗം ഈ അനാരോഗ്യകരമായ ഉഷ്ണമേഖലയിൽ കഴിച്ചുകൂട്ടേണ്ട ആവശ്യമില്ലായിരുന്നു....അദ്ദേഹം ഈശോസഭയിലെ ഒരംഗമായിരുന്നു. അതുകൊണ്ട് ദേശങ്ങളുടെ സ്ഥിതിഗതികളേയും പ്രകൃതിമഹിമാവിനേയുംകാൾ അധികം കാര്യമായി കരുതിയിരുന്നതു ദേശവാസികളുടെ ആത്മീയരക്ഷയേ ആയിരുന്നു.

"അദ്ദേഹത്തിൻെറ ആദർശശുദ്ധിയെ ബഹുജനങ്ങൾ ജാതിമതഭേദമെന്യേ ആദരിക്കുന്നു. വാർദ്ധക്യംകൊണ്ടു ബലഹീനമായ ക്ഷീണഗാത്രം ത്യജിച്ചിട്ടു മഹത്വത്തിലേയ്ക്കു് എടുക്കപ്പെട്ട ആ പുണ്യവാനെപ്പററി നാം എന്തിനു ഖേദിക്കുന്നു? തൻെറ വിശ്വസ്തനായ ഭൃത്യൻ ഇനി ലോകക്ലേശങ്ങൾ അ

നഭവിക്കേണ്ട ആവശ്യമില്ലാ എന്നു മഹത്വത്തിൻെറ പ്രഭ നിശ്ചയിച്ചുകഴിഞ്ഞു. അന്ത്യനാഴികവരെ തന്നെ ഏല്പിച്ച ജോലി തീക്ഷ്ണതയോടുകൂടി നിവ്വഹിച്ചിട്ട്, ആ നിത്യസൗഭാഗ്യത്തിൽ തൻെറ പൂവ്വന്മാരോടു ചേരുന്നതിന്ന യജമാനൻെറ വിളി അനുസരിച്ചുപോയ ആ ദേഹത്തിൻെറ വിരഹത്തിൽ നാം അറിയാതെതന്നെ നമ്മുടെ കണ്ണുകൾ നിറയുന്നു. ആ വിരഹം നമുക്ക് അപരിഹാൎയ്യമായ നഷ്ടമാണെന്നു തോന്നുന്നതിൽ അത്ഭുതമില്ല. എന്നാൽ, ഈ വേർപാടു നിത്യമല്ലാ എന്നുകൂടി നാം ഓക്കേണ്ടതാണ്. ഇന്നല്ലെങ്കിൽ നാളെ നാം അദ്ദേഹത്തിൻെറ സമീപത്തേയ്ക്കു ചെന്നുചേരും. വിജയശ്രീകളിയാടുന്ന ഒരു പുഞ്ചിരിയോടുകൂടി മലബാറിലെ കത്തോലിക്കരെ അദ്ദേഹം ഇഗ്നേഷ്യസ് ലെയോളാ, സെൻറ് ഫ്രാൻസിസ് സേവ്യർ മുതലായ പുണ്യവാന്മാക്ക് പരിചയപ്പെടുത്തിക്കൊടുക്കുന്നതും, വേണ്ട ശുശ്രൂഷകൾ ചെയ്യുവാൻ ദൈവദൂതന്മാരോട് ആജ്ഞാപിക്കുന്നതും നമുക്കു മുൻകൂട്ടി ഊഹിക്കാമല്ലോ.”

ഫാദർ സൈമൺ സി. ഡി., എം. സി. വൈ. എൽ. വാഷികയോഗത്തിൽവെച്ച് ഇങ്ങനെ പ്രസ്താവിക്കുകയുണ്ടായി:—

“ഒണോരെയച്ചനെപ്പററി പറഞ്ഞറിയിക്കേണ്ടതായി ഇന്നു കേരളത്തിൽ ആരാണുള്ളത്? കേരളീയകത്തോലിക്കരുടെ സ്മരണയിൽ അത്ര ദൃഢമാ

യ ഒരു സ്ഥാനം അദ്ദേഹം കരസ്ഥമാക്കിയിരിക്കു ന്നു...മായിച്ചുകളഞ്ഞാലും മായാത്തവിധത്തിൽ അതു നമ്മുടെ ഹൃദയത്തിൽ പതിഞ്ഞിട്ടുണ്ട്. കാലാന്തരത്തിൽ അതു മങ്ങിപ്പോകാനിടയാകാതെ നാം സൂക്ഷിച്ചുകൊണ്ടാൽ മാത്രംമതി. അതിലേയ്ക്കു ഒന്നു രണ്ടു സംഗതികൾ അനുസ്മരിപ്പിക്കണമെന്നുമാത്രമേ ഞാനുദ്ദേശിക്കുന്നുള്ളൂ. ബ. ഒണോാരെയച്ചൻ ഫ്രഞ്ചുകാരനായ ഒരു കേരളീയനായിരുന്നു. കേരളീയരെ സംബന്ധിച്ചിടത്തോളം അദ്ദേഹം വൃദ്ധനായ ഒരു യുവാവായിരുന്നു. ഞാൻ പൂർവ്വാപരവിരുദ്ധമല്ലാ പറയുന്നതെന്നു കാണിച്ചുതരാം. ആ രണ്ടുസംഗതികളും മറക്കാതിരുന്നാൽ കേരളീയകത്തോലിക്കർ ഒണോാരെയച്ചനെ ഒരുനാളും മറക്കുകയില്ല.

"ബ. ഒണോാരെയച്ചൻ ഇൻഡ്ധ്യയിൽ ഒരു മഹാനായിരുന്നു; അമ്പതു കൊല്ലത്തോളം ഭാരതത്തെ സേവിച്ച ഒരു മിഷ്യനറിയായിരുന്നു; അനന്യസാധാരണനായ ഒരു ആദ്ധ്യാത്മികഗുരുവായിരുന്നു; അദ്വിതീയനായ ഒരു വിദ്യാഭ്യാസപ്രവർത്തകനായിരുന്നു; നിസ്തുല്യനായ ഒരു അഗാധശാസ്ത്രപണ്ഡിതനായിരുന്നു; മദ്രാസ് സർവ്വകലാശാലയുടെ ഒരു കെടാവിളക്കായിരുന്നു. ഇതും ഇതുപോലെ മററു പലതും ആ മഹാശയനെപ്പററി പറയാറുണ്ട്. അതെല്ലാം നമ്മേയും സംബന്ധിക്കുന്നവയാണെങ്കിലും, നമ്മെ സംബന്ധിക്കാത്തതുപോലെ ഞാൻ വിട്ടുകളഞ്ഞുകൊണ്ട്, അദ്ദേഹം ഫ്രഞ്ചുകാരനായ ഒരു കേരളീയനായിരുന്നുവെന്ന് ആദ്യംതന്നെ തെളിയി

ക്കാം. ഫാദർ ഒണോരെ ഫ്രാൻസ് രാജ്യത്തു ജനിച്ച തിനാൽ ഫ്രഞ്ചുകാരനാണെന്നുള്ളതിൽ വാദമില്ല. എന്നാൽ അദ്ദേഹം കേരളീയനുമായിരുന്നു. ആശ കൊണ്ടും, ആശയംകൊണ്ടും, ആവേശംകൊണ്ടും അ ദ്ദേഹം കേരളീയനായിരുന്നു!

"ഫാദർ ഒണോരെ ഈശോസഭയിൽ പ്രവേ ശിച്ചു വൈദികാദ്ധ്യയനം നടത്തിക്കൊണ്ടിരുന്ന കാലത്താണു ഫ്രഞ്ചുകാരനും ഈശോസഭാംഗവും വന്ദ്യസ്മരണാർഹനുമായ ലവീഞ്ഞുമെത്രാനച്ചൻ തി രുമനസ്സുകൊണ്ടു ചങ്ങനാശ്ശേരിയിൽ ഒരു കോളെജ് സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള ശ്രമങ്ങൾ ആരംഭി ച്ചതു്. അതിനുവേണ്ടി കേരളത്തിലേയ്ക്കു പോരുന്ന തിന് ഒണോരെശെമ്മാശ്ശനെ അദ്ദേഹം ക്ഷണിച്ചു. സസന്തോഷം അദ്ദേഹം ക്ഷണം സ്വീകരിച്ചു. എ ന്നുമാത്രമല്ല, കേരളത്തെ അദ്ദേഹം തൻെറ ഭാവി പ്രവർത്തനരംഗമായി കൈവരിക്കുകയും ചെയ്തു. ഇ ങ്ങനെ ഫ്രാൻസിലിരുന്നുകൊണ്ടുതന്നെ ആശവഴി യായി താൻ ഒരു കേരളീയനായിത്തീർന്നുവെന്ന് അദ്ദേഹം പറയാറുണ്ടായിരുന്നു. പക്ഷെ ആശ അന്നൊങ്ങും സഫലീഭവിച്ചില്ലെന്നേയുള്ളു. ഇൻഡ്യ യിൽ മധുരമിഷ്യനിലേയ്ക്കാണു ശ്രേഷ്ഠന്മാർ അദ്ദേ ഹത്തെ അയച്ചതു്. ഇപ്പൊഴത്തെ തൃശ്ശിനാപ്പിള്ളി സെൻറ് ജോസഫ്സ് കോളെജിൻെറ പ്രാരംഭമാ യ നാഗപട്ടണം സ്കൂളിൽവന്നു ജോലി തുടങ്ങി. ല വീഞ്ഞുമെത്രാനച്ചൻ തിരുമനസ്സുകൊണ്ട് അങ്ങോ ട്ടും കണ്ണുവെയ്ക്കാതിരുന്നില്ല. എങ്കിലും ഇത്ര മധുര

മേറിയ ഈ ഫലം കൈവിട്ടുകളയുന്നതിനു മധുര മിഷ്യൻെറ സൂപ്പീരിയർ മനസ്സായില്ലെന്നേയുള്ളൂ.

“അതിൽപിന്നീട് അദ്ദേഹം ആശയംകൊണ്ടു കേരളീയനായി. അതെങ്ങനെയാണെന്നാണു കാണാനുള്ളത്. 1883-ൽ നാഗപട്ടണത്തിൽനിന്നു സെൻറ് ജോസഫ്സ് കോളെജ് സ്റ്റാഫ്സഹിതം തൃശ്ശിനാപ്പള്ളിയിലെത്തി. ഭാരതത്തിൻെറ രക്ഷാമാൎഗ്ഗവും അഭിമാനകേന്ദ്രവുമായ ആ സ്ഥാപനത്തിലേയ്ക്കു കേരളീയകത്തോലിക്കയുവാക്കന്മാരും ഓടിക്കൂടിത്തുടങ്ങി. ആശകൊണ്ടു കേരളീയനായ ഒണോറെയച്ചൻ അവരുമായി കണ്ടുമുട്ടിയതിനോടേ അദ്ദേഹത്തിൻെറ ആശയരൂപവൽക്കരണം സഫലമായി. ... ഒരു കത്തോലിക്കാ ആസ്ഥാനമാണു കേരളമെന്നു മനസ്സിലാക്കുന്നതിന് ആ നിരീക്ഷണകുശലന് അധികക്കാലം വേണ്ടിവന്നില്ല. ഭാരതസഭയുടെ ഹൃദയമാണു കേരളമെന്നും, കത്തോലിക്കത്വം കവിഞ്ഞൊഴുകുന്ന അവിടത്തെ ജനങ്ങളുടെ സന്താനങ്ങളാണു തൃശ്ശിനാപ്പിള്ളിയിൽ എത്തിയിരിക്കുന്നതെന്നും അചിരേണ അദ്ദേഹത്തിനു ബോദ്ധ്യമായി. ഭാരതത്തിൻെറ രക്ഷ കേരളത്തിൽനിന്നുണ്ടാകണം; അതിനാൽ അതിലേയ്ക്കു കേരളീയകത്തോലിക്കയുവാക്കന്മാരെ സന്നദ്ധരാക്കണം. ഇതായിരുന്നു അദ്ദേഹത്തിൻെറ ആശയം. ഇതിനായി, അവിടെ എത്തിയിരുന്ന നമ്മുടെ യുവാക്കന്മാരുടെമേൽ അദ്ദേഹത്തിൻെറ സൎവ്വശ്രദ്ധയും പതിഞ്ഞു. അദ്ദേഹം അവരുടെ ഉപദേശകനായിരുന്നു;

സഹായകനായിരുന്നു; ആത്മപാലകനായിരുന്നു; എല്ലാമായിരുന്നു. ഇന്നുള്ള നമ്മുടെ പ്രമാണികളിൽ പലരും അന്നു ഫാദർ ഒണോരെയുടെ കേരളീയത്വത്തിൽക്കൂടി കടന്നുപോന്നിട്ടുള്ളവരാകുന്നു.

"ഒടുവിൽ അദ്ദേഹം അവരെ ആവേശിച്ചുകളയുകതന്നെ ചെയ്തു. അവർക്ക് അദ്ദേഹത്തിൽനിന്നും, അദ്ദേഹത്തിന് അവരിൽനിന്നും പിരിയാൻ പാടില്ലാതായി. കത്തോലിക്കവിദ്യാൎത്ഥിസംഘം ആവിൎഭവിച്ചു. അദ്ദേഹം പ്രസിഡൻറായി. പത്തുപതിനഞ്ചു കൊല്ലത്തോളം ആവേശം മുറുകിമുറുകിത്തന്നെ വന്നു. അവധിക്കാലമായിക്കഴിഞ്ഞാൽ പലപ്പോഴും ആവാസംതന്നെയും കേരളത്തിലായതിനോടേ അദ്ദേഹത്തിൻെറ കേരളീയത്വം പരിപൂൎണ്ണമായി.

"ഇനി കേരളീയൎക്കുവേണ്ടി ആ വയോവൃദ്ധൻ ചെറുപ്പക്കാരനായവിധംകൂടി വിവരിച്ചെങ്കിലേ അദ്ദേഹത്തോടു നമുക്കുള്ള കടപ്പാടു വിശദമാകയുള്ളൂ. പ്രകൃതികൊണ്ടും പ്രവൎത്തനംകൊണ്ടും അദ്ദേഹം നമുക്കുവേണ്ടി യുവാവായിത്തീരുകയാണു ചെയ്തതു്. 'എല്ലാവൎക്കുംവേണ്ടി ഞാൻ എല്ലാമായി' എന്നു വിശുദ്ധപൗലോസ് പറഞ്ഞിരിക്കുന്നതു് അദ്ദേഹത്തിൽ അൎത്ഥവത്തായി. യുവാക്കന്മാരെ നേടുന്നതിനു വൃദ്ധനായ ഫാദർ ഒണോരെ യുവാവാകുകതന്നെ ചെയ്തു. യുവജനങ്ങളുടെ പ്രകൃതി അദ്ദേഹം സ്വീകരിച്ചു. ഇതു പറഞ്ഞാൽ മനസ്സിലാകയില്ല. കണ്ടിട്ടുള്ളവൎക്കുമാത്രമേ ബോദ്ധ്യമാകുകയുള്ളു. നാലഞ്ചു

കൊല്ലം മാന്നാനത്തുവെച്ച് ഇതു് അനുഭവപ്പെട്ടു്, ഞാൻ അത്ഭുതപരതന്ത്രനായിപ്പോയിട്ടുള്ളതാണു്.

“ആ മഹാപുരുഷൻ — ഭാരതത്തിലെ പേരുകേട്ട ശാസ്ത്രജ്ഞന്മാർ അദ്ദേഹത്തോട്ട് ഒരു വാക്കു പറയുന്നതിനു പലപ്പോഴും വന്നു കാത്തുകെട്ടിക്കിടക്കേണ്ടിവരുന്ന ആ ഗംഭീരാശയൻ — കേരളീയവിദ്യാൎത്ഥികളുടെ മദ്ധ്യത്തിലേയ്ക്കു കടന്നാൽ ഒരു യുവാവുതന്നെ. അദ്ദേഹത്തിൻെറ വലിയ കാൎയ്യങ്ങളെല്ലാം അപ്പോൾ അകലെ. ഒരു കാൎയ്യംമാത്രം — അവരുടെ ഉന്നമനം; അതുമാത്രം—സംസാരവിഷയം. അതുതന്നെ ചിന്താവിഷയം. വെറുതേയല്ലാ ശീമക്കാർ പുണ്യവാന്മാരായിത്തീരുന്നതെന്നു് അന്നു ഞാൻ വിചാരിച്ചുപോയിട്ടുണ്ടു്. രണ്ടും മൂന്നും മണിക്കൂറുകൾ ലീഗുകാൎയ്യം സംബന്ധിച്ചുതന്നെ സംസാരിച്ചു ഞങ്ങളിരുവരുംകൂടി ഇരുന്നുപോയിട്ടുണ്ടു്.... കേരളത്തിൻെറ രക്ഷയും, ലീഗിൻെറ അഭിവൃദ്ധിയും അതിൻെറ (കേ. സി. സി. ഏ. യുടെ) വിജയത്തെ ആശ്രയിച്ചിരിക്കുമെന്നു് അദ്ദേഹം പലപ്പോഴും പറഞ്ഞിട്ടുണ്ടു്. എത്ര ദീൎഘനേരവും ഈവിധസംഗതികളെപ്പററി സംസാരിച്ചുകൊണ്ടിരിക്കുന്നതിൽ അദ്ദേഹത്തിനു് ഒരു മുഷിച്ചിലുമില്ല. വിസ്താരമേറിയ ആ ഹൃദയത്തിങ്കലേയ്ക്കു സാധുക്കളായ ചെറുപ്പക്കാരെ അടുപ്പിച്ചുവെച്ചുകൊണ്ടു ചെയ്യുന്ന ആ മന്ത്രണങ്ങൾ കണ്ടാൽ, ആൎക്കും അത്ഭുതം തോന്നിപ്പോകും.

“പ്രവൎത്തനംകൊണ്ടു് അദ്ദേഹം യുവാവായ ക

ഥകൾ ഇതിലും അത്ഭുതാവഹമാണ്. എഴുപതോടടുത്ത ആ പടുകിഴവൻ — നമ്മുടെയാളുകൾ കരപ്പുംതിന്ന വീട്ടിൽ കുത്തിയിരിക്കുന്ന പ്രായത്തിൽ— കേരളീയകത്തോലിക്കയുവാക്കന്മാരെ ഉന്നമിപ്പിക്കുന്നതിനുവേണ്ടി, മലയാളത്തിലെ മലകളും കയറി, ഭിക്ഷാടനംചെയ്തു നടന്നിരുന്ന ആ കാഴ്ച നമുക്ക് എന്നു വിസ്മരിപ്പാൻ കഴിയും! കോളെജ്ജോലികൾ കഴിഞ്ഞു ക്ഷീണിച്ച വിശ്രമാത്ഥം അന്യർ പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്ന അവധിക്കാലം വന്നാലുടൻ ഫാദർ ഒണോരെ മലയാളത്തേയ്ക്കാണു പുറപ്പെട്ടുക. യുവജനസഹജമായ ചുറുചുറുപ്പോടെ ലീഗുസംബന്ധമായ കാര്യങ്ങളിൽ ഏപ്പെട്ടുകഴിയും. പഠനക്കളരി നടത്തുക; അതിനുവേണ്ട പ്രബന്ധങ്ങൾ എഴുതുക; അച്ചടിപ്പിക്കുക; അതിനുവേണ്ട പണപ്പിരിവുകൾ നടത്തുക; കണ്ടവരുടെ പടിക്കലെല്ലാം അതിനായി ഓടിനടക്കുക; ഇതുതന്നെ അദ്ദേഹത്തിന്റെ വിശ്രമം. മലബാറിൽനിന്നു നേരേ മദ്രാസിലേക്കായിരിക്കും പോകുന്നതു്. അവിടെനിന്ന് ഉടനേ തൃശ്ശിനാപ്പിള്ളിക്കു പോകണം. ഇതൊന്നും വൃദ്ധനായ ആ വന്ദ്യയുവാവിനു ശ്രമാവഹമായിരുന്നില്ല. മരിക്കുന്നതിനു മുൻപുള്ള അന്ത്യശാസനവും നമ്മുടെ യുവാക്കന്മാക്കായി എഴുതിക്കൊണ്ടിട്ടാണ് അദ്ദേഹം മദ്രാസിൽവെച്ച് അന്ത്യശ്വാസം വലിച്ചതു്. അദ്ദേഹം നമ്മുടെ നിത്യസ്മരണയ്ക്കു യോഗ്യനല്ലെങ്കിൽ പിന്നെ ആരെയാണു നമുക്കു സ്മരിക്കാനുള്ളതു്?"

# VI

## സ്മരണകൾ (തുടർച്ച)

ഫാദർ ഒണോരെ അവർകളെയും, അദ്ദേഹത്തിൻെറ സേവനങ്ങളെയുംകുറിച്ചു കേരളത്തിന് അകത്തും പുറത്തുമുള്ള ഏതാനും പത്രങ്ങളുടെ അഭിപ്രായങ്ങൾകൂടി ഇവിടെ ഉദ്ധരിക്കുന്നതു സന്ദർഭോചിതമായിരിക്കുമല്ലൊ:—

നസ്രാണിദീപിക.

"തൃശ്ശിനാപ്പള്ളി സെൻറ് ജോസഫ്സ് കോളെജിലെ ഫിസിക്സ് പ്രൊഫസർ എന്ന നിലയിൽ വിഖ്യാതനും, കേരളീയകത്തോലിക്കയുവജനസഖ്യത്തിൻെറ സ്ഥിരാദ്ധ്യക്ഷനെന്നനിലയിൽ കേരളത്തോടു പ്രത്യേകം ബന്ധപ്പെട്ട ദേഹവുമായ റവ. ഫാദർ ഒണോരെ അവർകളുടെ...നിര്യാണം അദ്ദേഹത്തെ അറിയുന്നവരും സ്നേഹിക്കുന്നവരുമായ അനേകായിരം ജനങ്ങളെ സന്തപ്തചിത്തരാക്കിയിരിക്കുന്നു. റവ. ഫാദർ ഒണോരെ ദക്ഷിണേൻഡ്യയിലെ സയൻസ്‌വിദഗ്ദ്ധന്മാരിൽ പ്രഥമസ്ഥാനത്തിന് അർഹനായ ഒരാളായിരുന്നു. അദ്ദേഹത്തിൻെറ നേതൃത്വത്തിൽ പരിപുഷ്ടമായ തൃശ്ശിനാപ്പിള്ളി കോളെജിലെ സയൻസ് വകുപ്പിനെപ്പററി പണ്ഡിതന്മാരുടെ ഇടയിലുള്ള മതിപ്പു സുപ്രസിദ്ധമാണ്. ഒരു വിദ്യാഭ്യാസവിദഗ്ദ്ധനെന്നുള്ള നിലയിൽ, റവ. ഫാദർ ഒണോരെ മദ്രാസ്‌സർവ്വകലാശാലയുടെ പ്ര

വത്തകസമിതിയിൽ ദീഘകാലം സേവനം ചെയ്തിട്ടുണ്ട്.

"വിദ്യാത്ഥിസംഘം അനുക്രമമായി അഭിവൃദ്ധിപ്പെടുകയും, കേരളീയകത്തോലിക്കയുവജനസഖ്യം എന്ന പേരിൽ അതിൻെറ ഇന്നത്തെ ഉന്നതസ്ഥിതിയിൽ എത്തുകയും ചെയ്തിട്ടുള്ളതു സർവ്വോപരി ഫാദർ ഒണോരെ അവർകളുടെ അശ്രാന്തപരിശ്രമഫലമാണെന്നുള്ളതു് അവിതക്കിതമാണ്. അദ്ദേഹം സഖ്യത്തിനു സുസ്ഥിരമായ ഒരു ഭരണഘടനയും പ്രവത്തനപദ്ധതിയും ഏൎപ്പെടുത്തി. സഖ്യത്തിൻെറ നിലനില്പിനെ ഉദ്ദേശിച്ചു് ഒരുറച്ച മൂലധനം ഉണ്ടാക്കി. സഖ്യത്തിൻെറ നാവായി പരിലസിപ്പാൻ ഒരു മാസികാപ്രസിദ്ധീകരണം നടപ്പിലാക്കി. അതിൻെറ കേന്ദ്രസ്ഥാനമായ എറണാകുളത്തു് ഒരു സഖ്യമന്ദിരം പ്രശസ്തമായ നിലയിൽ പണിയിപ്പിച്ചു. കേരളീയയുവജനങ്ങളിൽ മതത്തിനും സഭയ്ക്കും സമുദായത്തിനുംവേണ്ടി ത്യാഗബുദ്ധിയോടുകൂടി നിരന്തരം പരിശ്രമിക്കുവാനുള്ള സന്നദ്ധതയെ ഉളവാക്കുന്നതിനും ഉത്തേജിപ്പിക്കുന്നതിനും വിജയപൂവ്വം വേലചെയ്തു. യുവജനസഖ്യത്തെ അനുകമ്പാപൂവ്വം വീക്ഷിച്ചുസംരക്ഷിക്കുന്നതിനായി കേരളത്തിലെ വൈദികന്മാരെയും മതാദ്ധ്യക്ഷന്മാരെയും പ്രോത്സാഹിപ്പിച്ചു. ഈദൃശങ്ങളായ പ്രയത്നങ്ങളെല്ലാം നടത്തിക്കൊണ്ടിരുന്നതു്, തൃശ്ശിനാപ്പിള്ളിക്കോളെജും മദ്രാസ് സവ്വകലാശാലയും സംബന്ധിച്ചു് അദ്ദേഹത്തിന് അനിവാൎയ്യമായുണ്ടായിരുന്ന ഔദ്യോഗിക

കർത്തവ്യങ്ങൾക്കിടയിലാണെന്നുള്ളതും സ്മർത്തവ്യമാണ്. വെള്ളക്കാരായ ഇതരന്മാർ പ്രശാന്തശീതളമായ ലമുകളിൽ സുഖവാസത്തിനായി പൊയ്ക്കൊണ്ടിരുന്നപ്പോൾ, റവ. ഫാദർ ഒണോരെ തന്റെ വാത്സല്യഭാജനമായ കേരളഭൂതലത്തിലെ ഉഗ്രാതപമേററു ചുററിസഞ്ചരിച്ചു സഖ്യത്തിനു പുതിയ കേന്ദ്രങ്ങളെ സ്ഥാപിക്കുന്നതിലും പഴയകേന്ദ്രങ്ങളിൽ നവജീവൻ ഉദിപ്പിക്കുന്നതിലും ഉദ്യുക്തനായിരുന്ന കാഴ്ച എത്ര വിസ്മയാവഹമായിരുന്നു! 'കേരളയുവജനങ്ങളുടെ പപ്പാ'യെന്നും, 'കേരളയുവജനസഖ്യത്തിന്റെ വളർത്തപ്പ'നെന്നും അദ്ദേഹത്തിനു ലബ്ധമായിട്ടുള്ള നാമധേയങ്ങൾ എത്രയോ അന്വർത്ഥം! തന്റെ അടുക്കലേയ്ക്കു സമീപിക്കുന്ന യുവജനങ്ങളെ കരുണാസമ്പൂർണ്ണമായ സ്മന്ദഹാസം ചെയ്തുകൊണ്ട് ഇരുകരങ്ങളും വിടുർത്തിപ്പിടിച്ചു മാറോടണയ്ക്കുന്ന അനുഭവമുണ്ടായിട്ടുള്ള ഏതൊരു യുവാവാണ് അദ്ദേഹത്തിന്റെ വന്ദ്യമുഖത്തെ വിസ്മരിക്കുന്നത്!!

"അതേ, റവ. ഫാദർ ഒണോരെ അവർകളെ യാതൊരു കേരളീയനും മറക്കുവാൻ നിവൃത്തിയില്ല. മരിക്കുന്നതിന്റെ തലേനാൾപോലും അദ്ദേഹം കേരളീയകത്തോലിക്കയുവസഖ്യത്തിനായി ബദ്ധപ്പെട്ടുകൊണ്ടിരുന്നു. അദ്ദേഹം ചെയ്ത ഒടുവിലത്തെ വേല, സഖ്യത്തിന്റെ പ്രചാരണത്തിനായി ഇടവകവൈദികന്മാരെയും മററും ഉദ്ബോധിപ്പിക്കുവാൻ എഴുതിയ സുദീർഘമായ ഒരെഴുത്താണ്. അതു് അച്ചടിപ്പിച്ചു പ്രസിദ്ധീകരിക്കുവാൻ അദ്ദേഹം അറിയിച്ചി

രുന്ന തീയതിയും, അദ്ദേഹത്തിൻെറ മരണത്തീയതിയും ഒന്നായി പരിണമിച്ചതു് അത്ഭുതാവഹമായിരിക്കുന്നു. പ്രസ്തുത കത്തു സഖ്യത്തിൻെറ ഉദ്ദേശ്യത്തേയും പദ്ധതിയേയും മററുംപററി സവിസ്തരം പ്രതിപാദിക്കുന്നതും, കേരളീയരോടു റവ. ഫാദർ ഒണോരെയ്ക്കുള്ള അന്ത്യശാസനമായി പരിഗണിക്കപ്പെടാവുന്നതുമാകുന്നു. തൃശ്ശിനാപ്പിള്ളി റവ. ഫാദർ ഒണോരെയുടെ അദ്ധ്യാപനരംഗമായിരുന്നുവെങ്കിൽ, കേരളഭൂമി അദ്ദേഹത്തിൻെറ സാക്ഷാത്തായ മിഷ്യനറിവേലയുടെ രംഗമായി പരിലസിച്ചിരുന്നു. വിശുദ്ധതോമ്മാശ്ലീഹാ ക്രിസ്തുമതത്തെ കേരളക്കരയിൽ കൊണ്ടുവരികയും, ബ്രാഹ്മണാദിവർഗ്ഗങ്ങളിൽപ്പെട്ട പലരേയും അതിലേയ്ക്കു് ആകർഷിക്കുകയും ചെയ്തു. വിശുദ്ധശൗര്യാർ തൻെറ കേരളമിഷ്യനറിവേലയുടെ ഫലമായി കടൽത്തീരനിവാസികളും മററുമായ അനവധിജനങ്ങളെ സത്യമതത്തിലേയ്ക്കു് ആനയിച്ചു. റവ. ഫാദർ ഒണോരെയാകട്ടെ, അഭ്യസ്തവിദ്യരായ കേരളീയകത്തോലിക്കരെ, ഒരു ചരടിൽ കോർത്തിണക്കിയ സുരഭിലകുസുമങ്ങളെപ്പോലെ, സംയോജിപ്പിച്ചു. വിശ്വാസം, പഠനം, പ്രയത്നം എന്നീ മാർഗ്ഗങ്ങളാൽ അവരെ നേതൃസ്ഥാനത്തിനു പര്യാപ്തരാക്കുകയും, പ്രബലപ്പെടുത്തുകയുമാണു ചെയ്തിട്ടുള്ളതു്. തീർച്ചയായും കേരളീയകത്തോലിക്കരുടെ ചരിത്രത്തിൽ അഭിവന്ദ്യനും ത്യാഗിവര്യനുമായ റവ. ഫാദർ ഒണോരെയ്ക്കു് അതിപ്രധാനമായ ഒരു സ്ഥാനമുണ്ടായിരിക്കുമെന്നുള്ളതിനു സംശയമില്ല..."

സത്യദീപം.

"റവ. ഫാദർ ഒണോരെ എസ്സ്. ജെ. യുടെ അവിചാരിതമായ ദേഹവിയോഗവാൎത്ത ആ വന്ദ്യവൈദികനെ അറിയുന്നവരും, അദ്ദേഹത്തോട് ഇടപെട്ടിട്ടുള്ളവരുമായ സകലരേയും ദുഃഖിതരാക്കിത്തീൎത്തിട്ടുണ്ടെന്നുള്ളതിന്ന യാതൊരു സംശയവുമില്ല. അദ്ദേഹത്തിൻെറ നിൎയ്യാണത്താൽ പലൎക്കും പലവിധത്തിൽ അപരിഹാൎയ്യമായ നഷ്ടം നേരിട്ടിട്ടുണ്ട്. മധുരജസ്യൂറ്റ് മിഷ്യന്ന പണ്ഡിതനും പരമഭക്തനുമായ ഒരംഗം നഷ്ടപ്പെട്ടു. തെന്നിന്ത്യൻവിദ്യാഭ്യാസലോകത്തിന്ന പരിപക്വബുദ്ധിയും വിശാലഹൃദയനുമായ ഒരു പ്രമുഖപ്രവൎത്തകൻ നഷ്ടമായി. സെൻറ് ജോസഫ്സ്, ലെയോളാ എന്നീ ജസ്യൂറ്റ്കോളെജുകൾക്കു വിവിധവിജ്ഞാനവകുപ്പുകളിലും കലാവിദ്യകളിലും പ്രവീണനായ ഒരു നേതാവു നഷ്ടപ്പെട്ടു. അനേകം വിദ്യാൎത്ഥികൾക്കും, വിദ്യാൎത്ഥിജീവിതം തരണംചെയ്തു ജീവിതരംഗത്തു് ഉത്തരവാദിത്വമുള്ള ഓരോ സ്ഥാനം കയ്യേററിരിക്കുന്ന മററസംഖ്യംപേൎക്കും ദൈവജ്ഞാനത്തിലും മനുഷ്യജ്ഞാനത്തിലും വൈദഗ്ദ്ധ്യം സിദ്ധിച്ചിട്ടുള്ള ഒരു ആദ്ധ്യാത്മികപിതാവു നഷ്ടീഭവിച്ചു. കേരളീയക്കത്തോലിക്കൎക്കാകട്ടെ, ദൈവസ്നേഹത്താൽ തീക്ഷ്ണമായ ഹൃദയത്തോടും, ശാസ്ത്രജ്ഞാനത്താൽ വികസിതമായ ബുദ്ധിയോടുംകൂടിയ ഒരു ആധുനികപ്രേഷിതൻ നഷ്ടമായി. റവ. ഫാദർ ഒണോരെയും കത്തോലിക്കകേരളവും തമ്മിലുണ്ടായിരുന്ന ബന്ധത്തേയും, അ

തിൻെറ സർവ്വതോമുഖമായ പുരോഗതിക്കുവേണ്ടി തന്നാൽ കഴിയുന്നതു ചെയ്യാൻ അദ്ദേഹത്തിനുണ്ടായിട്ടുള്ള സന്നദ്ധതയേയും, കേരളീയകത്തോലിക്കായുവജനസഖ്യം മുഖേന അദ്ദേഹം അതിനു ചെയ്തിട്ടുള്ള അമൂല്യങ്ങളായ നന്മകളേയും ഇവിടെ വിവരിക്കേണ്ട ആവശ്യമില്ലതന്നെ. കേരളത്തിലെ ആബാലവൃദ്ധം സകല കത്തോലിക്കർക്കും അതു് അത്ര നല്ലവണ്ണം അറിവുള്ളതാണ്. അതിനാൽ അദ്ദേഹത്തിൻെറ നിര്യാണത്തിൽ കത്തോലിക്കകേരളം ദുഃഖിക്കുന്നതിൽ ആശ്ചര്യമില്ല.

"......നമ്മുടെ അഭ്യുദയത്തിനായി പരിശ്രമിക്കാനും പണശേഖരം നടത്താനും മററും വേണ്ടി, കേരളത്തിൻെറ ഒരററംമുതൽ മറേറ അററംവരെ, പ്രായാധിക്യമോ യാത്രാക്ലേശമോ ഗണ്യമാക്കാതെ, പലപ്പോഴും സഞ്ചരിച്ചുകൊണ്ടിരുന്ന ഈ അഭിവന്ദ്യവൈദികൻെറ സ്മരണ ഏതെങ്കിലും ഒരു സ്ഥാപനംവഴി നാം നിലനിർത്തേണ്ടതാണെന്നുള്ളതിനു രണ്ടു പക്ഷമില്ല. എം. സി. വൈ. എൽ. — ഫാദർ ഒണോരെയാൽ സൃഷ്ടിക്കപ്പെട്ടതും പരിപോഷിപ്പിക്കപ്പെട്ടതും നയിക്കപ്പെട്ടതുമായ ആ സ്ഥാപനം — അദ്ദേഹത്തിൻെറ സ്മാരകമായി നമ്മുടെ ഇടയിൽ പരിശോഭിക്കതന്നെ ചെയ്യും. എന്നാൽ അതിനുംപുറമെ, നമ്മുടെ നിസ്സ്വാർത്ഥതയെ പ്രസ്പഷ്ടമാക്കി എന്തെങ്കിലും ഒന്നു് അദ്ദേഹത്തിൻെറ സ്മാരകമായി നാം സ്ഥാപിക്കേണ്ടതല്ലയോ?

"എം. സി. വൈ. എൽ., അതിൻെറ ജനയി

താവും സ്ഥിരാദ്ധ്യക്ഷനുമായ ഫാദർ ഒണോരെയു ടെ നിർയ്യാണത്താൽ, ഏതാണ്ട് അനാഥയായിത്തീന്നിരിക്കുകയാണല്ലോ. അനാഥയാകാൻ അനുവദിക്കാതെ, അതിനെ സവ്വപ്രകാരേണയും പരിപോഷിപ്പിച്ച്, അതുകൊണ്ട് അദ്ദേഹം ഉദ്ദേശിച്ച ലക്ഷ്യത്തിൽ എത്തത്തക്കവണ്ണം, നാമേവരും പരിശ്രമിക്കേണ്ടതു് അദ്ദേഹത്തോടു നമുക്കുള്ള ഒരു കത്തവ്യംതന്നെയാകുന്നു. പ്രസ്തുതസഖ്യത്തിൻെറ പ്രചരണത്തേയും അഭ്യദയത്തേയും മുൻനിത്തി, കേരളത്തിലെ സകലവൈദികരുടെയും ശ്രദ്ധയെ ക്ഷണിച്ചുകൊണ്ട്, ഏതാനും ദിവസങ്ങൾക്കുമുൻപു സ്വന്തം കൈകൊണ്ട് എഴുതി അയച്ചുതന്നതും, ദൈവത്തിൻെറ നിഗൂഢമായ പരിപാലനയാൽ കത്തോലിക്കകേരളത്തിന്നായുള്ള അദ്ദേഹത്തിൻെറ അന്ത്യസന്ദേശമായി രൂപാന്തരംചെയ്യപ്പെട്ടതുമായ 'തുറന്നകത്തി'ൽ ...... അടങ്ങിയ അഭ്യത്ഥന, ആസന്നമരണനായ ഒരു പിതാവു ചുററും നില്ക്കുന്ന മക്കളോടു പറയുന്ന 'ചാവരുൾ'പോലെ, നാം ഗണിക്കുകയും, അതനുസരിച്ചു പ്രവത്തിക്കുന്നതിനു യഥാശക്തി ഉത്സാഹിക്കുകയും ചെയ്യേണ്ടതാണു്."

സത്യനാദം.

"തൃശ്ശിനാപ്പിള്ളി സെൻറ് ജോസഫ്സ് കോളെജിലെ സയൻസ്പണ്ഡിതനെന്നനിലയിൽ സുപ്രസിദ്ധനും, കേരളീയകത്തോലിക്കായുവജനസഖ്യത്തിൻെറ സ്ഥിരാദ്ധ്യക്ഷനെന്ന നിലയിൽ കേരളീയ

ക്ക് സുപരിചിതനുമായിരുന്ന റവ. ഫാദർ ഡി. ഒ ണോരെ എസ്. ജെ. അവർകൾ — കേരളീയക ത്തോലിക്കവിദ്യാർത്ഥികളുടെ ആ കേളികേട്ട പി താമഹൻ — മദ്രാസിൽവെച്ചു കാലധർമ്മം പ്രാപി ച്ചിരിക്കുന്ന വിവരം ഞങ്ങൾ ഉൽക്കടമായ ദുഃഖ ത്തോടുകൂടി രേഖപ്പെടുത്തിക്കൊള്ളുന്നു. ഫാദർ ഒ ണോരെ അവർകൾ, പ്രായാധിക്യത്താൽ, അദ്ധ്യാ പനവേലയിൽനിന്നും മററും പ്രായേണ ഒഴിഞ്ഞി രിക്കുകയായിരുന്നുവെങ്കിലും കേരളീയകത്തോലിക്ക യുവജനസഖ്യത്തിൻെറ ഉൽക്കഷ്ത്തിന്നായുള്ള ഉ ദ്യമങ്ങളിൽ അദ്ദേഹം ഇന്നും ഉദ്യുക്തനായിത്തന്നെ യാണു കഴിഞ്ഞിരുന്നത്. കേരളത്തിനും, കേരള ത്തിലെ കത്തോലിക്കയുവജനങ്ങൾക്കുംവേണ്ടി ഉഴി ഞ്ഞിട്ടിരുന്ന ഉയിരും ഉടലുമാണ് ആ പുരോഹിത വയ്യൻ സംവഹിച്ചിരുന്നതെന്നതിനു യാതൊരു സം ശയവുമില്ല. ഫാദർ ഒണോരെ അവർകളുടെ അപ്ര തീക്ഷിതമായ ഈ നിയ്യാണം കത്തോലിക്കകേരള ത്തെ എന്നല്ലാ, ശിഷ്യന്മാരെന്ന നിലയിലും മററും അദ്ദേഹവുമായി പരിചയപ്പെടുവാനിടവന്നിട്ടുള്ള സകലമതസ്ഥരായ വിദ്വജ്ജനങ്ങളെയും, സന്തപി പ്പിക്കുന്നതാണ്.... തൃശ്ശിനാപ്പിള്ളിക്കോളെജിലെ സയൻസ് വകുപ്പിൻെറ പ്രശസ്തി പ്രധാനമായി ഈ വന്ദ്യവൈദികൻെറ അഭിയത്നങ്ങൾക്കൊണ്ടു കടപ്പെ ട്ടിരിക്കുന്നത്. ഒരു സയൻസ് പണ്ഡിതനെന്ന നില യിലും, വിദ്യാഭ്യാസപ്രവർത്തകനെന്നനിലയിലും, ഫാ ദർ ഒണോരെ അവർകൾ ദക്ഷിണേന്ത്യയിൽ ഏ ററം പ്രമുഖമായ ഒരു സ്ഥാനത്തെ അർഹിച്ചുപോ

ന്നിരുന്നുവെന്നു വസ്തുത ആരേയും പറഞ്ഞറിയി ക്കേണ്ടതില്ല.

"പരേതനായ ബിഷപ്പ ലവീഞ്ഞു്, ഫാദർ റിക്കാർഡ്ഡ് എന്നീ ജസ്വീററ്സഭാംഗങ്ങൾ വഴി ക്കാണു ഫാദർ ഒണോരെ അവർകൾ കേരളത്തി ലെ കത്തോലിക്കസഭയുമായി പരിചയപ്പെടുവാൻ ഇടയായതു്. തൃശ്ശിനാപ്പിള്ളിൽ ഓരോ കാലങ്ങ ളിൽ അദ്ധ്യയനംചെയ്വാൻ ഇടവന്നിട്ടുള്ള കേരളീ യകത്തോലിക്കവിദ്യാൎത്ഥികൾമുഖേന ഈ ബന്ധം ബലപ്പെടുകയും, കേരളീയകത്തോലിക്കയുവജനസ ഖ്യംമുഖേന ആ ബന്ധത്തിൻെറ സാഫല്യം അതി ൻെറ പാരമ്യത്തിലെത്തുകയും ചെയ്തു. ദീൎഘകാലം പ്രസ്തുതസംഘത്തിൻെറ സ്ഥിരാദ്ധ്യക്ഷനായിരുന്നു കൊണ്ടു ഫാദർ ഒണോരെ അവർകൾ നമ്മുടെ യു വജനങ്ങളിൽ നിവേശിപ്പിച്ചിട്ടുള്ള ചൈതന്യം— വിശ്വാസം, പഠനം, പ്രയത്നം, എന്നീ ആദൎശത്രയ ത്തേയും, സൎവ്വോപരി സജീവമായ സ്വന്തദൃഷ്ടാന്ത ത്തേയും അടിസ്ഥാനമാക്കി നിവേശിപ്പിച്ചിട്ടുള്ള സൎവ്വതോമുഖമായ കത്തോലിക്കചൈതന്യം — കേ രളത്തിനു് ഒരിക്കലും വിസ്മരിക്കുവാൻ സാധിക്കുന്ന തല്ല... വാസ്തവംപറഞ്ഞാൽ അദ്ദേഹം മലങ്കരയി ലെ കത്തോലിക്കവിദ്യാൎത്ഥികളുടെ ഒരു പ്രത്യേക മിഷ്യനറിയായിരുന്നു. അദ്ദേഹത്തിൻെറ പൈതൃക മായ ഹൃദയവും, പരിപക്വമായ വിജ്ഞാനവും, പ്ര തിബന്ധങ്ങളെ തരിമ്പും വകവയ്ക്കാത്ത മനഃസ്ഥൈ ൎയ്യവും, കരുണാമസൃണമായ ത്യാഗശീലവും, കത്തോ

ലിക്കകേരളത്തിന മഹത്തായ ഉപകാരങ്ങൾ ചെയ്തിട്ടുണ്ട്; അതു നാം എന്നും കൃതജ്ഞതാപൂർവ്വം അനുസ്മരിക്കുകയും അദ്ദേഹം നിവേശിപ്പിച്ചിരിക്കുന്ന ചൈതന്യത്തെ എന്നും നിലനിത്തുകയും ചെയ്യണം......"

കോട്ടയംപത്രിക.

"'കേരളീയരുടെ പപ്പാ' എന്ന അപരനാമത്താൽ ഏവക്കും സുപരിചിതനായിരുന്ന റവ. ഫാദർ ഒണോരെ എസ്. ജെ. ഇന്നലെ കാലത്തു മദ്രാസിൽവെച്ചു നിര്യാതനായിരിക്കുന്നുവെന്നുള്ള ദുഃഖകരമായ വാത്ത സവ്യഥം പ്രസ്താവിച്ചുകൊള്ളുന്നു. തൃശ്ശിനാപ്പിള്ളിയിലെ സെൻറ് ജോസഫ്സ് കോളെജിൽ അഭ്യസനം ചെയ്യുന്നതിന ഭാഗ്യാതിരേകമുണ്ടായ സകലരുടെയും ഭാഗ്യാതിരേകത്തിനുള്ള അതിപ്രധാനമായ ഒരു കാരണം, ഫാദർ ഒണോരെ അവർകളുടെ പിതൃതുല്യമായ വാത്സല്യാതിരേകമാണെന്നുള്ളതിന പക്ഷാന്തരമില്ല. കേരളീയവിദ്യാത്ഥികൾക്കു കോളെജ് ജീവിതകാലത്തു പാട്ടുള്ള സകലസഹായസഹകരണങ്ങളും ചെയ്തുകൊടുക്കുന്നതുകൊണ്ടുമാത്രം അദ്ദേഹം തൃപ്തനായില്ല. സെൻറ് ജോസഫ്സുകാരുടെ മാത്രമല്ല, സകല കേരളീയരുടേയും ഭാവിയെ സുരക്ഷിതമാക്കുന്നതിന് ഒരു നവീനാപ്പസ്തോലൻെറ തീക്ഷ്ണതയോടും സ്ഥിരതയോടുംകൂടി അനേകകാലം അദ്ദേഹം അശ്രാന്തപരിശ്രമം ചെയ്തിട്ടുണ്ടെന്നുള്ളതിന കേരളീയർത

ന്നെ സാക്ഷികളാണ്. അദ്ദേഹത്തിൻെറ നിസ്സ്വാത്ഥപരിശ്രമങ്ങൾ ഇനിയും ഉദ്ദേശ്യസാദ്ധ്യത്തെ പ്രാപിച്ചിട്ടില്ലെങ്കിൽ അതിനുള്ള ഹേതുഭൂതർ നിശ്ചയമായും കേരളീയർതന്നെയാണ്. കേരളീയരുടെ ഉന്നമനത്തെ ലാക്കാക്കി അദ്ദേഹം ചെയ്തിട്ടുള്ള പരമത്യാഗങ്ങൾ കുറച്ചൊന്നുമല്ല. തന്നിമിത്തം കേരളീയക്ക് അദ്ദേഹത്തോടു ചില വലിയകടമകളുണ്ടെന്നാണു ഞങ്ങളുടെ അഭിപ്രായം. ഫാദർ ഒണോരെ അവർകളോടു കേരളീയക്കുള്ള കടമയെ സസന്തോഷം നിവ്വഹിക്കുന്ന വിഷയത്തിൽ, കേരളീയർ അഹമഹമികയാ പരിശ്രമിക്കുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു. ഒരു മഹാപണ്ഡിതനായ അദ്ദേഹത്തിൻെറ നിയ്യാണംനിമിത്തം ദക്ഷിണേന്ത്യയിലെ വിദ്യാഭ്യാസപ്രവത്തകന്മാക്കു നേരിട്ടിരിക്കുന്ന നഷ്ടവും കുറച്ചൊന്നുമല്ല...."

ധമ്മരാജ്യം.

"ദക്ഷിണേന്ത്യയിലെ വിദ്യാഭ്യാസപ്രവത്തകന്മാരുടെ ഇടയിൽ അതിപ്രധാനമായ ഒരു സ്ഥാനത്തിന്ന് അഹനും, ഒരു സുപ്രസിദ്ധസയൻസ്പണ്ഡിതനുമായ റവ. ഫാദർ ഡി. ഒണോരെ എസ്. ജെ. അവർകൾ, കഴിഞ്ഞ വെള്ളിയാഴ്ച മദ്രാസിൽ വെച്ചു നിയ്യാതനായി എന്നറിഞ്ഞു ഞങ്ങൾ അത്യന്തം വ്യസനിക്കുന്നു. ഏകദേശം ഒരു അരശതവഷകാലം, ഇന്ത്യയിലെ ഏററവും പ്രധാനപ്പെട്ട കോളെജുകളിൽ ഒന്നായ തൃശ്ശിനാപ്പിള്ളി സെൻറ്

ജോസഫ്സ് കോളെജിലെ ഏററവും പ്രശസ്തനായ ഒരു പ്രൊഫസറായിരുന്ന ഈ അസാമാന്യനായ പണ്ഡിതകേസരി തൻെറ ആയുഷ്കാലത്തിൻെറ സിംഹഭാഗവും, ഭാരതത്തിൽതന്നെ കഴിച്ചുകൂട്ടി, ഭാരതീയരുടെ ആത്മീയവും ലൗകികവുമായ നന്മയ്ക്കും അഭിവൃദ്ധിക്കുംവേണ്ടി സ്വജീവിതാർപ്പണംചെയ്തിരുന്ന ത്യാഗമൂർത്തിയായ ഒരു ക്രൈസ്തവധർമ്മദൂതനായിരുന്നു. ഈ മഹാനുഭാവൻെറ ശിഷ്യന്മാർ വിവിധജാതിമതസ്ഥരായി ആയിരക്കണക്കിനു ദക്ഷിണേന്ത്യായുടെ നാനാഭാഗങ്ങളിലും, സകലജീവിതത്തുറകളേയും അലംകരിക്കുന്നുണ്ടു്. കേരളീയകത്തോലിക്കയുവജനങ്ങളുടെ പിതാമഹൻ എന്ന അപരനാമത്താൽ അറിയപ്പെടുന്ന ഈ പുണ്യശ്ലോകനോടു കേരളീയർ പ്രത്യേകം കൃതജ്ഞതാബദ്ധരാണ്. ഇദ്ദേഹത്തിൻെറ ജീവിതത്തിൻെറ ഉത്തരഭാഗം കേരളീയകത്തോലിക്കയുവജനങ്ങളുടെ നന്മയ്ക്കായി വിനിയോഗിക്കപ്പെട്ടിരുന്നു. അന്യാദൃശമായ ഒരു ഉണർവും സംഘടനാബോധവും അദ്ദേഹത്തിൻെറ നിസ്സ്വാർത്ഥമായ പ്രയത്നംമൂലം അവരുടെ ഇടയിൽ ഉണ്ടായിട്ടുണ്ടു്. കേരളീയകത്തോലിക്കർക്കുവേണ്ടി, തൻെറ വാർദ്ധക്യകാലത്തെ അവശതപോലും വകവയ്ക്കാതെ, മരണപര്യന്തം, പരിശ്രമിച്ചുകൊണ്ടിരുന്ന ഈ ത്യാഗിവര്യനോടു് അവർക്കുള്ള കൃതജ്ഞതയെ അവർ യോഗ്യമായവിധത്തിൽ പ്രകാശിപ്പിക്കുമെന്നു വിശ്വസിക്കുന്നു.”

കാത്തലിക് ലീഡർ. (മദ്രാസ്).

"ലെയോളാക്കോളെജിൽവെച്ചു്, കഴിഞ്ഞ വെള്ളിയാഴ്ച, പ്രസ്തുതകോളെജിൻെറ സ്ഥാപകന്മാരിൽ ഒരാളും, പ്രകൃതിശാസ്ത്രപ്രൊഫ്സരുമായിരുന്ന റവ. ഫാദർ ഡെസിഡെരാററസ് ഒണോരെ എസ്സ്. ജെ. നിര്യാതനായിരിക്കുന്ന വിവരം സവ്യസനം പ്രസ്താവിച്ചുകൊള്ളുന്നു. അൻപതുവഷക്കാലത്തിലധികം, തൃശ്ശിനാപ്പിള്ളി സെൻറ് ജോസഫ്സ് കോളെജിനെ അദ്ദേഹം അഭംഗുരമായ ശുഷ്കാന്തിയോടെ സേവിക്കുകയും, വിദ്യാത്ഥിപരമ്പരകളുടെ സ്നേഹബഹുമാനങ്ങളെ സമാജ്ജിക്കുകയും ചെയ്തു. ഒരു സവ്വസമ്മതവിദ്യാഭ്യാസപ്രവത്തകനായിരുന്ന അദ്ദേഹം പല സവ്വകലാശാലാക്കമ്മീഷനുകളിലും അംഗമായിരുന്നു. കഴിഞ്ഞ കൊല്ലത്തിൽ മാത്രമാണു് അദ്ദേഹം സെൻറ് ജോസഫ്സിലെ ജോലിയിൽനിന്നു പിരിഞ്ഞതു്; ഉടൻതന്നെ ലെയോളാക്കോളെജിലെ പ്രകൃതിശാസ്ത്രവകുപ്പിൻെറ ചുമതല കയ്യേൽക്കുകയും ചെയ്തു. പരേതനായ ഫാദർ ഒണോരെ അവർകൾക്കു ബഹുമുഖമായ പാണ്ഡിത്യമാണുണ്ടായിരുന്നതു്. അദ്ദേഹം ഒരു സംഗീതജ്ഞനും, ചിത്രകാരനും, സസ്യശാസ്ത്രകാരനും, പ്രാണിശാസ്ത്രവിദഗ്ദ്ധനും, ശില്പപടുവുമായിരുന്നു. ഈ പ്രസിഡൻസിയിലെ പല കത്തോലിക്കസ്ഥാപനങ്ങളുടേയും പ്ലാനുണ്ടാക്കിയ ആളും ശില്പിയും അദ്ദേഹംതന്നെയായിരുന്നു.

"മദ്രാസ് സവ്വകലാശാലയുടെ അഞ്ചു മൈലി

നുള്ളിലുള്ള കോളെജുകളെ മാത്രമേ, . സർവ്വകലാശാലയുടെ ഘടകകോളെജുകളായി പരിഗണിക്കാവൂ എന്നുള്ള സർ ഏ. പി. പത്രോയുടെ സർവ്വകലാശാലാനിയമം പ്രയോഗത്തിൽ വന്നപ്പോൾ, മദ്രാസിൽ ഒരു കത്തോലിക്കകോളെജ് സ്ഥാപിക്കുന്നതിനുള്ള പദ്ധതി തയാറാക്കുന്നതിൽ ഫാദർ ബർട്രാമിനെ അദ്ദേഹം വളരെ അധികം സഹായിക്കുകയുണ്ടായി. ഫാദർ ഒണോരെ എസ്. ജെ. യുടെ നാമം, പശ്ചിമതീരത്തിലെ കത്തോലിക്കരുടെയിടയിൽ സർവ്വപ്രസിദ്ധി സിദ്ധിച്ചിട്ടുള്ള ഒന്നാകുന്നു. ബ്രാഹ്മണരിൽനിന്നു മതപരിവർത്തനം ചെയ്യുന്നവർക്കു താമസിക്കുന്നതിലേക്കായി തൃശ്ശിനാപ്പിള്ളിയിലെ സെൻറ് മേരീസ് തോപ്പും, മദ്രാസിലെ പുഷ്പനഗരും സ്ഥാപിക്കുന്നതിൽ ഫാദർ ഒണോരെ ഫാദർ ബില്ലിയാർഡിനും ഫാദർ ബർട്രാമിനും അമൂല്യമായ സഹായമാണു ചെയ്തുകൊടുത്തിട്ടുള്ളതു്......"

## എക്സാമിനർ ( ബോംബേ ).

"...കേരളീയകത്തോലിക്കയുവജനസഖ്യത്തിൻെറ നിദാനം അദ്ദേഹമാകുന്നു. 'കത്തോലിക്കപ്രവർത്തന'ത്തിനു്, അന്നു്, ഇന്നത്തെ പ്രാമുഖ്യത നൽകപ്പെട്ടിട്ടുണ്ടായിരുന്നില്ല. എന്നാലും, ഫാദർ ഒണോരെ, കേരളത്തിലെ കത്തോലിക്കപ്രവർത്തനത്തിൻെറ പ്രാരംഭപ്രവർത്തകന്മാരിൽ ഒരാളായിരുന്നു. അദ്ദേഹത്തെ സമീപിക്കുന്ന ഏതൊരുത്തനിലും അദ്ദേഹത്തിൻെറ അസാധാരണമായ ഗുണവിശേഷങ്ങളും

വ്യക്തിപരമായ സരളസ്വഭാവവും ദൃഢമായി പ തിയാതിരിക്കുകയില്ല. മധുരമിഷ്യനിലെ മഹാപുരു ഷന്മാരായ വ്യക്തികളിൽ ഒരാളായി ഫാദർ ഒണ്ണോ രെ എന്നെന്നും സ്മരിക്കപ്പെട്ടുന്നതായിരിക്കും.”

മദ്രാസ് മെയിൽ.

“...ഈ പ്രസിഡൻസിയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ബഹുമാന്യമായ ഒരു സ്ഥാനം സെൻറ് ജോസഫ്സ് കോളെജിനുണ്ടായിരിക്കുന്നെ ങ്കിൽ, അതിൻെറ പ്രധാനകാരണം ഫാദർ ഒണ്ണോ രെയുടെ സേവനങ്ങളാകുന്നു എന്ന ചൊല്ല് ഏററവും പരമാൎത്ഥമായിട്ടുള്ളതാകുന്നു. പ്രകൃതിശാസ്ത്രപ്രൊ ഫ്സറെന്നനിലയിൽ കോളെജിലെ മനോഹരമായ നിരീക്ഷണശാല അദ്ദേഹം നിൎമ്മിക്കുകയും, ആധു നികങ്ങളായ ശാസ്ത്രീയോപകരണങ്ങളാൽ അതി നെ പരിപുഷ്ടമാക്കുകയുംചെയ്തു. തൻെറ വിദ്യാൎത്ഥി കൾക്കു മെക്കാനിക്കൽ എൻജിനീയറിങ്ങ് വിഷയ ത്തിൽ ഒരു ആസക്തി നൽകുന്നതിലേക്കായി, കോ ളെജിൽ, എല്ലാത്തരം മോട്ടോറുകളെപ്പററിയുമുള്ള വിജ്ഞാനമടങ്ങിയ ഒരു പാഠ്യപദ്ധതി ആരംഭിക്കു ന്നതിനു ഫാദർ ഒണ്ണോരെയ്ക്കു സാധിച്ചു. ഫാദർ ബർട്രാമിൻെറ സഹകരണത്തോടുകൂടി കോളെജി ലെ കാഴ്ച്ബംഗ്ലാവ് അദ്ദേഹം സജ്ജമാക്കി; ഈ പ്ര സിഡൻസിയിലെ വിദ്യാഭ്യാസപ്രവൎത്തകന്മാരുടെ ഇടയിൽ പ്രസ്തുതസ്ഥാപനത്തെപ്പററി സാമാന്യാ ധികമായ അഭിനന്ദനമാണുള്ളതു്.

"പല സൎവ്വകലാശാലാക്കമ്മീഷനുകളിലും ഫാദർ ഒണോരെയെ അംഗമായി നിയമിച്ചിട്ടുണ്ട്. ആ നിലയിൽ അദ്ദേഹം ഈ പ്രസിഡൻസിയിലെ എല്ലാ കോളെജുകളും സന്ദൎശിക്കുകയും ചെയ്തിട്ടുണ്ട്. വിസ്തൃതമായ പരിചയത്തോടും, പരിപക്വമായ ജ്ഞാനത്തോടും, ആലോചനാമധുരമായ അഭിപ്രായസന്നദ്ധതയോടും, ഹൃദയവിശാലതയോടുംകൂടിയ അദ്ദേഹത്തിന് ഉപദേശവും പ്രോത്സാഹനവും നല്കുന്നതിനു സാധിച്ചിരുന്നു. ഏതെങ്കിലും കോളെജിലെ പ്രകൃതിശാസ്ത്രവകുപ്പിൻെറ മേധാവിത്വം തൻെറ ഒരു പൂൎവ്വവിദ്യാൎത്ഥിക്കാണെന്നു മനസ്സിലായാൽ ഇതു് അദ്ദേഹം പ്രത്യേകിച്ചും ചെയ്തിരുന്നു. സയൻസിൻെറ ഏതഭിവൃദ്ധിയിലും അദ്ദേഹം അസന്നദ്ധനോ അലസനോ ആയിരുന്നില്ല. അദ്ദേഹം ഒരു സംഗീതജ്ഞനും, ചിത്രകാരനും, ശില്പിയും, പ്രാണിശാസ്ത്രജ്ഞനും, പ്രകൃതിശാസ്ത്രകാരനുമായിരുന്നു. ഈ പ്രസിഡൻസിയിലെ പല കത്തോലിക്കസ്ഥാപനങ്ങളുടേയും പ്ലാനുണ്ടാക്കിയ ആളും ശില്പിയും അദ്ദേഹമായിരുന്നു. മദ്രാസിൽ ഒരു റോമൻകത്തോലിക്കകോളെജ് സ്ഥാപിക്കണമെന്നുള്ള അഭിപ്രായം ആദ്യമായുണ്ടായ മധുരജസ്വീററ് മിഷ്യനിലെ അംഗങ്ങളിൽ ഒരാളായിരുന്നു ഫാദർ ഒണോരെ. ഇതിൽ ഫാദർ ബർട്രാം അദ്ദേഹത്തിന് അനുകൂലിയായ ഒരു സുഹൃത്തായിരുന്നു. അവർ രണ്ടുപേരും വളരെ മാസങ്ങൾ ഒരുമിച്ചു യത്നിക്കുകയും, കോളെജ് സ്ഥാപനത്തിനുള്ള ഒരു പദ്ധതി ഉണ്ടാക്കുകയും ചെയ്തു. എല്ലാ പ്രതിബന്ധങ്ങളെയും

അവർ തരണംചെയ്തു്, ഈ പട്ടണത്തിലെ കത്തോലിക്കരുടെ വിദ്യാഭ്യാസത്തിനുള്ള ആ ബൃഹത്സ്ഥാപനം നിർമ്മിച്ചു.

"കഴിഞ്ഞകൊല്ലം ഉദ്യോഗജീവിതത്തിൽനിന്നു വിരമിക്കുന്നതുവരെ, അദ്ദേഹത്തെ വിട്ടുകൊടുക്കുവാൻ സെൻറ് ജോസഫ്സ് കോളെജ് സന്നദ്ധമായിരുന്നില്ല. അദ്ദേഹത്തിൻെറ ബഹുമുഖവും കർമ്മപരവുമായ പ്രതിഭാവിലാസം, കൊഡൈക്കനാൽകുന്നുകളിലെ ഏകാന്തതയിൽ യാതൊരു ആനന്ദവും കണ്ടെത്തിയില്ല. അതിനാൽ അദ്ദേഹം മദ്രാസിലേയ്ക്കു തിരിച്ചുവരികയും, ലെയോളാക്കോളെജിലെ പുതിയ പ്രകൃതിശാസ്ത്രനിരീക്ഷണശാലയുടെ രൂപവൽകരണത്തിൽ വ്യാപൃതനാകുകയും ചെയ്തു. അതു പൂർത്തിയായതേയുള്ളു. മഹനീയവും ഗുണപൂർണ്ണവുമായ അദ്ദേഹത്തിൻെറ ഹൃദയംമൂലം അദ്ദേഹത്തിൻെറ വിദ്യാർത്ഥികൾ എന്നൊന്നും അദ്ദേഹത്തെ അനുസ്മരിക്കുന്നതാണ്. അദ്ദേഹത്തിൻെറ കീഴിൽ ജോലിചെയ്യുവാൻ ഭാഗ്യമുണ്ടായിട്ടുള്ള കത്തോലിക്കവിദ്യാർത്ഥികൾ ഒരിക്കലും അദ്ദേഹത്തെ വിസ്മരിക്കയില്ല. കഴിഞ്ഞ 15 വർഷക്കാലമായി, ഫാദർ ഒണോരെ, പശ്ചിമതീരത്തിലെ കത്തോലിക്കയുവജനങ്ങൾക്കായി വളരെയധികം സേവനംചെയ്തു. പശ്ചിമതീരത്തിലെ കത്തോലിക്കർക്ക് അദ്ദേഹം ചെയ്തിരിക്കുന്ന സേവനം, അദ്ദേഹത്തിൻെറ നാമം അവരുടെ ഇടയിൽ സർവ്വസാധാരണമായിത്തീരത്തക്കവണ്ണം, അത്ര മഹത്തരമായിട്ടുള്ളതാകുന്നു.

"ഉന്നതജാതിഹിന്ദുക്കൾ കത്തോലിക്കസഭയിലേയ്ക്കു മാനസാന്തരപ്പെടുന്നതിൽ, അദ്ദേഹം അഗാധമായ ശുഷ്കാന്തി പ്രദർശിപ്പിച്ചിരുന്നു. മതപരിവൃത്തർ അവരുടെ ദേശീയവേഷഭൂഷാദികളും ജീവിതരീതികളും തുടർന്നുകൊണ്ടുപോകുന്നതിന് അദ്ദേഹം അവരെ എപ്പോഴും പ്രോത്സാഹിപ്പിച്ചിരുന്നു. ഉന്നതജാതിഹിന്ദുക്കളിൽനിന്നു മതപരിവർത്തനം ചെയ്യുന്നവർക്കായുള്ള തൃശ്ശിനാപ്പിള്ളിയിലെ സെൻറ് മേരീസ് തോപ്പു സ്ഥാപിക്കുന്നതിൽ ഫദർ ബില്ലിയാർഡിനേയും, മദ്രാസിലെ പുഷ്പനഗർ സ്ഥാപിക്കുന്നതിൽ ഫാദർ ബർട്രാമിനേയും അദ്ദേഹം വളരെ സഹായിച്ചു. സ്വജീവിതകാലത്ത് ഇത്രയധികം സാധിച്ചിട്ടുള്ള ആ മഹാബുദ്ധിമാൻ ഇപ്പോൾ തൻെറ വിശ്രമത്തിന്നായി പൊയ്ക്കഴിഞ്ഞിരിക്കുന്നു. എന്നാൽ അദ്ദേഹത്തിൻെറ മാതൃകയും സേവനങ്ങളും അനശ്വരങ്ങളായിരിക്കും; അദ്ധ്യാപകന്മാരുടേയും വിദ്യാർത്ഥികളുടേയും ഭാവിതലമുറകൾക്ക് അവ ഒരു നിവേശനമാർഗ്ഗമായിരിക്കുകയും ചെയ്യും."

# VII

## തൃതീയപ്രേഷിതൻ.

### 1.

മുഖ്യാനുകൂല്യമഥ മൎത്ത്യഗണത്തിനേകി-
സ്സൗഖ്യാനുഭൂതിയണയിച്ചതു മൂലമെങ്ങും
ആഖ്യാനസച്ചരിതനാകിയ ദാദിമൂസ്സിൻ
പ്രഖ്യാതി പൂണ്ടൊരു മഹോന്നതമന്ദിരത്തിൽ, 1

മായാമയപ്രകൃതിയാം ഭവസാഗരത്തിൻ-
മായാത്ത വൻതിരകളേന്തിയടിക്കയാലോ
ശ്രീയാളുമസ്സദനഭിത്തിയിലാൎന്നൊരോമൽ-
ച്ഛായപ്പണിക്കു മിഴിവൊട്ടു കുറഞ്ഞുപോയീ. 2
(യുഗ്മകം)

ജാതോരുചാരുത നിനച്ചൊരസൂയമൂലം,
ഹാ! തോല്ക്കുമെന്നു നിനവാൎന്നു നിമിത്തമാകാം;
ഏതോ നിഗൂഢകരമായതലംകരിക്കും
ചേതോഹരം കുസുമവൃന്ദമറുത്തെടുത്തു. 3

---

(1) ദാദിമൂസ്സ് = St. Thomas. ഗുണ്ടോഫോറസ് എന്ന രാജാവിന് ഒരു കൊട്ടാരം പണിയുവാൻ ശില്പിയായിട്ടാണു തോമ്മസ് ഭാരതത്തിൽ വന്നതു്. തോമ്മസ് പണിത മന്ദിരം അദ്ദേഹം ഇവിടെ സ്ഥാപിച്ച ക്രൈസ്തവസഭയാണല്ലോ. ഇവിടത്തെ ക്രൈസ്തവസഭയ്ക്കു കാലാന്തരത്തിലുണ്ടായ പരിവൎത്തനങ്ങളാണു് ആദ്യത്തെ 7 ശ്ലോകങ്ങളിൽ പ്രസ്താവിക്കുന്നതു്.

മിന്നുന്ന പുഷ്പനികരത്തിനു വൎണ്ണഭേദം
വന്നു,ജ്ജ്വലം ലതകളും ബത! മാഞ്ഞുപോയീ;
അന്നുന്നതം മഹിമയേന്തിയ ചിത്രജാല-
മിന്നു,ഗ്രമായ സിതവൎണ്ണമണഞ്ഞു മാഞ്ഞു. 4

സ്ഥായൽപ്രകാശമഹിതം മണിമന്ദിരത്തിൻ
ശ്രീയഞ്ചിടുന്ന സിതഭിത്തികളാകമാനം
കായം തളൎന്നു വിറയാൎന്നൊരു വൃദ്ധനേപ്പോൽ
പായൽപ്പുതപ്പിലതിദീനത പൂണ്ടിരുന്നു. 5

ഹാ! മന്നവന്നരിയ സൗഹൃദമേകുവാനായ്-
പ്രേമത്തൊടേ പണിതൊരമ്മണിമന്ദിരത്തിൽ,
ഈ മട്ടു പാഴ്ചെളി പതിഞ്ഞു കുഴഞ്ഞുവെന്നാ-
ലാമംഗളാശയനതേതുവിധം സഹിക്കും? 6

കൊണ്ടാടുമബ്ഭവനമാൎന്ന കളങ്കമെല്ലാം
തിണ്ടാടുമാറകലെയാക്കിയുദഗ്രമോദം
രണ്ടാമതും ചില നവീനപണിത്തരങ്ങ-
ളുണ്ടാക്കുവാനഖിലനാഥനലം നിനച്ചു. 7

ഓരാത്ത തൻപണിവിശേഷ വിശിഷ്ടഹാരം
പാരായവൾക്കരുളുമുത്തമ ശില്പിയേകൻ,
ഈ രാജകീയ സദനത്തിനു ശോഭകൂട്ടാ-
നാരാലണഞ്ഞു, ദിവി ഭാസ്കരനെന്നപോലെ. 8

തങ്കം തൊഴുന്ന തനു, ലോകമടക്കി നിത്യം
തങ്കൽപ്പെടുത്തുമൊരു നീരജലോചനങ്ങൾ,

തിങ്കൾക്കള ചുററുമൊളിചേൎത്തു നലം വിളങ്ങും
പങ്കംപെടാത്ത പരിവേഷ ശരീരകാന്തി; 9

ആരബ്ധവൃത്തിയഖിലം നിറവേററുവേനെ-
ന്നാരമ്യകാന്തി കലരുന്ന മനോജ്ഞഭാവം;
ഈ രാമണീയകഗുണങ്ങളിണങ്ങിയെങ്ങും
വീരാഗ്ര്യപീഠപദമാൎന്നവനസ്തശോകം. (യുഗ്മകം) 10

വാരാണ്ടാരപ്രകൃതിശാസ്ത്രമഹാവിദഗ്ദ്ധൻ,
പാരായപാരിലുമൊരുന്നത ചിത്രകാരൻ,
പോരാ, മഹാസരസനാമൊരു ഗാനലോലൻ,
ആരാണു പിന്നെയവിടുത്തെയറിഞ്ഞിടാത്തോൻ?

പാരായിടുന്നൊരു ഭയങ്കര യുദ്ധരംഗ-
ത്തോരായിരം വിജയമാൎന്ന തദീയനാമം
പേരാൎന്നിടും ഡെസിഡെരാററസ് ഒണോരെയെന്നാ-
താരാൽ വിദൂരദിശിപോലുമണഞ്ഞു മിന്നി. 12

അന്നാകയോഗ്യസുഗുണങ്ങളിണങ്ങുമൂല-
മിന്നാരിലും മഹിതനാകുമവന്റെ കീൎത്തി,
ഇന്നാട്ടി,ലന്യജനദിക്കിലുമെന്നുവേണ്ടാ
മന്നാകവേ പുതിയ പുഞ്ചിരി പൂശിടുന്നു. 13

പാടിപ്പറക്കുമൊരു പക്ഷികുലം രസത്തോ-
ടാടിസ്തുതിപ്പതുമവന്റെ മഹത്വമാകാം;
ചാടിക്കളിച്ചു വിലസും ചെറു മാൻകിടാങ്ങൾ-
കൂടിത്തദീയചരിതാമൃതമേകിയേക്കാം. 14

കാതിന്നൊരിമ്പമഥ മമ്മ്മരനിസ്വനത്താ-
ലോതിപ്പുലേടമണയുന്ന സമീരബാലൻ,
ഭൂതിപ്രദായകനിവൻെറ യശോവിലാസം
വീതിച്ചതീവ കൃതകൃത്യത പൂണ്ടിരിക്കാം. 15

‘നാനാതരത്തിലഭിപൂജ്യതയാന്നൊരുത്ത-
നീനാട്ടിലുണ്ടു, വരുവിൻ, പറയാ’മിവണ്ണം
തേനാന്ന പൂങ്കുലകളാട്ടി വിളിച്ചിടുന്നു
പീനാശ പൂണ്ടു പല പാദപപംക്തി പോലും. 16

സദ്യാചിതം വരഗണപ്പൂത്തുമാല ചാത്തീ-
ട്ടുദ്യാനസീമനിയിലും പനിനീർ സുമംപോൽ,
ഹൃദ്യാകൃതിപ്രകൃതി പൂണ്ടൊരവൻ നിജാന-
വദ്യാനുകൂലസുഗുണങ്ങളനേകമേന്തി. 17

ആ വാരുണാശയിലുദിച്ചവനാണു, പക്ഷേ
ഹാ! വാരുണീഭജനമില്ലൊരു തെല്ലുപോലും
പൂവ്വാശയാം മഹതി തന്നോടു വേഴ്ചചേത്ത
വൈവാഹശൃംഖല സുരക്ഷമസൂയ ചേക്കും. 18

ലോകത്തിലുള്ള പല പാവനപുണ്യപൂര-
മേകൻ ധരിച്ചു വിലസുന്ന കണക്കു മേന്മേൽ,
സാകല്യമോദമവിടുന്നധുനാ ലസിക്കു-
ന്നാകല്പകീത്തി നെടുനീളെ നിരത്തി നിത്യം. 19

2.

ഈ മന്നിലെങ്ങുമൊളി ചേൎത്തധുനാ വിളങ്ങും
താർമങ്ക തൻനിലയമാകിയ ഫ്രാൻസുനാട്ടിൽ
ക്ഷേമപ്രവൃദ്ധിയരുളുന്നൊരു ദിവ്യദേശം,
“നോർമൻഡിയാ” വിലസിവിശ്വവിശേഷകാഭം. 1

നാട്ടിന്നു നന്മ വിളയിച്ചു, വിശിഷ്യ വിശ്വ-
രാട്ടിന്നു തന്മഹിത നൎത്തനരംഗമായി,
പിട്ടിൽപെടാതെ പുരമായതിണങ്ങി, വെള്ള-
പ്പട്ടിൽപ്പതിച്ച പുതുപാടല മുത്തുപോലെ. 2

നാനാവിശിഷ്ടതരവസ്തുവിണങ്ങി മിന്നു-
മാനാട്ടിനെത്രയുമുദാരത ചേൎപ്പതിന്നായ്,
മാനാധികപ്രതിഭയാൎന്ന കിശോരനേകൻ-
താനാപ്പുരത്തിലമൃതാംശു ചൊരിഞ്ഞിരുന്നു. 3

ഓരായിരത്തൊടൊരു ഷഷ്ടിയുമെട്ടുനൂറും
പോരാത്ത രണ്ടുമഥ ചേൎന്ന സുവത്സരത്തിൽ,
പേരാൎന്നിടും മഹിത മാൎച്ചിരുപത്തിമൂന്നി-
ലീ രാമണീയകഗുണാന്വിതനുൽഭവിച്ചു. 4

അന്നാണുപോലുമധുനാതന നാസ്തികന്മാ-
രൊന്നാകെ ഞെട്ടി വിറയാൎന്നു മന്നിടത്തിൽ;
എന്നാണു ഭാനുവുദയാചല ശൃംഗമേറി-
യെന്നാലിരുട്ടുലകിലെങ്ങുമകന്നിടാഞ്ഞു? 5

വേണ്ടാതനത്തിനണയും നവ "യുക്തിവാദ"-
ത്തണ്ടാർന്ന ക്രമനിചയം ബത! പാഞ്ഞിതെങ്ങോ!
തണ്ടാർമണാളസവിധത്തിലജസ്രമോട്ട-
ന്നണ്ടാധിപൂണ്ടുലകിലെങ്ങുമിരുട്ടു നിത്യം. 6

ഭൂമണ്ഡലത്തിനു സമുന്നതദീപമാമ-
ദ്ധീമച്ചരിഷ്ഠനൊരു വാട്ടവുമേററിടാതെ,
ഓമന്മുഖത്തെളിവിനാൽ നരസഞ്ചയത്തെ
പ്രേമക്കയത്തിലഥ താഴ്ത്തി വളർന്നു വന്നാൻ. 7

ശ്രീലൻ സമസ്ത സുഗുണത്തിനു പാത്രമാകും
ബാലൻ വയസ്സു പതിനെട്ടു തികഞ്ഞ നാളിൽ
ഭൂലബ്ധസൗഖ്യമതിനശ്വരമെന്നു കാൺക-
യാലങ്ങു താപസപദത്തെ മുദാ വരിച്ചാൻ. 8

ഹാ! ശോകവാരിയെഴുമിബ്ഭവസാഗരത്തിൻ-
ക്ലേശോന്നതിക്കൊരു ലഘുത്വമണച്ചിടാനായ്
"ഈശോസഭാ" മഹിത മന്ദിരമായതിങ്ക-
ലാ ശോഭനീയചരിതൻ കുതുകാലണഞ്ഞു. 9

"ചേലോലുമാത്മകഥ ഹന്ത! നശിച്ചുവെന്നാ-
ലീലോകമൊക്കെ വിജയിക്കിലുമെന്തു മെച്ചം?"
സ്വർലോകതത്വമിതു തെല്ലു ധരിച്ചുവെന്നാ-
ലാ ലോല ലോകസുഖമാർക്കഥ കാമ്യമാകും? 10

കന്യാസുതന്റെ പരിപാവന സൂക്തിവൃന്ദ-
മന്യാദൃശം സകല മർത്ത്യരുമുൾഗ്രഹിപ്പാൻ,

അന്യാവനീതലമണഞ്ഞതിയത്നമാളും
ധന്യാശയക്കെഴുമുദന്തമവൻ പഠിച്ചാൻ. 11

വാരാശിപോൽ ഗഹനമാം മരിയാതനൂജ-
സ്സാരാർദ്ര സൽപ്രണയസാര രസത്തിനുള്ളിൽ
പാരാകെ മുക്കുവതിനുള്ളൊരു മോഹമാൎന്ന-
നാരാൽ വളൎന്നു സുകുമാര കുമാരചന്ദ്രൻ. 12

ഘോരാൎത്തി തീൎന്നു ഹൃദി സാന്ത്വനചിന്തയാളും
ധാരാളമാത്മപരിവൎത്തിതരെപ്രകാമം
സ്വാരാജ്യനായകനു കാഴ്ചയണപ്പതിന്നായ്-
പ്പേരാൎന്ന മിഷ്യനറിയാകണമെന്നു ബാലൻ. 13

അക്കാലമാമധുരനാട്ടിലനേക മൎത്ത്യ-
രുൾക്കാമ്പലിഞ്ഞു സുവിശേഷമുരപ്പതിന്നായ്
നൽക്കാൎയ്യവേദികളണഞ്ഞിതു, വൻ തമസ്സു
മുക്കാലുമെത്തിയ നഭസ്സിലുഡുക്കൾ പോലെ. 14

നാനാസ്ഥലങ്ങളിലജാത്മജ ദിവ്യസൂക്തി
സൂനാളി സൂക്ഷ്മതയൊടേകുവതിന്നു മുന്നം
ആ നാസ്രയേയഗുരുശാസന കേട്ടനേക-
രീനാട്ടുതോറുമുടനെത്തി മരുത്സമാനം. 15

ജാലത്തിലീനിയതിയാം ശിശു തന്റെ ബുക്കിൽ
കാലങ്ങളാകിയ പുറങ്ങൾ മറിച്ചിടുമ്പോൾ
ലീലക്കു ചേൎന്നരിയ പുഞ്ചിരി പൂണ്ട ചിത്ര-
ജാലങ്ങളും ഝടിതി ലോചനലക്ഷ്യമാകും. 16

ഓരാത്തതാകുമഘലഗത്തവിപൽക്ഷതത്താൽ
ഘോരാത്തിയാൻലകമുഗ്രമുലഞ്ഞിടുമ്പോഠം,
പാരാതെ പാപിയുടെ പാണി പിടിച്ചുകേററാ-
നാരാദ്ധ്യസച്ചരിതനെത്തിയൊണോരെ താതൻ. 17

തന്നാഥസേവനമഹോത്സവമാചരിപ്പാ-
ന'ന്നാഗപട്ടണ'മണഞ്ഞിരു വത്സരങ്ങഠം
നന്നായ് മുനിവ്രതമെടുത്തു വസിച്ചു, പിന്നെ-
സന്നാഹമാത്മസമരത്തിനു സജ്ജമാക്കി. 18

പ്രേമാസ്പദം സ്വമുനിവൃത്തി കഴിഞ്ഞശേഷം
ധീമാനവൻ മഹിതദേശികവൃത്തി പൂണ്ടാൻ;
സീമാവിഹീനമഹിതം ഗുണമോല്പമാത്മ-
ഭൂമാവിനാസ്പദമെഴും മുനിമാർ മഹാന്മാർ. 19

ജ്ഞാനപ്രദായകകലാലയ ജീവിതാബ്ധി-
ഫേനങ്ങളിൽ സരസമാടിന ബാലകക്കായ്
ആ നവ്യശാസ്ത്രപൊരുളാകുമനേക ദിവ്യ-
സൂനങ്ങളേകിയവിടുന്നു മുദാ വസിച്ചാൻ. 20

എട്ടാണ്ടു ബാലഗണമാത്മവിബുദ്ധിയാം വൻ-
തട്ടിട്ടാന്നിടുന്ന പടി ദേശികനായ ശേഷം,
നാട്ടാക്കെഴുന്ന മഹിതാദരമൊത്തു പോയീ
പട്ടാഭിഷേചനമഹത്തിനു മാതൃഭൂവിൽ. 21

ആ വന്ദ്യനാം ഗുരു, പുരോഹിതവൃത്തിയാളാ-
നാവശ്യമാം പഠനമൊക്കെ ലഭിച്ചശേഷം,

ദേവൻെറ പൊൽപ്പദമണഞ്ഞു നമിച്ചു; മർത്ത്യ-
സേവയ്ക്കു വേണ്ടവിധമന്നഭിഷിക്തനായി. 22

ആരാണു വൈദികരവർ? ബത! ഘോരപാപ-
സൗരാഷ്ട്രകത്തിൽ വലയുന്ന നരക്കശേഷം
ഓരാഞ്ഞ സൽസുഖമനാരതമേകി, ഭോഗ-
വൈരാഗ്യമേന്തുമൊരു സദ്വിഷവൈദ്യരാകാം. 23

മായപ്പകിട്ടിനടിപെട്ടു നലം ഭവാബ്ധി-
തോയത്തിനുള്ളിലഥ മുങ്ങി മരിക്കുവോരെ,
സ്സ്വായത്തസം കരയണച്ചു കടാക്ഷമേകും
ധീയാന്ന മാല്യമികളാണിവർ വൈദികന്മാർ. 24

3.

വിദ്യുത് പ്രതാപനിലയം നിജ നാടു വിട്ടു
ചിദ്യുക്തകർമ്മമതിലാത്മസുസക്തനായി,
സദ്യുദ്ധമീശവിജയത്തിനു കൈവരിക്കും
പ്രദ്യുമ്നതുല്യനവിടുന്നിവിടത്തിലെത്തി. 1

ആണ്ടമ്പതോളമവിടുന്നാജപുത്രനാളും
കണ്ടങ്ങളിൽച്ചില നവീന പണിത്തരങ്ങൾ
ഇണ്ടൽപ്പെരുംകടലിലാണ്ടു വലഞ്ഞിടാതേ-
കൊണ്ടങ്ങു ചെയ്തവിടമൊട്ടു വിശിഷ്ടമാക്കി. 2

ഈശന്നുവേണ്ടി നരരെബ്ബത! റാഞ്ചി, 'റാഞ്ചി'
ദേശത്തുചെയ്ത മഹിത ശ്രമമൊന്നുമൂലം

ഈ ശമ്മദാതൃസഖി ദക്ഷിണഭാരതത്തിൻ-
പൈശാചശക്തിയഖിലം ശിഥിലീകരിച്ചു. 3

പാരാർന്ന കന്മഷഹരം കുരിശിൻെറ ദിവ്യ-
സാരാഭയാൽ മനുജരെപ്പരിപൂതരാക്കാൻ,
ധാരാളമായ് ജനപദങ്ങളിലീശസൂക്തി-
ഹാരാളി വാരി വിതറീ വിനയൈകമൂർത്തി. 4

ഉൽകൃഷ്ട ഹൈന്ദവ ജനാവലിയാൽ പ്രഗാഢ-
മാകൃഷ്ടനായ്ത്തദനു താതനമന്ദമോദം,
ശ്രീകൃഷ്ണഭക്തരവരെപ്പരിവൃത്തരാക്കും
സൽകൃത്യമാത്മസുഖദം തരസാ വരിച്ചാൻ. 5

നേരാണജാത്മജമതം, നരവൃന്ദമെല്ലാം
ചേരാതെ മോക്ഷപദമെത്തുകയില്ല, പക്ഷേ,
വാരാണ്ട ഭാരതജനപ്രിയ ദേശ്യബോധ-
വൈരാഗ്യമേതുമവിടുന്നു സഹിക്കയില്ല. 6

ആനന്ത്യമാർന്ന മതിമാൻ പരിവൃത്തരേപ്പാ-
ത്താ നല്ല 'പുഷ്പനഗർ' സുന്ദരമായ 'തോപ്പും'
നൂനം ചമച്ചു; സുരനായകനാദമിന്നാ-
സാനന്ദ സത്മമമലം പറുദീസപോലെ. 7

വക്ഷഃസ്ഥലക്ഷതമുദഗ്രമതിച്ചപോലെ
വീക്ഷിച്ചു തോമസു വരിച്ചൊരു ഭാരതത്തിൽ,
രക്ഷിച്ചനേക നരരെക്കൃതകൃത്യനായി-
ട്ടക്ഷീണശോഭനവിടുന്നു മുദാ ജയിപ്പൂ. 8

ആഗസ്സകന്ന പടിയിബ്ബുധഭാനു ചൊട്ട-
നാഗപ്പുരത്തിലെഴമീശ്വര മന്ദിരത്തിൽ,
പ്രാഗത്ഭ്യമേറിയ കരപ്രഭവം നിമിത്തം
രാഗപ്രവൃദ്ധിയുളവാക്കി സുവർണ്ണ വായ്പാൽ. 9

തപ്പിത്തടഞ്ഞമരമററമരുന്ന തൃച്ചി-
നാപ്പിള്ളിയാംഗല കലാലയ ശാസ്ത്രപോതം,
കോപ്പിട്ട സൈന്ധവസമം കുതികൊണ്ടി,തങ്ങ
കപ്പിത്തമാർന്നമുതലഗ്ര്യപദത്തിലെത്തി. 10

ഈശാനുകൂലവരസാഗര മജ്ജനത്താൽ
ക്ലേശാഹവം കളയുമഗ്ഗുരുവിൻ കടാക്ഷം
ആ ശാസ്ത്രവേദിയിലണഞ്ഞ,തിനെത്തിയേററ-
മാശാസ്യമായ നില ദക്ഷിണഭാരതത്തിൽ. 11

വന്നാത്തലോടിതരമോടിയൊളിച്ചിട്ടും മ-
ട്ടിന്നക്കലാലയമനന്യവികാസമാളാൻ
ഉന്നമ്രകീർത്തിയെഴുമസ്മഡൊണോരെയെത്ര-
യെന്നാല്ല സന്മഹിതസേവനമാചരിച്ചു. 12

ആ നിർമ്മലപ്രകൃതിയാർന്ന ഗുരൂത്തമൻ "മെ-
ക്കാനിക്കലെഞ്ചിനിയറിങ്ങി"ന്ന ശിഷ്യകൾക്കായ്,
ധ്യാനിച്ചു സൽപഠനപദ്ധതിയേകി,യേററം
മാനിച്ചു ശിഷ്യരതിലാത്മനിലീനരായി. 13

ഉച്ചത്തിലിങ്ങനെ വിളങ്ങുമൊണോരെയാക-
മച്ചണ്ഡഭാസ്കരനനന്തരമാത്മദേശം

ഒച്ചപ്പെട്ടും സ്വജനദൎശനമാം പ്രകാമ്യ-
സച്ചൎയ്യയിൽ കുതുകമാൎന്നഥ ചെന്നാണഞ്ഞൂ. 14

അന്നാംഗ്ലഭ്രൂവുമയർലൻഡുമെഡിൻബറോയു-
മൊന്നാമതായ് ജ്ജനകവീക്ഷണലക്ഷ്യമായീ;
തന്നാശപോൽ മഹിതശാസ്ത്രവിദഗ്ദ്ധരേക്ക-
ണ്ടന്നാളിലാത്മസുഖമേറെ വഹിച്ചു ധന്യൻ. 15

ഗത്യാമുദം സപദി സമ്പ്രതി സംവഹിച്ചും-
പ്രീത്യാ മതിപ്രഭവമാൎന്നിതു പൂൎണ്ണിമാഭം;
പ്രത്യാഗമത്തിലതുലം നിജ ധീവിലാസം
മർത്ത്യാവലിക്കു ഗുണസങ്കുലപാത്രമാക്കീ. 16

ഭൂവാസികൾക്കഖിലനായകപാദപത്മ-
പ്പൂവാദരിപ്പതിനു പററിയ മണ്ഡലങ്ങൾ,
ആ വാനവൎക്കു വിഹരിപ്പതിനുള്ള രംഗം,
ദേവാലയങ്ങളതിനങ്ങൊരു ശില്പിയായി. 17

പാരാകെയുൽപ്പുളകമേകുമമന്ദ ജീവ-
സാരാൽ വഹിക്കുമവിടുന്നൊരു കൗതുകത്താൽ
വാരാണ്ട "കൗതുകനികേതന"മൊന്നു തീൎത്താ-
നാ രാജരാജനിധിപത്തനമെന്നവണ്ണം. 18

പാപിഷ്ഠരായ ജനസംഹതി തന്നഘൗഘം
ക്ഷേപിച്ചു നിത്യമവരേ വിമലീകരിച്ചും;
കോപിക്കുമീശകരുണയ്ക്കു നികേതമാകു-
മപ്പിഷ്ടകാധ്വര മഹം നിതരാമണച്ചും; 19

ദാരിദ്ര്യഗൎത്തമതിലാണ്ടു കുഴങ്ങുവോരെ-
പ്പാരിച്ച സാന്ത്വനസുധയാലഭിഷേകമാൎന്നും,
ഭൂരിപ്രമോദവലയാൽ മനുജാളി തന്റെ
ഭാരിച്ച കഷ്ടതകളാകവെയാവഹിച്ചും; 20

ഛാത്രവ്രജോൽക്കലികയാൎന്ന മനസ്തമസ്സാ-
മിത്രപ്രഭാവമൊടലം ശിഥിലീകരിച്ചും;
നേത്രപ്രകൎഷമെഴുമീശ്വരമന്ദിരത്തെ-
ച്ചിത്രങ്ങളാൽ മഹിതമാക്കിയലംകരിച്ചും; 21

ഭാരം വലിച്ചു വലയുന്ന ജനത്തിനേററം
ശ്രീരംഗമാകുമൊരു സാത്വികകേന്ദ്രമായും;
നേരററ മാൎഗ്ഗചരണത്തിനു പാത്രമായോ-
ൎക്കാരക്തവൎണ്ണമെഴുമധ്വഗദീപമായും; 22

നേരോടെതിൎക്കുമൊരു സാഹസബുദ്ധികൾക്കു-
ള്ളാ രോഗമൊക്കെ നിതരാമകലെക്കളഞ്ഞും;
പാരോൎക്കുമുജ്ജ്വലയശസ്സിനു പാത്രമാംമാ-
റോരോതരത്തിലവിടുന്നിതുപോൽ ജയിപ്പൂ. 23

(കുളകം)

അപ്പണ്ഡിതാഗ്രിമനനന്യദമം വഹിക്കു-
മപ്പൎവ്വണേന്ദുസമ ഭാസെഴുമാത്മതാതൻ,
മുപ്പത്തിരണ്ടു സമയിങ്ങനെ നാകിനാഥ-
ത്തൃപ്പത്തു കൂപ്പി നരസേവനമാചരിച്ചു. 24

4

കുന്ദപ്രസൂനസമ ശുഭ്രയശസ്സിനാലാ-
നന്ദം നരക്കരുളുമാ മഹനീയഹൃത്തിൽ
സൗന്ദര്യസാരനിലയം മലയാളമാന്ന്
സന്ദർഭമേതതുലം വിജയിക്ക നീണാൾ. 1

ദിക്കാകെയാന്ന് പുകൾപൂണ്ട ലവീഞ്ഞു തന്റെ
നൽക്കാര്യദർശി മഹിതാഭിധയാന്ന് ധീരൻ,
റിക്കാർഡു താതനമൊണോരെയുമാന്ന് ബന്ധം
സൽക്കാവ്യവും പൊരുളുമെന്ന കണക്കഭേദം. 2

സത്തായ വിദ്യയഖിലം യുവലോകമാകെ-
ക്കാത്താദരിക്കുവതിനന്നഥ ബക്ക്മാൻസിൽ,
ഹൃത്താരണിഞ്ഞ കുതുകേന ലവീഞ്ഞു മെത്രാ-
നത്താതനേ സവിനയം ഗുരുവായ് ക്ഷണിച്ചാൻ. 3

ധീരവ്രതൻ മധുരമിഷ്യനധീശനേവ-
മീരത്തമന്നു വെടിയാനൊരു ഭോഷനല്ല;
സൂരൻ ത്യജിക്ക പതിവില്ല കരപ്രതാപം;
ഗീരർത്ഥ,മമ്മസുതനേ, മണിയാഭയേയും. 4

കോളേജിലെപ്പഠനമോർത്തഥ കേരളീയ-
രാളേറെയെത്തിയവിടത്തിലുദഗ്രമോദം;
നീളേ പ്രസിദ്ധമൊരു താതനു തുല്യമായ-
ന്നാളേറ്റവും സുമതി സൗഹൃദമാണ്ടിരുന്നാൻ. 5

തേനാളിടുന്ന നവമാലിക തൻമനോജ്ഞ-
സൂനാളിപോൽ പ്രഥിതരാം മലയാളിമാരേ,
ആ നാളിലേററവുമടുത്തു സപര്യ ചെയ്തു
വാനാളിടുന്നാജനു കാഴ്ചയണച്ചു ധന്യൻ. 6

ത്രൈലോക്യനാഥ പദസാരസ ഭക്തനായോ-
രീ ലോകവന്ദ്യനവരിൽക്കരുണാകടാക്ഷം,
ഹാ ലോഭമററരുളിനാനതുലം; ജനിത്രി
താലോലമാർന്ന നിജപൈതലിലെന്നപോലേ. 7

സമ്മാനനീയമവർതൻ ഗുരുശിഷ്യബന്ധ-
മിമ്മാതിരിക്കു വളരുന്നളവന്നൊരിക്കൽ,
അമ്മാനവർ പ്രഥിതമാകിയ ലോലിഹാളിൽ
നിർമ്മായമോദനിലയം സഭയൊന്നുകൂടി. 8

അമ്മേദുരസ്പൃഹയെഴും യുവകോവിദർ തൻ
സമ്മേളനത്തിലുരുവായി സമാജമേകം;
ഇമ്മേദിനിക്കതു നലം കുളിരേകിടുന്നൂ
വമ്മേഘമുഗ്ര മരുഭൂവിനെയെന്നപോലേ. 9

ഭീവിട്ടധീശപദപങ്കജയുഗ്മമെന്നും
സേവിക്കുമജ്ജനകനാർന്ന കടാക്ഷമൊന്നാൽ
ഈ വിത്തു രണ്ടു സമകൊണ്ടു വളർന്നു വേണ്ടും
പൂവിട്ടു കേരളമഹാതരുവിൽപ്പടർന്നൂ. 10

പാലഞ്ചുമാറു പുകൾപൊങ്ങിയ സംഘമേവ-
മാലപ്പുഴയ്ക്കരിയ മേന്മയണച്ചു കൂടി,

ബാലക്ക് വേണ്ട പരിരക്ഷണമേകുവാനായ്
കാലത്തിനൊത്ത നിയമാവലി വാർത്തെടുത്തു. 11

അഞ്ചാതെ സംഘമതു പിന്നെറണാകുളത്തു-
മഞ്ചാമതായുരു കുതൂഹലമോടു ചേർന്നു
വഞ്ചാരുചിത്തനവിടുന്നു വെളിപ്പെടുത്തി
നെഞ്ചാന്ന പാവനതരപ്രമുഖപ്രമാണം. 12

സേവാഭിലാഷ, മനുഭൂതി, തുടങ്ങിയേററം
ശ്രീവാച്ച സൽഗുണഗണം യുവഹൃത്തിലാളാൻ
ഭൂവാകെയീ യുവസഭയ്ക്കുപശാഖ, പിന്നെ
നാവായി മാസികയുമൊന്നു തുടങ്ങി ധന്യൻ. 13

ആറാമതായ സമയിൽസ്സഭ പിന്നെയേററം
കൂറാന്നു കൂടിയൊരു നിശ്ചയമന്നു ചെയ്തു.
മാറാതെയിജ്ജനകനെ പ്രസിഡൻറുമാക്കി-
ട്ടാറാടിയന്നു യുവഹൃത്തു മുദബ്ധിതന്നിൽ. 14

ആ ഗണ്യമാമഖിലനാഥമതപ്രകർഷ-
ഭോഗം യുവാക്കളിലണച്ച കണക്കു താതൻ
യോഗത്തിനായി വസുതെല്ലു സമാഹരിച്ചു;
ത്യാഗത്തിനായി മുദിരം ജലമെന്നപോലെ. 15

ധീരാഗ്ര്യരായ യുവനേതൃജനങ്ങളാലും
ധാരാളമായി വിലസും പരിപാടിയാലും
പേരാന്ന സഖ്യമതിനുത്തമകേന്ദ്രസൗധ-
മാരാൽ ചമപ്പതിനു താതനുറച്ചു പിന്നെ. 16

ഈ മന്ദിരം പണിയുവാൻ ധനശേഖരാൎത്ഥം
ധീമാൻ ചരിച്ചു തരസാ മലയാളദേശം;
നാമന്നു വിഷ്ടപവിമോഹനമാ മൊരണോരെ-
ധാമം ഭജിച്ചു സഫലോത്ഭവരായ്ബ്ഭവിച്ചു. 17

അന്നാലുവായുമെറണാകുളവും തൃശ്ശൂരും
മാന്നാനവും തദനു കോട്ടയമെന്നു വേണ്ടാ
ഇന്നാട്ടിലൊക്കെയവിടുന്നു നടന്നു വേണ്ടും
സന്നാഹമാൎന്നു സദനം നവമായ്ച്ചമപ്പാൻ. 18

തൻയത്നമേകമതുകൊണ്ടെറണാകുളത്തു
സ്ഥായദ്രസം വിലസുമമ്മണിമേടയേവം
ആയത്തമാക്കി, യതിനാൽ യുവലോകമാളും
ശ്രേയസ്സനന്ത, മിനനാൽ ശശിയെന്നപോലെ. 19

5.

ഇക്കേരളീയകജനോന്നതിമാത്രമോൎത്താ-
ണ്ടുക്കേറിടും മഹിതലീഗവിടുന്നുയൎത്തി;
വാക്കേതുമില്ല പറവാനതു ലാലസിപ്പൂ
സൽക്കേളി പൂണ്ടു ധരണിക്കൊരു ദീപമായി. 1

നീരോശ കേട്ടൊരു പിപാസിത തൃഷ്ണപോലേ,
താരോദയേ പഥികമാനസമെന്നപോലേ,
സൂരോദയത്തിലരുണാംബുജകുഡ്മളംപോ-
ലോരോ വിധത്തിലതു മോദനികേതമല്ലോ. 2

ആശ്വാസമേകുമവലംബനമുണ്ടു മൂന്നീ-
വിശ്വാസ,മുഗ്രപഠനം, പുനരപ്രയത്നം;
വിശ്വാധിനാഥ ഭയഭക്തിസമേതനേവം
വിശ്വാവനത്തിനിതു തന്നെ മുദാ ഗ്രഹിച്ചാൻ. 3

ഭിന്നാന്തരംഗമൊടു തമ്മിലകന്നു വാണു
വന്നാശമാർന്നൊരു യുവാക്കളിലൈക്യബോധം
ഇന്നാ വരേണ്യനുളവാക്കി; സുമങ്ങളെല്ലാ-
മിന്നാഢ്യമായൊരു മനോഹരമാല്യമായീ. 4

ബാലർക്കു ധർമ്മവിഷയം വെളിവാക്കി, യാന്ധ്യ-
ജാലം തുരത്തിയവരേ മതവിജ്ഞരാക്കാൻ,
ശ്രീലൻ നിനച്ചു, പഠനക്കളരീസമൂഹം
സ്ഥൂലപ്രസാദമൊടലം പലതും തുടങ്ങീ. 5

സാരോപദേശമരുളാനനുവാചകർക്കാ-
യോരോതരം ലളിതമാം ലഘുലേഖനങ്ങൾ
ധീരോത്തമാഗ്ര്യൻ വിരചിച്ചു, മനസ്തമിസ്രം
വേരോടറുത്തിതു വിഭാതവിഭാകരൻപോൽ. 6

കാരുണ്യമേറുമഖിലേശ സുതശ്ശരീരം;
ചാരുത്വമാർന്ന സുരനാഥവരപ്രസാദം
ചേരുന്നതിന്നൊരധിരോഹിണി; നിത്യദിവ്യ-
കാരുണ്യഭക്തി,യനുഗർക്കതു ചട്ടമാക്കീ. 7

ഈവമട്ടു കേരളസഭയ്ക്കൊരു ദീപമാമ-
ധീമാന്നൊഴും കനകജൂബിലി വന്നണഞ്ഞു

നാമന്നു ഹർഷപുളകാങ്കിതരായി കോക-
സ്തോമം കടുത്ത പെരുമാരിയിലെന്നപോലെ. 8

ആനന്ദസാഗരതരംഗഗണങ്ങളേന്തും
ഫേനങ്ങളാം പുതിയ പുഞ്ചിരി പൂണ്ടപോലെ
നൂനം സുരേശകൃപതൻ പുതുലക്ഷ്യമാമ-
ദ്ദാനത്തിലാത്മതനയക്കു മനം കുളിർത്തു. 9

ചൊല്ലാർന്ന ജൂബിലിമഹം മലയാളനാട്ടി-
ലുല്ലാസമാർന്നു പലരും നലമാചരിച്ചു;
നില്ലാതുയർന്ന വിജയക്കൊടി നാലുപാടും
തെല്ലാശു വീശുമവിടേയ്ക്കിതു യുക്തമല്ലോ. 10

തണ്ടാരുതോൽക്കുമമലാഭയെഴുന്ന താത-
ന്നുണ്ടായൊരിക്കനകജൂബിലി കേരളീയർ,
കൊണ്ടാടിനാരമിതമോദസമേത,മൊല്ലൂ-
രുണ്ടായ മോഹനമഹാസഭയിൽ പ്രകാമം. 11

പ്രേമാനുയോജ്യസുഗുണങ്ങളനേകമേന്തും
ശ്രീമാനൊരാംഗലസുമംഗലപത്രമൊന്നിൽ
ഈ മാനുഷർക്കുടയ ഭക്തിയുദാരമായി-
നാമാദരിച്ചു വിനയാഞ്ചിതനമ്രഗാത്രർ. 12

തന്നാടു വിട്ടിവിടെ വന്നു പരോപകാര-
ത്തിന്നായ് സ്വജീവിതമുഴിഞ്ഞ മഹാമനസ്കൻ,
അന്നാ വരേണ്യനൊരു ഭാവുകമാഗ്രഹിക്കാ—
തിന്നാരുമില്ല മലയാള മഹീതലത്തിൽ. 13

മൂന്നായി വത്സരമനന്തരമങ്ങു മോദാ—
ലിന്നാട്ടു പര്യ്യടനമണ്ഡലമാക്കി വീണ്ടും
തന്നാസ്ഥിയെങ്ങു,വിടെയാണു തദീയവൃത്തു-
മെന്നാ മരീയതനയോക്തിയതീവ സത്യം. 14

മുന്നാളിലേതൊരു കലാലയശാസ്ത്രപീഠം
നന്നായ്‌വരിച്ചു ജനകൻെറ കരപ്രഭാവം;
ഇന്നാ യനന്തശയനാധിനിവാസിലോകം
വന്നാദരത്തൊടു കൃതജ്ഞത കാട്ടി മുറ്റും. 15

അക്കാമ്യശീലനൊരു വാരമനന്തശായീ-
ദിക്കാകമാനമുരു കീൎത്തി പരത്തി വാണാൻ;
നൽക്കാൎയ്യവേദികളനേകജനങ്ങളന്നു
സൽക്കാരമേകി മനസാ വപുഷാ നിതാന്തം. 16

പിന്നൊത്തിരിച്ചു മദിരാശി മഹാപുരത്തിൽ
ചെന്നത്തിനാനതുലസൽകൃതകൃത്യചിത്തൻ;
അന്നെത്ര ലീഗുശിശുവിൻെറ വളൎച്ചയോൎത്തു
നന്നെക്കുഴങ്ങി, സുതനാൽജ്ജനയിത്രിപോലെ. 17

6

ഹാ ഹാ! കഠോരമിതുദന്തമതീവ,യേവം
സംഹാരമേതുവിധി ചെയ്തിതു ഭാരതത്തിൽ,
ഉൗഹാധികപ്രതിഭയാളുമൊരാണൊരെ താതൻ
ദേഹാവശേഷ,നയി കേഴുക നീ മനസ്സേ. 1

കഷ്ടം! കടുത്ത കനലാണു കഠോര,മസ്മ-
ദ്ദുരിഷ്ടക്കട്ടും കെടുതി സംശയമില്ലതെല്ലും;
ശിഷ്ടൻ മദീയജനകൻ ഗുരുവാത്മനാഥൻ
നഷ്ടപ്പെടാനപരകാരണമെന്തു വേറേ? 2

നാനാതരം ഗുണഗണങ്ങളിണങ്ങിയെങ്ങും
മാനാർഹനായി വിലസിച്ചൊരു നവ്യതാരം,
വാനാളുമീശപദസീമ്നിയണഞ്ഞു; ലോകം
പീനാന്ധകാരവലയിൽ വലയുന്നു കഷ്ടം! 3

കേണീടു കേരളസഭേ, തവ ദത്തപുത്രൻ
ക്ഷോണീനിവാസമധുനാ ഹഹ കൈവെടിഞ്ഞു;
വാണീവിധം മഹിതമംഗളമേകുവാനാ-
രാണീ നിനക്കിനി യതീവ യനാഥയായ് നീ. 4

പൗരസ്ത്യഭ്രുവിനെ നിരർഗ്ഗളശോഭയാലി-
ന്നാരമ്യയാക്കി വിലസിച്ച വിചിത്രഭാനു
ക്രൂരം കടുത്ത മൃതിയാം ജലദം നിമിത്തം
പാരം മറഞ്ഞു ദിവി, നമ്മളിരുട്ടിലായീ. 5

സീമാതിരിക്ത ഗുണവാന്മെഴമേതുമർത്ത്യ-
ശ്രീമാനിവൻ പുരുദേശികനായിരുന്നു;
നാമാദരിക്കുമവിടുന്നു, ജഗത്പിതാവിൻ-
പ്രേമാനുഗാമി, കഠിനം മൃതനായ്ക്കഴിഞ്ഞു. 6

അമ്മാതൃകാപുരുഷനിർദ്ധരണിക്കു ജീവൻ
സമ്മാനമേകി ബലിയായി മഹാമനസ്കൻ;

നിർമ്മായമാത്മചുമലിൽസ്സകലാഘമേററ
സമ്മാന്യനാളുമനഗന്നിതു യോഗ്യമല്ലോ. 7

പ്രാണേശനാമഖിലനായക പൊല്പദത്തിൽ-
ത്താണേററവും പണിയുമാ വിമലാന്തരംഗൻ
ആണേതുനാളുമൊരു താങ്ങി,നിയെന്തുചെയ്‌വൂ
ജ്ഞണേ! ഭവാനിതുവിധം ചതി ചെയ്തുവല്ലോ. 8

വന്നിഷ്ടയോടു പല ജോലി നവീനമെന്നും
തെന്നിന്ത്യതൻ ഗുണമതൊന്നു നിനച്ചുമാത്രം
ഉന്നിദ്രമോദമവിടുന്നു നടത്തി,യീശൻ-
തന്നിഷ്ടമാണു പരിപാടി മഹാജനാനാം. 9

“ആത്മാക്കളേത്തരിക മേ, തരസാ,യെനിക്കാ-
യാത്മാക്കളേത്തരിക, മററു സമസ്തവും തേ
ആത്മാധിനാഥ സുവഹിക്കുക”യെന്നു നാക-
സത്മാഭിമാനി പരമേശപദം ഭജിച്ചു. 10

ഇപ്രേഷ്യധർമ്മപരിവർത്തനവേല,യീശൻ
തൻപ്രേമസൂക്ത,മവിടുത്തെ ഹിതപ്രവൃത്തി,
ഹാ! പ്രേഷകാഭിരുചിയാൻ വഹിച്ചിടേണ്ടും
സൽപ്രേരണയ്ക്കടിമയായി വിനീതചിത്തൻ. 11

“ശ്രീക്കാലയം പെരിയ രത്നസമുച്ചയത്താ-
ലിക്കാണുമീ മഹിത വിസ്തൃതലോകമെല്ലാം
തൽക്കാലമായതിലമൂല്യമൊരാത്മ”മെന്ന
വാക്കായി താതനുടെ മാർഗ്ഗമഹാപ്രദീപം. 12

മാണിക്യമായ പരിവൎത്തനവേലയെന്നും
ത്രാണിക്കു ചെയ്തു നിതരാമവിടുന്നു, തെല്ലും
ക്ഷീണിച്ചിടാതെ സുചിരം വിജയിച്ചു; മന്നിൽ
വാണിപ്രസാദമൊടു പണ്ഡിതനെന്നപോലെ. 13

സമ്മാനനീയചരിതൻ, ശ്രുത, നേശ്രുനാഥ-
സമ്മാനനീയബിരുദൻ, വിബുധൈകമിത്രം
സമ്മാന നീതപദനായമരാധിവാസ-
സമ്മാനനീത,മിനി നാമുഴറേണ്ട തെല്ലും! 14

മാലോകരേ, വരിക താതനൊണോരെ തന്റെ
ചേലോലുമിപ്പരമപാവനസച്ചരിത്രം,
മാലോലുവോൎക്കു ഹൃദയത്തിനു പുണ്യതീൎത്ഥം,
കാലോചിതം ലതയെഴുന്നൊരപൂൎവ്വ സൂനം! 15

വന്നീടുവിൻ കവികളേ! തൊഴുകയ്യുമായി-
നിന്നീ മഹച്ചരിതമൊട്ടു കഥിക്ക നിങ്ങൾ;
തീൎന്നീടുകില്ലതു മുറയ്ക്കു കഥിച്ചുവെന്നാൽ
പിന്നീടുമുണ്ടു പറവാനഥ പുത്തനായീ. 16

നാനാ ദേശത്തുമെത്തിസ്സുരഭസമഖിലം
സൂക്തിമുക്താഫലൌഘം,
നനാ ജാതിക്കുമേകാനരുളിയനഘരേ-
വിട്ടൊരെന്നേശുനാഥാ!
തൻനാടും വിട്ടു നിൻ വൈദികഗണമതിലാ-
ണ്ടമ്പതോളം നയിച്ചു-
സ്ഥാനാലംകാരനിത്താതനെ ദയയൊടു നി-
ന്നാക്ഷി വീക്ഷിച്ചിടേണം. 17

# ടിപ്പണി

തൃതീയപ്രേക്ഷിതൻ = മൂന്നാമത്തെ അപ്പോസ്തോലൻ; മാത്തോമ്മാ, വിശുദ്ധ ശൗരിയാർ എന്നിവരുടെ അനുഗാമി എന്നു സാരം.

## 1

1 ആഖ്യാനസച്ചരിതൻ = സച്ചരിതനെന്നു പ്രസിദ്ധൻ. ദാദിമൂസ്സ് = സെൻറു തോമ്മസ്. പ്രഖ്യാതി = പ്രസിദ്ധി; കീൎത്തി.

2 മായാമയപ്രകൃതി = മായനിറഞ്ഞ പ്രകൃതി. ഭവസാഗരം = സംസാരസമുദ്രം. സദനം = കെട്ടിടം. മിഴിവ് = ശോഭ.

3 ജാതോരുചാരുത = പ്രശസ്തവും അനല്പവുമായ മനോഹരത്വം. നിഗ്രദ്ധകരം = അദൃശ്യമാകെ.

4 പുഷ്പനികരം = പൂക്കളുടെക്കൂട്ടം. സിതവൎണ്ണം = വെള്ള (വിളറിയ) നിറം.

5 സ്വായൽപ്രകാശമഹിതം = വൎദ്ധമാനമായ ശോഭകൊണ്ടു പൂജനീയമായിട്ടുള്ള.

6 സൗഹൃദം = സ്നേഹം. മംഗളാശയൻ = നല്ല ആശയങ്ങളോടുകൂടിയവൻ; നല്ല ബുദ്ധിമാൻ എന്നും.

7 ഉദഗ്രമോദം = വൎദ്ധിച്ച സന്തോഷം. അഖിലനാഥൻ = എല്ലാററിൻേറയും നാഥൻ; ദൈവം.

9 നീരജലോചനം = മനോഹരമായ കണ്ണുകൾ. പരിവേഷം = സൂൎയ്യചന്ദ്രന്മാരുടെ ചുററും ചില സമയങ്ങളിൽ കാണപ്പെടുന്ന പ്രകാശവലയം.

10 ആരബ്ധവൃത്തി = ആരംഭിച്ചുകഴിഞ്ഞ ജോലി.

16 പീനാശ = വൎദ്ധിച്ച ആശ. പാദപപംക്തി = വൃക്ഷക്കൂട്ടം.

17 സദ്യാചിതം = സത്തുക്കളാൽ യാചിതം (ആശംസിതം). ഹൃദ്യാകൃതിപ്രകൃതിപൂണ്ട = ഹൃദ്യമായ ആകൃതിയും പ്രകൃതിയുമുള്ള. നിജാന....സുഗുണങ്ങൾ = തൻെറ അനവദ്യങ്ങളും അനുകൂലങ്ങളുമായ സുഗുണങ്ങൾ. അനവദ്യം = കളങ്കമില്ലാത്ത.

18 വാരുണാശ = പടിഞ്ഞാറേ ദിക്കു. വാരുണീഭജനം = മദ്യം സേവിക്കുക. പടിഞ്ഞാറേദിക്കിനെ സേവിക്കുകയെന്നും. പൂൎവ്വാശ = കിഴക്കേ ദിക്ക്; ഇൻഡ്യ. വൈവാഹശൃംഖല = വിവാഹമാകുന്ന ശൃംഖല.

19 സാകല്യമോദം = സമ്പൂൎണ്ണമായ സന്തോഷം. ആകല്പകീൎത്തി = കല്പാന്തകാലംവരെ നിലനിൽക്കുന്ന (അനശ്വരമായ) കീൎത്തി.

## 2

1 ഒളി = കീൎത്തി. നിലയം = ഭവനം. വിശ്വവിശേഷകാഭം = ലോകത്തിന് ഒരു വിശേഷണമെന്ന മട്ടിൽ.

6 ക്രമനിചയം = മുറകളുടെ കൂട്ടം.

7 ധീമദ്വരിഷ്ഠൻ = ബുദ്ധിമാന്മാരിൽവെച്ചു ശ്രേഷ്ഠൻ.

8 ഭൂലബ്ധസൗഖ്യം = ഭൂമിയിൽ ലഭിക്കാവുന്ന സുഖം.

9 ശോകവാരി = ദുഃഖമാകുന്ന വെള്ളം. ക്ലേശോന്നതി = ക്ലേശങ്ങളുടെ സമൃദ്ധി. വൎദ്ധിച്ച ക്ലേശങ്ങളെന്നൎത്ഥം.

10 ലോലലോകസുഖം = ലോലമായ (ചഞ്ചലമായ) ലോകസുഖങ്ങൾ. കാമ്യം = ആഗ്രഹിക്കത്തക്കതു്.

11 കന്യാസുതൻ = യേശു. അന്യാദൃശം = തുല്യമില്ലാത്തതു്. അന്യാവനീതലം = മറ്റു ഭൂഭാഗങ്ങൾ. ഉദന്തം = ചരിത്രം.

12 ഗഹനം = ഗംഭീരം; എളുപ്പം പ്രവേശിക്കാൻ സാദ്ധ്യമല്ലാത്ത. മരിയാതനൂജൻ = മറിയയുടെ പുത്രൻ; ഈശോ. സ്ഫാരാർദ്രസൽപ്രണയസാരരസം = വൎദ്ധമാനമായ ദയയുള്ള സൽപ്രണയസാരമാകുന്ന രസം.

13 ഘോരാൎത്തി = ഘോരമായ ദുഃഖം. ആത്മപരിവൎത്തിതർ = ആത്മപരിവൎത്തനം ചെയ്യപ്പെട്ടവർ (Converts). സ്വാരാജ്യനായകൻ = സ്വൎഗ്ഗനാഥൻ; ദൈവം.

15 അജാത്മജൻ=ദൈവപുത്രൻ; ഈശോ. ദിവ്യസൂക്തിസൂനാളി = ദിവ്യോപദേശങ്ങളാകുന്ന പുഷ്പജാലം. നാസ്രയേയഗുരു = നസ്രായൽക്കാരനായ ഗുരു; ഈശോ.

17 അഘഗൎത്തം = പാപക്കുഴി.

19 ദേശികവൃത്തി = അദ്ധ്യാപകവൃത്തി. സീമാവിഹീനം = അതിരില്ലാത്ത.

23 ഘോരപാപസൗരാഷ്ട്രകം = ഭയങ്കരപാപമാകുന്ന വിഷം. ഭോഗവൈരാഗ്യം = സുഖാനുഭവങ്ങളിലുള്ള വിരക്തി.

24 സ്ഥായരസം = വൎദ്ധിച്ച രസത്തോടുകൂടി. മാലുമി = കപ്പിത്താൻ.

3

1 വിദ്യുത്പ്രതാപനിലയം = വിദ്യുത്ത്പോലെയുള്ള പ്രതാപത്തിന്റെ ഇരിപ്പിടം. ചിദ്യുക്തകൎമ്മം = ബുദ്ധിക്കു യോജിച്ച (ന്യായയുക്തമായ) പ്രവൃത്തി. സദ്യുദ്ധം = നല്ല യുദ്ധം. പ്രദ്യുമ്നതുല്യൻ = കാമദേവനു തുല്യൻ; വിശേഷശക്തിയുള്ളവനു തുല്യനെന്നും.

3 റാഞ്ചി = എടുത്തുകൊണ്ടുപോയി. 'റാഞ്ചി' = Ranchi; തെക്കെ ഇൻഡ്യയിലെ ഒരു സ്ഥലം. ശൎമ്മദാതൃസഖി = സുഖത്തെ കൊടുക്കുന്നവന്റെ (ദൈവത്തിന്റെ) സഖി.

4 കന്മഷഹരം = പാപത്തെ ഇല്ലാതാക്കുന്നതു്. ജനപദം = നാട്ടുമ്പുറങ്ങൾ. സൂക്തിഹാരാളി = ഉപദേശമാകുന്ന മുത്തുകളുടെ കൂട്ടം.

7 ആനന്ത്യമാൎന്ന മതിമാൻ = അതിരില്ലാത്ത ബുദ്ധിശക്തിയോടുകൂടിയവൻ. സാനന്ദസത്മം = ആനന്ദങ്ങളുടെ ഇരിപ്പിടം.

8 വക്ഷഃസ്ഥലക്ഷതം = മാറിലെ മുറിവു്. അക്ഷീണശോഭൻ = ക്ഷീണമില്ലാത്ത ശോഭയോടുകൂടിയവൻ.

9 ആഗസ്സകന്ന പടി = കുററമററവിധം.

10 ശാസ്ത്രപോതം = ശാസ്ത്രീയവകുപ്പാകുന്ന കപ്പൽ. സൈന്ധവം = കുതിര. കപ്പിത്തം = കാൎയ്യസ്ഥത; കപ്പിത്താൻ.

11 ക്ലേശാഹവം = ക്ലേശമാകുന്ന പോരു്. യുദ്ധം.

12 ഉന്നമ്രകീൎത്തി = വൎദ്ധമാനമായ കീൎത്തി.

13 മെക്കാനിക്കലെഞ്ചിനിയറിങ്ങ് = Mechanical Engineering.

ആത്മനിലീനർ = സ്വയം ലയിച്ചിരിക്കുന്നവർ.

16 ഗത്യാമൃദം = ഗതിയിൽ (യാത്രയിൽ) സന്തോഷം. പൂർണ്ണിമ = പൂർണ്ണചന്ദ്രൻ (വെളുത്തവാവ്). ഗുണസങ്കുലം = ഗുണപൂർണ്ണം.

18 കൌതുകനികേതനം = മ്യൂസിയം. രാജരാജനിധിപത്തനം = കുബേരൻെറ നിധികൾ സൂക്ഷിക്കുന്ന വീട്ട്.

19 പാപിഷ്ഠർ = പാപത്തിലിരിക്കുന്നവർ. ക്ഷേപിക്ക = വലിച്ചെറിയുക; (ഇല്ലാതാക്കുക). പിഷ്ടകാധ്വരമഹം = ദിവ്യപൂജ, Holy Mass. The celebration of sacrifice with bread.

21 ഛാത്രവ്രജോൽക്കലിക = ശിഷ്യഗണത്തിൻെറ ഉൽകണ്ഠയോടുകൂടിയ. മനസ്സുമസ്സ് = മനസ്സിലെ ഇരുട്ട്. മിത്രപ്രഭാവം = സൂര്യൻെറ പ്രഭാവത്തോടുകൂടി; സ്നേഹിതൻെറ ഭാവത്തിലെന്നും.

22 ആരക്ത.... ദീപം = ചുവപ്പുനിറത്തിലുള്ള വഴിവിളക്കു; Red danger-lights on the road for the benefit of travellers.

24 അനന്യദമം = മററാക്കുമില്ലാത്ത ക്ഷമ. പാർവ്വണേന്ദുസമഭാസ് = പൂർണ്ണചന്ദ്രനു തുല്യമായ ശോഭ. സമ = വർഷം. നാകിനാഥതൃപ്പത്ത് = ദൈവത്തിൻെറ തൃക്കാൽ.

4

1 കുന്ദപ്രസൂനം = മുല്ലപ്പൂവ്. സൗന്ദര്യസാരനിലയം = സൗന്ദര്യസാരത്തിൻെറ ഇരിപ്പിടം.

2 ലവീഞ്ഞു = കോട്ടയം മെത്രാനായിരുന്ന ഡോക്ടർ ലവീഞ്ഞു. മഹിതാഭിധ = വന്ദനീയമായ നാമം. റിക്കാർഢുതാതൻ = Rev. Fr. Richard.

3 ബക്കുമാൻസ് = ചങ്ങനാശേരി സെൻറ് ബക്കുമാൻസ് കോളെജ്.

4 ധീരവ്രതൻ = ഇളക്കമില്ലാത്ത നിശ്ചയത്തോടുകൂടിയവൻ. മധുരമിഷ്യനധീശൻ = The Superior of the Madura

Jesuit Mission. സൂരൻ = സൂൎയ്യൻ; രാജാവു് എന്നും. കര
പ്രതാപം = രശ്മികളുടെ ചൂടു്; നികുതിമൂലമുള്ള പ്രതാപമെ
ന്നും. ഗീരൎത്ഥം = വാക്കുകൾ അൎത്ഥത്തെ. ആഭ = ശോഭ.

6 നവമാലിക = ചെറുപിച്ചകം. പ്രഥിതർ = പ്രസിദ്ധർ. സ
പൎയ്യ = ശുശ്രൂഷ, സേവനം.

7 ത്രൈലോക്യനാഥൻ = മൂന്നുലോകങ്ങളുടെയും നാഥൻ; ദൈ
വം.

8 സമ്മാനനീയം = നല്ലവണ്ണം മാനിക്കത്തക്കതു്. ലോലി
ഹാൾ = തൃശിനാപ്പിള്ളി സെൻറ് ജോസഫ്സ് കോളെജി
ലെ ഒരു ഹാൾ. Lawley Hall. നിൎമ്മായമോദനിലയം =
നിഷ്കളങ്കമായ സന്തോഷത്തിന് ഇരിപ്പിടം.

9 മേദുരസ്പൃഹ = വൎദ്ധിച്ചതായ ആഗ്രഹം.

12 പാവനതരപ്രമുഖപ്രമാണം = ഏററവും പരിശുദ്ധവും പ്രധാ
നവുമായ പ്രമാണം (നിയമം).

14 മുദങ്ങി = സന്തോഷസമൂഹം.

15 ഗണ്യം = ഗണനീയം. അഖില....ഭോഗം = ദൈവത്തിൻെറ
ശ്രേഷ്ഠമതമാകുന്ന സമ്പത്തു്. വസു = ധനം. മുദിരം = മേ
ഘം.

17 വിഷ്ടപവിമോഹനം = ലോകത്തിലെല്ലാം ആകൎഷകമായിരി
ക്കുന്ന. ധാമം = ശരീരം. സഫലോത്ഭവർ = ജന്മസാഫല്യമ
ടഞ്ഞവർ.

19 ആയത്തമാക്കി = അധീനമാക്കി, ഉണ്ടാക്കി. ഇനൻ = സൂ
ൎയ്യൻ. ശശി = ചന്ദ്രൻ.

## 5

1 ലീഗ് = The Malabar Catholic Youth League.

2 നീരോശ = വെള്ളത്തിൻെറ ശബ്ദം. പിപാസിതതൃഷ്ണ = വെ
ള്ളം കുടിക്കുവാൻ മോഹിച്ചുനടക്കുന്നവൻെറ തൃഷ്ണ (ആഗ്രഹം).
പഥികൻ = യാത്രക്കാരൻ. അരുണാംബുജകുഡ്മളം = ചെ
ന്താമരമൊട്ടു്. മോദനികേതം = സന്തോഷത്തിൻെറ ഇരി
പ്പിടം.

3 വിശ്വാസ....പ്രയത്നം = Fide, Studio et Labore. വിശ്വാസം, പഠനം, പ്രയത്നം എന്ന മുദ്രാവാക്യം. വിശ്വാധിനാഥൻ = ലോകത്തിന്റെ അധിനാഥൻ, ദൈവം. വിശ്വാവനം = ലോകരക്ഷ.

4 ഭിന്നാന്തരംഗം = ഭിന്നമായ മനസ്സ്, യോജിപ്പില്ലാത്ത അഭിപ്രായങ്ങളോടെ എന്നർത്ഥം. വരേണ്യൻ = ശ്രേഷ്ഠൻ.

5 പഠനക്കളരി = Study circle. സ്ഥൂലപ്രസാദം = വർദ്ധിച്ചതായ സന്തോഷം.

6 അനുവാചകർ = വായനക്കാർ. ധീരോത്തമാഗ്ര്യൻ = ധീരനും ഉത്തമനുമായിട്ടുള്ളവരിൽ ശ്രേഷ്ഠൻ. മനസ്സമിസ്രം — മനസ്സിലെ ഇരുട്ട്; അജ്ഞാനം. വിഭാതവിഭാകരൻ = പ്രഭാതസൂര്യൻ.

7 സുതശ്ശരീരം = പുത്രന്റെ ശരീരം. അധിരോഹിണി = ഏണി. നിത്യദിവ്യകാരുണ്യഭക്തി = അനുദിനദിവ്യകാരുണ്യസ്വീകരണം. Perpectual Communion.

8 ഹർഷപുളകം = സന്തോഷംകൊണ്ടുള്ള രോമാഞ്ചം. കോകസ്തോമം = ചക്രവാകക്കൂട്ടം.

11 അമലാഭ = നിർമ്മലമായ ശോഭ. ഒല്ലൂർ വാർഷികയോഗത്തിൽ വെച്ചാണു ജൂബിലി കൊണ്ടാടിയതു്.

12 ആംഗലസുമംഗലപത്രം = ഇംഗ്ലീഷ് ഭാഷയിലുള്ള മംഗളപത്രം. വിനയാനമിതനമ്രഗാത്രർ = വിനയത്താൽ കുനിഞ്ഞ ഗാത്രത്തോടുകൂടിയവർ.

15 അനന്ത ...ലോകം = തിരുവനന്തപുരത്തെ ജനങ്ങൾ.

16 മനസാ, വപുഷാ = മനസ്സുകൊണ്ടും ശരീരംകൊണ്ടും.

17 അതുല....ചിത്തൻ = തുല്യമില്ലാത്ത സൽകൃത്യങ്ങൾചെയ്തതിൽ കൃതാർത്ഥതയോടുകൂടിയവൻ.

## 6

1 ഊഹാധികപ്രതിഭ = ഊഹിക്കാവുന്നതിലുമധികമായ ബുദ്ധി. (അതിബുദ്ധിമാൻ). ദേഹാവശേഷൻ = മൃതൻ.

2 അസ്മദ്വിഷ്ടക്കുറ്റംകെടുതി = എന്റെ ശത്രുവായ ഭയങ്കര പാപം.

3 നവ്യതാരം = പുതിയ നക്ഷത്രം. പീനാന്ധകാരം = വർദ്ധിച്ച ഇരുട്ട്.

5 വിചിത്രഭാനു = മനോഹരമായ സൂര്യൻ. ജലദം = മേഘം.

7 ആത്മചുമലിൽ = തൻെറ തോളിൽ. സകലാഘം = എല്ലാവരുടെയും പാപങ്ങൾ. അനുഗൻ = അനുഗാമി.

8 വിമലാന്തരംഗൻ = പരിശുദ്ധമായ മനസ്സാക്ഷിയോടുകൂടിയവൻ. ജൂൺ=1934 ജൂൺമാസത്തിലാണല്ലൊ അദ്ദേഹം മരിച്ചതു്.

10 നാകസത്മാഭിമാനി = സ്വർഗ്ഗഭവനത്തിൽ അഭിമാനംകൊള്ളുന്നവൻ.

11 പ്രേഷ്ഠധർമ്മപരിവർത്തനവേല = ശ്രേഷ്ഠമായ മതപരിവർത്തനജോലി. The task of conversion. പ്രേമസൂക്തം = സ്നേഹപൂർവ്വമായ ഉപദേശം പ്രേഷകാഭിരുചി=അപ്പോസ്തോലൻെറ തല്പരതയോടുകൂടി.

12 ശ്രീക്കാലയം = ഐശ്വര്യത്തിന്റ് ഇരിപ്പിടം. മാർഗ്ഗമഹാപ്രദീപം = മഹത്തായ വഴിവിളക്ക്.

14 സമ്മാനനീയചരിതൻ = നല്ലവണ്ണം മാനിക്കത്തക്ക ചരിത്രത്തോടുകൂടിയവൻ. ശ്രുതൻ = പ്രസിദ്ധൻ. സമ്മാനനീയബിരുദൻ = സമ്മാനിക്കത്തക്ക ബിരുദത്തോടുകൂടിയവൻ. വിബുധൈകമിത്രം = ബുദ്ധിമാന്മാരുടെ (ദേവന്മാരുടെ) ഏകസുഹൃത്തു്. സമ്മാനനീതപദൻ = സ്വർഗ്ഗത്തിലേയ്ക്കു നയിക്കപ്പെട്ട പദത്തോടുകൂടിയവൻ; സ്വർഗ്ഗപ്രാപ്തൻ. അമരാധിവാസസമ്മാനനീതം = സ്വർഗ്ഗത്തിൽ വസിക്കുക എന്ന സമ്മാനം പ്രാപിപ്പിക്കപ്പെട്ടു. ഉഴറുക = വ്യസനിക്കുക.

17 സരഭസം = വേഗം. സൂക്തിമുക്താഫലൗഘം = ഉപദേശങ്ങളാകുന്ന മുത്തുകളുടെ കൂട്ടം. സ്ഥാനാലംകാരൻ = സ്ഥാനത്തെ അലങ്കരിച്ചവൻ.

---

*Printed at the Little Flower Press,*
THEVARA.

KOTTAYAM PUBLIC LIBRARY
KOTTAYAM.

Cl. No. 1208 Acc. No. 13758

This book should be returned on or before the date last stamped below.

ന്ന൦൪ 13758

ജ്ഞാനസഹ് ഹം. ഒ. നെയ്യങ്ങനം.

ഹാൻഡ്. ഒണോരര.